No: 4060

ബൃഹത് സ്തോത്രരത്നാവലി.

(സവ്യാഖ്യാനം)

വ്യാഖ്യാതാ,

പണ്ഡിററ് കെ. കുഞ്ഞുപിള്ളപ്പണിക്കർ.

NATIONAL BOOK STALL
KOTTAYAM
KALARIKAL BAZAAR

പ്രകാശകൻ,

കെ. നാരായണൻ,

'വിദ്യാരംഭം' പ്രസ്സ് & ബുക്കഡിപ്പോ,

മുല്ലയ്ക്കൽ, ആലപ്പുഴ.

HA2

ഒന്നാംപതിപ്പ്
കാപ്പി 1000.

കാപ്പിറൈറ്റ്
പ്രകാശകനിൽ.

'വിജ്ഞാനപോഷിണി' പ്രസ്സ്,
കൊല്ലം.

1123.

വില രൂ 1. ണ 8

No. 401

ബൃഹൽസ്തോത്രരത്നാവലി.

വിഷയം, — പേജ്.

1 ഗണേശസ്തോത്രം 1
2 ഗണേശാഷ്ടകം 3
3 ഏകദന്തസ്തോത്രം 7
4 വിഷ്ണുസ്തോത്രം 15
5 അച്യുതാഷ്ടകം 18
6 അച്യുതാഷ്ടകം 2 22
7 ആചാര്യകൃതാഷ്ടപദി 25
8 മുകുന്ദമാല 27
9 ശ്രീവിഷ്ണുഷോഡശനാമ സ്തോത്രം 34
10 ഭഗവച്ഛരണ 36
11 ഹരിനാമമാലാസ്തോത്രം 43
12 ശാലിഗ്രാമസ്തോത്രം 40
13 അച്യുതാഷ്ടക 53
14 വിഷ്ണുപാദാദികേശവർണ്ണന- സ്തോത്രം 54
15 വിഷ്ണുമഹിമസ്തോത്രം 75
16 ശ്രീഹരിസ്തോത്രം 88
17 ശ്രീഹരിനാമാഷ്ടകം 91
18 ശ്രീഹരിശരണാഷ്ടകം 94
19 ശ്രീദീനബന്ധ്വാഷ്ടകം 97
20 ശ്രീഗോവിന്ദാഷ്ടകം 100
21 ശിവസ്തോത്രാ 104
22 ശിവഭുജംഗപ്രയാതസ്തോ- ത്രം 106
23 ശിവഷഡാക്ഷരസ്തോത്രാ 111
24 ശിവപഞ്ചാക്ഷരസ്തോത്ര 113
25 ഉപമന്യുകൃതശിവസ്തോത്രം 115

വിഷയം. — പേജ്.

26 ശിവാപരാധക്ഷമാപണ- സ്തോത്രം 121
27 വേദസാരശിവസ്തവം 127
28 വിശ്വനാഥാഷ്ടകം 130
29 പ്രദോഷസ്തോത്രാഷ്ടകം 132
30 നിർവ്വാണാഷ്ടക 135
31 ദാരിദ്ര്യദഹനശിവസ്തോത്രാ 137
32 സൂര്യാഷ്ടകം 139
33 സൂര്യസ്തോത്രം 142
34 ദേവീസ്തോത്രം 145
35 മഹാലക്ഷ്മ്യാഷ്ടകം 151
36 ശ്രീകനകലക്ഷ്മീസ്തവം 153
37 ശീതളാഷ്ടകം 158
38 ഗുർവ്വഷ്ടകം 161
39 ദത്താത്രേയസ്തോത്രം 164
40 അന്നപൂർണ്ണാസ്തോത്രം 168
41 മംഗളം 173

ബൃഹത്
സ്തോത്രരത്നാവലി.
(സവ്യാഖ്യാനം)

ഗണേശസ്തോത്രം.

ശ്രീഗണേശായ നമഃ

പ്രണമ്യ ശിരസാ ദേവം
ഗൗരീപുത്രം വിനായകം
ഭക്ത്യാ വ്യാസഃ സ്മരേന്നിത്യ-
മായുഃ കാമാർത്ഥ സിദ്ധയെ.

സാരം—പുരാണപാരായണത്തിൽ താല്പര്യമുള്ള പണ്ഡിതൻ, ആയുസ്സും അഭീഷ്ടവും സിദ്ധിക്കുന്നതിനുവേണ്ടി, ശ്രീപാർവ്വതീപുത്രനായ ഗണപതിയെ നിത്യവും ഭക്തിപൂർവ്വം നമസ്കരിച്ചു ധ്യാനിച്ചുകൊള്ളണം.

പ്രഥമം വക്രതുണ്ഡം ച
ഏകദന്തം ദ്വിതീയകം
തൃതീയം കൃഷ്ണപിംഗാക്ഷം
ഗജവക്ത്രം ചതുർത്ഥകം.

സാരം—ആദ്യം, വക്രതുണ്ഡനായും രണ്ടാമതു ഒററക്കൊമ്പനായും മൂന്നാമതു ഇരുണ്ടുചെമ്പിച്ച കണ്ണുകളോടുകൂടിയവനായും നാലാമതു് ആനമുഖനായും ഗണപതിയെ ധ്യാനിക്കണം.

ലംബോദരം പഞ്ചമം ച
ഷഷ്ഠം വികടമേവ ച
സപ്തമം വിഘ്നരാജം ച
ധൂമ്രവൎണ്ണം തഥാഷ്ടമം.

സാരം—അഞ്ചാമതു ലംബോദരനായും, ആറാമതു വികട (ക്രൂര)നായും, ഏഴാമതു വിഘ്നരാജനായും, എട്ടാമതു ധൂമ്രവൎണ്ണ (പുകനിറ) മുള്ളവനായും ഗണപതിയെ ധ്യാനിക്കണം.

നവമം ഭാലചന്ദ്രം ച
ദശമം തു വിനായകം
ഏകാദശം ഗണപതിം
ദ്വാദശം തു ഗജാനനം.

സാരം—ഒൻപതാമതു നെററിയിൽ ചന്ദ്രനുള്ളവനായും പത്താമതു വിനായകനായും പതിനൊന്നാമതു ഗണപതിയായും പന്ത്രണ്ടാമതു ഗജാനന(ആനമുഖൻ)നായും ഗണപതിയെ ധ്യാനിക്കണം.

ദ്വാദശൈതാനി നാമാനി
ത്രിസന്ധ്യം യഃ പഠേന്നരഃ
ന ച വിഘ്നഭയം തസ്യ
സൎവ്വസിദ്ധികരം ധ്രുവം.

സാരം—ഇങ്ങനെ ഗണപതിയുടെ പന്ത്രണ്ടു നാമങ്ങളും യാതൊരു മനുഷ്യൻ, രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും ചൊല്ലുന്നുവോ, അവനു കാൎയ്യവിഘ്നമുണ്ടാകുന്നതല്ല. എല്ലാ ആഗ്രഹങ്ങളും സാധിക്കുകയും ചെയ്യും.

വിദ്യാൎത്ഥീ ലഭതേ വിദ്യാം
ധനാൎത്ഥീ ലഭതേ ധനം
പുത്രാൎത്ഥീ ലഭതേ പുത്രാൻ
മോക്ഷാൎത്ഥീ ലഭതേ ഗതിം.

സാരം—വിദ്യാൎത്ഥിക്കു വിദ്യ ലഭിക്കും, ധനാൎത്ഥിക്കു ധനം ലഭിക്കും, പുത്രാൎത്ഥിക്കു പുത്രന്മാരെ ലഭിക്കും, മോക്ഷാൎത്ഥിക്കു മോക്ഷവും ലഭിക്കും.

ഇപ്രകാരം എല്ലാവൎക്കും എല്ലാവിധ സിദ്ധികളും ഗണപതിയുടെ ദ്വാദശനാമോച്ചാരണംമൂലം സിദ്ധിക്കുന്നതാണെന്നു താല്പൎയ്യം.

ജപേദ് ഗണപതിസ്തോത്രം
ഷഡ്ഭിർമാസൈഃ ഫലം ലഭേത്
സംവത്സരേണ സിദ്ധിം ച
ലഭതേ നാത്രസംശയഃ

സാരം—ഗണപതിസ്തോത്രം, ആറുമാസം ജപിച്ചാൽ ഫലമുണ്ടാകും. ഒരു സംവത്സരം ജപിച്ചാൽ സിദ്ധി വരികയും ചെയ്യും. ഇതിനു സംശയമില്ല.

ഗണപതിസ്തോത്രത്തിൻെറ ഫലത്തിനും സിദ്ധിക്കും യഥാക്രമം, ആറുമാസവും ഒരു കൊല്ലവും വേണമെന്നു ചുരുക്കം.

ഗണേശാഷ്ടകം.

യതോനന്തശക്തേരനന്താശ്ച ജീവാ
യതോ നിർഗ്ഗുണാദപ്രമേയാഗ്ഗുണാസ്തേ
യതോ ഭാതി സൎവം ത്രിധാഭേദഭിന്നം
സദാ തം ഗണേശം നമാമൊ ഭജാമഃ

സാരം—അനന്തശക്തിയായ യാതൊന്നിൽനിന്നു അസംഖ്യങ്ങളായ ജീവാത്മാക്കളും; നിൎഗ്ഗുണമായ യാതൊന്നിൽനിന്നു അപരിമേയങ്ങളായ ഗുണങ്ങളും ഉണ്ടാകുന്നു; യാതൊന്നു ഹേതുവായിട്ടു ദൃശ്യപ്രപ

ഷം മുഴുവനും, സൃഷ്ടിസ്ഥിതിസംഹാരരൂപമായ മൂന്നവസ്ഥകളുള്ളതായി തോന്നുന്നു; ആ ഗണപതിയെ ഞങ്ങൾ എല്ലാപ്പോഴും നമസ്കരിക്കുകയും ഭജിക്കുകയും ചെയ്യുന്നു.

യതശ്ചാവിരാസീജ്ജഗത് സവ്വമേത-
ത്തഥാബ്ജാസനൊ വിശ്വഗോ വിശ്വഗോപ്താ
തഥേന്ദ്രാദയോദേവസംഘാ മനുഷ്യാ-
സ്സദാ തം ഗണേശം നമാമോ ഭജാമഃ

സാരം—യാതൊന്നിൽനിന്ന് സവ്വലോകങ്ങളും, ലോകരക്ഷകനായ ബ്രഹ്മാവും, അപ്രകാരംതന്നെ ഇന്ദ്രൻ മുതലായ ദേവസംഘങ്ങളും, മനുഷ്യരും ഉണ്ടായി, ആ ഗണപതിയെ ഞങ്ങൾ നമിക്കുകയും ഭജിക്കുകയും ചെയ്യുന്നു.

യതോ വഹ്നിഭാനൂഭവോഭൂർജലം ച
യതസ്സാഗരാശ്ചന്ദ്രമാവ്യോമവായുഃ
യതഃ സ്ഥാവരാ ജംഗമാ വൃക്ഷസംഘാ
സ്സദാ തം ഗണേശം..................

സാരം—യാതൊന്നിൽനിന്ന് അഗ്നിയും, ആദിത്യനും, ശിവനും, ഭൂമിയും, ജലവും, സമുദ്രങ്ങളും, ചന്ദ്രനും, ആകാശവും, വായുവും, പവ്വതം വൃക്ഷസമൂഹം ആദിയായ സ്ഥാവരവസ്തുക്കളും, പശു പക്ഷി തുടങ്ങിയ ജംഗമങ്ങളും ഉണ്ടായി; ആ ഗണനാഥനെ ഞങ്ങൾ നമസ്കരിക്കുകയും ഭജിക്കുകയും ചെയ്യുന്നു.

യതോ ദാനവാഃ കിന്നരാ യക്ഷസംഘാ
യതശ്ചാരണാ വാരണാഃ ശ്വാപദശ്ച
യതഃ പക്ഷികീടായതോവീരുധശ്ച
സദാ തം ഗണേശം..................

സാ—യാതൊന്നിൽനിന്ന് അസുരന്മാരും, കിന്നരന്മാരും, യക്ഷസംഘങ്ങളും, ചാരണന്മാരും, ആനകളും,

ദുഷ്ടമൃഗങ്ങളും, പക്ഷികളും, പുഴുക്കളും, വള്ളിപ്പടപ്പുകളും ഉണ്ടായി ആ ഗണനാഥനെ ഞങ്ങൾ നമസ്കരിക്കുകയും ഭജിക്കുകയും ചെയ്യുന്നു.

യതോ ബുദ്ധിരജ്ഞാനനാശോ മുമുക്ഷോ-
യതസ്സംപദോ ഭക്തസംതോഷികാസ്യുഃ
യതോ വിഘ്നനാശോ യതഃ കാൎയ്യസിദ്ധി
സ്സദാ തം ഗണേശം...............

സാ—യാതൊന്നു കാരണമായി, മോക്ഷമിച്ഛിക്കുന്നവനു സുഖദുഃഖബുദ്ധിയും അജ്ഞാനവും നശിക്കുന്നു, യാതൊന്നു നിമിത്തമായി ഭക്തജനങ്ങൾക്കു പരിതോഷജനകങ്ങളായ സമ്പത്തുകളും സിദ്ധമാകുന്നു, യാതൊന്നിൽനിന്നു കാൎയ്യസിദ്ധിയും വിഘ്നനാശവും സംഭവിക്കുന്നു; ആ ഗണപതിയെ ഞങ്ങൾ നമസ്കരിക്കുകയും ഭജിക്കുകയും ചെയ്യുന്നു.

യതഃ പുത്ര സമ്പദ്യതോ വാഞ്ഛിതാൎത്ഥോ
യതോഽഭക്തവിഘ്നാസ്തഥാഽനേകരൂപാഃ
യതശ്ശോകമോഹൌ യതഃ കാമ ഏവ
സദാ തം ഗണേശം...............

സാ—യാതൊന്നിൽനിന്നു പുത്രസമ്പത്തും ആഗ്രഹലാഭവും സിദ്ധിക്കുന്നു; യാതൊന്നിൽനിന്നു ഭക്തിഹീനന്മാൎക്കു കാൎയ്യവിഘ്നങ്ങളും, അപ്രകാരം അവധിയില്ലാത്ത രൂപഭേദങ്ങളും ജനിക്കുന്നു; യാതൊന്നിൽനിന്നു ശോകമോഹങ്ങളും വിഷയാഭിലാഷവും ഉണ്ടാകുന്നു; ആ ഗണനാഥനെ ഞങ്ങൾ നമിക്കുകയും ഭജിക്കുകയും ചെയ്യുന്നു.

യതോനന്തശക്തിഃ സശേഷോബഭൂവ
ധരാധാരണേനേകരൂപേ ച ശക്തഃ
യതോനേകധാ സ്വൎഗ്ഗലോകാഹിനാനാ
സദാ തം ഗണേശം...............

സാ—പല രൂപത്തിലുള്ള ഭൂധാരണത്തിൽ സമർത്ഥനും അനന്തശക്തിയോടുകൂടിയവനുമായ ആ ആദിശേഷൻ(അനന്തൻ) യാതൊന്നിൽനിന്ന് ഉണ്ടായി; അനേകവിധമായ സ്വർഗ്ഗലോകങ്ങളും യാതൊന്നിൽനിന്നു സംഭവിച്ചു; ആ ഗണനാഥനെ ഞങ്ങൾ നമിക്കുകയും ഭജിക്കുകയും ചെയ്യുന്നു.

യതോ വേദവാചോ വികുണ്ഠാ മനോഭിഃ
സദാ നേതിനേതീതിയത്താഗണന്തി
പരബ്രഹ്മരൂപം ചിദാനന്ദഭൂതം
സദാ തം ഗണേശം ....

സാ—ഇന്നവിധമെന്നറിയുവാൻ കഴിവില്ലാതെ യാതൊന്നിൽനിന്നു വേദസൂക്തങ്ങൾ മനസ്സുകളോടുകൂടി പിന്മടങ്ങുന്നു. വേദങ്ങൾ, യാതൊന്നിൻ്റെഭാവത്തെ ഇതല്ല, ഇതല്ല എന്ന് എല്ലായ്പ്പോഴും വിചാരണ ചെയ്യുന്നു. പരബ്രഹ്മസ്വരൂപനും ചിദാനന്ദഭൂതനുമായ ആ ഗണനാഥനെ ഞങ്ങൾ നമിക്കുകയും ഭജിക്കുകയും ചെയ്യുന്നു.

ഫലശ്രുതി

പുനരൂചേ ഗണാധീശഃ
സ്തോത്രമേതൽപഠേന്നരഃ
ത്രിസന്ധ്യം ത്രിദിനം തസ്യ
സർവ്വകാര്യം ഭവിഷ്യതി.

സാ—വീണ്ടും ഗണനാഥൻ പറഞ്ഞു: ഈ സ്തോത്രം ഏതൊരുവൻ മൂന്നു സന്ധ്യകളിലും നിരന്തരമായി മൂന്നു ദിവസം ചൊല്ലുന്നു; അവന് എല്ലാ കാര്യലാഭവുമുണ്ടാകും.

ഏകദന്തസ്തോത്രം.

TTAYAM PUBLIC LIBRA
KOTTAYAM
TRAVANCORE

മദാസുരം സുശാന്തം വൈ
ദൃഷ്ട്വാ വിഷ്ണുമുഖാഃ സുരാഃ
ഭൃഗ്വാദയശ്ച മുനയഃ
ഏകദന്തം സമായയുഃ

സാരം—വിഷ്ണു മുതലായ ദേവന്മാരും, ഭൃഗു മുതലായ മഹർഷികളും, ഏററവും ശാന്തനായ മദാസുരനെ കണ്ടിട്ട് ഏകദന്തനെ പ്രാപിച്ചു.

പ്രണമ്യ തം പ്രപൂജ്യാദൌ
പുനസ്തം നേമുരാദരാത്
തുഷ്ടുവുർഹർഷസംയുക്താ
ഏകദന്തം ഗണേശ്വരം.

സാ—അവർ—ദേവന്മാരും ഋഷികളും—ആ ഏകദന്തനായ ഗണനാഥനെ ആദിയിൽ പൂജിച്ചു; പിന്നെ നമസ്കരിച്ചു; എന്നിട്ട്, ആഹ്ലാദപൂർവ്വം ഇങ്ങനെ സ്തുതിച്ചു:

സദാത്മരൂപം സകലാദിഭൂത-
മമായിനം സോഹമചിന്ത്യബോധം
അനാദിമദ്ധ്യാന്തവിഹീനമേകം
തമേകദന്തം ശരണം വ്രജാമഃ

സാ—നിത്യനും, ആത്മസ്വരൂപനും, എല്ലാററിനുംമുമ്പേയുള്ളവനും, മായാരഹിതനും, ബ്രഹ്മമയനും, ജ്ഞാനമൂർത്തിയും, ആദിമദ്ധ്യാന്തശൂന്യനും, ഏകമാത്രനുമായ ഏകദന്തനെ—ഗണപതിയെ—ഞങ്ങൾ അഭയംപ്രാപിക്കുന്നു.

അനന്തചിദ്രൂപമയം ഗണേശം
ഹ്യഭേദഭേദാദിവിഹീനമാദ്യം
ഹൃദിപ്രകാശസ്യധുരം സ്വധീസ്ഥം
തമേകദന്തം ശരണം വ്രജാമഃ

സാ — അനന്തമായ ചിത്സ്വരൂപം മൂർത്തിയായുള്ളവനും, ഭൂതസംഘങ്ങൾക്ക് അധീശനും, ഭേദാഭേദങ്ങളില്ലാത്തവനും, ആദിമനും, ആത്മജ്യോതിസ്സിന്റെ അഗ്രിമനിലയിൽ പരിലസിക്കുന്നവനും, പണ്ഡിതഹൃദയത്തിൽ പ്രകാശിക്കുന്നവനുമായ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

വിശ്വാദിഭൂതം ഹൃദിയോഗിനാംവൈ
പ്രത്യക്ഷരൂപേണവിഭാന്തമേകം
സദാ നിരാലംബസമാധിഗമ്യം
തമേകദന്തം............

സാ — ലോകത്തിന്റെ ആദികാരണമായ മഹത്തത്വമായി യോഗികളുടെ ഹൃദയത്തിൽ പ്രത്യക്ഷരൂപമെടുത്തു പ്രകാശിക്കുന്നവനായി, പരിപൂർണ്ണനായി, ഒരിക്കലും ഒന്നിനെയും ആശ്രയിക്കാത്തവനായി ഏകാഗ്രതകൊണ്ടു് അറിയപ്പെടേണ്ടവനായ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

സ്വബിംബഭാവേന വിലാസയുക്തം
ബിന്ദുസ്വരൂപാരചിതാസ്വമായാ
തസ്യാം സ്വവീര്യം പ്രദദാതിയോ വൈ
തമേകദന്തം............

സാ — യാവനൊരുത്തൻ, തന്റെ പ്രതിച്ഛായകൊണ്ടു ബിന്ദുസ്വരൂപമായ മായയെ സൃഷ്ടിച്ചു്, അതിൽ ഭാവസമ്പൂർണ്ണമായ ബീജത്തെ പ്രദാനംചെയ്യുന്നു, ആ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

തദീയ വീര്യേണ സമർത്ഥഭൂതാ
മായാതയാസംചരിതം ച വിശ്വം
നാദാത്മകം ഹ്യാത്മതയാപ്രതീതം
തമേകദന്തം................

സാ—അങ്ങയുടെ വീര്യം—ബീജം—നിമിത്തം, സൃഷ്ടികാര്യസമർത്ഥയായിത്തീൎന്ന ആ മായയാൽ ബാഹ്യലോകം നിൎമ്മിക്കപ്പെട്ടു്, നാദാത്മകനും, ആത്മഭാവത്തിൽ അറിയപ്പെട്ടവനുമായ ആ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

തദീയസത്താധരമേകദന്തം
ഗണേശമേകം ത്രയബോധിതാരം
സേവന്തമാപുസ്തമജം ത്രിസംസ്ഥം
തമേകദന്തം................

സാ—അവിടുത്തെ പാരമാർത്ഥികസത്തയെ ധരിക്കുന്നവനും, ഗണനാഥനും, സബോധം അബോധം ബോധാതീതം എന്നീ മൂന്നുതരം ബോധഭാവങ്ങൾ തികഞ്ഞവനും, ഏകമാത്രനും, പൂജനീയനും, ജനനമില്ലാത്തവനുമായ യാവനൊരുത്തനെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ ആശ്രയിച്ചുവോ ആ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

തതസ്ത്വയാ പ്രേരിത ഏവനാദ-
സ്തേനേദമേവം രചിതം ജഗദ്വൈ
ആനന്ദരൂപം സമഭാവസംസ്ഥം
തമേകദന്തം...............।

സാ—അനന്തരം, അങ്ങയാൽ നാദം—ശബ്ദം—പ്രവൎത്തിതമായി, അതിൽനിന്നു്—ആ നാദത്തിന്റെ പ്രവൎത്തനത്തിൽനിന്നു്—ഈ കാണുന്ന സ്ഥൂലലോകം ആവിർഭവിച്ചു. അങ്ങനെ, ആനന്ദസ്വരൂപനും നി

ത്യഭാവത്തിൽ നിലകൊള്ളുന്നവനുമായ ആ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

തദേവവിശ്വം കൃപയാ തവൈവ
സംഭൂതമാദ്യം തമസാ വിഭാതം
അനേകരൂപം ഹ്യജമേകഭൂതം
തമേകദന്തം ....

സാ—അവിടുത്തെ കൃപകൊണ്ടുമാത്രം സംഭൂതമായ ആ സ്ഥൂലലോകം ആദിയിൽ ഇരുൾനിറഞ്ഞതായി തോന്നപ്പെട്ടു. പലവിധഭാവങ്ങൾ അഥവാ രൂപങ്ങൾ കൈക്കൊണ്ടവനും നിത്യപൂർണ്ണനുമായ ആ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

തതസ്ത്വയാ പ്രേരിതമേവ തേന
സൃഷ്ടം സുസൂക്ഷ്മം ജഗദേകസംസ്ഥം
സത്വാത്മകം ശ്വേതമനന്തമാദ്യം
തമേകദന്തം ....

സാ—അങ്ങയാൽ വീണ്ടും നാദബ്രഹ്മം പ്രേരിതമായി. ആ പ്രേരണകൊണ്ടു സൂക്ഷ്മലോകം സൃഷ്ടിക്കപ്പെട്ടു. അങ്ങനെ സത്വരൂപിയും ജഗത്പിതാവും ശുദ്ധസത്വനും ആയ ആ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

തദേവസ്വപ്നം തമസാ ഗണേശ!
സംസിദ്ധിരൂപം വിവിധം ബഭൂവ
സദേകരൂപം കൃപയാ തവാപി
തമേകദന്തം ....

സാ—അല്ലയോ ഗണനാഥ! അജ്ഞാനരൂപമായ തമസ്സിൽനിന്നു സ്വപ്നാവസ്ഥയും, വിശ്വഘടകങ്ങളായ നാനാവിധ രൂപഭേദങ്ങളുമുണ്ടായി. അപ്രകാരമുള്ള

ശാശ്വതനും ഏകരൂപനുമായ ഏകദന്തനെ ഞ
ങ്ങൾ അഭയംപ്രാപിക്കുന്നു.

ഏവം ച സൃഷ്ട്വാ പ്രകൃതിസ്വഭാവാ-
ത്തദന്തരേ ത്വം ച വിഭാസിനിത്യം
ബുദ്ധിപ്രദാതാ ഗണനാഥ ഏക-
സ്തമേകദന്തം...............

സാ—ഇപ്രകാരം പ്രകൃതിസ്വഭാവംവഴിയായി സൃഷ്ടി
കാര്യം സാധിച്ച് അതിൻെറ ഉള്ളിൽ അവിടുന്നു
നാശരഹിതനായി ശോഭിക്കുന്നു. അങ്ങനെ ബുദ്ധി
യെ ബോധവിഷയകമായി വ്യാപരിപ്പിച്ചുകൊണ്ടു
ഭൂതലോകങ്ങളുടെ അധീശനായി വിജയിക്കുന്ന ആ
ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

ത്വദാജ്ഞയാ ഭാതി ഗ്രഹാശ്ച സർവേ
നക്ഷത്രരൂപാണി വിഭാന്തി ഖേ വൈ
ആധാരഹീനാനി ത്വയാ ധൃതാനി
തമേകദന്തം........

സാ—അങ്ങയുടെ കല്പനപ്രകാരം, മിന്നിത്തിളങ്ങുന്ന ന
ക്ഷത്രരൂപങ്ങളായ ഗ്രഹങ്ങൾ ആകാശത്തിൽ ശോ
ഭിക്കുന്നു. നിരവലംബങ്ങളായി കാണപ്പെടുന്ന അ
വയെ അങ്ങു ധരിച്ചിരിക്കുന്നു. താദൃശനായ ഏക
ദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

ത്വദാജ്ഞയാ സൃഷ്ടികരോ വിധാതാ
ത്വദാജ്ഞയാ പാലക ഏവ വിഷ്ണുഃ
ത്വദാജ്ഞയാ സംഹരകോ ഹരോപി
തമേകദന്തം........

സാ—ബ്രഹ്മാവ് ലോകസൃഷ്ടി നടത്തുന്നതും, വിഷ്ണു ലോ
കരക്ഷണം സാധിക്കുന്നതും, ശിവൻ ലോകസംഹാ
രം നിർവഹിക്കുന്നതും അവിടുത്തെ കല്പനകൊണ്ടു

മാത്രമാകുന്നു. അപ്രകാരമുള്ള ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

യദാജ്ഞയാ ഭൂർജലമദ്ധ്യസംസ്ഥാ
യദാജ്ഞയാഽപഃ പ്രവഹന്തിനദ്യഃ
സീമാം സദാ രക്ഷതി വൈ സമുദ്ര-
സ്തമേകദന്തം.........

സാ—യാവനൊരുത്തന്റെ ആജ്ഞകൊണ്ടു ഭൂമി ജലമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു; വെള്ളം നദികളായി ഒഴുകുന്നു; സമുദ്രം കരയെ ആക്രമിക്കാതെയുമിരിക്കുന്നു; ആ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

യദാജ്ഞയാ ദേവഗണോ ദിവിസ്ഥോ
ദദാതിവൈ കർമ്മഫലാനിനിത്യം
യദാജ്ഞയാ ശൈലഗണോഽചലോവൈ
തമേകദന്തം.........

സാ—യാവനൊരുത്തന്റെ ആജ്ഞപ്രകാരം, ദേവസമൂഹം സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ടു കർമ്മഫലം കൊടുക്കുന്നു; പർവ്വതക്കൂട്ടങ്ങൾ ഇളകാതെയും നിൽക്കുന്നു; ആ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

യദാജ്ഞയാശേഷ ഇളാധരോ വൈ
യദാജ്ഞയാ മോഹകരശ്ച കാമഃ
യദാജ്ഞയാ കാലധരോഽര്യമാ ച
തമേകദന്തം.........

സാ—യാവനൊരുത്തന്റെ ആജ്ഞപ്രകാരം, ആദിശേഷൻ ഭൂമിയെ വഹിച്ചുകൊണ്ടു നിൽക്കുന്നു; കാമദേവൻ സംയോഗേച്ഛ ജനിപ്പിക്കുന്നു; സൂര്യൻ കാലഗതിയെ കൈക്കൊള്ളുകയും ചെയ്യുന്നു. ആ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

യദാജ്ഞയാ വാതി വിഭാതി വായു
യദാജ്ഞയാഽഗ്നിർജഠരാദിസംസ്ഥഃ
യദാജ്ഞയാ വൈ സചരാചരം ച
തമേകദന്തം........

സാ—യാവനൊരുത്തന്റെ ആജ്ഞകൊണ്ടു് കാററുവീശുന്നു; അഗ്നി, ജീവികളുടെ ഉദരത്തിലുംമററും സ്ഥിതിചെയ്യുന്നു; ചരങ്ങളും അചരങ്ങളും അതാതു സ്വഭാവത്തിൽ നിലകൊള്ളുകയും ചെയ്യുന്നു; ആ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

സർവാന്തരേ സംസ്ഥിതമേകഗൂഢം
യദാജ്ഞയാ സർവമിദം വിഭാതി
അനന്തരൂപം ഹൃദിബോധകം വൈ
തമേകദന്തം.......

സാ—യാവനൊരുത്തന്റെ ആജ്ഞകൊണ്ടു്, ഈ ദൃശ്യപ്രപഞ്ചം മുഴുവനും പ്രതിഭാസിക്കുന്നു; സർവാന്തര്യാമിയും ഹൃദയത്തിൽ ബോധരൂപമായി പ്രകാശിക്കുന്നവനും അനന്തമൂർത്തിയുമായ ആ ഏകദന്തനെ ഞങ്ങൾ അഭയംപ്രാപിക്കുന്നു.

ഏവം മുക്ത്വാ ച തേ ദേവാ
മുനയശ്ച സമുച്ചകൈഃ
തൂഷ്ണീംഭാവം പ്രപദ്യൈവ
നനൃതുർഹർഷസംയുതാഃ

സാ—ആ ദേവന്മാരും മഹർഷികളും ഇങ്ങനെ ഉറക്കെ സ്തുതിച്ചിട്ടു മിണ്ടാതെനിന്നുകൊണ്ടു് ആനന്ദപരവശന്മാരായി നൃത്തംചെയ്തു.

സതാനുവാച സന്തുഷ്ടോ-
ഹ്യേകദന്തഃ സ്തവേന വൈ
ജഗാദതാൻ മഹാഭാഗാൻ
ദേവർഷീൻ ഭക്തവത്സലഃ

സാ—സ്തവംകൊണ്ടു സന്തുഷ്ടനായിത്തീൎന്ന ഭക്തവത്സലനായ ഏകദന്തൻ, മഹാഭാഗന്മാരായ ദേവന്മാരോടും മഹൎഷികളോടും ഇങ്ങനെ പറഞ്ഞു:

പ്രസന്നോസ്മി ച സ്തോത്രേണ
സുരാഃ സൎഷിഗണാഃ കില
വൃണുത വരദോഹം വോ
ദാസ്യാമി മനസീപ്സിതം.

സാ—ദേവന്മാരെ, മഹൎഷികളെ! ഞാൻ നിങ്ങളുടെ സ്തോത്രംകൊണ്ടു പ്രസന്നനായിരിക്കുന്നു. നിങ്ങളുടെ മനസ്സിലെ ആഗ്രഹം ആവശ്യപ്പെട്ടുക! വരദായകനായ ഞാൻ അതു സാധിപ്പിച്ചുതരാം.

ഭവത്കൃതം മദീയം വൈ
സ്തോത്രം പ്രീതിപ്രദം മമ
ഭവിഷ്യതി ന സന്ദേഹഃ
സൎവ്വസിദ്ധിപ്രദായകം.

സാ—നിങ്ങളാൽ ഉണ്ടാക്കപ്പെട്ടതും എനിക്കു പ്രീതി ജനിപ്പിക്കുന്നതും എന്നെ വിഷയീകരിച്ചുള്ളതുമായ സ്തോത്രം സൎവ്വസിദ്ധികളേയും പ്രദാനംചെയ്യുന്നതാണു്. ഇതിൽ അല്പവും സംശയമില്ല.

യം യമിച്ഛതി തം തം വൈ
ദാസ്യാമി സ്തോത്രപാഠതഃ
പുത്രപൌത്രാദികം സൎവ്വം
ലഭതേ ധനധാന്യകം.

സാ—ഈ സ്തോത്രപാഠംവഴിയായി ആരു് എന്തെല്ലാം ആശിക്കുന്നു, ഞാൻ അതെല്ലാം അവനു കൊടുക്കും. പുത്രന്മാർ, പൌത്രന്മാർ, ധനം, ധാന്യം മുതലായ സൎവ്വവിഭവങ്ങളും ലഭിക്കപ്പെടുന്നതുമാണു്.

ഫലശ്രുതി

നിത്യം യഃ പഠതേ സ്തോത്രം
ബ്രഹ്മഭൂതഃ സ വൈ നരഃ
തസ്യ ദൎശനതഃ സൎവേ
ദേവാഃ പൂതാഃ ഭവന്തിവൈ.

സാ—ദിവസവും ഈ സ്തോത്രംചൊല്ലുന്ന മനുഷ്യൻ ബ്രഹ്മമായിത്തീരും. അവൻെറ ദൎശനംകൊണ്ടു സൎവ്വദേവന്മാരും പരിശുദ്ധന്മാരാകുന്നതുമാണു്.

.വിഷ്ണുസ്തോത്രം.

ഹരിൎവിദധ്യാന്മമസൎവരക്ഷാം
ന്യസ്താംഘ്രിപത്മഃ പതഗേന്ദ്രപൃഷ്ഠേ
ദരാരിചൎമ്മാസിഗദേഷുചാപ-
പാശാൻ ദധാനോഽഷ്ടഗുണോഷ്ടബാഹുഃ

സാ—അഷ്ടഗുണസമ്പന്നനും, എട്ടുകൈകളുള്ളവനും, ശംഖു് ചക്രം വാൾ ഗദ അമ്പു് വില്ലു് പാശം ഇവയെ ധരിച്ചിരിക്കുന്നവനും, പക്ഷിരാജൻെറ—ഗരുഡൻെറ—പുറത്തു വാണരുളുന്നവനുമായ മഹാവിഷ്ണു എനിക്കു് എല്ലാവിധ രക്ഷയും ചെയ്യുമാറാകട്ടെ.

ജലേഷു മാം രക്ഷതു മത്സ്യമൂൎത്തി
യാദോഗണേഭ്യോ വരുണസ്യപാശാത്
സ്ഥലേഷു മായാവടുവാമനോഽവ്യാത്
ത്രിവിക്രമഃ ഖേഽവതു വിശ്വരൂപഃ.

സാ—മത്സ്യരൂപിയായ ഭഗവാൻ ശ്രീനാരായണൻ, വെള്ളത്തിൽവച്ചു് ജലജന്തുക്കളിൽനിന്നും വരുണപാശത്തിൽനിന്നും എന്നെ രക്ഷിക്കണം. ഭഗവാ

ൻെറ മറെറാരവതാരമായ വാമനമൂൎത്തി എന്നെ സ്ഥലത്തിലും, ത്രിവിക്രമൻ ആകാശത്തിലും കാക്കമാറാകട്ടെ.

ദുൎഗ്ഗേഷ്വടവ്യാജിമുഖാദിഷു പ്രഭുഃ
പായാന്നൃസിംഹോഽസുരയൂഥപാരിഃ
വിമുഞ്ചതോ യസ്യ മഹാട്ടഹാസം
ദിശോവിനേദുൎന്ന്യപതംശ്ചഗൎഭാഃ

സാ—യാവനൊരുത്തൻെറ അത്യുഗ്രമായ അട്ടഹാസം ദിക്കുകളെ മാറെറാലിക്കൊള്ളിക്കയും ഗൎഭപാതമുണ്ടാക്കുകയുംചെയ്തു; ആ നരസിംഹമൂൎത്തിയും അസുരപ്രമുഖനാശകനുമായ സ്വാമി, കാട്ടുയുദ്ധം മുതലായ ദുൎഘടഘട്ടങ്ങളിൽ എന്നെ രക്ഷിക്കുമാറാകട്ടെ.

രക്ഷത്വസൌമാദ്ധ്വനി യജ്ഞകല്പഃ
സ്വദംഷ്ട്രയോന്നീതധരോവരാഹഃ
രാമോഽദ്രികൂടേഷ്വഥ വിപ്രവാസേ
സലക്ഷ്മണോഽവ്യാത് ഭരതാഗ്രജോ മാം.

സാ—സ്വന്തമായ തേററകൊണ്ടു ഭൂമണ്ഡലത്തെ ഉദ്ധരിച്ച ആദിവരാഹം എന്നെ വഴിയിൽ രക്ഷിക്കുമാറാകട്ടെ. പൎവ്വതനിരകളിലും വിദേശവാസത്തിലും ഭരതൻെറ ജ്യേഷ്ഠസഹോദരനും ലക്ഷ്മണസഹിതനുമായ ശ്രീരാമൻ എന്നെ രക്ഷിക്കുമാറാകട്ടെ.

മാമപ്യധൎമ്മാദഖിലപ്രമാദാ-
ന്നാരായണഃ പാതു നരശ്ച ഹാസാത്
ദത്തസ്ത്വയോഗാദഥ യോഗനാഥഃ
പായാത്ഗുണേശഃ കിലകൎമ്മബന്ധാത്.

സാ—അധൎമ്മത്തിൽനിന്നും എല്ലാവിധ നടപടിപ്പിശകിൽനിന്നും എന്നെ നാരായണൻ രക്ഷിക്കുമാറാ

കട്ടെ. പരിഹാസത്തിൽനിന്നു നരനും, യോഗഹാനിയിൽനിന്നു യോഗനാഥനായ ശ്രീകൃഷ്ണനും, കർമ്മബന്ധത്തിൽനിന്നു ഗുണേശനായ ദത്തനും എന്നെ രക്ഷിക്കുമാറാകട്ടെ.

സനത്കുമാരോവതുകാമദേവാ-
ദ്ധയാനനോ മാം പഥി ദേവനിന്ദനാത്
ദേവർഷിവര്യോ ബഹുദേവതാർച്ചനാത്
കൂർമ്മോ ഹരിർ മാം നിരയാദശേഷാത്.

സാ—കാമപീഡയിൽനിന്ന് എന്നെ സനത്കുമാരനും മാർഗ്ഗത്തിൽ അശ്വമുഖനും ദേവനിന്ദയിൽനിന്നു ശ്രീവ്യാസനും എല്ലാ നരകദുഃഖത്തിൽനിന്ന് ആദികൂർമ്മവും ബഹുദേവതാരാധനത്തിൽനിന്നു ഹരിയും രക്ഷിക്കുമാറാകട്ടെ.

ദ്വൈപായനോ ഭഗവാനപ്രബോധാത്
ബുദ്ധസ്തു പാഷണ്ഡഗണപ്രമാദാത്
കല്കിഃ കലേഃ കാലമലപ്രമാദാത്
പ്രപാതുധർമ്മായ കൃതാവതാരഃ

സാ—ധർമ്മരക്ഷണത്തിനായി അവതാരമെടുത്ത മഹാവിഷ്ണു, അജ്ഞാനത്തിൽനിന്നു വേദവ്യാസനായും, നിരീശ്വരവാദികളുടെ അപരാധത്തിൽനിന്നു ബുദ്ധനായും കലികാലദോഷത്തിൽനിന്നു കല്കിയായും എന്നെ രക്ഷിക്കുമാറാകട്ടെ.

യന്നോഭയം ഗ്രഹേഭ്യോഽഭൂത്
കേതുഭ്യോ നൃഭ്യ ഏവ ച
സരീസൃപേഭ്യോ ദംഷ്ട്രിഭ്യോ
ഭൂതേഭ്യോംഹോഭ്യ്രക്ഷതു.

സാ—നവഗ്രഹങ്ങളിൽനിന്നും ധൂമകേതുക്കളിൽനിന്നും മനുഷ്യരിൽനിന്നും പാമ്പുകളിൽനിന്നും തിര്യക്കുജ

ന്തുക്കളിൽനിന്നും ഭൂതങ്ങളിൽനിന്നും പാപങ്ങളിൽനിന്നും യാതൊരു ഭയം സംഭവിച്ചു, അതിനെ പരിഹരിച്ചു ഞങ്ങളെ രക്ഷിയ്ക്കുമാറാകട്ടെ.

ഫലശ്രുതി

യ ഇദം ശൃണുയാത് കാലേ
യോ ധാരയതി ചാഽദൃതഃ
തം നമസ്യന്തി ഭൂതാനി-
മുച്യതേ സർവ്വതോഭയാത്.

സാ—യാവനൊരുത്തൻ ഈ സ്തോത്രം യഥാകാലം കേൾക്കുകയും ധരിക്കുകയും ആദരിക്കുകയും ചെയ്യുന്നു അവനെ സർവ്വജനങ്ങളും നമസ്കരിയ്ക്കും; അവൻ എല്ലാവിധ ഭയങ്ങളിൽനിന്നും ഒഴിവാകുകയുംചെയ്യും.

അച്യുതാഷ്ടകം.

അച്യുതാച്യുത! ഹരെ പരമാത്മൻ
രാമകൃഷ്ണപുരുഷോത്തമ വിഷ്ണോ
വാസുദേവ ഭഗവന്നനിരുദ്ധ-
ശ്രീപതെ! ശമയ ദുഃഖമശേഷം.

സാ—നാശരഹിതനും പ്രളയകാലത്തു പ്രപഞ്ചത്തെ മുഴുവൻ തന്നിൽ സമാഹരിയ്ക്കുന്നവനും പരമാത്മാവും രാമകൃഷ്ണനും പുരുഷോത്തമനും വിശ്വവ്യാപിയും വസുദേവപുത്രനും നിരോധനവിഷയമല്ലാത്തവനും ലക്ഷ്മീദേവിയുടെ അധിനാഥനുമായ അല്ലയൊ ഭഗവാനെ! അവിടുന്നു സകല ദുഃഖവും ശമിപ്പിയ്ക്കേണമെ.

വിശ്വമംഗല! വിഭൊ ജഗദീശ
നന്ദനന്ദന നൃസിംഹ നരേന്ദ്ര
മുക്തിദായക മുകുന്ദ മുരാരെ
ശ്രീപതെ ശമയ ദുഃഖമശേഷം.

സാ—ലോകമംഗളകാരിയും, തത്വാവധാരണസമൎത്ഥനും, ജഗദീശനും, നന്ദഗോപരുടെ പുത്രനും, നരസിംഹരൂപിയും, മനുഷ്യാധിപത്യമുള്ളവനും, മോക്ഷദായകനും, മുരാസുരസംഹാരിയുമായ അല്ലയൊ ലക്ഷ്മീപതെ! അവിടുന്നു സകല ദുഃഖവും ശമിപ്പിയ്ക്കേണമെ.

രാമചന്ദ്രരഘുനായക ദേവ
ദീനനാഥ ദുരിതക്ഷയകാരിൻ,
യാദവേന്ദ്ര യദുഭൂഷണയജ്ഞ
ശ്രീപതെ ശമയ ദുഃഖമശേഷം.

സാ—ശ്രീരാമചന്ദ്രനും, രഘുവംശപ്രമുഖനും, പ്രകാശലീലനും, അനാഥബന്ധുവും, പാപനാശകനും, യാദവകുലപ്രമാണിയും, യദുവംശാലംകാരവും, യാഗസ്വരൂപനുമായ അല്ലയൊ ലക്ഷ്മീനാഥ, അവിടുന്നു സകല ദുഃഖവും ശമിപ്പിയ്ക്കേണമേ.

ദേവകീതനയ! ദുഃഖദവാഗ്നേ!
രാധികാരമണ രമ്യസുമൂൎത്തെ!
ദുഃഖമോചന ദയാൎണ്ണവ നാഥ
ശ്രീപതെ ശമയദുഃഖമശേഷം.

സാ—ദേവകീപുത്രനും ആധിദൈവികം ആധിഭൌതികം ആധ്യാത്മികം എന്നീ ദുഃഖങ്ങൾക്കു കാട്ടുതീയായുള്ളവനും സുന്ദരസ്വരൂപനും ജന്മക്ലേശനിവൎത്തകനും ദയാസമുദ്രവും സൎവേശ്വരനുമായ അല്ലയൊ ലക്ഷ്മീനാഥാ അവിടുന്നു സകല ദുഃഖവും ശമിപ്പിയ്ക്കേണമെ.

ഗോപികാവദന ചന്ദ്രചകോര
നിത്യനിൎഗ്ഗുണനിരഞ്ജന ജിഷ്ണോ
പൂൎണ്ണരൂപജയ ശംകരശൌരെ
ശ്രീപതെ ശമയ ദുഃഖമശേഷം.

സാ—ഗോപസ്ത്രീകളുടെ മുഖചന്ദ്രന്ന ചകോരം (ഉപ്പൻ) ആയുള്ളവനും നിത്യനും ഗുണരഹിതനും ശുദ്ധസത്വനും ജയശീലനും പരിപൂൎണ്ണനും സുഖദായകനുമായ അല്ലയോ ലക്ഷ്മീനാഥ! അങ്ങ സൎവോത്കൎഷേണ വൎത്തിച്ചാലും! ഞങ്ങളുടെ സകല ദുഃഖവും അവിടുന്ന ശമിപ്പിയ്ക്കേണമെ.

ഗോകുലേശ ഗിരിധാരണധീര
യാമുനാപ്ലുതടഖേലനലോല
നാരദാദിമുനിവന്ദിതപാദ
ശ്രീപതെ ശമയ ദുഃഖമശേഷം.

സാ—ഗോകുലപ്രമാണിയും ഗോവൎദ്ധനപൎവ്വതം കുടയാക്കിപ്പിടിച്ചവനും യമുനാനദിയുടെ പരിപാവനമായ തീരപ്രദേശത്തു വിളയാടുന്നതിൽ അതിതല്പരനും നാരദൻ തുടങ്ങിയ മഹൎഷികളാൽ നമസ്കരിക്കപ്പെട്ട പാദകമലങ്ങളോടുകൂടിയവനുമായ അല്ലയൊ ലക്ഷ്മീനാഥ, അവിടുന്ന സകല ദുഃഖവും ശമിപ്പിയ്ക്കേണമെ.

ദ്വാരകാധിപ ദുരന്തഗുണാബ്ധെ
പ്രാണനാഥ പരിപൂൎണ്ണഭവാരെ
ജ്ഞാനഗമ്യഗുണസാഗര ബ്രഹ്മൻ,
ശ്രീപതെ ശമയ ദുഃഖമശേഷം.

സാ—ദ്വാരകാധീശനും, അനന്തഗുണസമുദ്രവും, ജീവേശ്വരനും, പൂൎണ്ണസ്വരൂപനും, സംസാരദുഃഖനാശകനും, ജ്ഞാനംകൊണ്ടു പ്രാപിയ്ക്കേണ്ടവനും, ബ്രഹ്മരൂപി

യുമായ അല്ലയൊ ലക്ഷ്മീനാഥ, അവിടുന്നു സകല ദുഃഖവും ശമിപ്പിയ്ക്കേണമെ.

ദുഷ്ടനിൎദ്ദലന ദേവദയാലൊ
പത്മനാഭധരണീധര ധൎമ്മിൻ
രാവണാന്തക രമേശ മുരാരെ
ശ്രീപതെ ശമയദുഃഖമശേഷം.

സാ—ദുഷ്ടജനാധ്വംസകനും ദയാശീലനും പത്മനാഭനും ഭൂമിയെ ധരിയ്ക്കുന്നവനും ധൎമ്മരൂപനും രാവണ വൈരിയും ആയ ലക്ഷ്മീനാഥ! അവിടുന്നു സകല ദുഃഖവും ശമിപ്പിയ്ക്കേണമെ.

ഫലശ്രുതി

അച്യുതാഷ്ടകമിദം രമണീയം
നിൎമ്മിതം ഭവഭയം വിനിഹന്തും
യഃ പഠേദ്വിഷയവൃത്തി നിവൎത്തി-
ൎജ്ജന്മദുഃഖമഖിലം സജഹാതി.

സാ—ഈ രമണീയമായ അച്യുതാഷ്ടകം സംസാരഭയം നശിപ്പിയ്ക്കുന്നതിനായി നിൎമ്മിയ്ക്കപ്പെട്ടതാണ്. ഇതു യാവനൊരുത്തൻ ചൊല്ലുന്നു, അവൻ എല്ലാ വിഷയങ്ങളിൽനിന്നു നിവൎത്തിയ്ക്കുകയും ജന്മസംബന്ധമായ സകല ക്ലേശങ്ങളും കൈവിടുകയും ചെയ്യുന്നു.

അച്യുതാഷ്ടകം

അച്യുതം കേശവം രാമനാരായണം
കൃഷ്ണദാമോദരം വാസുദേവം ഹരീം
ശ്രീധരം മാധവം ഗോപികാവല്ലഭം
ജാനകീനായകം രാമചന്ദ്രം ഭജെ

സാ—നാശരഹിതനും കേശി എന്ന അസുരനെ ധ്വംസിച്ചവനും നീലവർണ്ണനും വസുദേവപുത്രനും ലക്ഷ്മീനാഥനും ഗോപികാവല്ലഭനും സീതാപതിയുമായ ശ്രീരാമചന്ദ്രനെ ഞാൻ ഭജിയ്ക്കുന്നു.

അച്യുതം കേശവം സത്യഭാമാധവം
മാധവം ശ്രീധരം രാധികാരാധിതം
ഇന്ദിരാമന്ദിരം ചേതസാസുന്ദരം
ദേവകീനന്ദനം നന്ദജം സന്ദധെ

സാ—സത്യഭാമയുടെ വല്ലഭനും ലക്ഷ്മിയെ ധരിയ്ക്കുന്നവനും രാധാപൂജിതനും ഐശ്വര്യദേവതയ്ക്കു് അധിഷ്ഠാനവും സുകുമാരശരീരനും ദേവകീപുത്രനുമായ നന്ദകുമാരനെ ഞാൻ ധ്യാനിയ്ക്കുന്നു.

വിഷ്ണവെ ജിഷ്ണവെ ശംഖിനെ ചക്രിണെ
രുഗ്മിണീരാഗിണെ ജാനകീ ജാനയെ
വല്ലവീവല്ലഭായാർച്ചിതായാത്മകെ
കംസവിധ്വംസിനെ വംശിനെ തേ നമഃ

സാ—വിശ്വവ്യാപിയും ജയശീലനും ശംഖചക്രധാരിയും രുഗ്മിണീതല്പരനും ജാനകീവല്ലഭനും ഗോപികാനാഥനും പരമാത്മാവും കംസനാശകനും മുരളീധരനുമായ അങ്ങേയ്ക്കു നമസ്കാരം.

കൃഷ്ണഗോവിന്ദ ഹെ രാമനാരായണ
ശ്രീപതെ വാസുദേവാജിത ശ്രീനിധെ
അച്യുതാനന്ത ഹെ മാധവാധോക്ഷജ
ദ്രൌപദീരക്ഷക! പാതു മാം സൎവ്വദാ.

സാ—അസുരനാശകനും വേദങ്ങളാൽ അറിയപ്പെടേണ്ടുവനും ജയിക്കാൻ പാടില്ലാത്തവനും ഐശ്വൎയ്യനിധിയും അവസാനരഹിതനും പാഞ്ചാലിയെ അഭീഷ്ടമരുളി രക്ഷിച്ചവനുമായ അല്ലയൊ നാരായണ! എന്നെ എപ്പോഴും കാത്തുകൊള്ളേണമെ.

രാക്ഷസക്ഷോഭിതസ്സീതയാ ശോഭിതൊ
ദണ്ഡകാരണ്യഭൂപുണ്യതാകാരണഃ
ലക്ഷ്മണേനാന്വിതൊ വാനരൈസ്സേവിതോ-
ഗസ്ത്യസംപൂജിതൊ രാഘവഃ പാതുമാം

സാ—രാക്ഷസന്മാർനിമിത്തം ക്ഷോഭമുൾക്കൊണ്ടവനും സീതാശോഭിതനും ദണ്ഡകവനത്തെ അധിവസിച്ചവനും ലക്ഷ്മണയുക്തനും വാനരസേവിതനും അഗസ്ത്യപൂജിതനുമായ ശ്രീരാമൻ എന്നെ രക്ഷിക്കുമാറാകട്ടെ.

ധേനുകാരിഷ്ടകോƒനിഷ്ടകൃദ്വേഷിണാം
കേശിഹാകംസഹൃദ്വംശികാവാദകഃ
പൂതനാനാശനഃ സൂരജാഖേലനൊ
ബാലഗോപാലകഃ പാതുമാം സൎവ്വദാ

സാ—ധേനുകൻ, അരിഷ്ടൻ എന്നീ അസുരന്മാരെ നശിപ്പിച്ചവനും, ശത്രുക്കളായ കേശി, കംസൻ ഇവരെ സംഹരിച്ചവനും, വേണുഗാനരസികനും, പൂതനാന്തകനും, കാളിന്ദീവിഹാരതല്പരനുമായ ബാലഗോപാലൻ എന്നെ എല്ലായ്പോഴും രക്ഷിക്കട്ടെ!

വിദ്യുദുദ്യോതവാൻ പ്രസ്ഫുരദ്വാസസം
പ്രാവൃഡംഭോദവൽ പ്രോല്ലസദ്വിഗ്രഹം
വന്യയാമാലയാശോഭിതോരഃസ്ഥലം
ലോഹിതാംഘ്രിദ്വയം വാരിജാക്ഷം ഭജേ

സാ—മിന്നൽപോലെ പ്രകാശിയ്ക്കുന്ന—മഞ്ഞനിറമുള്ള—വസ്ത്രമുടുത്തു വർഷകാലമേഘംപോലെ ശോഭിക്കുന്ന ശരീരത്തോടുകൂടി, മാറിടത്തിൽ വനമാലയുമണിഞ്ഞു ചെമന്നകാലടികളുമായി വിളങ്ങുന്ന വാരിജാക്ഷനെ—ശ്രീകൃഷ്ണനെ—ഞാൻ ഭജിയ്ക്കുന്നു.

കുഞ്ചിതൈഃ കുന്തളൈർഭ്രാജമാനാനനം
രത്നമൌലീം ലസത്കുണ്ഡലം ഗണ്ഡയോഃ
ഹാരകേയൂരകം കങ്കണപ്രോജ്ജ്വലം
കിങ്കിണീമഞ്ജുളശ്യാമളം തം ഭജേ.

സാ—ചുരുണ്ട കുറുനിരകൾകൊണ്ടു ശോഭിക്കുന്ന മുഖമുള്ളവനും ശിരസ്സിൽ രത്നങ്ങളണിഞ്ഞവനും കർണ്ണാഭരണങ്ങൾ പ്രതിഫലിക്കുന്ന—അത്ര തെളിമയും മൃദുത്വവുമുള്ള—കവിൾത്തടങ്ങളോടുകൂടിയവനും, മുത്തുമാല, തോൾവള, കങ്കണം ഇവകൊണ്ടു പ്രകാശിക്കുന്നവനും ചെറുമണികൾചാർത്തി മനോഹരനും ആയ ആ ശ്രീകൃഷ്ണനെ ഞാൻ ഭജിക്കുന്നു.

ഫലശ്രുതി

അച്യുതസ്യാഷ്ടകം യഃ പഠേദിഷ്ടദം
പ്രേമതഃപ്രത്യഹം പൂരുഷഃ സസ്പൃഹം
വൃത്തതഃസുന്ദരം കർത്തൃവിശ്വംഭരം
തസ്യവശ്യോഹരിർജ്ജായതേ സത്വരം

സാ—ഇഷ്ടസിദ്ധികരവും മഹാവിഷ്ണുവിനെ വിഷയമാക്കിയുള്ളതും, വൃത്തംകൊണ്ടു ഭംഗിപിടിച്ചതുമായ ഈ

 No: 4010

അച്യുതാഷ്ടകം, യാതൊരു മനുഷ്യൻ ദിവസവും താല്പര്യത്തോടുകൂടി ചൊല്ലുന്നു, അവനു് വേഗത്തിൽ മഹാവിഷ്ണു വശപ്പെടുന്നതാണു്.

ശ്രീ ശങ്കരാചാര്യകൃതാഷ്ടപദി

അവിനയമപനയ വിഷ്ണോ
ദമയ മനഃ ശമയ വിഷയമൃഗതൃഷ്ണാം
ഭൂതദയാം വിസ്താരയ
താരയ സംസാരസാഗരതഃ

സാ—അല്ലയോ മഹാവിഷ്ണോ! അവിടുന്നു് എന്റെ വഴക്കമില്ലായ്മയെ അകററിയാലും. മനസ്സിനെ അടക്കിത്തന്നാലും. കാനൽജലംപോലെ വെറും തോന്നൽ മാത്രമായ വിഷയാഭിലാഷത്തെ ശമിപ്പിച്ചാലും. സമസ്തസൃഷ്ടിസ്നേഹത്തെ വിശാലപ്പെടുത്തിയാലും. ജനനമരണരൂപമായ ദുഃഖത്തിൽനിന്നു്—സംസാരസമുദ്രത്തിൽനിന്നു്—എന്നെ കടത്തിവിട്ടാലും.

ദിവ്യധുനീമകരന്ദേ
പരിമളപരിഭോഗസച്ചിദാനന്ദേ
ശ്രീപതിപദാരവിന്ദേ
ഭവഭയഖേദച്ഛിദേ വന്ദേ.

സാ—ആകാശഗംഗയാകുന്ന തേനോടുകൂടിയുള്ളതായി സച്ചിദാനന്ദമയമായ പരിമളം നിറഞ്ഞതായി സംസാരദുഃഖത്തെ വേരറുത്തുകളയുന്നതായ മഹാവിഷ്ണുവിന്റെ പാദപത്മങ്ങളെ ഞാൻ വന്ദിക്കുന്നു.

സത്യപി ഭേദാപഗമേ
നാഥ! തവാഹം ന മാമകീനസ്ത്വം
സാമുദ്രോഹി തരംഗഃ
ക്വചന സമുദ്രോ ന താരംഗഃ.

സാ—അല്ലയോ ലോകനാഥ, വ്യത്യസ്തമനോഭാവം നശിക്കുമ്പോൾ ഞാൻ അങ്ങയുടേതാകുന്നു; അങ്ങ് എൻേറതാകുന്നില്ല. എങ്ങനെയെന്നാൽ തിര സമുദ്രത്തിൻേറതാണ്; സമുദ്രം തിരയുടേതല്ല; അതുപോലെ.

സമുദ്രത്തിലെ തിര അടങ്ങുമ്പോൾ സമുദ്രം ജലമായിത്തീരുന്നതുപോലെ പുറമേ കാണുന്ന ഭേദഭാവന നശിക്കുമ്പോൾ ഉപാസകനായ ഞാൻ എന്നതു്, ഉപാസനാവിഷയമായ ബ്രഹ്മവസ്തുവായി പരിണമിക്കുമെന്നു സാരം. അഹംതത്ത്വം, ബ്രഹ്മവസ്തുവിൻെറ വികാരമാണ്. ആ വികാരം നശിക്കുമ്പോൾ വീണ്ടും ബ്രഹ്മമായിത്തീരുന്നു. ഉദാഹരണം, തിരയടങ്ങി സമുദ്രജലമാകുന്നതുതന്നെ.

ഉദ്ധൃതനഗ! നഗഭിദനുജ!
ദനുജകുലമിത്ര! മിത്രശശിദൃഷ്ടേ!
ദൃഷ്ടേ ഭവതിപ്രഭവതി
ന ഭവതി കിം ഭവ തിരസ്കാരഃ

സാ—പർവ്വതത്തെ ഉദ്ധരിച്ചവനും, ഇന്ദ്രൻെറ അനുജനായി അവതരിച്ചവനും, അസുരവംശവിദ്വേഷിയും, സൂര്യചന്ദ്രന്മാർ കണ്ണുകളായുള്ളവനും, ജഗത്കാരണനുമായ, അവിടുന്നു സാക്ഷാത്കരിക്കപ്പെട്ടുമ്പോൾ, ലൗകികജീവിതനിന്ദ ആൎക്കുണ്ടാകയില്ല?

മത്സ്യാദിഭിരവതാരൈ-
രവതാരവതാഽവതാ സദാ വസുധാം
പരമേശ്വര! പരിപാല്യോ
ഭവതാ ഭവതാപഭീതോഽഹം.

സാ—പരമേശ്വര! മത്സ്യം മുതലായ അവതാരങ്ങൾകൊണ്ടു ഭൂലോകത്തെ എപ്പോഴും രക്ഷിക്കുന്നവനായി അവതരിക്കുന്ന അങ്ങയാൽ, സംസാരദുഃഖിതനായി വിഷമിക്കുന്ന ഞാൻ രക്ഷിക്കപ്പെടേണ്ടവനാകുന്നു.

ദാമോദര, ഗുണമന്ദിര,
സുന്ദരവദനാരവിന്ദ, ഗോവിന്ദ,
ഭവജലധിമഥനമന്ദര
പരമം ദരമപനയ ത്വം മേ

സാ—സകലഗുണങ്ങൾക്കിരിപ്പിടവും, സുന്ദരമുഖാരവിന്ദനും, സംസാരസമുദ്രത്തെ മഥിക്കുന്നതിൽ മന്ദരപർവ്വതമായുള്ളവനുമായ ഗോവിന്ദാ! അവിടുന്ന് എന്റെ ഉഗ്രമായ ഭയത്തെ നശിപ്പിക്കേണമേ.

നാരായണ, കരുണാമയ
ശരണം കരവാണി താവകൌ ചരണൌ
ഇതിഷട്പദീ മദീയേ
വദനസരോജേ സദാവസതു.

സാ—ദയാസ്വരൂപനായ നാരായണ, അങ്ങയുടെ തൃപ്പാദങ്ങളെ ഞാൻ അഭയംപ്രാപിച്ചുകൊള്ളട്ടെ. എന്റെ ഇപ്രകാരമുള്ള ഷട്പദി, മുഖപങ്കജത്തിൽഎല്ലായ്പ്പോഴും വസിക്കുകയും ചെയ്യട്ടെ.

മുകുന്ദമാല

വന്ദേമുകുന്ദമരവിന്ദദളായതാക്ഷം
കുന്ദേന്ദുശംഖദശനം ശിശുഗോപവേഷം
ഇന്ദ്രാദിദേവഗണവന്ദിതപാദപീഠം
വൃന്ദാവനാലയമഹം വസുദേവസൂനും.

സാ—താമരദളംപോലെ നീണ്ട കണ്ണുള്ളവനും കുരുക്കത്തിമുല്ലപ്പൂവ്, ചന്ദ്രൻ, ശംഖ് ഇവപോലെ വെണ്മയേറിയ പല്ലുകളോടുകൂടിയവനും ഇന്ദ്രൻ മുതലായ ദേവന്മാരാൽവന്ദിക്കപ്പെട്ട പാദപീഠമുള്ളവനും

ബാലഗോപാലവേഷധാരിയും വൃന്ദാവനവാസിയും വസുദേവപുത്രനുമായ മുകുന്ദനെ ഞാൻ വന്ദിക്കുന്നു.

ശ്രീവല്ലഭേതി വരദേതി ദയാപരേതി
ഭക്തപ്രിയേതി ഭവലുംഠനകോവിദേതി
നാഥേതി നാഗശയനേതി ജഗന്നിവാസേ-
ത്യാലാപിനം പ്രതിദിനം കുരു മാം മുകുന്ദ!

സാ—അല്ലയോ മോക്ഷദായക, അവിടുന്ന് എന്നെ ശ്രീവല്ലഭ, വരദായക, ദയാപര, ഭക്തപ്രിയ, സംസാരനാശനസമർത്ഥ, നാഥ, അനന്തശയന, ജഗന്നിവാസ എന്നിങ്ങനെ ജപിക്കുന്നവനാക്കിത്തീർക്കേണമേ.

ജയതു ജയതു ദേവോ ദേവകീനന്ദനോയം
ജയതു ജയതു കൃഷ്ണോ വൃഷ്ണിവംശപ്രദീപഃ
ജയതു ജയതു മേഘശ്യാമളഃ കോമളാംഗോ
ജയതു ജയതു പൃഥ്വീഭാരനാശോ മുകുന്ദഃ

സാ—ദേവകീപുത്രനായ ദേവ, അവിടുന്നു സർവോൽക്കർഷേണ വർത്തിച്ചാലും. യദുവംശപ്രദീപമായ ശ്രീകൃഷ്ണഭഗവാനേ, അങ്ങു സർവോൽക്കർഷേണ വർത്തിച്ചാലും. മഴമേഘംപോലെ നീലവർണ്ണമുള്ള അല്ലയോ സുന്ദരശരീര, അവിടുന്നു സർവോൽക്കർഷേണ വർത്തിച്ചാലും. ഭൂഭാരനാശകനായ മുകുന്ദ, അങ്ങു സർവോൽക്കർഷേണ വർത്തിച്ചാലും.

മുകുന്ദ, മൂർദ്ധ്നാ പ്രണിപത്യ യാചേ
ഭവന്തമേകാന്തമിയന്തമർത്ഥം
അവിസ്മൃതിസ്ത്വച്ചരണാരവിന്ദേ
ഭവേ ഭവേ മേഽസ്തു ഭവത്പ്രസാദാത്.

ഡാ—അല്ലയോ മുകുന്ദ, ഞാൻ ശിരസ്സു കുനിച്ചു നമസ്കരിച്ചിട്ടു് ഇത്രമാത്രമായ കാര്യത്തെ അങ്ങയോടു രഹസ്യമായി യാചിക്കുന്നു. "ജന്മന്തോറും എനിക്കു്

അവിടത്തെ പാദപത്മസ്മരണമുണ്ടാകുന്നതിന്ന പ്രസാദിക്കണം."

ശ്രീഗോവിന്ദപദാംഭോജ
മധുനോ മഹദത്ഭുതം
യത്പായിനോ ന മുഞ്ചന്തി
മുഞ്ചന്തി യദപായിനഃ.

സാ—ശ്രീമഹാവിഷ്ണുവിന്റെ പാദപങ്കജത്തിലെ തേനിന്റെ അത്ഭുതം മഹത്തായിരിക്കുന്നു. അതിനെ കുടിക്കുന്നവർ മോചിക്കുന്നില്ല—വേർപെടുന്നില്ല. കുടിക്കാത്തവർ—ഭക്തിയില്ലാത്തവർ—മോചിക്കുന്നു. ഭഗവാനിൽനിന്നു വേർപെടുന്നു.

നാഹംവന്ദേ തവ ചരണയോർദ്വന്ദ്വമദ്വന്ദ്വഹേതോഃ
കുംഭീപാകം ഗുരുമപിഹരേ! നാരകം നാപനേതും
രമ്യാരാമാമൃദുതനുലതാനന്ദനേനാപിരന്തും
ഭാവേഭാവേഹൃദയഭവനേ ഭാവയേയം ഭവന്തം

സാ—അല്ലയോ മഹാവിഷ്ണോ, അതികഠിനമായ കുംഭീപാകനരകത്തെ നശിപ്പിക്കുന്നതിനും, സുന്ദരിമാരുടെ മൃദുലശരീരലതികയാകുന്ന നന്ദനാരാമത്തിൽ ക്രീഡിക്കുന്നതിനുമായി, ഞാൻ അവിടുത്തെ അദ്വൈതബോധകാരണമായ പാദദ്വയത്തെ വന്ദിക്കുന്നില്ല. ജന്മംതോറും എന്റെ ഹൃദയഭവനത്തിൽ അങ്ങയെ ഞാൻ ഭാവനം ചെയ്യുമാറാകണം. അതിനുവേണ്ടി വന്ദിക്കുന്നുവെന്നു സാരം.

നാസ്ഥാധർമ്മേനവസുനിചയേനൈവകാമോപഭോഗേ
യദ്ഭവ്യം ഭവതുഭഗവൻ പൂർവ്വകർമ്മാനുരൂപം
ഏതത്പ്രാർത്ഥ്യം മമബഹുമതം ജന്മജന്മാന്തരേപി
ത്വത്പാദാംഭോരുഹയുഗഗതാനിശ്ചലാഭക്തിരസ്തു.

സാ—എനിക്കു ധൎമ്മത്തിൽ താല്പൎയ്യമില്ല; ധനസമൂഹത്തിലും കാമസുഖാനുഭവത്തിലും താല്പൎയ്യമില്ല; പൂൎവ്വജന്മത്തിലെ കൎമ്മമനുസരിച്ചു വരാനുള്ളതു വന്നുകൊള്ളട്ടെ; ജന്മജന്മാന്തരത്തിൽപോലും അങ്ങയുടെ പാദപത്മങ്ങളിൽ എനിക്കു സുസ്ഥിരമായ ഭക്തിയുണ്ടാവണം. ഇതു മാത്രമാണു് ഈയുള്ളവന്റെ ആഗ്രഹവും അപേക്ഷയും.

ഭവജലധിഗതാനാം ദ്വന്ദ്വവാതാഹതാനാം
സുതദുഹിതൃകളത്രത്രാണഭാരാൎദ്ദിതാനാം
വിഷമവിഷയതോയേ മജ്ജതാമാമപ്ലവാനാം
ഭവതിശരണമേകോ വിഷ്ണുപോതോനരാണാം.

സാ—സംസാരസമുദ്രത്തിൽ വീണു ഭേദബുദ്ധിയാകുന്ന കൊടുങ്കാററടിയേററു മകൻ മകൾ ഭാൎയ്യ ഇവരുടെ സംരക്ഷണത്തിലുള്ള ചുമതലകൊണ്ടു ദുഃഖിക്കുന്നവരായി, വിഷമകരമായ വിഷയജലത്തിൽ മുങ്ങിക്കുളിക്കുന്നവരായ മനുഷ്യൎക്കു്, രക്ഷാസ്ഥാനമായ തോണിയായിട്ടുള്ളതു് ഭഗവാൻ മഹാവിഷ്ണു മാത്രമാകുന്നു.

രജസിനിപതിതാനാം മോഹജാലാവൃതാനാം
ജനനമരണദോലാദുൎഗ്ഗസംസൎഗ്ഗഗാണാം
ശരണമശരണാനാമേക ഏവാതുരാണാം
കുശലപഥ നിയുക്തശ്ചക്രപാണിൎന്നരാണാം.

സാ—രജോഗുണത്തിൽ—വിഷയവ്യാപാരത്തിൽ—അകപ്പെട്ടു്, അജ്ഞാനസമൂഹത്താൽ ആവരണം ചെയ്യപ്പെട്ടവരായി, ജനനമരണരൂപമായി ഇളകുന്ന ജീവിതദുൎഗ്ഗത്തിന്റെ സംസൎഗ്ഗമുള്ളവരായി നിരാശ്രയരായി, പരമദുഃഖിതരായ മനുഷ്യൎക്കു് മംഗളമാൎഗ്ഗനിയുക്തനായ മഹാവിഷ്ണുവാകുന്നു രക്ഷയായിട്ടുള്ളതു്.

അപരാധസഹസ്രസംകുലം
പതിതം ഭീമഭവാൎണ്ണവോദരരെ
അഗതിം ശരണാഗതം ഹരെ!
കൃപയാ കേവലമാത്മസാത്കുരു

സാ—ഭയജനകമായ സംസാരസമുദ്രത്തിൽ വീണു അസംഖ്യമപരാധങ്ങൾചെയ്തു്, നിരാശ്രയനായി അങ്ങയെ അഭയംതേടിയിരിക്കുന്ന എന്നെ, അല്ലയോ മഹാവിഷ്ണോ! അവിടുന്നു തിരുവുള്ളമുണ്ടായി സ്വന്തമാക്കികൊള്ളേണമെ,

മാമേസ്ത്രീത്വം മാചമേ സ്യാത്കുഭാവൊ
മാമൂൎഖത്വം മാകുദേശേഷുജന്മ
മിഥ്യാദൃഷ്ടിൎമാചമേ സ്യാത്കദാചിത്
ജാതെജാതെ വിഷ്ണുഭക്തൊ ഭവേയം

സാ—എനിക്കു സ്ത്രീത്വമുണ്ടാകരുതു്, ദുസ്സ്വഭാവമുണ്ടാകരുതു്, അറിവുകേടുണ്ടാകരുതു്, ദുഷിച്ച ദേശങ്ങളിൽ ജന്മമുണ്ടാകരുതു്, പരലോകമില്ലെന്ന വിശ്വാസവുമുണ്ടാകരുതു്; ഞാൻ എല്ലാ ജന്മങ്ങളിലും വിഷ്ണുഭക്തനായിത്തീരുകയും വേണം.

കായേന വാചാ മനസേന്ദ്രിയൈൎവ്വാ
ബുദ്ധ്യാത്മനാ വാ പ്രകൃതേഃ സ്വഭാവാത്
കരോമി യദ്യത് സകലം പരസ്മൈ
നാരായണായേതി സമൎപ്പയാമി

സാ—ഞാൻ, ശരീരംകൊണ്ടോ വാക്കുകൊണ്ടോ മനസ്സുകൊണ്ടോ ഇന്ദ്രിയങ്ങൾകൊണ്ടോ ബുദ്ധികൊണ്ടോ ആത്മാവുകൊണ്ടോ പ്രകൃതിയുടെ സ്വഭാവമനുസരിച്ചു് എന്തെല്ലാംചെയ്യുന്നു അതു സൎവ്വം ശ്രീനാരായണനായിട്ടു സമൎപ്പിച്ചുകൊള്ളുന്നു.

യത്കൃതം യത്കരിഷ്യാമി
തത്സൎവ്വം ന മയാകൃതം
ത്വയാകൃതം തു ഫലഭുക്
ത്വമേവ മധുസൂദന!

സാ—അല്ലയോ മധുസൂദന! ഞാൻ ചെയ്തിട്ടുള്ളതെല്ലാം, എന്നാൽ ചെയ്യപ്പെട്ടതല്ല; ചെയ്തതും ഫലമനുഭവിക്കുന്നതും അവിടുന്നുതന്നെയാകുന്നു.

ഭവജലധിമഗാധം ദുസ്തരം നിസ്തരേയം
കഥമഹമിതിചേതൊ മാസ്മഗാഃ കാതരത്വം
സരസിജദൃശിദേവേതാവകീ ഭക്തിരേകാ
നരകഭിദിനിഷണ്ണാതാരയിഷ്യത്യവശ്യം

സാ—കടക്കാൻ പ്രയാസമുള്ള സംസാരസമുദ്രത്തെ എങ്ങനെ കടക്കുമെന്നുവച്ച് അല്ലയോ മനസ്സെ! നീ വിഷമിക്കരുതു്. താമരക്കണ്ണനും നരകനാശനനുമായ ദേവനിൽ നിനക്കുള്ള ഭക്തി ഒന്നുതന്നെ നിശ്ചയമായും നിന്നെ കടത്തിവിട്ടുകൊള്ളും.

തൃഷ്ണാതോയേ മദനപവനോദ്ധൂതമോഹോൎമ്മിമാലേ
ദാരാവൎത്തേ തനയസഹജഗ്രാഹസംഘാകുലേ ച
സംസാരാഖ്യേ മഹതിജലധൌമജ്ജതാം ന സ്ത്രിധാമൻ
പാദാംഭോജേ വരദ ഭവതോ ഭക്തിഭാവം പ്രദേഹി.

സാ—വിഷയാഭിലാഷമാകുന്ന വെള്ളം, കാമവികാരമാകുന്ന കാറേററിളകിയ മോഹമാകുന്ന തിരമാല, ഭാൎയ്യയാകുന്ന ചുഴി, പുത്രൻ സഹോദരൻ ആദിയായ മുതലക്കൂട്ടം, ഇവയോടുകൂടിയ സംസാരമാകുന്ന വലിയ സമുദ്രത്തിൽ മുങ്ങിക്കഴിയുന്നവരായ ഞങ്ങൾക്ക് വരപ്രദനായ അല്ലയോ മഹാവിഷ്ണോ! അവിടുത്തെ പാദപത്മങ്ങളിലുള്ള ഭക്തിയെ പ്രദാനം ചെയ്താലും.

പൃഥ്വീരേണുരണുഃ പയാംസി കണികാഃ
ഫല്ഗു സ്ഫുലിംഗോ ലഘു
സ്തേജോ നിശ്വസനം മരുത്തനുതരം
രന്ധ്രം സുസൂക്ഷ്മം നഭഃ
ക്ഷുദ്രാ രുദ്രപിതാമഹപ്രഭൃതയഃ
കീടാസ്സമസ്താസ്സുരാഃ
ദൃഷ്ടേ യത്ര സ താവകോ വിജയതേ
ശ്രീപാദധൂളീകണഃ

സാ—അല്ലയോ ഭഗവാനെ! അവിടുത്തെ തൃപ്പാദരേണു ശകലം സാക്ഷാത്കരിക്കപ്പെട്ടമ്പോൾ, ഭൂഗോളം തീരെ അണുവായ പൊടിയായും, വെള്ളക്കെട്ടു മുഴുവനും കേവലം തുള്ളികളായും, സൂര്യചന്ദ്രാദിതേജസ്സുകൾ ചെറിയ തീപ്പൊരിയായും, വായുമണ്ഡലം അല്പമായ നിശ്വാസമായും, ആകാശവിതാനം ഏററവും സൂക്ഷ്മമായ ദ്വാരമായും, ശിവൻ ബ്രഹ്മാവു തുടങ്ങിയവർ താണവരായും സകല ദേവന്മാരും പുഴക്കളായും തീരുന്നു. താദൃശമായ അങ്ങയുടെ പാദപാംസു സർവോൽക്കർഷേണ വിജയിക്കുന്നു.

ആമ്നായാഭ്യസനാന്യരണ്യരുദിതം വേദവ്രതാന്യന്വഹം
മേദശ്ഛേദഫലാനിപൂർത്തവിധയഃ സർവം ഹുതം ഭസ്മനി
തീർത്ഥാനാമവഗാഹനാനി ച ഗജസ്നാനംവിനാ യത്പദ-
ദ്വന്ദ്വാംഭോരുഹ സംസ്മൃതിം വിജയതേ ദേവഃ
സനാരായണഃ

സാ—യാതൊരുവൻെറ പാദസ്മരണംക്രുടാതെയുള്ള വേദാധ്യയനം വനരോദനമായും, വ്രതാനുഷ്ഠാനങ്ങൾ ശരീരം ക്ഷീണിപ്പിക്കുന്നവയായും, വഴിയമ്പലം കെട്ടിക്കുക, വഴിക്കുളം കുത്തിക്കുക മുതലായ പരോപകാര പ്രവൃത്തികൾ ചാരത്തിലെ ഹോമക്രിയയായും, തീർത്ഥസ്നാനം ആനയുടെ കുളിയായും തീരുന്നു. ആ നാരായണൻ സർവോത്കർഷേണ വർത്തിക്കുന്നു.

ആനന്ദ ഗോവിന്ദ മുകുന്ദ രാമ
നാരായണാനന്ത നിരാമയേതി
വക്തും സമർത്ഥോപി നവക്തികശ്ചി-
ദഹോജനാനാം വ്യസനാനി മോക്ഷേ

സാ—ആനന്ദ, ഗോവിന്ദ, മുകുന്ദ, രാമ, നാരായണ, അനന്ത, നിരാമയ എന്നിങ്ങനെ ചൊല്ലുവാൻ കഴിവുള്ള ഒരുത്തനും, ജനങ്ങാംക്ക മോക്ഷകാൎയ്യത്തിൽ വ്യസനങ്ങളുണ്ടെന്നു പറയുന്നതല്ല.

ക്ഷീരസാഗരതരംഗരസീകരാ
സാരതാരകിത ചാരുമൂൎത്തയെ
ഭോഗിഭോഗശയനീയ ശായിനെ
മാധവായ മധുവിദ്വിഷേ നമഃ

സാ—പാലാഴിത്തിരകളുടെ തുള്ളികാംനിമിത്തം നക്ഷത്രങ്ങാംക്കുള്ളതായ അഴകോടുകൂടിയ ശരീരമുകാംക്കൊള്ളുന്നവനായി അനന്തതല്പത്തിൽ ശയിക്കുന്നവനായി മധുവെന്ന അസുരനെ നശിപ്പിച്ചവനായ മാധവനായിക്കൊണ്ടു നമസ്കാരം.

ശ്രീവിഷ്ണുഷോഡശനാമസ്തോത്രം

ഔഷധേ ചിന്തയേദ്വിഷ്ണും
ഭോജനേ ച ജനാൎദ്ദനം
ശയനേ പത്മനാഭം ച
വിവാഹേ ച പ്രജാപതിം

സാ—ശ്രീമഹാവിഷ്ണുവിനെ, ഔഷധത്തിൽ വിഷ്ണുവായും ഭക്ഷണത്തിൽ ജനാൎദ്ദനനായും കിടക്കയിൽ പത്മനാഭനായും വിവാഹത്തിൽ പ്രജാപതിയായും ധ്യാനിക്കണം.

യുദ്ധേ ചക്രധരംദേവം
പ്രവാസേ ച ത്രിവിക്രമം
നാരായണം തനുത്യാഗേ
ശ്രീധരം പ്രിയസംഗമേ.

സാ—യുദ്ധത്തിൽ ചക്രധരനായും വീട്ടുവിട്ടുള്ള യാത്ര യിൽ ത്രിവിക്രമനായും ശരീരം വെടിയുമ്പോൾ—മര ണത്തിൽ—നാരായണനായും മിത്രസംഗമത്തിൽശ്രീ ധരനായും—ലക്ഷ്മിയെ ധരിക്കുന്നവനായും—ധ്യാ നിക്കണം.

ദുസ്സ്വപ്നേ സ്മര, ഗോവിന്ദം
സംകടേ മധുസൂദനം
കാനനേ നരസിംഹം ച
പാവകേ ജലശായിനം

സാ.—ദുസ്സ്വപ്നത്തിൽ ഗോവിന്ദനായും സംകടത്തിൽ മധു സൂദനനായും കാട്ടിൽ നരസിംഹമായും അഗ്നിബാധ യിൽ ജലശായിയായും—വെള്ളത്തിൽ ശയിക്കുന്നവ നായും—സ്മരിച്ചുകൊള്ളണം.

ജലമദ്ധ്യേ വരാഹം ച
പർവ്വതേ രഘുനന്ദനം
ഗമനേ വാമനം ചൈവ
സർവ്വകാര്യേഷു മാധവം

സാ—ജലനടുവിൽ വരാഹാവതാരമായും—പന്നിയുടെ ആകൃതിയായും—പർവ്വതത്തിൽ ശ്രീരാമനായും യാത്ര യിൽ വാമനനായും എല്ലാ കാര്യങ്ങളിലും മാധവ നായും സ്മരിച്ചുകൊള്ളണം.

ഫലശ്രുതി

ഷോഡശൈതാനി നാമാനി
പ്രാതരുത്ഥായ യഃ പഠേത്

സൎവ്വപാപ വിനിൎമ്മുക്തോ
വിഷ്ണുലോകം സമാപ്നുയാത്.

സാ—ഈ പതിനാറു നാമങ്ങളും, യാവനൊരുത്തൻ രാവിലെ എഴുന്നേറ്റു ചൊല്ലുന്നു, അവൻ സകല പാപങ്ങളിൽനിന്നു മുക്തനായി വിഷ്ണുലോകം പ്രാപിക്കും.

ഭഗവച്ഛരണസ്തോത്രം.

സച്ചിദാനന്ദരൂപായ
ഭക്താനുഗ്രഹകാരിണേ
മായാനിൎമ്മിതവിശ്വായ
മഹേശായ നമോനമഃ.

സാ—സച്ചിദാനന്ദസ്വരൂപനായി ഭക്താനുഗ്രഹകാരിയായി മായാശക്തികൊണ്ടു ലോകത്തെ നിൎമ്മിച്ചവനായ മഹേശന്ന നമസ്കാരം നമസ്കാരം.

രോഗാഹരന്തിസതതം പ്രബലാശ്ശരീരം
കാമാദയോപ്യനുദിനം ച ദഹന്തി ചിത്തം
മൃത്യുശ്ചനൃത്യതി സദാ കലയൻ ദിനാനി
തസ്മാത്ത്വമദ്യശരണം മമ ദീനബന്ധോ!

സാ—ശക്തിയേറിയ രോഗങ്ങൾ ശരീരത്തെ ഇടവിടാതെ ആക്രമിക്കുന്നു; കാമം തുടങ്ങിയവ ഹൃദയത്തെ ദിവസംതോറും ദഹിപ്പിക്കുകയും ചെയ്യുന്നു. മരണം ദിവസങ്ങളെ എണ്ണിക്കൊണ്ടു നൃത്തം ചവുട്ടുന്നു; അതുകൊണ്ടു ദീനവത്സലനായ അല്ലയോ ഭഗവാനെ! അവിടുന്നു മാത്രമാണ് ഈ ജീവിതത്തിൽ എനിക്കു രക്ഷയായിട്ടുള്ളത്.

ദേഹോവിനശ്യതി സദാ പരിണാമശീല-
ശ്ചിത്തം ച ഖിദ്യതി സദാ വിഷയാനുരാഗീ
ബുദ്ധിഃ സദാ ഹി രമതേ വിഷയേഷുതാന്ത-
സ്തസ്മാത്തപമദ്യശരണം മമ ദീനബന്ധോ.

സാ—അവസ്ഥാന്തരപ്പെടുക സ്വഭാവമുള്ള ശരീരം, എല്ലായ്പോഴും നശിച്ചുകൊണ്ടിരിക്കുന്നു. മനസ്സാകട്ടെ വിഷയതാല്പര്യാധീനമായി നിരന്തരം വിഷമിക്കുന്നു. ബുദ്ധി അനിത്യങ്ങളായ വിഷയസുഖങ്ങളിൽ അവസാനമില്ലാതെ രമിക്കുകയും ചെയ്യുന്നു. അതുകൊണ്ടു ദീനബന്ധുവായ ഭഗവാനെ അങ്ങു മാത്രമാണു് എനിക്കു രക്ഷയായിട്ടുള്ളതു്.

ആയുർവിനശ്യതി യഥാfമഘടസ്ഥതോയം
വിദ്യുത്പ്രഭേവചപലാ ബതയൗവനശ്രീഃ
വൃദ്ധാ പ്രധാവതി യഥാ മൃഗരാജപത്നി
തസ്മാത്തപമദ്യശരണം മമ ദീനബന്ധോ!

സാ—പച്ചമൺകുടത്തിലിരിക്കുന്ന വെള്ളമെന്നപോലെ ആയുസ്സു നശിച്ചുപോകുന്നു. യൗവനലക്ഷ്മി മിന്നൽപ്രഭപോലെ ഇളക്കമുള്ളതാണു്. വാൎദ്ധക്യം പെൺസിംഹമെന്നപോലെ ഓടിവരുകയും ചെയ്യുന്നു. അതുകൊണ്ടു് ദീനബന്ധുവായ ഭഗവാനെ! അവിടുന്നു് എനിക്കു രക്ഷയായിരിക്കേണമേ.

ആയാദ്യയോ മമ ഭവത്യധികോ വിനീതേ
കാമാദയോഹി ബലിനോതിബലാശ്ശമാദ്യാഃ
മൃത്യുർയദാതുദതിമാം ബത കിംവദേയം
തസ്മാത്തപമദ്യശരണം മമ ദീനബന്ധോ.

സാ—എനിക്കു വരവിനെക്കാൾ ചെലവു് അധികമുണ്ടാകുന്നു. കാമം തുടങ്ങിയ മനോദോഷങ്ങൾ ശക്തിയുള്ളവയായുമിരിക്കുന്നു. ശമം—അടക്കം—മുതലായ

മനോഗുണങ്ങൾ ബലഹീനങ്ങളുമാണ്. മരണം എന്നെ വല്ലാതെ വേദനിപ്പിക്കയും ചെയ്യുന്നു. കഷ്ടം! ഞാൻ എന്തുപറയട്ടെ; അതുകൊണ്ടു ദീനബന്ധുവായ ഭഗവാനെ! അങ്ങ് എനിക്കു രക്ഷയായിരിക്കേണമേ.

തപ്തംതപോനഹികദാപിമയേഹതന്വാ
വാണ്യാതഥാനഹി കദാപിതപശ്ചതപ്തം
മിഥ്യാഭിഭാഷണ പരേണ നമാനസംഹി-
തസ്മാത്ത്വമദ്യശരണം മമ ദീനബന്ധോ.

സാ—ഞാൻ ശരീരംകൊണ്ടും, അല്പമായെങ്കിലും വാക്കുകൊണ്ടും തപശ്ചരണം ഒരിക്കലും ചെയ്തിട്ടില്ല. അനാവശ്യസംഭാഷണത്തിൽ താല്പര്യമുള്ള മനസ്സും അതിൽ പ്രവൎത്തിച്ചില്ല. അതുകൊണ്ടു ദീനബന്ധുവായ ഭഗവാനെ അങ്ങ് എനിക്കു രക്ഷയായിരിക്കേണമെ.

സ്തബ്ധം മനോ മമ സദാ നഹി യാതിസൗമ്യം
ചക്ഷുശ്ചമേന തവ പശ്യതി വിശ്വരൂപം
വാചാ തഥൈവ നവദൻ മമ സൗമ്യവാണീം
തസ്മാത്ത്വമദ്യശരണം മമ ദീനബന്ധോ.

സാ—ജഡമയമായ എൻെറ മനസ്സ് സമാധാനമുള്ളതാകുന്നില്ല; എൻെറ കണ്ണ് അങ്ങയുടെ വിശ്വരൂപത്തേയും കാണുന്നില്ല; അപ്രകാരംതന്നെ വാക്ക്, സൗമ്യമായി പറയുന്നതിനും എനിക്കു സാധിക്കുന്നില്ല; അതുകൊണ്ടു ദീനബന്ധുവായ ഭഗവാനെ! അവിടുന്ന് എനിക്കു രക്ഷയായിരിക്കേണമെ.

സത്ത്വം നമേ മനസിയാതി രജസ്തമോഭ്യാം
വിദ്ധേ തദാ കഥമഹോ ശുഭകൎമ്മവാൎത്താ
സാക്ഷാത് പരമ്പരതയാ സുഖസാധനം തത്
തസ്മാത്ത്വമദ്യശരണം മമ ദീനബന്ധോ.

സാ—രജോഗുണം തമോഗുണം ഇവയാൽ പിളക്കപ്പെട്ട എൻെറ മനസ്സിൽ സത്വഗുണം എത്തുന്നില്ല. ആ നിലയിൽ സത്പ്രവൃത്തികൾക്ക് എന്നെ സംബന്ധിച്ചിടത്തോളം എങ്ങനെ പ്രസക്തിയുണ്ടാകും? അതുകൊണ്ട ദീനബന്ധുവായ ഭഗവാനെ! അവിടുന്ന് എനിക്ക രക്ഷയായിരിക്കേണമേ.

പൂജാകൃതാ നഹി കദാപി മയാ ത്വദീയാ
മിത്രം ത്വദീയമപി മേ ന ജപത്ര സജ്ഞാ
ചിത്തം ന മേ സ്മരതി തേ ചരണൗ ഹ്യവാപ്യ-
തസ്മാത്ത്വമദ്യ ശരണം മമ ദീനബന്ധോ.

സാ—ഞാൻ ഒരിക്കൽപോലും അങ്ങയെ പൂജിച്ചിട്ടില്ല; അങ്ങയെ മിത്രമായിട്ടെങ്കിലും എൻെറ നാക്ക ജപിച്ചിട്ടില്ല. അങ്ങയുടെ പാദങ്ങളെ എൻെറ മനസ്സ് ഓക്കുന്നില്ല; അതുകൊണ്ട ദീനബന്ധുവായ ഭഗവാനെ! അവിടുന്ന് എനിക്ക രക്ഷയായിരിക്കേണമെ.

യജ്ഞോ ന മേസ്തി ഹുതദാനദയാദിയുക്തോ
ജ്ഞാനസ്യ സാധനഗണോ ന വിവേകമുഖ്യഃ
ജ്ഞാനം ക്വ സാധനഗണേന വിനാ ക്വ മോക്ഷ-
സ്തസ്മാത്ത്വമദ്യ ശരണം മമ ദീനബന്ധോ.

സാ— ഹോമം, ദാനം, ദയ ഇവയോടുകൂടിയ യാഗം എനിക്കില്ല. വിവേകം മുതലായ ജ്ഞാനസാധനസമൂഹവും ഇല്ല. വിവേകമില്ലാതെ ജ്ഞാനമെങ്ങനെ സിദ്ധിക്കും? ജ്ഞാനം കൂടാതെ മോക്ഷവും ഉണ്ടാവുകയില്ല. അതുകൊണ്ട ദീനബന്ധുവായ ഭഗവാനെ അങ്ങ് എനിക്ക രക്ഷയായി ഭവിക്കേണമേ.

സത്സംഗതിർഹി വിദിതാ തവ ഭക്തിഹേതു-
സ്സാപ്യദ്യ നാസ്തി ബത, പണ്ഡിതമാനിനോ മേ
താമന്തരേണ നഹി സാക്ഷാത്ബോധവാർത്താ
തസ്മാത്ത്വമദ്യ ശരണം മമ ദീനബന്ധോ.

സാ—സജ്ജനസംസൎഗ്ഗം അങ്ങയുടെ ഭക്തിക്കു കാരണമാ ണെന്നു പ്രസിദ്ധമാണല്ലൊ. പണ്ഡിതനെന്നഭിമാ നിക്കുന്ന എനിക്കു് അതുപോലുമില്ല—(സജ്ജനസ ഹവാസമില്ലെന്നു സാരം)—ഭക്തികൂടാതെ ഈശ്വര ബോധം എങ്ങനെയുണ്ടാകും? അതുകൊണ്ടു ദീനബ ന്ധുവായ അങ്ങു് എനിക്കുരക്ഷയായിഭവിക്കേണമെ.

ദൃഷ്ടിർനബോധവിഷയാസമതാഭിധാനാ
വൈഷമ്യമേവതദിയം വിഷയീകരോതി
ശാന്തിഃകുതോമമഭവേത് സമതാനചേതസ്യാ-
ത്തസ്മാത്ത്വമദ്യശരണം മമ ദീനബന്ധോ.

സാ—ജ്ഞാനവിഷയകമായ സമത്വദൃഷ്ടി എനിക്കില്ല; അതു്, ഭേദഭാവനകളെത്തന്നെ വിഷയീകരിയ്ക്കുന്നു; സമത്വബോധമില്ലെങ്കിൽ എനിക്കു ശാന്തി എവി ടെനിന്നു സിദ്ധമാകും? അതുകൊണ്ടു ദീനബന്ധുവാ യ അവിടുന്നു് എനിക്കു രക്ഷയായി ഭവിക്കേണമെ.

മൈത്രീ സമേഷു ന ച മേസ്തി കദാപി നാഥ!
ദീനേ തഥാ ന കരുണാമുദിതാ ച പുണ്യേ
പാപേനുപേക്ഷണവതാ മമ മുത്കഥം സ്യാ-
ത്തസ്മാത്ത്വമദ്യശരണം മമ ദീനബന്ധോ.

സാ—സമന്മാരിൽ മൈത്രിയും, ദീനന്മാരിൽ കരുണയും, പുണ്യത്തിൽ മുദിതയും എനിക്കു് ഒരിക്കലും ഉണ്ടാ കുന്നില്ല; പാപത്തിൽ താല്പൎയ്യമുള്ളവനായ എനി ക്കു് എങ്ങനെ സന്തോഷമുണ്ടാകും? അതുകൊണ്ടു ദീ നബന്ധുവായ ജഗദീശ! അവിടുന്നു് എനിക്കു രക്ഷ യായിത്തീരേണമെ.

നേത്രാദികം മമ ബഹിർവിഷയേഷു സക്തം
നാന്തർമുഖം ഭവതിതാമവിഹായതസ്യ
കാന്തർമുഖത്വമപഹായ സുഖസ്യവാൎത്താ
തസ്മാത്ത്വമദ്യ ശരണം മമ ദീനബന്ധോ

സാ—എൻെറ കണ്ണുതുടങ്ങിയ പഞ്ചേന്ദ്രിയങ്ങൾ പുറമേയുള്ള വിഷയങ്ങളിൽ പററിയിരിയ്ക്കുന്നു. അവ അന്തർമുഖപ്പെടുന്നില്ലാ (ഉള്ളിനുപററുന്നില്ല). ഇന്ദ്രിയങ്ങൾ അന്തർമുഖങ്ങളാകുന്നില്ലെങ്കിൽ നിത്യസുഖം എവിടെ ലഭിയ്ക്കും? അതുകൊണ്ടു ദീനബന്ധുവായ അങ്ങെനിക്കു രക്ഷയായിത്തീരേണമെ.

ത്യക്തം ഗൃഹാദ്യപി മയാ ഭവതാപശാന്ത്യൈ
നാസീദസൌ ഹൃതഹൃദോ മമ മായയാ തേ
സാ ഹ്യധുനാ കിമുവിധാസ്യതി നേതിജാനേ
തസ്മാത്ത്വമദ്യശരണം മമ ദീനബന്ധോ.

സാ—സംസാരദുഃഖശാന്തിയ്ക്കുവേണ്ടി, ഞാൻ ഗൃഹം മുതലായവപോലും ഉപേക്ഷിച്ചു. എന്നാൽ അങ്ങയുടെ മായാശക്തിനിമിത്തം, ഗൃഹാദികളാൽ അപഹൃതമായ എൻെറ മനസ്സ് ഉപേക്ഷിതമായില്ല. ആ മായയാകട്ടെ ഇപ്പോൾ എന്തുചെയ്യുമെന്നും എനിക്കറിഞ്ഞുകൂടാ. അതുകൊണ്ടു ദീനബന്ധുവായ അങ്ങ് എനിക്കു രക്ഷയായി ഭവിക്കേണമെ.

പ്രാപ്താധനം ഗൃഹകുടുംബഗജാശ്വദാരാ
രാജ്യായദൈഹിക മഥേന്ദ്രപുരം ച നാഥ
സർവ്വം വിനശ്വരമിദം ന ഫലായകസ്മൈ
തസ്മാത്ത്വമദ്യശരണം മമ ദീനബന്ധോ.

സാ—ധനം ഗൃഹം കുടുംബം ആന കുതിര ഭാര്യ രാജ്യം എന്നിങ്ങനെ ഈ ലോകത്തുള്ളതെല്ലാവും, പിന്നെ സ്വർഗ്ഗവും കിട്ടിയെന്നിരിക്കട്ടെ; ഇതു സർവ്വവും നശിക്കുന്നവയാണ്; ഒരു പ്രയോജനവുമുള്ളതല്ല, അതുകൊണ്ടു ദീനബന്ധുവായ അവിടുന്ന് എനിക്കു രക്ഷയായി ഭവിക്കേണമെ.

പ്രാണാൻ നിരുധ്യ വിധിതാനകൃതം ഹി യോഗോ
യോഗം വിനാസ്തി മനസഃ സ്ഥിരതാ കുതോ മേ
താം വൈ വിനാ മമ ന ചേതസി ശാന്തി വാർത്താ
തസ്മാത്ത്വമദ്യശരണം മമ ദീനബന്ധോ.

സാ—ഹഠയോഗവിധിപ്രകാരം പ്രാണനടക്കി, ഞാൻ യോഗം ശീലിച്ചില്ല; യോഗംകൂടാതെ മനസ്സിനു സ്ഥിരതയുമുണ്ടാകുന്നതല്ല; മനഃസ്ഥൈര്യമില്ലെങ്കിൽ ശാന്തിയുടെ കാര്യം എവിടെ? അതുകൊണ്ടു ദീനബന്ധുവായഅങ്ങ് എനിക്കു രക്ഷയായിത്തീരേണമെ.

ജ്ഞാനം യഥാ മമ ഭവേത് കൃപയാഗുരൂണാം
സേവാം തഥാ ന വിധിനാ കരവം ഹി തേഷാം
സേവാപി സാധനതയാ വിദിതാസ്തി ചിത്തേ
തസ്മാത്ത്വമദ്യശരണം മമ ദീനബന്ധോ.

സാ—ജ്ഞാനമുണ്ടാകുന്ന വിധം ഗുരുപാദങ്ങളെ ഞാൻ മുറപ്രകാരം സേവിച്ചില്ല; ഗുരുസേവനവും മോക്ഷസാധകമാണെന്നു പ്രസിദ്ധമാണ്; അതുകൊണ്ടു ദീനബന്ധുവായ അവിടന്നു് എനിക്കു രക്ഷയായിത്തീരേണമേ.

ഗോവിന്ദ ശംകര ഹരെ ഗിരിജേശമേശ-
ശംഭോ ജനാർദ്ദന ഗിരീശ മുകുന്ദ സാംബ
നാന്യാഗതിർ മമ കഥഞ്ചനവാം വിഹായ
തസ്മാത്ത്വമദ്യ ശരണം മമ ദീനബന്ധോ.

സാ—ഗോവിന്ദ, ശംകര, ഹരെ, പാർവ്വതീപതെ, ലക്ഷ്മീവല്ലഭ, ശംഭൊ, ജനാർദ്ദന, കൈലാസവാസി മുകുന്ദ, സാംബ അവിടുന്നൊഴിഞ്ഞു് അന്യമായ യാതൊരു ഗതിയുമില്ല; അതുകൊണ്ടു് അങ്ങ് എനിക്കു രക്ഷയായിത്തീരേണമേ.

ഫലശ്രുതി

ഏതത്സ്തവം ഭഗവദാശ്രയിണാഭിധാനം
യേ മാനവാഃ പ്രതിദിനം പ്രണതാഃ പഠന്തി
തേ മാനുഷാ ഭവരതിം പരിഹൃത്യ ശാന്തിം
ഗഛന്തികിം ച പരമാത്മനി ഭക്തിമദ്ധാ

സാ—ഭഗവദാശ്രയമെന്നു പേരുള്ള ഈ സ്തവം ഏതു മനുഷ്യൻ ദിവസംപ്രതി നമസ്കാരപൂർവം ചൊല്ലുന്നു, അവർ പെട്ടെന്നു സംസാരദുഃഖം നശിച്ചു നിത്യശാന്തിയെ പ്രാപിയ്ക്കുന്നു. മാത്രവുമല്ല, പരമാത്മഭക്തിയേയും നേടുന്നു.

ഹരിനാമമാലാസ്തോത്രം

ഗോവിന്ദം ഗോകുലാനന്ദം
ഗോപാലം ഗോപികാപതിം
ഗോവർദ്ധനോദ്ധരം ധീരം
തം വന്ദേ ഗോമതീ പ്രിയം.

സാ—ഗോവൃന്ദങ്ങൾക്കു് ആനന്ദകാരിയും ഗോപികാജനങ്ങളുടെ നാഥനും ഗോരക്ഷകനും ഗോവർദ്ധനപർവ്വതോദ്ധാരകനും സരസ്വതീപ്രിയനും പണ്ഡിതനുമായ ആ ശ്രീഗോവിന്ദനെ ഞാൻ വന്ദിക്കുന്നു.

നാരായണം നരാകാരം
നരവീരം നരോത്തമം
നൃസിംഹം നാഗനാഥം ച
തം വന്ദേ നരകാന്തകം.

സാ—മനുഷ്യരൂപിയും മനുഷ്യപ്രമുഖനും നരസിംഹമൂർത്തി

യും ആനന്ദരൂപനും നരകനാശകനുമായ ആ നാ-
രായണനെ ഞാൻ വന്ദിക്കുന്നു.

പീതാംബരം പത്മനാഭം
പത്മാക്ഷം പുരുഷോത്തമം
പവിത്രം പരമാനന്ദം
തം വന്ദേ പരമേശ്വരം.

സാ—മഞ്ഞവസ്ത്രധാരിയും പത്മനാഭനും താമരക്കണ്ണനും പുരുഷോത്തമനും പരിശുദ്ധനും പരമാനന്ദരൂപനുമായ ആ പരമേശ്വരനെ ഞാൻ വന്ദിക്കുന്നു.

രാഘവം രാമചന്ദ്രം ച
രാവണാരിം രമാപതിം
രാജീവലോചനം രാമം
തം വന്ദേ രഘുനന്ദനം.

സാ—രഘുവംശത്തിൽ ജന്മമെടുത്തവനും രാവണവൈരിയും ലക്ഷ്മീനായകനും കരിംകൂവളപ്പൂവിനൊത്ത കണ്ണുള്ളവനും യോഗികളാൽ രമിക്കപ്പെടുന്നവനുമായ ശ്രീരാമചന്ദ്രനെ ഞാൻ വന്ദിക്കുന്നു.

വാമനം വിശ്വരൂപം ച
വാസുദേവം ച വിട്ടലം
വിശ്വേശ്വരം വിഭും വ്യാസം
തം വന്ദേ വേദവല്ലഭം.

സാ—വാമനമൂർത്തിയും വിശ്വരൂപനും വസുദേവപുത്രനും വിഷ്ണുവും ലോകേശനും തത്വാവധാരണസമർത്ഥനും വേദനായകനുമായ ആ വ്യാസനെ ഞാൻ വന്ദിക്കുന്നു.

വാമദേവം ദിവ്യസിംഹം
ദയാലും ദീനനായകം
ദൈത്യാരിം ദേവദേവം ച
തം വന്ദേ ദേവകീസുതം.

സാ—ദീനജനരക്ഷകനും ദയാനിധിയും അസുരസംഹാരകനും ദേവന്മാർക്ക ദേവനും നരസിംഹരൂപിയും വാമദേവനുമായ ആ ദേവകീപുത്രനെ ഞാൻ വന്ദിക്കുന്നു.

മുരാരിം മാധവം മത്സ്യം
മുകുന്ദം മുഷ്ടമർദ്ദനം
മുഞ്ജകേശം മഹാബാഹും
തം വന്ദേ മധുസൂദനം.

സാ—ലക്ഷ്മീവല്ലഭനും മത്സ്യരൂപിയും മുരാസുരവിരോധിയും മോക്ഷദായകനും ദുഷ്ടനാശകനും മുഞ്ഞപ്പുല്ലു പോലുള്ള തലമുടിയോടുകൂടിയവനും ദീർഘങ്ങളായ കൈയ്കളുള്ളവനും ആയ ആ മധുസൂദനനെ ഞാൻ വന്ദിക്കുന്നു.

കേശവം കമലാകാന്തം
കാമേശം കൌസ്തുഭപ്രിയം
കൌമോദകീധരം കൃഷ്ണം
തം വന്ദേ കൌരവാന്തകം.

സാ—കാമദേവന്റെ അധീശനും കൌസ്തുഭരത്നത്തിൽ താല്പര്യമുള്ളവനും ലക്ഷ്മീനാഥനും കൌമോദകിയെന്ന ഗദ ധരിക്കുന്നവനും കേശി എന്ന അസുരനെ നശിപ്പിച്ചവനും കുരുകുലനാശകനും ആയ ആ ശ്രീകൃഷ്ണനെ ഞാൻ വന്ദിക്കുന്നു.

ഭൂധരം ഭുവനാനന്ദം
ഭൂതേശം ഭൂതനായകം
ഭാവനൈകം ഭുജംഗേന്ദ്രം
തം വന്ദേ ഭവനാശനം.

സാ—ഭൂമിയെ ധരിക്കുന്നവനും ലോകാനന്ദദായകനും ജനാധിപനും ഭാവനാമാത്രപ്രാപ്യനും അനന്തസ്വരൂപനും സംസാരദുഃഖനാശകനുമായ ആ ഭൂതേശനെ ഞാൻ വന്ദിക്കുന്നു.

ജനാർദ്ദനം ജഗന്നാഥം
ജഗജ്ജാഡ്യവിനാശനം
ജാമദഗ്ന്യം പരംജ്യോതി-
സ്തം വന്ദേ ജലശായിനം.

സാ—ജനൻ എന്ന അസുരനെ ദുഃഖിപ്പിച്ചവനും ലോകത്തിൻെ അജ്ഞാനം നശിപ്പിക്കുന്നവനും ജമദഗ്നിയുടെ പുത്രനും—പരശുരാമനും—ജലത്തിൽ ശയിക്കുന്നവനും ഉത്കൃഷ്ടജ്യോതിസ്വരൂപനുമായ ആ ജഗന്നാഥനെ ഞാൻ വന്ദിക്കുന്നു.

ചതുർഭുജം ചിദാനന്ദം
ചാണൂരമല്ല മർദ്ദനം
ചരാചരഗതം ദേവം
തം വന്ദേ ചക്രപാണിനം.

സാ—നാലുകൈകളോടുകൂടിയവനും ചിദാനന്ദരൂപനും ചാണൂരമല്ലനെ നശിപ്പിച്ചവനും ചരാചരങ്ങളിൽ സ്ഥിതിചെയ്യുന്നവനും പ്രകാശസ്വരൂപനുമായ ആ ചക്രപാണിയെ ഞാൻ വന്ദിക്കുന്നു.

ശ്രിയഃകരം ശ്രിയോനാഥം
ശ്രീധരം ശ്രീവരപ്രദം
ശ്രീവത്സലസിതം സൗമ്യം.
തം വന്ദേ ശ്രീസുരേശ്വരം.

സാ—ഐശ്വര്യദായകനും ലക്ഷ്മീപതിയും ശോഭാധരനും അഭീഷ്ടമരുളുന്നവനും ശ്രീവത്സംകൊണ്ടു ഉല്ലസിക്കുന്നവനും സൗമ്യനുമായ ആ ദേവനായകനെ ഞാൻ വന്ദിക്കുന്നു.

യോഗീശ്വരം യജ്ഞപതിം
യശോദാനന്ദദായകം
യമുനാജലസല്ലോലം
തം വന്ദേ യദുനായകം.

സാ—യോഗികളുടെ ഈശ്വരനും, യോഗനാഥനും, യശോദയ്ക്ക് ആനന്ദം കൊടുക്കുന്നവനും, യമുനാജലത്തിന്നു തുല്യമായ ശോഭയോടുകൂടിയവനുമായ യദുനാഥനെ ഞാൻ വന്ദിക്കുന്നു.

ശാലിഗ്രാമശിലാശുദ്ധം
ശംഖചക്രോപശോഭിതം
സുരാസുരസദാസേവ്യം
തം വന്ദേ സാധുവല്ലഭം.

സാ—സാളഗ്രാമശിലപോലെ ശുദ്ധനും, ശംഖചക്രങ്ങൾകൊണ്ടു ശോഭിക്കുന്നവനും, സുരാസുരന്മാരാൽ സേവിക്കപ്പെടുന്നവനുമായ ആ സജ്ജനപ്രിയനെ ഞാൻ വന്ദിക്കുന്നു.

ത്രിവിക്രമം തപോമൂർത്തിം
ത്രിവിധാഘൌഘനാശനം
ത്രിസ്ഥലം തീർത്ഥരാജേന്ദ്രം
തം വന്ദേ തുളസീപ്രിയം.

സാ—തപഃസ്വരൂപനും, ത്രികരണജന്യമായ മൂന്നുവിധ പാപങ്ങളെ നശിപ്പിക്കുന്നവനും, മൂന്നുലോകം ഉൾക്കൊള്ളുന്നവനും, പരമപവിത്രനും തുളസീപ്രിയനുമായ ആ ത്രിവിക്രമനെ ഞാൻ വന്ദിക്കുന്നു.

അനന്തമാദിപുരുഷം
അച്യുതം ച വരപ്രദം
ആനന്ദം ച സദാനന്ദം
തം വന്ദേ പാപനാശനം.

സാരം—അവസാനമില്ലാത്തവനും, നാശരഹിതനും, വരപ്രദനും, നിത്യതൃപ്തനും, ആനന്ദരൂപനും, പാപനാശകനും ആയ ആ ആദിപുരുഷനെ ഞാൻ വന്ദിക്കുന്നു.

ലീലയാ ധൃതഭൂഭാരം
ലോകസത്വൈകവന്ദിതം
ലോകേശ്വരം ച ശ്രീകാന്തം
തം വന്ദേ ലക്ഷ്മണപ്രിയം.

സാ—കളിയായിട്ടു ഭൂഭാരം ശമിപ്പിച്ചവനും ജനങ്ങളാലും ജന്തുക്കളാലും വന്ദിക്കപ്പെട്ടവനും ലോകനായകനും ലക്ഷ്മണപ്രിയനുമായ ആ ശ്രീകാന്തനെ ഞാൻ വന്ദിക്കുന്നു.

ഹരിഞ്ച ഹരിണാക്ഷം ച
ഹരിനാഥം ഹരിപ്രിയം
ഹലായുധസഹായം ച
തം വന്ദേ ഹനുമൽപതിം.

സാ—ബലഭദ്രനു പിൻതുണയായി നിന്നവനും, ഇന്ദ്രപ്രിയനും, ഹരിനാഥനും, ഹനുമാന്റെ സ്വാമിയും ആയ ആ ശ്രീഹരിയെ ഞാൻ വന്ദിക്കുന്നു.

ഫലശ്രുതി:—

ഹരിനാമകൃതാമാലാ
പവിത്രപാപനാശിനി
ബലിരാജേന്ദ്രേണചോക്താച
കണ്ഠേധാര്യാ പ്രയത്നതഃ

സാ—ഹരിനാമങ്ങളാൽ ഉണ്ടാക്കപ്പെട്ടതും, പാപത്തെ നശിപ്പിക്കുന്നതും, പരിശുദ്ധവും, ബലിരാജനാൽ നിർമ്മിക്കപ്പെട്ടതുമായ ഈ സ്തോത്രമാല പ്രയാസപ്പെട്ടെങ്കിലും കണ്ഠത്തിൽ ധരിക്കേണ്ടതാകുന്നു.

ശാലിഗ്രാമസ്തോത്രം.

യുധിഷ്ഠിരൻ:—ശ്രീദേവദേവദേവേശാ
ദേവതാർച്ചനമുത്തമം
തത്സർവം ശ്രോതുമിച്ഛാമി
ബ്രൂഹി മേ പുരുഷോത്തമഃ.

സാ—ദേവദേവേശനായ അല്ലയോ പുരുഷോത്തമ! ഉത്തമമായ ദേവതാപൂജനമെന്തെല്ലാമുണ്ടോ അതൊക്കെയും കേൾപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നോടു പറഞ്ഞാലും.

ശ്രീഭഗവാൻ:—ഗാണ്ഡക്യാശ്ചോത്തരേതീരേ
ഗിരിരാജസ്യ ദക്ഷിണേ
ദശയോജന വിസ്തീർണ്ണാ
മഹാക്ഷേത്ര വസുന്ധരാ.

സാ—ഗണ്ഡകിനദിയുടെ വടക്കേക്കരയിൽ ഹിമവാന്റെ തെക്കേഭാഗത്തായി പത്തുയോജന വിസ്തൃതിയുള്ള മഹാക്ഷേത്രമെന്നു പേരായ ഭൂഭാഗം സ്ഥിതിചെയ്യുന്നു.

ശാലിഗ്രാമോ ഭവേദ്ദേവോ
ദേവീ ദ്വാരവതീ ഭവേത്
ഉഭയോഃ സംഗമോ യത്ര
മുക്തിസ്തത്ര ന സംശയഃ.

സാ—അവിടെ ശാലിഗ്രാമൻ—സാളഗ്രാമൻ—എന്ന ദേവനും ദ്വാരവതിയെന്ന ദേവിയും സംഭവിക്കും. അവരുടെ രണ്ടുപേരുടെയും ഒരുമിച്ചുള്ള ഇരിപ്പ് എവിടെയുണ്ടാകുമോ അവിടെ നിശ്ചയമായും മുക്തിയുണ്ടാവുകതന്നെ ചെയ്യും.

ശാലിഗ്രാമശിലാ യത്ര
യത്ര ദ്വാരവതീ ശില
ഉഭയോഃ സംഗമോ യത്ര
മുക്തിസ്തത്ര ന സംശയഃ.

സാ—സാളഗ്രാമശില, ദ്വാരവതീശില ഇവയിൽ ഏതെങ്കിലുമൊന്നായാലും രണ്ടുംകൂടിയായാലും അതിരിക്കുന്നിടത്തു മോക്ഷസിദ്ധി നിശ്ചയംതന്നെ.

ആജന്മകൃതപാപാനാം
പ്രായശ്ചിത്തം യ ഇച്ഛതി
ശാലിഗ്രാമ ശിലാവാരി
പാപഹാരീ നമോസ്തുതേ.

സാ—ജനനംമുതൽ ചെയ്തിട്ടുള്ള പാപങ്ങളുടെ പരിഹാരം ആരിച്ഛിക്കുന്നുവോ, അതിനു പര്യാപ്തമായതു സാളഗ്രാമശിലയിലെ ജലമാകുന്നു. അപ്രകാരമുള്ള ജലവിശേഷത്തിന്ന് എന്റെ നമസ്കാരം ഭവിക്കട്ടെ—ഞാൻ നമസ്കരിക്കുന്നുവെന്നു സാരം.

അകാലമൃത്യുഹരണം
സർവ്വവ്യാധി വിനാശനം
വിഷ്ണോഃ പാദോദകം പീത്വാ
ശിരസാ ധാരയാമ്യഹം.

സാ—അകാലമരണത്തെ നീക്കുന്നതും, സകലവ്യാധികളേയും നശിപ്പിക്കുന്നതുമായ വിഷ്ണുവിന്റെ പാദജലത്തെ—സാളഗ്രാമജലത്തെ—ഞാൻ കുടിക്കുകയും ശിരസ്സിൽ ധരിക്കുകയും ചെയ്യുന്നു.

ശംഖമദ്ധ്യേ സ്ഥിതം തോയം
ഭ്രാമിതം കേശവോപരി
അംഗലഗ്നം മനുഷ്യാണാം
ബ്രഹ്മഹത്യാദികം ദഹേത്.

സാ—വിഷ്ണുവിഗ്രഹത്തിന്റെ മുകളിൽ ഉഴിഞ്ഞതായ ശംഖത്തിന്റെ മദ്ധ്യത്തിലുള്ള ജലം മനുഷ്യരുടെ ശരീരത്തിൽ ബാധിച്ച ബ്രഹ്മഹത്യ മുതലായ പാപത്തെ ദഹിപ്പിക്കുന്നതാണ്.

സ്നാനോദകം പിബേന്നിത്യം
ചക്രാങ്കിതശിലോത്ഭവം
പ്രക്ഷാള്ള ജ്ഞതി തത്തോയം
ബ്രഹ്മഹത്യാം വ്യപോഹതി.

സാ—സുദൎശനചക്രം അടയാളപ്പെട്ട സാളഗ്രാമശിലയിൽ അഭിഷേകംകഴിച്ച ജലം കുടിക്കുകയും അതു ശരീരത്തിൽ തളിക്കുകയും ചെയ്താൽ ബ്രഹ്മഹത്യാപാപം നശിച്ചുപോകും.

അഗ്നിഷ്ടോമ സഹസ്രാണി
വാജപേയ ശതാനി ച
സമ്യക് ഫലമവാപ്നോതി
വിഷ്ണോർ നൈർവേദ്യഭക്ഷണാത്.

സാ—വിഷ്ണുവിന്റെ നൈവേദ്യം ഭക്ഷിച്ചാൽ, ആയിരം അഗ്നിഷ്ടോമവും നൂറു വാജപേയവും നടത്തിയാലുണ്ടാകുന്ന ഫലം സിദ്ധിക്കുന്നതാണ്. അഗ്നിഷ്ടോമം, വാജപേയം ഇവ ഓരോതരം യാഗവിശേഷങ്ങളാണ്.

ഖണ്ഡിതാ സ്ഫുടിതാ ഭിന്നാ
അഗ്നിദഗ്ദ്ധാ തഥൈവ ച
ശാലിഗ്രാമശിലാ യത്ര
തത്രദോഷോ ന വിദ്യതേ.

സാ—മുറിച്ചതൊ പൊട്ടിയതൊ ഉടഞ്ഞതൊ തീയിൽവീണു കരിഞ്ഞതൊ ആയിരുന്നാലും സാളഗ്രാമശില ഇരിക്കുന്ന സ്ഥലത്തു ദോഷങ്ങളൊന്നുമുണ്ടാകുന്നതല്ല.

ന മന്ത്രഃ പൂജനം നൈവ
ന തീൎത്ഥം ന ച ഭാവനാ
ന സ്തുതിർ നോപചാരശ്ച
ശാലിഗ്രാമശിലാൎച്ചനേ.

സാ—സാളഗ്രാമശിലാൎച്ചനത്തിൽ, മന്ത്രവും പൂജയും തീൎത്ഥവും ധ്യാനവും സ്തോത്രപാഠവും ഉപചാരവും ആവശ്യമില്ല.

ബ്രഹ്മഹത്യാദികം പാപം
മനോവാക്കായ സംഭവം
ശീഘ്രം നശതി തത് സൎവ്വം
ശാലിഗ്രാമശിലാൎച്ചനാത്.

സാ—മനസ്സ് വാക്ക് ശരീരം ഇവയിൽനിന്നുണ്ടായ ബ്രഹ്മഹത്യ മുതലായ പാപമെല്ലാം സാളഗ്രാമശിലാൎച്ചനംകൊണ്ടു വേഗം നശിക്കുന്നു.

കൃഷ്ണേ ശിലാതലേ യത്ര
സൂക്ഷ്മം ചക്രം ച ദൃശ്യതേ
സൗഭാഗ്യം സന്തതിം ധത്തേ
സൎവ്വസൗഖ്യം ദദാതി ച.

സാ—കറുപ്പുനിറമുള്ള സാളഗ്രാമശിലയിൽ സൂക്ഷ്മചക്രം കാണപ്പെട്ടാൽ, സന്താനവൎദ്ധനവും സകല സൗഭാഗ്യവും സിദ്ധിക്കും.

പീതവൎണ്ണസ്സു ദേവാനാം
രക്തവൎണ്ണം ഭയാവഹം
നാരസിംഹോ ഭവേദ്ദേവോ
മോക്ഷദം ച പ്രകീൎത്തിതം.

സാ—മഞ്ഞനിറമോ രക്തവൎണ്ണമോ കാണപ്പെട്ടാൽ ഭയമുണ്ടാകും. നരസിംഹരൂപം കണ്ടാൽ മോക്ഷലാഭവും ഫലം.

ഫലശ്രുതി

ശാലിഗ്രാമശിലാസ്തോത്രം
യഃ പഠേച്ച ദ്വിജോത്തമ!
സ ഗച്ഛേത് പരമം സ്ഥാനം
യത്ര ലോകേശ്വരോ ഹരിഃ

സാ—ഹേ ബ്രാഹ്മണോത്തമ, ഈ സാളഗ്രാമസ്തോത്രം ഏതൊരുവൻ ചൊല്ലുന്നുവൊ അവൻ പരമമായ സ്ഥാനം—മോക്ഷം—പ്രാപിക്കും. ലോകനാഥനായ മഹാവിഷ്ണു ആ സ്തോത്രം പാഠംചെയ്യുന്ന സ്ഥലത്തു് എത്തുകയും ചെയ്യും.

അച്യുതാഷ്ടകം.

അച്യുതം കേശവം വിഷ്ണും
ഹരിം സത്യം ജനാർദ്ദനം
ഹംസം നാരായണം ചൈവ-
മേതന്നാമാഷ്ടകം പഠേത്.

സാ—അച്യുതൻ, കേശവൻ, വിഷ്ണു, ഹരി, സത്യം, ജനാർദ്ദനൻ, ഹംസം (ആത്മാവു്), നാരായണൻ എന്നിങ്ങനെയുള്ള എട്ടുനാമങ്ങളും ചൊല്ലണം.

ത്രിസന്ധ്യം യഃ പഠേന്നിത്യം
ദാരിദ്ര്യം തസ്യ നശ്യതി
ശത്രുസൈന്യക്ഷയം യാതി
ദുഃസ്വപ്നം സുഖദോ ഭവേത്.

സാ—മേൽപറഞ്ഞ എട്ടുനാമവും മൂന്നു സന്ധ്യയിലും ജപിക്കുന്നപക്ഷം, ദാരിദ്ര്യവും ശത്രുഭയവും ഇല്ലാതാകും. മാത്രമല്ല ദുഃസ്വപ്നം സുഖകരമായി പരിണമിക്കുകയും ചെയ്യും.

ഗംഗായാം മരണം ചൈവ
ദൃഢാഭക്തിസ്തു കേശവേ
ബ്രഹ്മവിദ്യാ പ്രബോധം ച
തസ്മാന്നിത്യം പഠേന്നരഃ

സാ—ശ്രീകൃഷ്ണഭഗവാനിൽ ഉറച്ച ഭക്തിയുണ്ടാവുകയും ഗംഗയിൽ മരിച്ചാലുള്ള പുണ്യം സിദ്ധിക്കുകയും ചെയ്യും. കൂടാതെ ബ്രഹ്മവിദ്യാലാഭവുമുണ്ടാകും. ആകയാൽ മനുഷ്യൻ ഈ സ്തോത്രം പഠിക്കേണ്ടതാണു്.

വിഷ്ണുപാദാദികേശവർണ്ണനസ്തോത്രം.

ലക്ഷ്മീഭർത്തുർഭുജാഗ്രേ കൃതവസതിസിതം
യസ്യരൂപം വിശാലം
നീലാദ്രേസ്തുംഗശൃംഗസ്ഥിതമിവരജനീ-
നാഥബിംബം വിഭാതി
പായാന്നഃ പാഞ്ചജന്യസ്സകലദിതിജന-
ത്രാസനൈഃ പൂരയൻ സ്വൈർ-
നിദ്ധ്വാനൈർ നീരദൗഘധ്വനിപരിഭവദൈ-
രംബരം കംബുരാജഃ

സാ—അഞ്ജനപർവ്വതത്തിന്റെ കൊടുമുടിയിൽ സ്ഥിതിചെയ്യുന്ന ചന്ദ്രബിംബമെന്നപോലെ, മഹാവിഷ്ണുവിന്റെ കരാഗ്രത്തിൽ വെൺമനിറമായി പരിലസിക്കുന്നതും, വിശാലമായ ആകൃതിയുള്ളതും, രാക്ഷസമണ്ഡലത്തെ ഭയചകിതമാക്കി ഇടിനാദത്തെ അധഃകരിക്കുന്ന സ്വനശബ്ദംകൊണ്ടു് അന്തരീക്ഷത്തെ മുഖരീകരിക്കുന്നതും ആയ പാഞ്ചജന്യം നമ്മളെ രക്ഷിക്കുമാറാകട്ടെ.

ആഹുർ യസ്യ സ്വരൂപം ക്ഷണമുഖമഖിലം
സൂരയഃ കാലമേതം
ധ്വാന്തസ്യൈകാന്തമന്തം, യദപി ച പരമം
സർവ്വധാമ്നാം ച ധാമ
ചക്രം തച്ചക്രപാണേർ ദിതിജതനുഗല-
ദ്രക്തധാരാക്തധാരം
ശശ്വന്നോ വിശ്വവന്ദ്യം വിതരതു വിപുലം
ശർമ്മഘർമ്മാംശുശോഭം.

സാ—വിദ്വാന്മാർ, യാതൊന്നിന്റെ രൂപം ക്ഷണം തുടങ്ങിയ ഭേദഘടകങ്ങൾ മുഴുവനാക്കപ്പെട്ട കാലപ്രപഞ്ചമെന്നും തമോമണ്ഡലത്തിന്റെ ആത്യന്തികനിവൃത്തിയെന്നും സകല തേജസ്സുകളുടേയുമിരിപ്പിടമെന്നും പറയുന്നു, അസുരസമൂഹത്തിന്റെ ചോരപ്പുഴയിൽ കുളിച്ചിരിക്കുന്നതും സൂര്യതേജസ്വിയും വിശ്വവശ്യവുമായ ചക്രപാണിയുടെ—മഹാവിഷ്ണുവിന്റെ—ആ ചക്രം—സുദർശനചക്രം—നമുക്കു ശാശ്വതസുഖം നൽകുമാറാകട്ടെ!

അവ്യാന്നിർഘാതഘോരോ ഹരിഭുജപവനാ-
മർശനാധ്മാതമൂർത്തേ-
രസ്മാൻ വിസ്മേരനേത്രത്രിദശനുതിവചഃ
സാധുകാരൈഃ സുതാരഃ
സർവ്വം സംഹർത്തുമിച്ഛോരരികുലഭുവനം
സ്ഫാരവിസ്ഫാരനാദഃ
സംയത് കല്പാന്തസിന്ധൌ ശരസലിലഘടാ-
വാർമുചഃ കാർമ്മുകസ്യ.

സാ-മഹാവിഷ്ണുവിന്റെ ഹസ്തവാതമേറ്റു പ്രകാശിക്കുന്ന ശരീരമുള്ളതും. ശത്രുലോകത്തെ മുഴുവൻ സംഹരിക്കാൻ ഇച്ഛിക്കുന്നതും, യുദ്ധമാകുന്ന പ്രളയസമുദ്രത്തിൽ ശരസമൂഹമാകുന്ന ജലവർഷം ചെയ്യുന്നതു

മായ വൈഷ്ണവചാപത്തിന്റെ, ഇടിമുഴക്കംപോലെ ഭയജനകമായി ദേവന്മാരുടെ അക്ഷരസ്ഫുടതയുള്ള സ്തുതിവചനങ്ങൾകൊണ്ടു നീണ്ടുനില്ക്കുന്നതായ ഞാണൊലി നമ്മളെ പാലിക്കട്ടെ.

ജീമൂതശ്യാമഭാസാ മുഹുരപി ഭഗവാൻ
ബാഹുനാമോഹയന്തീ
യുദ്ധേഷൂദ്ധൂയമാനാ ഝടിതി തഡിദിവാ-
ലക്ഷ്യതേ. യസ്യ മൂർത്തിഃ
സാസിസ്ത്രാസാകുലാക്ഷ ത്രിദശരിപു വപുഃ-
ശ്ശോണിതാസ്വാദതൃപ്താ
നിത്യാനന്ദായ ഭൂയാന്മധുമഥനമനോ-
നന്ദകാ നന്ദകാനഃ

സാ—ഭഗവാന്റെ മഴമേഘവർണ്ണമുള്ള തൃക്കൈയുടെ സാന്നിദ്ധ്യംനിമിത്തം നീലിമയിരുട്ടിച്ചതായി യുദ്ധത്തിൽ മിന്നൽപ്പിണർപോലെ കാണപ്പെടുന്നതായി അസുരന്മാരുടെ രക്തംകുടിച്ചു മദിച്ചിരിക്കുന്നതായി മഹാവിഷ്ണുവിനെ ആനന്ദിപ്പിക്കുന്നതായ നന്ദകമെന്ന വാൾ നമുക്കു നിത്യാനന്ദത്തിനായിക്കൊണ്ടു ഭവിക്കട്ടെ—നിത്യാനന്ദം നൽകുമാറാകട്ടെ എന്നു സാരം.

കംബ്വാകാരാമുരാരേഃ കരതലകമലേനാ-
നുരാഗാത് ഗൃഹീതാ
സമ്യഗ്വൃത്താസ്ഥിതാഗ്രേ സപദി നസഹതേ
ദർശനം യാ പരേഷാം
രാജന്തീ ദൈത്യജീവാസവമദമുദിതാ-
ലോഹിതാ ലേപനാർദ്രാ.
കാമം ദീപ്താംശുകാന്താ പ്രദിശതു ദയിതേ
വാന്ത്യ കൗമോദകീനഃ

സാ—ഭംഗിയുള്ള ആകൃതി, അനുരാഗ(താല്പര്യ)പൂർവ്വമായ മഹാവിഷ്ണുവിന്റെ കരതലഗ്രഹണം, പരദർശനാസഹിഷ്ണുത (ശത്രുക്കളെ കാണുന്നതിൽ പൊറുതിയില്ലായ്ക) മുൻഭാഗത്തെ സ്ഥിതി, കുങ്കുമാനുലേപനാർദ്രത്വം, ദീപ്താംശുകാന്തത്വം (ജ്വലിക്കുന്ന രശ്മികൾ കൊണ്ടു മനോഹരമായതു്—പ്രകാശിക്കുന്ന പട്ടുവസ്ത്രത്തോടുകൂടിയതെന്നും) ഇവകൊണ്ടു് ഇഷ്ടപത്നിയെപ്പോലിരിക്കുന്നതും അസുരന്മാരുടെ ജീവനാകുന്ന മദ്യം കുടിച്ചു മദിച്ചിരിക്കുന്നതുമായ കൗമോദകി—വിഷ്ണുഗദ—നമുക്കു് അനുഗ്രഹം നൽകുമാറാകട്ടെ!

യോ വിശ്വപ്രാണഭൂതസ്തനുരപി ച ഹരേ-
ര്യാനകേതുസ്വരൂപോ
യം സഞ്ചിന്ത്യൈവ സദ്യഃ സ്വയമുരഗവധൂ-
വർഗ്ഗഗർഭാഃ പതന്തി
ചഞ്ചത് ചണ്ഡോരുതുണ്ഡത്രുടിതഫണിവസാ-
രക്തപങ്കാങ്കിതാസ്യം
വന്ദേ ഛന്ദോമയം തം ഖഗപതിമമല-
സ്വർണ്ണവർണ്ണസുപർണ്ണം.

സാ—യാവനൊരുത്തൻ, സൂക്ഷ്മരൂപിയാണെങ്കിലും വിശ്വത്തിന്റെ പ്രാണനും മഹാവിഷ്ണുവിന്റെ വാഹനചിഹ്നവുമാകുന്നു, യാവനൊരുത്തനെ ചിന്തിക്കുമ്പോൾതന്നെ സർപ്പവധുക്കൾക്കു ഗർഭമഴിഞ്ഞുപോവുകയുംചെയ്യുന്നു, ഇളകുന്നതും ക്രൂരവുമായ ചുണ്ടുകൊണ്ടു കൊത്തിമുറിച്ച സർപ്പങ്ങളുടെ ചോരയും വസയും പുരണ്ട മുഖത്തോടുകൂടി ശുദ്ധസ്വർണ്ണനിറമുള്ളവനായി വേദസ്വരൂപനായ ആ ഗരുഡനെ ഞാൻ വന്ദിക്കുന്നു.

വിഷ്ണോർവ്വിശ്വേശ്വരസ്യ പ്രവരശയനകൃൽ-
സർവ്വലോകൈകധർത്താ-
സോനന്തഃ സർവ്വഭൂതഃ പൃഥുവിമലയശഃ
സർവ്വവേദൈശ്ച വേദ്യഃ
പാതാ വിശ്വസ്യ ശശ്വൽ സകല സുരരിപു-
ധ്വംസനഃ പാപഹന്താ
സർവ്വജ്ഞ സർവ്വസാക്ഷി സകലവിഷഭയാത്
പാതു ഭോഗീശ്വരോനഃ

സാ.—വിശ്വനാഥനായ വിഷ്ണുവിന്റെ ഉൽകൃഷ്ടമായ കിടക്കയായി, സർവ്വലോകങ്ങളേയും വഹിക്കുന്നവനായി, വർദ്ധിച്ച കീർത്തിയോടുകൂടിയവനായി, ചതുർവേദങ്ങളാൽ അറിയപ്പെടേണ്ടവനായി, ലോകരക്ഷകനായി, അസുരകുലസംഹാരിയായി, പാപനാശകനായി, സർവ്വസാക്ഷിയായി സർവ്വജ്ഞനായി, സർപ്പരാജനായ ആ അനന്തൻ നമ്മളെ സകല വിഷഭയത്തിൽനിന്നും രക്ഷിക്കട്ടെ.

വാഗ്ഭൂഗൌര്യാദിഭേദൈർ വിദുരിഹമുനയോ
യാം യദീയൈശ്ച പുംസാം-
കാരുണ്യാർദ്രൈഃ കടാക്ഷൈഃ സകൃദപി പതിതൈഃ
സമ്പദഃ സ്യുഃ സമഗ്രാഃ
കുന്ദേന്ദു സ്വച്ഛമന്ദസ്മിതമധുരമുഖാം-
ഭോരുഹാം സുന്ദരാംഗീം
വന്ദേ,വന്ദ്യാമശേഷൈരപി മുരഭിദുരോ-
മന്ദിരാമിന്ദിരാം താം.

സാ.—മുനികൾ യാവളൊരുത്തിയെ സരസ്വതി, പാർവ്വതി മുതലായ ഭേദങ്ങൾകൊണ്ട് അറിയുന്നു, യാവളൊരുത്തിയുടെ കാരുണ്യാർദ്രങ്ങളായ കടാക്ഷങ്ങൾ ഒരു പ്രാവശ്യമെങ്കിലും ഏറ്റതായിരിക്കുമ്പോൾ പുരുഷ

ന്മാക്ക് സർവസമ്പത്തുകളും സംഭവിക്കുന്നു. കുരുക്കുത്തിമുല്ലപ്പൂവുപോലെ ധവളമായ മന്ദസ്മിതംകൊണ്ടു മധുരമായ മുഖത്തോടുകൂടി മഹാവിഷ്ണുവിന്റെ മാറിടത്തെ വാസസ്ഥാനമാക്കി സർവലോകവന്ദ്യയായി പരിലസിക്കുന്ന സുന്ദരസ്വരൂപിണിയായ (ശരീരിണിയായ) ആ ലക്ഷ്മീദേവിയെ ഞാൻ വന്ദിക്കുന്നു.

യാ സൂതേ സത്വജാലം സകലമപി സദാ-
സന്നിധാനേന പുംസോ
ധത്തേ യാ സത്വയോഗാച്ചരമചരമിദം
ഭൂതയേ ഭൂതജാതം
ധാത്രീം സ്ഥാത്രീം ജനിത്രീം പ്രകൃതിമവികൃതീം
വിശ്വശക്തിം വിധാത്രീം
വിഷ്ണോർ വിശ്വാത്മനസ്താം വിപുലഗുണമയീം
പ്രാണനാഥാം പ്രണൗമി.

സാ—യാതൊരുത്തി ആത്മാവിന്റെ സാമീപ്യംകൊണ്ടു ജീവലോകത്തെ മുഴുവനും ജനിപ്പിക്കുന്നു, സത്വഗുണയോഗംനിമിത്തം ചരാചരാത്മകമായ ഈ ഭൂതപ്രപഞ്ചത്തെ ധരിക്കുകയുംചെയ്യുന്നു. പ്രകൃതിരൂപിണിയും, വികാരരഹിതയും, വിശ്വശക്തിയും സ്ഥിരസ്വഭാവയും, ലോകമാതാവും, വിശിഷ്ടഗുണസ്വരൂപിണിയും, വിശ്വാത്മാവായ വിഷ്ണുവിന്റെ പ്രാണനായികയുമായ ആ ഭൂമിദേവിയെ ഞാൻ ഐശ്വര്യത്തിനായിക്കൊണ്ടു നമിക്കുന്നു.

യേഭ്യോസൂയദ്ഭിരുച്ചൈഃ സപദി പദമുരു
ത്യജ്യതേ ദൈത്യവർഗ്ഗൈർ
യേഭ്യോ ധർത്തുംചമൂർദ്ധ്നാ സ്പൃഹയതിസതതം
സർവ്വഗീർവ്വാണവർഗ്ഗഃ

നിത്യാ നിർമ്മൂലയേയുർന്നിശിതതരമമീ
ഭക്തി നിഘ്നാത്മനാം നഃ
പത്മാക്ഷസ്യാംഘ്രിപത്മദ്വയതലനിലയാഃ
പാംസവാഃ പാപപങ്കം.

സാ—അസൂയാശാലികളായ അസുരന്മാരാൽ യാവചിലതുകൾക്കുവേണ്ടി ഉൽകൃഷ്ടമായ സ്ഥാനം ഉപേക്ഷിക്കപ്പെടുന്നു, ദേവവൎഗ്ഗങ്ങളും യാവചിലതുകളെ ശിരസ്സിൽ അണിയുവാൻ ആഗ്രഹിക്കുന്നു, ശ്രീമഹാവിഷ്ണുവിൻെറ പാദപത്മങ്ങളിലെ ആ പാംസുകൾ—പൊടികൾ—ഭക്തിപരാധീനന്മാരായ നമ്മുടെ പാപപങ്കത്തെ നിർമ്മൂലമാക്കട്ടെ—മുഴുവനേ നശിപ്പിക്കട്ടെ.

രേഖാ ലേഖാഭിവന്ദ്യാശ്ചരണതലഗതാ-
ശ്ചക്രമത്സ്യാദിരൂപാ
സ്നിഗ്ദ്ധാഃ സൂക്ഷ്മാഃ സുജാതാ മൃദുലലളിതതര
ക്ഷൗമ സൂത്രായമാണാഃ
ദദ്യുർന്നോ, മംഗലാനി ഭ്രമരഭരജുഷാ
കോമളേനാബ്ജിജായാഃ
കമ്രേണാമ്രേഡ്യമാനാഃ കിസലയമൃദുനാ
പാണിനാ ചക്രപാണേഃ

സാ—സ്നിഗ്ദ്ധങ്ങളും, സൂക്ഷ്മങ്ങളും, സുജാതങ്ങളും, ഏറ്റവും നേരിയ നൂലുപോലിരിക്കുന്നവയും ലക്ഷ്മിയുടെ പല്ലവമൃദുലമായ പാണിപത്മത്തോടു ഭംഗിയായി വീണ്ടുംവീണ്ടും മൌനഭാഷണം നടത്തുന്നവയും ദേവവന്ദ്യങ്ങളും ആയ വിഷ്ണുപാദങ്ങളിലെ ചക്രമത്സ്യാദിരൂപങ്ങളായ രേഖകൾ നമുക്കു മംഗളം നൽകുമാറാകട്ടെ!

ആക്രാമദ്ഭ്യാം ത്രിലോകീമസുരസുപതീ
    തത്ക്ഷണാ ദേവനീതൗ
യാഭ്യാം വൈരോചനീന്ദ്രൗ യുഗപദപിവിപത്
    സമ്പദോരേകധാമാ
താഭ്യാം താമ്രോദരാഭ്യാം മുഹുരഹമജിത
    സ്യാഞ്ചിതാഭ്യാമുഭാഭ്യാം
പ്രാജ്യൈശ്വൎയ്യപ്രദാഭ്യാം പ്രണതിമുപഗതഃ
    പാദപങ്കേരുഹാഭ്യാം.

സാ—മൂന്നുലോകത്തേയുമതിക്രമിച്ചു അസുരചക്രവൎത്തിയായ മഹാബലിക്ക് ആപത്തും ദേവരാജാവായ ഇന്ദ്രന സമ്പത്തും ഒരേസമയത്തു നൽകിയതും ചെമന്ന പള്ളപ്പാട്ടുള്ളതും ബ്രഹ്മാവിനാൽ പൂജിക്കപ്പെട്ടതും അവധിയില്ലാതെ ഐശ്വൎയ്യപ്രദാനം ചെയ്യുന്നതുമായ മഹാവിഷ്ണുവിന്റെ പാദപങ്കേരുഹങ്ങളെ ഞാൻ നമസ്കരിക്കുന്നു.

വിഷ്ണോഃ പാദദ്വയാഗ്രേ വിമലനഖമണി—
    ഭ്രാജിതാ രാജതേ യാ
രാജീവസ്യേവരമ്യാ ഹിമകണകണികാ-
    ലംകൃതാഗ്രാദളാളീ
അസ്മാകം വിസ്മയാൎഹാണ്യഖിലമുനിജന-
    പ്രാൎത്ഥനീയാനി സേയം
ദദ്യാദദ്യാനവദ്യാതതിരുചിരുചിരാ
    മംഗളാന്യംഗുലീനാം.

സാ—മഞ്ഞുതുള്ളികളണിഞ്ഞ കരിങ്കൂവളപ്പൂവിന്റെ ഇതളുകൾപോലെ ശോഭിക്കുന്നതും അതിമനോഹരവുമായ വിഷ്ണുവിന്റെ പാദനഖങ്ങൾ മുനിജനപ്രാൎത്ഥ്യങ്ങളും അത്ഭുതകരങ്ങളുമായ മംഗളങ്ങളെ നമുക്ക് ഇന്നുനൽകുമാറാകട്ടെ.

പാദാംഭോജന്മസേവാസമവനതസുര-
വ്രാതഭാസ്വത്കിരീട-
പ്രത്യുപ്തോദ്യോതരത്നപ്രവരകരഗണൈ-
ശ്ചിത്രിതം യദ്വിഭാതി
നമ്രാംഗാണാം ഹരേർന്നോ ഹരിദുപലമഹാ-
കൂർമ്മസൗന്ദര്യഹാരി-
ച്ഛായം ശ്രേയഃ പ്രദായി പ്രപദയുഗമിതം-
പ്രാപയേത് പാപമന്തം.

സാ— പാദങ്ങളിൽ നമസ്കരിക്കുന്നതിനായി കുനിയുന്ന ദേവസമൂഹങ്ങളുടെ ഭാസ്വത്കിരീടങ്ങളിൽ പതിച്ചിരിക്കുന്ന വിശിഷ്ടരത്നങ്ങൾകൊണ്ടും കൈകൾകൊണ്ടും നാനാവിധമായി ശോഭിക്കുന്നതും, ഇന്ദ്രനീലമണിനിർമ്മിതമായ ആമയുടെ പുറംപോലെ അഴകുള്ളതും ആയ മഹാവിഷ്ണുവിന്റെ പുറവടി നമസ്കരിക്കുന്നവരായ നമ്മുടെ പാപം പരിഹരിക്കുമാറാകട്ടെ.

ശ്രീമത്യൗ ചാരുവൃത്തേ കരപരിമളനാ-
നന്ദഹൃഷ്ടേ രമായാ-
സ്സൗന്ദര്യാഢ്യേന്ദ്രനീലോപലരചിതമഹാ-
ദണ്ഡയോഃ കാന്തിചൗരേ
സൂരീന്ദ്രൈഃ സ്തൂയമാനേ സുരകുലസുഖദേ
സൂദിതാരാതിസംഘേ
ജംഘേ നാരായണീയേ മുഹുരപി ജയതാ-
മസ്മദംഹോഹരന്ത്യൗ.

സാ—ശോഭയുള്ളതായി, മഹാലക്ഷ്മിയുടെ കരപരിമളംകൊണ്ട് ആനന്ദമയമായി ഇന്ദ്രനീലദണ്ഡത്തിന്റെ സൗന്ദര്യാതിശയത്തെ അപഹരിക്കുന്നതായി ഭംഗിയാംവണ്ണം ഉരുണ്ടിരിക്കുന്നതായി പണ്ഡിതജനങ്ങ

ള്ളാൽ സ്തുതിക്കപ്പെടുന്നതായി ശത്രുസംഹാരസമർത്ഥമായി ദേവന്മാൎക്ക സൗഖ്യം കൊടുക്കുന്നതായ ശ്രീനാരായണന്റെ കണങ്കാലുകൾ, നമ്മുടെ പാപങ്ങളെ നശിപ്പിക്കുന്നവയായിട്ടു സൎവോൽകൎഷേണ വൎത്തിക്കുന്നു.

സമ്യക്സാമ്യം വിധാതും സമമപി സതതം
ജംഘയോഃ ഖിന്നയോർ യേ
ഭാരീഭൂതോരുദണ്ഡദ്വയഭരണകൃതോ-
ത്തംഭഭാവം ഭജേ തേ
ചിത്താദർശം വിധാതും മഹിതമിവ സതാം
തേ സമുദ്ഗായമാനേ
വൃത്താകാരേ വിധത്താം ഹൃദിമുദമജിത-
സ്യാനിശം ജാനുനീനഃ

സാ— ഭാരമേറിയ തുടകളെ ചുമന്നുനിൽക്കുകനിമിത്തം ഖേദിക്കുന്ന കണങ്കാലുകളെ സഹായിക്കുവാനെന്നപോലെ സമമായി ചേൎന്നിരിക്കുന്നവയും വൃത്താകൃതിയുള്ളവയും സജ്ജനങ്ങളുടെ മഹത്തായ മനക്കണ്ണാടിപോലെ വച്ചിരിക്കുന്നതുമായ വിഷ്ണുവിന്റെ കാൽമുട്ടുകൾ നമുക്കു ഹൃദയത്തിൽ സന്തോഷം നൽകുമാറാകട്ടെ.

ദേവോ ഭീതിംവിധാതുഃ സപദിവിദധതൗ
കൈടഭാഖ്യം മധും യാ
വാരോപ്യാരൂഢഗൎവ്വാവധി ജലധിയയോ-
രേവ ദൈത്യോർ ജഘാന
വൃത്താവന്യോന്യതുല്യൗ ചതുരമുപചയം
ബിഭ്രതാവഭ്രനീലാ-
വൂരൂ ചാരൂ ഹരേസ്തൗ മുദമതിശയിനീം
മാനസേ നോ വിധത്താം.

സാ—ബ്രഹ്മാവിനു ഭയം ജനിപ്പിച്ചവരായ മധുകൈടഭ
ന്മാരുടെ അഹങ്കാരം ശമിപ്പിച്ചവയും പരസ്പരസാ
ദൃശ്യമുള്ളവയും ഉരുണ്ടിരിക്കുന്നവയുമായ മഹാവിഷ്ണു
വിൻെറ തുടകൾ ഹൃദയത്തിൽ സന്തോഷത്തെ
ചെയ്യുമാറാകട്ടെ!

പീതേനദ്യോതതേ യച്ചതുരപരിഹിതേ
നാംബരേണാത്യുദാരം
ജാതാലങ്കാരയോഗം ജലമിവജലധേർ
ബാഡവാഗ്നിപ്രഭാഭിഃ
ഏതത് പാതിത്യഭാജോ ജ്വലനമതിഖലാ
ദേനസോ മാന്നസീയം
സാതത്യേനൈവ ചേതോ വിഷയമവതരാത്
പാതു പീതാംബരസ്യ.

സാ—മഞ്ഞപ്പട്ടു ചാർത്തിയിരിക്കകൊണ്ടു്, ബഡവാഗ്നിച്ചു
റ്റിയ സമുദ്രജലംപോലെ പ്രകാശിക്കുന്നതായ
മഹാവിഷ്ണുവിൻെറ ജ്വലനപ്രദേശം (അരക്കെട്ടു്)
അധഃപതനമുണ്ടാക്കുന്നതും ഭയജനകവുമായ പാപ
ത്തിൽനിന്നു ഞങ്ങളെ എല്ലായ്പോഴും രക്ഷിക്കു
മാറാകട്ടെ.

യസ്യാദാമ്ന്യാത്രി ധാമ്നോ ജ്വലനകലിതയാ
ഭാജതേംഗം യഥാബ്ധേർ
മദ്ധ്യേസഹാ മന്ദരാദ്രിർ ഭുജഗപതി മഹാ-
ഭോഗസന്നദ്ധമദ്ധ്യഃ
കാഞ്ചീ സാ കാഞ്ചനാഭാ മണിവരകിരണൈ-
രുല്ലസദ്ഭിഃ പ്രദീപ്താ
കല്യാ കല്യാണദാത്രീ മമമതിമനിശം
കമ്രരൂപാം കരോതു.

സാ—അരക്കെട്ടിൽ ബന്ധിച്ചിരിക്കുന്ന യാതൊന്നിൻെറ
പ്രകാശംകൊണ്ടു മഹാവിഷ്ണുവിൻെറ ശരീരം സമുദ്ര

മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നതും വാസുകിയെന്ന മഹാസർപ്പം ചുററിയിരിക്കുന്നതുമായ മന്ദരപർവ്വതം പോലെ ശോഭിക്കുന്നു; ആ പൂർണ്ണപ്രഭയുള്ളതും ഉത്‌കൃഷ്ടരത്നങ്ങളുടെ കിരണങ്ങൾകൊണ്ട് ഉല്ലസിക്കുന്നതും മിന്നിത്തിളങ്ങുന്നതും മംഗളകരവുമായ ആ അരഞ്ഞാൺ എൻെറ ഹൃദയത്തെ എപ്പോഴും പരിശുദ്ധമാക്കുമാറാകട്ടെ.

ഉന്നമ്രം കമ്രമുച്ചൈരുപചിതമുദഗ്ര-
വ്യുപ്തപത്രൈർവ്വിചിത്രൈഃ
പൂർവ്വം ഗീർവ്വാണപൂജ്യം കമലജമധുപ-
സ്യാസ്പദം തത് പയോജം
തസ്മിൻ നീലാശ്മനീലൈസ്തരളരുചിദലൈഃ
പൂരിതേ കേളിബുദ്ധ്യാ
നാളീകാക്ഷസ്യ നാഭീസരസി വസതു ന-
ശ്ചിത്തഹംസശ്ചിരായ.

സാ—ഒപ്പാകമുള്ളതും മനോഹരവും വിചിത്രങ്ങളുമായ വളരെ ഇലകളോടുകൂടിയതും ദേവന്മാരാൽ പൂജിക്കപ്പെടുന്നതും ബ്രഹ്മാവാകുന്ന വണ്ടിന് ഇരിപ്പിടമായതും ഇന്ദ്രനീലരത്നസദൃശമായ ഇതളുകൾ നിറഞ്ഞതും മഹാവിഷ്ണുവിൻെറ നാഭിസരസ്സിൽ ഉത്ഭവിച്ചതുമായ താമരപ്പൂവിൽ ഞങ്ങളുടെ മനോഹംസം വളരെക്കാലം വസിക്കുമാറാകട്ടെ.

പാതാളം യസ്യ നാളം വലയമപി ദിശാം
പത്രപംക്തിർന്നഗേന്ദ്രാൻ
വിദ്വാംസഃ കേസരാളീർവ്വിതതിമിഹ വിപുലാം
കർണ്ണികാം സ്വർണ്ണശൈലം

ഭൂയാത് ഗായത് സ്വായംഭൂ മധുകരഭവനം
ഭൂമയം കാമദം നോ
നാളീകം നാഭിപത്മാകരഭവമുരുത-
ന്നാഗശയ്യസ്യ ശൗരേഃ

സാ—വിദ്വാന്മാർ, യാതൊന്നിൻെറ നാളം പാതാളമായും വൃത്താകാരത്വം ദിക്കുകളായും അല്ലികൾ പർവ്വതങ്ങളായും അണ്ഡകോശം മഹാമേരുവായും അറിയുന്നു, മഹാവിഷ്ണുവിൻെറ നാഭിയാകുന്ന പൊയ്കയിൽ ജനിച്ചുള്ളതും ബ്രഹ്മാവാകുന്ന വണ്ടിൻെറ വാസസ്ഥാനവുമായ ആ താമരപ്പൂവു ഞങ്ങൾക്ക് അഭീഷ്ടസിദ്ധികരമായി ഭവിക്കുമാറാകട്ടെ.

കാന്ത്യംഭഃപൂരപൂർണ്ണേ ലസദസിതവലീ-
ഭംഗഭാസ്വത്തരംഗേ
ഗംഭീരാകാരനാഭീ ചതുരതരമഹാ-
വർത്തശോഭിന്യുദാരേ
ക്രീഡത്വാനദ്ധ ഹേമോദരവസനമഹാ
ബാഡവാഗ്നി പ്രഭാഢ്യേ
കാമം ദാമോദരീയോദരസലിലനിധൗ
ചിത്തമത്സ്യശ്ചിരം നഃ

സാ—കാന്തിയാകുന്ന ജലം നിറഞ്ഞതും ഇരുണ്ട ത്രിവലികളാകുന്ന തിരകളോടുകൂടിയതും ഏററവും താഴ്ചയുള്ള നാഭിയാകുന്ന വെള്ളച്ചുഴികൊണ്ടു ശോഭിക്കുന്നതും ചുററിയിരിക്കുന്ന മഞ്ഞപ്പട്ടാകുന്ന ബഡവാഗ്നികൊണ്ടു പ്രശസ്തവുമായ മഹാവിഷ്ണുവിൻെറ ഉദരമാകുന്ന സമുദ്രത്തിൽ ഞങ്ങളുടെ മനസ്സാകുന്ന മത്സ്യം അനേകകാലം ക്രീഡിക്കുമാറാകട്ടെ.

നാഭീനാളീകമൂലാദധികപരിമളോ-
ന്മോഹിതാനാമളീനാം
മാലാ നീലേവയാന്തീസ്ഫുരതിരുചിമതീ-
വക്ത്രപത്മോന്മുഖീ യാ

രമ്യാ സാ രോമരാജീർമഹിതരുചിമതീ-
മദ്ധ്യഭാഗസ്യ വിഷ്ണോഃ
ചിത്തസ്ഥാമാവിരംസീത് ചിരതരമുചിതാം
സാധയന്തീ ശ്രിയം നഃ

സാ—നാഭികമലത്തിന്റെ ചുവട്ടിൽനിന്നു കൂടുതൽ സൗരഭ്യം ആഗ്രഹിച്ചു മുഖപത്മത്തിലേയ്ക്കു പോകുന്ന വണ്ടിൻകൂട്ടമെന്നപോലെയും നീലിച്ച മാലപോലെയും ഇരിക്കുന്ന, അതിമനോഹരവും ശോഭാകരവുമായ മഹാവിഷ്ണുവിന്റെ രോമരാജി, ഞങ്ങൾക്കു അനുകൂലസമ്പത്തിനെ സാധിപ്പിച്ചുകൊണ്ടു ചിരകാലം പ്രത്യക്ഷപ്പെട്ടുമാറാകട്ടെ.

ആദൌ കല്പസ്യ യസ്മാദ് പ്രഭവതി വിതതം
വിശ്വമേതദ്വികല്പൈഃ
കല്പാന്തേ യസ്യ ചാന്തഃ പ്രവിശതി സകലം
സ്ഥാവരം ജംഗമം ച
അത്യന്താചിന്ത്യമൂർത്തേശ്ചിരതരമജിത-
സ്യാന്തരീക്ഷസ്വരൂപേ
തസ്മിന്നസ്മാകമന്തഃകരണമതിമുദാ ക്രീ-
ഡതാത് ക്രോഡഭാഗേ.

സാ—കല്പകാലത്തിന്റെ ആദിയിൽ വികല്പാത്മകവും വിശാലവുമായ ഈ വിശ്വകടാഹം യാതൊരുവനിൽനിന്നു് ഉണ്ടാകുന്നു; പ്രളയകാലത്തു സ്ഥാവരജംഗമരൂപമായ ഇതു്—വിശ്വം—മുഴുവനും യാതൊരുവന്റെ ഉള്ളിൽ പ്രവേശിക്കുകയും ചെയ്യുന്നു; ആ മഹാവിഷ്ണുവിന്റെ ആകാശരൂപമായ വക്ഷഃപ്രദേശത്തു ഞങ്ങളുടെ അന്തഃകരണം സന്തോഷത്തോടുകൂടി ക്രീഡിക്കുമാറാകട്ടെ.

സംഭ്രൂയാംഭോധിമധ്യാത് സപദിസഹജയാ
യഃ ശ്രിയാ സംവിധത്തേ
നീലേ നാരായണോരഃസ്ഥലഗഗനതലേ
ഹാരതാരോപഗൂഢ്യേ
ആശാസ്സർവ്വാഃ പ്രകാശാ വിദധദപിദധ-
ച്ചാത്മഭാസാന്യതേജാം
സ്യാദൈശ്വര്യസ്യാകരോനോ ദ്യുമണിരിവമണിഃ
കൌസ്തുഭഃ സോഽസ്തു ഭൂത്യൈ.

സാ—യാതൊന്നു പാലാഴിയിൽനിന്നു ലക്ഷ്മിയോടുകൂടി ജനിച്ചു, അവളോടൊന്നിച്ചു മുത്തുമാലകളാകുന്ന നക്ഷത്രങ്ങളുള്ളതും നീലിച്ചതുമായ ശ്രീമഹാവിഷ്ണുവിന്റെ വക്ഷഃപ്രദേശമാകുന്ന ആകാശത്തിൽ പരിലസിച്ചുകൊണ്ടു ദിക്കുകളെ സൂര്യൻ എന്നപോലെ പ്രകാശിപ്പിക്കുന്നു, ആശ്ചര്യകരമായ ആ കൌസ്തുഭരത്നം ഐശ്വര്യത്തിനായി ഭവിക്കുമാറാകട്ടെ.

യാവാ യാവാനുകൂല്യാത് സരതി മണിരുചാ
ഭാസമാനാ സമാനാ
സാകം സാകമ്പമംസേ വസതി വിദധതീ
വാ സുഭദ്രം സുഭദ്രം
സാരം സാരംഗസംഘൈർ മുഖരിത കുസുമാ
മേചകാന്താ ച കാന്താ
മാലാ മാലാളിതാസ്മാനവിരമതുസുഖൈർ
യോ ജയന്തീ ജയന്തീ.

സാ—യാതൊന്നു്, ആനുകൂല്യംനിമിത്തം വായു സഞ്ചരിക്കുമ്പോൾ—കാററു വീശുമ്പോൾ—ഇളകുന്നതായി, രത്നകാന്തികൊണ്ടു തുല്യമല്ലാതെശോഭിക്കുന്നതായിട്ടു് ശ്രീനാരായണന്റെ തോളിൽ സ്ഥിതിചെയ്യുന്നു; വണ്ടിൻകൂട്ടത്തിന്റെ ശബ്ദം മുഴങ്ങുന്ന പൂക്കളോടുകൂടി

നീലവർണ്ണമായി, ലക്ഷ്മീലാളിതമായി മനോജ്ഞമായ ആ മാല—വനമാല—സുഖങ്ങളോടു ഞങ്ങളെ യോജിപ്പിച്ചുകൊണ്ടു വിരമിക്കാതെയിരിക്കട്ടെ.

വിശ്വത്രാണൈകദീക്ഷാസ്തദനുഗുണഗണ-
ക്ഷത്രനിർമ്മാണദക്ഷാ
കർത്താരോ ദുർന്നിരൂപാഃ സ്ഫുടഗുരുയശസാം
കർമ്മണാമത്ഭുതാനാം
ശാർങ്ഗം ബാണം കൃപാണം ഫലകമരിഗദേ
പത്മശംഖൌ സഹസ്രം
ബിഭ്രാണാഃ ശസ്ത്രജാലം മമ ദഹതു ഹരേർ
ബാഹവോ മോഹജാലം.

ഭാ—ലോകരക്ഷണമൊന്നുമാത്രം ദീക്ഷിക്കുന്നവയും, തദനുഗുണമായി ക്ഷത്രിയന്മാരെ സൃഷ്ടിക്കുന്നതിൽ സാമർത്ഥ്യമുള്ളവയും, വ്യക്തവും വർദ്ധിച്ചതുമായ കീർത്തിയെയും അത്ഭുതകർമ്മങ്ങളെയും ചെയ്യുന്നവയും, ശാർങ്ഗമെന്ന വില്ല്, ബാണം, വാൾ, ചക്രം, ഗദ, പത്മം, ശംഖം, ഇങ്ങനെ ആയിരക്കണക്കിന് ആയുധങ്ങൾ ധരിക്കുന്നവയുമായ ശ്രീനാരായണന്റെ തൃക്കൈകൾ എന്റെ അജ്ഞാനത്തെ ദഹിപ്പിക്കുമാറാകട്ടെ!

പരമാനന്ദപ്രദാതാ പരിലസദരുണ-
ശ്രീപദീതാഗ്രഭാഗഃ
കാലേച കാലേ ച കംബുപ്രവര ശശധരാ
പൂർണ്ണേന്ദുഃ പ്രവീണഃ
വക്ത്രാകാശാന്തരസ്ഥസ്തിരയതി നിതരാം
ദന്തതാരൌഘശോഭാം
ശ്രീഭർത്തുർദ്ധ്മാതവാദ്യുമണിരഘതമോ
നാശനായാസ്തു പൈസൗ നഃ

സാ—ലക്ഷ്മിദേവിക്കു പരമാസ്സദമരുളുന്നതും ചുവന്നു ശോഭിക്കുന്ന അഗ്രഭാഗമുള്ളതും സമയമനുസരിച്ചു ശംഖമൂതുന്നതിൽ സമർത്ഥവും മുഖമാകുന്ന ആകാശത്തിൻനടുവിൽ പരിലസിക്കുന്നതും പല്ലുകളാകുന്ന നക്ഷത്രങ്ങളുടെ ശോഭയെ മറയ്ക്കുന്നതുമായ മഹാവിഷ്ണുവിൻെറ അധരബിംബമാകുന്ന ആദിത്യൻ ഞങ്ങളുടെ പാപതമസ്സിനെ നശിപ്പിക്കുമാറാകട്ടെ!

നിത്യം സ്നേഹാതിരേകാന്നിജകമിതുരലം
　　വിപ്രയോഗക്ഷമായാഃ
വക്ത്രാന്ദോരന്തരാളേ കൃതവസതിരിവാ
　　ഭാതി നക്ഷത്രരാജിഃ
ലക്ഷ്മീകാന്തസ്യകാന്താകൃതിരിതി വിലസത്
　　മുഗ്ദ്ധമുക്താഫലശ്രീ-
ർദന്താളീ സന്തതം സാ നതിനുതിനിരതാ
　　ന്നക്ഷതാ ദക്ഷതാ നഃ

സാ—സ്നേഹാധിക്യംനിമിത്തം പിരിഞ്ഞിരിക്കാൻ കഴിവില്ലായ്കയാൽ മുഖമാകുന്ന ചന്ദ്രബിംബത്തിൻെറ അകത്തുതന്നെ സ്ഥിതിയുറപ്പിച്ചിട്ടുള്ള നക്ഷത്രക്കൂട്ടമെന്നപോലെ ശോഭിക്കുന്നതും മനോഹരമായ ആകൃതിയെക്കൊണ്ടു മുത്തുകൾപോലെ പരിലസിക്കുന്നതുമായ ശ്രീനാരായണൻെറ ദന്തനിര, ഞങ്ങളെ സ്തുതിയിലും നമസ്കാരത്തിലും താല്പര്യമുള്ളവരാക്കിത്തീർക്കുമാറാകട്ടെ!

ബ്രഹ്മൻ ബ്രഹ്മണ്യജിഹ്വാം മതിമപികുരുഷേ
　　ദേവ സംഭാവയേതാം
ശംഭോശക്ര ത്രിലോകീമവസികിമമരൈർ
　　നാരദാദ്യാഃ സുഖം വഃ

ഇത്ഥം സേവാനമ്രം സുരമുനിനികരം
വീക്ഷ്യ വിഷ്ണോഃ പ്രസന്ന-
സ്യാസ്യേന്ദോരാസ്രവന്തീവരവചനസുധാ-
ഹ്ലാദയേന്മാനസം നഃ

സാ—അല്ലയോ ബ്രഹ്മാവെ, അവിടുന്നു ബ്രഹ്മത്തിൽ മനസ്സിനെ ഋജുവായി വയ്ക്കുന്നുണ്ടോ? ഹെ ശംഭൊ! അങ്ങയെ ഞാൻ സംഭാവനംചെയ്യുന്നു. ഇന്ദ്ര! അങ്ങ്, മൂന്നുലോകത്തേയും ദേവന്മാരോടുകൂടി രക്ഷിക്കുന്നുണ്ടോ? അല്ലയോ നാരദാദികളെ! നിങ്ങൾക്കും സുഖമാണോ? ഇങ്ങനെ സേവ വിനീതരായി നില്ക്കുന്ന ദേവന്മാരെയും മഹർഷിമാരെയും നോക്കി പ്രസന്നനായ മഹാവിഷ്ണുവിൻെറ മുഖത്തുനിന്നു പുറപ്പെട്ട സുധാമധുരമായ വാക്കു ഞങ്ങളുടെ മനസ്സിനെ ആഹ്ലാദിപ്പിക്കുമാറാകട്ടെ!

വക്ത്രാംഭോജേ ലസന്തം മുഹുരധരമണിം
പക്വബിംബാഭിരാമം
ദൃഷ്ട്വാ ദഷ്ടും ശുകസ്യ സ്പൃഹമവതനുതേ-
സ്തുണ്ഡദണ്ഡായമാനഃ
ഘ്രാണഃ ശോണീകൃതാത്മാ ശ്രവണയുഗളസത്
കുണ്ഡലോദ്യന്മയൂഖൈഃ
പ്രാണാഖ്യസ്യാനിലസ്യ പ്രസരണസരണിഃ
പ്രാണദാനായ നഃ സ്യാത്.

സാ—മുഖപത്മത്തിൽ ശോഭിക്കുന്ന തൊണ്ടിപ്പഴംപോലെ സുന്ദരമായ അധരം കണ്ടു് അതിനെ കൊത്തുവാൻ നീട്ടിയിരിക്കുന്ന കിളിച്ചുണ്ടുപോലെയുള്ളതും കർണ്ണാഭരണത്തിലെ രത്നദീപ്തികൊണ്ടു് അരുണകാന്തിയോടുകൂടിയതും വായുവിൻെറ സഞ്ചാരമാർഗ്ഗ

വൃമായ മഹാവിഷ്ണുവിൻെറ മൂക്ക് ഞങ്ങൾക്കു പ്രാണവായുവിനെ പ്രദാനംചെയ്യുമാറാകട്ടെ!

ദിക്കാലൌ വേദയന്തൌ ജഗതിമുഹുരിമൌ
സഞ്ചരന്തൌ രവീന്ദൂ
ത്രൈലോക്യാലോകദീപാവഭിദധതിനയോഃ
രേവരൂപം മുനീന്ദ്രാഃ
അസ്മാനബ്ജപ്രഭേതേ പ്രചുരതരകൃപാ-
നിർഭരം പ്രേക്ഷമാണേ
പാതാമാതാമ്രശുക്ലാസിതരുചിരുചിരേ
പത്മനേത്രസ്യ നേത്രേ.

സാ—സൂര്യചന്ദ്രന്മാരായി സഞ്ചരിച്ചു ദിക്കുകളേയും കാലങ്ങളേയുമറിയിക്കുന്നവയും മൂന്നുലോകങ്ങളേയും കാണുന്നതിനുള്ള ദീപങ്ങളായി മഹർഷിമാരാൽ ഭാവനം ചെയ്യപ്പെടുന്നവയും താമരപ്പൂവിൻെറ സാദൃശ്യം വഹിക്കുന്നവയും കാരുണ്യം തുളുമ്പുന്നവയും ചുവന്നും വെളുത്തും കറുത്തുമിരിക്കുന്നവയുമായ ശ്രീനാരായണൻെറ നേത്രങ്ങൾ ഞങ്ങളെ രക്ഷിക്കുമാറാകട്ടെ!

പാതാത് പാതാളപാതാത് പതഗപതിഗതേർ
ഭൂയുഗം ഭുഗ്നമദ്ധ്യം
യേനേഷച്ചാലിതേനസ്വപദനിയമിതാഃ
സാസുരാ ദേവസംഘാഃ
നൃത്യല്ലാലാടരംഗേ രജനികരതനോ-
രർദ്ധഖണ്ഡാവദാതേ
കാലവ്യാളദ്വയം വാ വിലസതിസമയോ
ബാലികാ മാതരം നഃ

സാ—മദ്ധ്യം വളഞ്ഞതും ചലനമാത്രംകൊണ്ടു ദേവാസുരസംഘങ്ങളെ സ്വസ്ഥാനങ്ങളിൽ നിറുത്തുന്നതും

വെളുത്ത ചന്ദ്രക്കലപോലെയുള്ള നൊറിത്തടരംഗത്തിൽ നൃത്തമാടുന്നതും കാളസൎപ്പത്തിൻെറ ഇണപോലെയൊ കല്പനയാകുന്ന ബാലികയുടെ അമ്മയെപ്പോലെയൊ ഇരിക്കുന്നതുമായ ശ്രീനാരായണൻെറ പുരികക്കൊടികൾ ഗൎഭഗേവഗത്തിലുള്ള പാതാളപതനത്തിൽനിന്നു ഞങ്ങളെ രക്ഷിക്കുമാറാകട്ടെ!

മാലാളീവാളിധാമ്നഃ കുവലയകലിതാ
ശ്രീപതേഃ കുന്തളാളീ
കാളിന്ദ്യാരുഹ്യമൂൎദ്ധ്നോ ഗളതിഹരശിര-
സ്സ്വൎദ്ധുനീസ്സ്പൎദ്ധയാനു
രാഹുൎവ്വാ യാതിവക്ത്രം സകലശശികലാ-
ഭ്രാന്തിലോലാന്തരാത്മാ
ലോകൈരാലോച്യതേ യാ പ്രദിശതു സകലൈ
സ്സാഖിലം മംഗലം നഃ

സാ—കരിങ്കൂവളപ്പൂക്കൾകൊണ്ടു കെട്ടിയ മാലയെന്നപോലെയും ശിവശിരസ്സിലിരിക്കുന്ന ഗംഗയോടുള്ള അസൂയകൊണ്ടു വിഷ്ണുവിൻെറ ശിരസ്സിൽകയറിയൊഴുകുന്ന യമുനാനദിപോലെയും മുഖത്തെ കലാപൂൎണ്ണനായ ചന്ദ്രനെന്നു ഭ്രമിച്ചു സമീപിക്കുന്ന രാഹുവെന്നു സകലജനങ്ങളാലും വിചാരിക്കപ്പെടുന്നതായുമിരിക്കുന്ന ശ്രീനാരായണൻെറ കേശഭാരം ഞങ്ങൾക്കു സൎവ്വമംഗളങ്ങളും നൽകുമാറാകട്ടെ!

യത്രപ്രത്യുപ്തരത്നപ്രവര പരിലസത്
ഭൂരിരോചിഃ പ്രതാന-
സ്ഫൂൎത്ത്യാ മൂൎത്തിം മുരാരേഃ ദ്യുമണിശതചിത-
വ്യോമവദ്ദുൎന്നിരീക്ഷ്യം

കുർവ്വത് പാരേപയോധിജ്വലദകൃതമഹാ
ഭാസ്വദൗർവ്വാഗ്നിശങ്കാം
ശശ്വന്നഃ ശർമ്മദിശ്യാത് കലികലുഷതമഃ
പാടനം തത് കിരീടം.

സാ—യാതൊന്നിൽ പതിച്ചിരിക്കുന്ന ഉത്കൃഷ്ടരത്നങ്ങളുടെ ദീപ്തിപ്രസരണംനിമിത്തം മഹാവിഷ്ണുവിന്റെ ശരീരം, അസംഖ്യം ആദിത്യന്മാ ടെ വ്യാപ്തിയോടു കൂടിയ ആകാശത്തെ നോക്കാൻ വിഷമമുള്ളതായി ഭവിക്കുന്നു, പാൽകടലിൽ ബഡവാഗ്നിശങ്കയെ ജനിപ്പിച്ചുകൊണ്ടു പ്രോജ്വലിക്കുന്നതായ ശ്രീനാരായണന്റെ കിരീടം, ഞങ്ങളുടെ കലിമലശമനം വരുത്തി ശാശ്വതസുഖം നൽകുമാറാകട്ടെ!

മത്സ്യഃ കൂർമ്മോ വരാഹോ നരഹരിണപതി-
ർവ്വാമനോ ജാമദഗ്ന്യഃ
കാകുത സ്ഥഃ കംസഘാതീ മനസിജവിജയീ
യശ്ചകല്ക്കീ ഭവിഷ്യൻ
വിഷ്ണോരംശാവതാരാ ഭുവനഹിതകരാഃ
ധർമ്മസംസ്ഥാപനാർത്ഥാഃ
പായാസുർ മാം ത ഏതേ ഗുരുതരകരുണാ -
ഭാരഖിന്നാശയാ യേ.

സാ—മത്സ്യം, ആമ, പന്നി, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, ബുദ്ധൻ, കല്ക്കി എന്നിങ്ങനെ ധർമ്മസ്ഥാപനത്തിനു വേണ്ടിയുള്ളവയും ലോകഹിതകരങ്ങളുമായ വൈഷ്ണവാവതാരങ്ങൾ എന്നെ രക്ഷിക്കുമാറാകട്ടെ.

ഫലശ്രുതി

ആപാദാദാചശീർഷ്ണോ വപുരിദമനഘം
വൈഷ്ണവം യസ്സചിത്തേ
ധത്തേ നിത്യം നിരസ്താഖിലകലികലുഷേ
സന്തതാന്തഃപ്രമോദഃ
ജുഹ്വജ്ജിഹ്വാകൃശാനൌ ഹരിചരിതഹവി-
സ്തോത്രമാത്രാനപാദൈ-
സ്തത് പാദാംഭോരുഹാഭ്യാം സതതമപി നമ-
സ്കുർമ്മഹേ നിർമ്മലാഭ്യാം.

സാ—പാദംമുതൽ ശിരസ്സുവരെയുള്ള സ്തുതിരൂപമായ ഈ പരിശുദ്ധമായ വൈഷ്ണവശരീരം കലിദോഷം തീണ്ടാത്ത ഹൃദയത്തിൽ ഏവൻ വിചാരിക്കുന്നു അവൻ നിത്യസന്തുഷ്ടനായി തീരുന്നതാണ്. സ്തോത്രപാഠങ്ങളോടുകൂടി വിഷ്ണുകഥയാകുന്ന ഹോമസാധനത്തെ യാവനൊരുത്തൻ നാക്കാകുന്ന അഗ്നിയിൽ ഹോമിക്കുന്നുവോ അദ്ദേഹത്തിന്റെ പരിശുദ്ധപാദപത്മങ്ങളെ ഞങ്ങൾ നമസ്കരിക്കുന്നു.

വിഷ്ണുമഹിമസ്തോത്രം.

മഹിമ്നസ്തേപാരം വിധിഹരഫണീന്ദ്രപ്രഭൃതയോ
വിദുർനാദ്യാപ്യജ്ഞശ്ചപലമതിരഹം നാഥ നു കഥം
വിജാനീയാമദ്ധാ നളിനനയനാത്മീയവചസോ
വിശുദ്ധൈ്യവക്ഷ്യാമീഷദപിതഥാപിസ്വമതിതഃ

സാ—ഹേ നാഥ! ബ്രഹ്മാവു ശിവൻ അനന്തൻ മുതലായവർപോലും ഇന്നും അങ്ങയുടെ മാഹാത്മ്യത്തിന്റെ അവധിയറിയുന്നില്ല. പിന്നെ അജ്ഞനും ചപല

ബുദ്ധിയുമായ ഞാൻ എങ്ങനെ അറിയും? അപ്രകാരമാണെങ്കിലും വിഷ്ണുസ്തുത്യാത്മകമായ എന്റെ വാക്കിന്റെ ശുദ്ധിക്കുവേണ്ടി സ്വാന്തമഭിപ്രായപ്രകാരം ഇതു പറയും.

യദാഹുർബ്രഹ്മൈകേപുരുഷമിതരേകർമ്മ ചാപരേ
പരേബുദ്ധംചാന്യേ ശിവമപി ച ധാതാരമപരേ
തഥാശക്തിം കേചിദ് ഗണപതിമുതാർക്കം ച സുധിയോ
മതീനാംമതൈവെഭേദാത്ത്വമസിതദശേഷം മമ യതിഃ

സാ—പണ്ഡിതന്മാരായ ചിലർ ബ്രഹ്മമെന്നും മററു ചിലർ പുരുഷനെന്നും പിന്നൊരുക്കൂട്ടർ കർമ്മമെന്നും വേറെചിലർ ബുദ്ധനെന്നും മററൊരുക്കൂട്ടർ ശിവനെന്നും പിന്നെച്ചിലർ ബ്രഹ്മാവെന്നും വേറെചിലർ ശക്തിയെന്നും പിന്നൊരുക്കൂട്ടർ ഗണപതിയെന്നും അപരർ സൂര്യനെന്നും ബുദ്ധിഭേദമനുസരിച്ചു യാതൊന്നിനെപ്പററി പറയുന്നു, അതെല്ലാവും അങ്ങുതന്നെയാകുന്നുവെന്നത്രെ എന്റെ അഭിപ്രായം.

ശിവഃപാദാംഭസ്തേ ശിരസിധൃതവാനാദരയുതം
തഥാശക്തിശ്ചാസൌ തവതനുജതേജോമയതനുഃ
ദിനേശം ചൈവാമും തവനയന മൂചുസ്സ്മ നിഗമാ-
സ്തദന്യഃകോധ്യേയോജഗതികിലദേവോ വദവിഭോ.

സാ—അല്ലയോ വിഭോ! അവിടുത്തെ പാദജലം ശിവൻ ശിരസ്സുകൊണ്ടു ധരിക്കുന്നു. അപ്രകാരംതന്നെ ശക്തിയും അങ്ങയുടെ ശരീരജന്യമായ തേജസ്സു മാത്രമാകുന്നു. ഈ ആദിത്യനാകട്ടെ അവിടുത്തെ നേത്രമാണെന്നും വേദങ്ങൾ പറയുന്നു. ഇങ്ങനെയുള്ള അങ്ങയെ വിട്ടു് ആരാണു ധ്യാനാർഹനായ ദേവൻ എന്നരുളിച്ചെയ്താലും.

ക്വചിന്മത്സ്യഃ കൂൎമ്മഃ ക്വചിദപി വരാഹോ നരഹരി
ക്വചിത് ഖൎവ്വോ രാമോ ദശരഥസുതോ നന്ദതനയഃ
ക്വചിത് ബുദ്ധഃ കൽക്കീ വിഹരസി കുഭാരാപഹതയെ
സ്വതന്ത്രോഽജോ നിത്യോ വിഭുരപി തവാക്രീഡനമിദം.

സാ—സ്വതന്ത്രനും ജനനമരണശൂന്യനും നിത്യനും തത്വാവധാരണസമൎത്ഥനുമായ അങ്ങ് ഒരിക്കൽ മത്സ്യമായും ഒരിക്കൽ ആമയായും ഒരിക്കൽ പന്നിയായും ഒരിക്കൽ നരസിംഹമായും ഒരിക്കൽ വാമനമൂൎത്തിയായും ഒരിക്കൽ പരശുരാമനായും ഒരിക്കൽ ശ്രീരാമനായും ഒരിക്കൽ ശ്രീകൃഷ്ണനായും ഒരിക്കൽ ബുദ്ധനായും ഒരിക്കൽ കൽക്കിയായും വിഹരിക്കുന്നു; ഇതു് ഭൂഭാരശമനത്തിനുള്ള അവിടുത്തെ ലീലകളാണു്.

ഹൃതാമ്നായേനോക്തം സ്തുതിവചനമാകൎണ്യ വിധിനാ
ദ്രുതം മാത്സ്യം ധൃത്വാ വപുരജരശംഖാസുരമഹോ
ക്ഷയം നീത്വാമൃത്യോൎന്നിഗമഗണമുദ്ധൃത്യ ജലധേ-
രശേഷം സന്തുഷ്ടം ജഗദപി ലഘേ വേദൈകശരണം.

സാ—വേദങ്ങൾ അപഹരിക്കപ്പെട്ടതുനിമിത്തമുള്ള ബ്രഹ്മാവിന്റെ സ്തുതികേട്ടു്, ആശ്ചൎയ്യംവേഗം മത്സ്യരൂപമെടുത്തു്, വേദാപഹാരിയായ ശംഖാസുരനെ നിഗ്രഹിച്ചു സമുദ്രാന്തൎഭാഗത്തുനിന്നു വേദങ്ങളെ ഉദ്ധരിച്ചവനും വേദരക്ഷകനുമായ സൎവ്വജഗദ്രക്ഷിതാവിനെ ഞാൻ ധ്യാനിക്കുന്നു.

നിമജ്ജന്തം വാൎദ്ധൗ നഗവരമുപാൎല്ലോക്യസഹസാ
ഹിതാൎത്ഥം ദേവാനാം കമഠവപുഷാ വിശ്വഗഹനം
പയോരാശിം പൃഷ്ഠേ തമജിതസലീലം ധൃതവതോ
ജഗദ്ധാതുസ്തേഭൂത് കിമുസുഖദഭാരായ ഗിരികഃ

സാ— പാലാഴിയിൽ മന്ദരപർവ്വതം താണുപോയതുകണ്ടു ദേവഹിതത്തിനുവേണ്ടി, ആമയുടെ രൂപംധരിച്ചു് ആഴമേറിയ സമുദ്രത്തിൽകടന്നു മുതുകിൽ ആ പർവ്വതത്തെ കേവലം നേരംപോക്കായി എടുത്തുപൊക്കിയ ഭഗവാനെ! വിശ്വത്തെ മുഴുവനും ധരിക്കുന്ന അങ്ങേയ്ക്കു പ്രസ്തുത മന്ദരഗിരി ഭാരമില്ലാത്തതായി വന്നതിൽ അത്ഭുതമില്ല.

ഹിരണ്യാക്ഷഃ ക്ഷോണീമവിശദസുരോ നക്രനിലയം
സമാദായാമർത്ത്യൈഃ കമലജമുഖൈരംബരഗതൈഃ
സ്തുതോനന്താത്മന്നചിരമവഭാതിസ്മവധൃതാ
ത്വയാ ദംഷ്ട്രാഗ്രേ സാവനിരഖിലാ കന്ദുകലവ.

സാ— ഹിരണ്യാക്ഷൻ എന്ന അസുരൻ ഭൂമിയെ എടുത്തുകൊണ്ടു സമുദ്രത്തിൽമറഞ്ഞു; ഉടനെ ബ്രഹ്മാവു് മുതലായ ദേവന്മാർ ആകാശത്തിൽ നിന്നുകൊണ്ടു് അങ്ങയെ സ്തുതിച്ചു; അനന്തസ്വരൂപിയായ അവിടുന്നു പന്നിയായി തേററയുടെ അററംകൊണ്ടു് ക്ഷണത്തിൽ ഭൂമി മുഴുവനും പന്തെന്നപോലെ ഉയർത്തുകയുംചെയ്തു.

ഹരിഃക്വാസ്തീത്യുക്തേ പ്രജഹപതിനാപൂർണ്ണനിഖിലം
ജഗന്നാഥൈഃസ്തംഭോന്നരഹരിശരീരേണകരജൈഃ
സമൃതാ പത്ര്യാശ്ശുരാവസ്സംവരമാദാരിതവത-
സ്തവാഖ്യാതാ ഭ്രമൻകിമുജഗതിനോ സർവ്വഗതതാ

സാ— അല്ലയോ മഹാത്മാവേ, “ഹരിയെവിടെയിരിക്കുന്നു?” എന്ന ചോദ്യംകൊണ്ടു് അട്ടഹാസമിട്ടു്, ഹിരണ്യകശിപു എന്ന അസുരപ്രവരൻ ലോകമണ്ഡലം മുഴക്കിനില്ക്കുമ്പോൾ, തൂണിൽനിന്നു നരസിംഹരൂപിയായി അവിടുന്നു ചാടിവന്നു് ആ അസുരപ്രമാണിയുടെ മാറിടം നഖങ്ങൾകൊണ്ടു പിളർന്നു. ഇങ്ങ

ന്നെ അങ്ങയുടെ സവ്വവ്യാപിത്വം ലോകത്തിൽ പ്രഖ്യാതമല്ലേ?

വിലോക്യാജ്ഞം ദ്വാസ്ഥം കപടലവലുകായം സുരരിപുർ
നിഷിദ്ധോപിപ്രാദാദസുരഗുരുണാത്മീയമഖിലം
പ്രസന്നസ്തത് ഭക്ത്യാ ത്യജസികിലനാദ്യാപിഭവനം
ബലേർഭക്താധീന്യം തവവിദിതമേവാമരപതേ!

സാ—ദേവനായക, അവിട്ടന്നു വാമനരൂപംധരിച്ചു വാതുക്കൽ നില്ക്കുന്നതുകണ്ടിട്ട്, വാസ്തവം മനസ്സിലാക്കിയ ശുക്രാചാര്യൻ വിലക്കീട്ടും വകവെയ്ക്കാതെ മഹാബലി, തന്റെ സവ്വസ്വവും അങ്ങയ്ക്കു ദാനംചെയ്തു. തന്മൂലം പ്രസന്നനായിത്തീൎന്ന അവിട്ടന്നു ബലിഭവനത്തെ ഇന്നും ഉപേക്ഷിച്ചിരുന്നില്ലപോലും. വാമനമൂത്തിയായ ഭഗവാൻ ശ്രീനാരായണൻ ഇന്നും മഹാബലിയുമായി പാതാളത്തിൽ നിവസിക്കുന്നുവെന്നു സാരം. ഇപ്രകാരം അവിട്ടത്തെ ഭക്തപരാധീനതു ലോകപ്രസിദ്ധമാണു്.

സമാധാവാസക്തം നൃപതിതനയൈർവീക്ഷ്യപിതരം
ഹതം ബാണൈരോഷാദ് ഗുരുതരമുപാദായ പരശും
വിനാക്ഷത്രം വിഷ്ണോ ക്ഷിതിതലമശേഷം കൃതവതോ
സകൃത് കിം ഭൂഭാരോദ്ധരണപടുതാ തേന വിദിതാ.

സാ—സമാധിനിഷ്ഠനായ തന്റെ പിതാവിനെ രാജപുത്രന്മാർ ബാണമെയ്തു കൊന്നതുനിമിത്തം കോപാകുലനായി പരശുവെന്ന ആയുധവുമെടുത്തു ഭൂലോകം മുഴവൻ ക്ഷത്രിയശൂന്യമാക്കിത്തീൎത്തു—ക്ഷത്രിയന്മാരെയെല്ലാം നശിപ്പിച്ചു—മഹാവിഷ്ണോ! ഇങ്ങനെ അനേകപ്രാവശ്യമുണ്ടായ അങ്ങയുടെ ഭൂഭാരശമത്തിലെ സാമൎത്ഥ്യം സവ്വവിദിതമല്ലേ?

ഇവിടെ മഹാവിഷ്ണുവിന്റെ പരശുരാമാവതാരം സൂചിപ്പിച്ചിരിക്കുന്നു.

സമാരോദ്ധ്യോമേശം ത്രിഭുവനമിദം വാസവമുഖം
വശേ ചക്രേ ചക്രിന്നഗണയദനീശം ജഗദിദം
ഗതോസൌ ലങ്കേശസ്ത്വചിരമഥ തേ ബാണവിഷയം
ന കേനാപ്തം ത്വത്തഃ ഫലമവിനയസ്യാ സുരരിപോ!

സാ—മഹാവിഷ്ണോ, രാവണൻ പരമേശ്വരനെ സേവിച്ച്, ദേവേന്ദ്രനുൾപ്പെടെയുള്ള, മൂന്നുലോകത്തെയും വശത്താക്കി. മാത്രമല്ല, ഈ ലോകം ഈശ്വരനില്ലാത്തതാണെന്നും കണക്കാക്കി. അനന്തരം, അവനാകട്ടെ അങ്ങയുടെ ബാണത്തിന്നു വിഷയമാവുകയുംചെയ്തു—കൊന്നുവെന്നു താല്പര്യം—അല്ലയോ അസുരനാശക! അങ്ങയിൽനിന്ന് അഹംകാരത്തിൻെറ ഫലം ആരാണനുഭവിക്കാത്തതു്?

ക്വചിദ്ദിവ്യം ശൌര്യം ക്വചിദപി രണേ കാപുരുഷതാ
ക്വചിദ് ഗീതാജ്ഞാനം ക്വചിദപി പരസ്ത്രീവിഹരണം
ക്വചിത് മൃത്സ്നാശിത്വം ക്വചിദപി ച വൈകുണ്ഠവിഭവ-
ശ്ചരിത്രം തേ നൂനം ശരണദ! വിമോഹായ കുധിയാം.

സാ ലോകരക്ഷക, യുദ്ധത്തിൽ ചിലപ്പോൾ അങ്ങയുടെ ദിവ്യമായ ശൌര്യം, ചിലപ്പോൾ പൌരുഷഹാനി, ചിലപ്പോൾ ഗീതാബോധം, ചിലേടത്തു പരസ്ത്രീലീല, ചിലസമയത്തു മണ്ണുതീററി, ചിലദിക്കിൽ വൈകുണ്ഠവിഭവത്വം ഇങ്ങനെയുള്ള അവിട്ടത്തെ ചരിത്രങ്ങൾ അല്പബുദ്ധികളുടെ അജ്ഞതയ്ക്കുവേണ്ടിയുള്ളവയാകുന്നു.

ന ഹിംസ്യാദിത്യേതദ്ധ്രുവമവിതഥം വാക്യമബുധൈ-
ശ്ശ്യാഗ്നീഷോമീയം പശുവിതിതു വിപ്രൈർന്നിഗദിതം
തദേതന്നാസ്ഥാനേ ഽസുരഗണവിമോഹായ ഗദതഃ
സമൃദ്ധിർ നീചാനാം നയകരഹി ദുഃഖായ ജഗതഃ.

സാ—"ഹിംസിക്കരുതു്"; ഇതു് അചഞ്ചലമായ സത്യമാകുന്നു; * അഗ്നീഷോമീയന്റെ മൃഗമെന്നു പറഞ്ഞിട്ടുള്ളതു് അജ്ഞന്മാരായ ബ്രാഹ്മണപുരോഹിതന്മാരാണു്." എന്നിങ്ങനെ സംഘത്തിലിരുന്നുകൊണ്ടു് അരുളിച്ചെയ്ത അങ്ങയുടെ വാക്യം, അസുരസമൂഹത്തെ വിമോഹിപ്പിക്കുന്നതിനുള്ളതല്ല; നീചന്മാരുടെ അഭിവൃദ്ധി ലോകത്തിനു ദുഃഖകാരണമാകുന്നു.

ഇതിൽ ബുദ്ധാവതാരം സൂചിപ്പിക്കുന്നു.

വിഭാഗേ വർണ്ണാനാം നിഗമനിചയേ ചാവനിതലേ
വിലുപ്തേ സംജാതേ ദ്വിജവരഗൃഹേ ശംഭളപുരേ
സമാരുഹ്യാശ്വം പ്രലസദസികരോ മ്ലേച്ഛനികരാ-
ന്നിഹന്താസ്യുന്മത്താൻ കില കലിയുഗാന്തേ യുഗപതേ!

സാ—ഭഗവാനെ, കലിയുഗത്തിന്റെ ഒടുവിൽ ലോകത്തു്, വർണ്ണവിഭാഗവും വേദാനുഷ്ഠാനങ്ങളും ലുപ്തപ്രചാരങ്ങളാകുമ്പോൾ, ശംഭളപുരത്തുള്ള ഒരു ബ്രാഹ്മണഗൃഹത്തിൽ അവതരിച്ചു കുതിരപ്പുറത്തുകയറി വാളുംധരിച്ചു് മദമത്തന്മാരായ മ്ലേച്ഛന്മാരെ, അവിടുന്നു നശിപ്പിക്കുംപോൾ.

ഇതു് കൽക്ക്യവതാരത്തെ വ്യഞ്ജിപ്പിക്കുന്നു.

ഗഭീരേ കാസാരേ ജലചരവരാകൃഷ്ടചരണോ
രണൻ/ശക്തോ മജ്ജന്നഭയദ ജലേ ഽചിന്തയദസൌ
യദാ നാഗേന്ദ്രസ്ത്വാം സപദി പദപാശാദപഗതോ
ഗതസ്സാഗ്ര്യം സ്ഥാനം ഭവതി വിപദാം കേ കിമുജനാഃ

---

* അഗ്നിഷോമിയൻ=അഗ്നിയിൽ സോമയാഗം നടത്തിയവൻ.

സാ—അഭയദായക, ആഴമേറിയ കാട്ടുപൊയ്കയിൽവെച്ചു കാലിൽ പിടികൂടിയ മുതലയോടു പിണങ്ങുവാൻ കഴിവില്ലാതെ വെള്ളത്തിൽ മുങ്ങിയ ആന, ആ നിലയിൽ അങ്ങയെ ധ്യാനിച്ചു. അപ്പോൾതന്നെ അതിൽനിന്നു മുക്തിനേടുകയും, ആനരൂപിയായ ആ ഇന്ദ്രദ്യുമ്നൻ സ്വർഗ്ഗം പ്രാപിക്കുകയും ചെയ്തു. അവിടുത്തെ ഭക്തജനങ്ങൾക്ക് ആപത്തുകൾ ഉണ്ടാവുന്നതല്ല.

ഇന്ദ്രദ്യുമ്നൻ ദുർവ്വാസാമഹർഷിയുടെ ശാപംനിമിത്തം ആനയായിത്തീർന്നു. ഭഗവദ്ദർശനം വഴി മോക്ഷം നേടിയ "നാഗേന്ദ്രമോക്ഷം"—കഥ ഈ സന്ദർഭത്തിൽ സ്മരിച്ചിരിക്കുന്നു.

സുതൈഃ പൃഷ്ടോ വേധാഃ പ്രതിവചനദാനേƒപ്രഭുരസാ
വധാത്മന്യാത്മാനം ശരണമഗമത്ത്വാം ത്രിജഗതാം
തതസ്ത്വƒസ്ത്വാത്മായമുഖമുദം ഹംസവപുഷാ
തദാ തേ സാർവ്വജ്ഞം പ്രഥിതമമരേശേഹ കിമുതനോ.

സാ—ദേവനായക, പുത്രന്മാരുടെ ചോദ്യത്തിനു മറുപടി കൊടുക്കുവാൻ ബ്രഹ്മാവ് അശക്തനെന്നു കണ്ടപ്പോൾ, അവർ, സകലലോകരക്ഷകനായ അങ്ങയെ ആത്മാവിൽ ആത്മരൂപമായി ധ്യാനിച്ചു. ഉടൻതന്നെ അവിടുന്നു ഹംസരൂപിയായി പ്രത്യക്ഷപ്പെട്ടു ബ്രഹ്മപുത്രന്മാരെ സംശയംതീർത്തുകൊടുത്തു സന്തുഷ്ടരാക്കി അയച്ചു. ഇവിടെ അങ്ങയുടെ സർവ്വജ്ഞത്വം അതിപ്രസിദ്ധമാകുന്നുവല്ലോ!

സമാവിദ്ധോ മാതൃവ്വചനവിശിഖൈരാശു വിപിനം
തപശ്ചക്രേ ഗത്വാ തവ പരമതോഷായ പരമം
ധ്രുവോ ലേഭേ ദിവ്യം പദമചലമല്പേƒപി വയസി
കിമസ്മിൻ ലോകേ ത്വയി പരമതുഷ്ടേ ദുരധിഗം.

സാ—ധ്രുവൻ തീരെ കുട്ടിയായിരിക്കുമ്പോൾ, അമ്മയുടെ വാക്ശല്യംനിമിത്തം വിഷമിച്ചു കാട്ടിലെത്തി അങ്ങയെ പ്രസാദിപ്പിക്കുന്നതിനായി തപസ്സുചെയ്തു. അതുവഴി അവന് അനശ്വരമായ ബ്രഹ്മസായൂജ്യം ലഭിക്കുകയുംചെയ്തു. അല്ലയോ ഭഗവാനെ, അവിടുന്നു പ്രസാദിച്ചാൽ ലോകത്തിൽ എന്താണു സാധിക്കാൻ പ്രയാസമുള്ളത്.

വൃകാദ്ഭീതസ്തൂർണ്ണം സ്വജനഭയഭിത്ത്വാം പശുപതിർ
ഭ്രമൻ ലോകാൻ സർവ്വാൻ ശരണമുപയാതോഽഥ ഭഗവൻ
സ്വയം ഭസ്മീഭൂതസ്തവ വചനഭംഗാദ്ഗതമതി
ർമ്മഹേശാ ഹോ മായാ തവ ദുരന്തമേയാഽഖിലജനൈഃ.

സാ—ലക്ഷ്മീപതേ, ശിവൻ വൃകാസുരനെ ഭയന്ന് ലോകമാസകലം ശരണാർത്ഥിയായി ചുററിയോടി; ഒടുവിൽ അങ്ങയെ അഭയംപ്രാപിക്കുകയുംചെയ്തു. അനന്തരം, സ്വജനഭീതിനാശകനായ അവിടുന്ന് ആ അസുരനെ, അവന്റെ വാക്കുകൊണ്ടുതന്നെ സ്വയം ഭസ്മമാക്കിക്കളഞ്ഞു. ഏവംവിധമായ അങ്ങയുടെ മായാവൈഭവം ഒരുവനാലും ഊഹിക്കുക്കൂടി വയ്യാത്തതാകുന്നു.

ഹൃതം ദൈത്യൈർദ്ദുഷ്ടാഽമൃതഘടമജ്ഞൈസ്ത്വന്നയതഃ
കടാക്ഷൈഃ സമ്മോഹം യുവതിവരവേഷേണ ദിതിജാൻ
സമഗ്രം പീയൂഷം സുഭഗസുരപൂഗായ ദദതഃ
സമസ്യാപി പ്രായസ്തവ ബലഹിദ്ഭൃത്യേഷ്വഭിരതിഃ.

സാ—അജ്ഞന്മാരായ അസുരന്മാർ അമൃതുകുടം അപഹരിച്ചതുകണ്ടു സുന്ദരിയുടെ വേഷമെടുത്ത് അവരെ മോഹിപ്പിച്ച് അമൃതകുംഭം മുഴുവൻ തിരിച്ചുകൊണ്ടുവന്ന്, അവിടുന്നു ദേവന്മാർക്കു കൊടുത്തു. അല്ലയോ ഭഗവാനെ, അവിടത്തേയ്ക്കു ഭൃത്യജനങ്ങളിലുള്ള താല്പര്യാതിശയം ഒന്നു വേറെതന്നെ.

സമാകൃഷ്ടാ ദുഷ്ടൈർദ്രുപദതനയാ ലബ്ധശരണാ
സഭായാം സർവ്വാത്മൻ തവ ശരണമുച്ചൈരുപഗതാ
സമക്ഷം സർവ്വേഷാമഭവദചിരം ചീരനിചയഃ
സ്മൃതേസ്തേ സാഫല്യം നയനവിഷയം നോ കിമു സതാം.

സാ— സർവ്വാത്മൻ! രാജസഭയിൽവച്ചു ദുഷ്ടന്മാരായ ദുശ്ശാസനാദികളാൽ വസ്ത്രമുരിഞ്ഞു വലിച്ചിഴയ്ക്കപ്പെട്ടപ്പോൾ പാഞ്ചാലി അനന്യശരണയായി അങ്ങയെ ഉച്ചത്തിൽ ഉറക്കെ അഭയമിരന്നു. തൽക്ഷണംതന്നെ എല്ലാവരും കാൺകെ അവൾക്ക് ആവശ്യമുള്ളിടത്തോളം വസ്ത്രങ്ങൾ അങ്ങയാൽ നൽകപ്പെട്ടുകയുണ്ടായി. സജ്ജനങ്ങൾക്ക ധ്യാനമാത്രത്തിൽതന്നെ അവിടുന്നു ഫലം പ്രത്യക്ഷപ്പെടുത്തുന്നു.

വദന്ത്യേകേ സ്ഥാനം വരദ, വൈകുണ്ഠമപരേ
ഗവാം ലോകം ലോകം ഫണിനിലയ പാതാളമിതരേ
തഥാന്യേ ക്ഷീരോദം ഹൃദയനളിനം ചാപി തു സതാം
നമന്യേ തത് സ്ഥാനം ത്വഹമിഹ യത്രാസീന വിഭോ.

സാ—പ്രഭോ, അവിടുത്തെ വാസസ്ഥാനം വൈകുണ്ഠമാണെന്നു ചിലർ പറയുന്നു. മററുചിലർ സ്വർഗ്ഗമെന്നും പിന്നെ ചിലർ പാതാളമെന്നും വേറൊരുകൂട്ടർ പാൽക്കടലെന്നും അപരന്മാർ സജ്ജനങ്ങളുടെ ഹൃദയമാണെന്നും അഭിപ്രായപ്പെടുന്നു. ഞാൻ വിചാരിക്കുന്നു, മേൽപറഞ്ഞതൊന്നുമല്ല അവിടുത്തെ വാസസ്ഥാനമെന്ന്; അങ്ങ് എവിടെയാണില്ലാത്തതു്?—സർവ്വത്ര നിറഞ്ഞിരിയ്ക്കുന്നു എന്നു സാരം.

ശിവോഹം രുദ്രാണാമഹമമരരാജോ ദിവിഷദാം
മുനീനാം വ്യാസോഹം സുരവര! സമുദ്രോസ്മി സരസാം
കുബേരോ യക്ഷാണാമിതി തവ വചോ മന്ദമതയേ
നജാനേ തജ്ജാതം ജഗതി നനു യന്നാസി ഭഗവൻ.

സാ—"ഞാൻ രുദ്രന്മാൎക്കു ശിവനാണ്, ദേവന്മാൎക്ക് ഇന്ദ്രനാണ്, മുനികൾക്കു വ്യാസനാണ്, സരസ്സുകൾക്കു സമുദ്രമാണ്, യക്ഷന്മാൎക്കു കുബേരനാണ്" ഇപ്രകാരമുള്ള അവിടുത്തെ വാക്ക് അല്പജ്ഞന്മാൎക്കു വേണ്ടിയാകുന്നു. എന്നാൽ, ലോകത്തിൽ അങ്ങല്ലാതെ മറ്റൊന്നുണ്ടെന്നു ഞാൻ അറിയുന്നില്ല.

ശിരോ നാകോ നേത്രേ ശശിദിനകരാവംബരമുരോ
ദിശഃ ശ്രോത്രേ വാണീ നിഗമനികരസ്തേ കടിരിളാ
അകൂപാരോ ബസ്തിശ്ചരണമപി പാതാളമിതി വൈ
സ്വരൂപം തേ/ജ്ഞാത്വാനൃതനു മമ ജാനന്തി കുധിയഃ

സാ—അങ്ങയുടെ ശിരസ്സ് സ്വർഗ്ഗവും കണ്ണുകൾ സൂര്യചന്ദ്രന്മാരും നെഞ്ച് ആകാശവും ചെവികൾ ദിക്കുകളും വാക്കുകൾ വേദങ്ങളും അരക്കെട്ടു ഭൂമിയും വസ്തിഭാഗം സമുദ്രവും കാലുകൾ പാതാളവുമാകുന്നു; അജ്ഞന്മാർ ഈ തത്വം അറിയാതെ, മനുഷ്യരൂപിയെന്നു തെറ്റിദ്ധരിയ്ക്കുന്നു.

ശരീരം വൈകുണ്ഠം ഹൃദയനളിനം വാസസദനം
മനോവൃത്തിസ്താൎക്ഷ്യോ മതിരിയമഥോ സാഗരസുതാ
വിഹാരസ്തേവസ്ഥാത്രിതയമസവഃ പാൎഷദഗണോ
നപശ്യത്യജ്ഞാത്വാമിഹ ബഹിരഹോയാതി ജനതാ.

സാ—ഭഗവാനേ, അങ്ങയുടെ ശരീരം വൈകുണ്ഠവും വാസസ്ഥാനം ഹൃദയവും ഗരുഡൻ മനോവൃത്തിയും ലക്ഷ്മീദേവി ബുദ്ധിയും വിഹാരം (ലീല) ജാഗ്രത്സ്വപ്നസുഷുപ്തികളും, സഭാവാസികൾ പഞ്ചവായുക്കളുമാകുന്നു. ഈ തത്വമറിയാതെ ജനങ്ങൾ അങ്ങയെ കാണുവാൻ പുറമെ നടക്കുന്നു.

സുവേലാരം കാന്താരം വിശതി ച തഡാഗം സുഗഹനം
തഥോത്തുംഗം ശൃംഗം സ്പൃശതി ച സമാരോഹതി ഗിരേഃ

പ്രസൂനാർത്ഥം ചേതോംബുജ മമലമേകംത്വയിവിഭോ
സമർപ്യാജ്ഞാസ്തൂർണ്ണം ബത ന ച സുഖം വിന്ദതിജനഃ.

സാ—അജ്ഞന്മാർ, അങ്ങയെ പൂജിയ്ക്കുന്നതിന്നു പുഷ്പങ്ങ
ളെടുക്കാൻ ഭയങ്കരമായ കാട്ടിൽ കടക്കുന്നു, ആഴമേ
റിയ തടാകത്തിലിറങ്ങുന്നു, പൊക്കംകൂടിയ പർവ്വ
തശിഖരങ്ങളിൽ കയറുന്നു. കഷ്ടം! മനസ്സാകുന്ന താമ
രപ്പൂവിനെ, പരിശുദ്ധമാക്കി അങ്ങയിൽ സമർപ്പിച്ചാ
ലുണ്ടാകുന്ന പരമാനന്ദം ഇക്കൂട്ടർ അറിയുന്നില്ല.

കൃതൈകാന്താവാസാവിഗതനിഖിലാശാസ്ത്വമപരാഃ
ജിതശ്വാസോച്ഛ്വാസാസ്ത്രുടിതഭവപാശാസ്സുയമിനഃ
പരംജ്യോതിഃ പശ്യന്ത്യനഘ യദി പശ്യന്തു മമ തു
ശ്രിയാശ്ലിഷ്ടം ഭൂയാന്നയനവിഷയം തേ കിലവപുഃ

സാ—വിജനാന്തത്തിൽ പാർപ്പുറപ്പിച്ചവരും ആശകളററവ
രും ഇന്ദ്രിയനിഗ്രഹം സാധിച്ചവരും ശ്വാസോ
ച്ഛ്വാസങ്ങളെ അടക്കിയവരും സംസാരബന്ധം ത
കൻറുപോയവരുമായ മുനികൾ, പരംജ്യോതിസ്സിനെ
കാണുന്നെങ്കിൽ കണ്ടുകൊള്ളട്ടെ. എനിയ്ക്കാകട്ടെ
അങ്ങയുടെ ലക്ഷ്മീസംശ്ലിഷ്ടമായ ശരീരം കണ്ണിന്നു
വിഷയമായിത്തീരണം.

കദാ ഗംഗോത്തുംഗാമലതരതരംഗോച്ഛലപുളിനേ
വസന്നാശാപാശാദഖിലഖലദാശാദപഗതഃ
അയേ ലക്ഷ്മീകാന്താംബുജനയനതാതാമരപതേ
പ്രസീദേത്യാ ജല്പന്നമരവം നേഷ്യാമി സമയം.

സാ—ഞാൻ എപ്പോൾ, ഗംഗയുടെ പരിപാവനങ്ങളായ
തിരമാലകളടിച്ച സ്വച്ഛമായ മണൽത്തിട്ടയിൽ വാ
സമുറപ്പിച്ചുകൊണ്ട്, സകലവിധമായ ആശകളു
മൊടുങ്ങി, ഹേ ലക്ഷ്മീകാന്ത! അംബുജനയന! താ

ത! അമരപതേ! പ്രസാദിച്ചാലും! എന്നിങ്ങനെ ജ-
പിച്ചു സമയം കഴിച്ചുകൂട്ടും?

കദാ ശൃംഗൈഃ സ്ഫീതേ മുനിഗണപരീതേ ഹിമനഗേ
ദ്രുമാവീതേ ശീതേ സുരമധുരഗീതേ പ്രതിവസൻ
കപചിദ്ധ്യാനാസക്തോ വിഷയസുവിരക്തോ ഭവഹരം
സ്മരംസ്തേപാദാബ്ജം ജനിഹരസമേഷ്യാമി വിലയം.

സാ—അല്ലയോ, ജന്മനാശകനായ ഭഗവാനെ! കൊടുമുടി
കൾനിറഞ്ഞു വൃക്ഷങ്ങളാൽ ചുററപ്പെട്ട് മഹർഷിസ
മൂഹം ചുഴന്ന ദേവഗാനങ്ങൾ മുഴങ്ങുന്ന ശീതളമായ
ഹിമവൽപർവതത്തിൽ ഒരിടത്തു പാർപ്പാക്കി ധ്യാ
നതല്പരനായി വിഷയവിരക്തിയോടുകൂടി ദുഃഖനാശ
കമായ അങ്ങയുടെ പാദപത്മങ്ങളെ സ്മരിച്ചുകൊ-
ണ്ടു് എപ്പോൾ ഞാൻ വിലയം—സമാധി—പ്രാ
പിക്കും.?

നമഃ സർവേഷ്ടായ ശ്രുതിശിഖരദൃഷ്ടായ ച നമോ
നമോ സംശ്ലിഷ്ടായ ത്രിഭുവന നിവിഷ്ടായ ച നമഃ
നമോ വിസ്പഷ്ടായ പ്രണവപരിമൃഷ്ടായ ച നമോ
നമസ്തേ സർവാത്മൻ പുനരപിപുനസ്തേ മമ നമഃ.

സാ—സകലക്കുമിഷ്ടനായ അങ്ങേയ്ക്കു നമസ്കാരം, ഉപ
നിഷത്തുകളാൽ ദശിക്കപ്പെട്ട അങ്ങേയ്ക്കു നമസ്കാ
രം, കലപ്പാറവനായ അങ്ങേയ്ക്കു നമസ്കാരം, മൂന്നു
ലോകവും നിറഞ്ഞരുളുന്ന അങ്ങേയ്ക്കു നമസ്കാരം,
അവ്യക്തനായ അങ്ങേയ്ക്കു നമസ്കാരം, പ്രണവപ
രിശുദ്ധനായ അങ്ങേയ്ക്കു നമസ്കാരം, സർവാത്മാ
വായ അങ്ങേയ്ക്കു വീണ്ടുംവീണ്ടും എൻെറ നമസ്കാ
രം ഭവിക്കട്ടെ!

ഫലശ്രുതി

ഇതി ഹരിസ്തവനം സുമനോഹരം
പരമഹംസജനേന സമീരിതം
സുഗമസുന്ദരസാരപദാസ്പദം
തദിദമസ്തു ഹരേരനിശം മുദേ.

സാ—ഇങ്ങനെ സുഗമവും സുന്ദരവും സാരവത്തും സർവ്വഥാ മനോഹരവും പരമഹംസനാൽ പറയപ്പെട്ടതുമായ ഈ സ്തോത്രം ശ്രീമഹാവിഷ്ണുവിൻെറ സന്തോഷത്തിനായിത്തീരുമാറാകട്ടെ.

ശ്രീ ഹരിസ്തോത്രം.

ജഗജ്ജാലപാലം കചത് കണ്ഠമാലം
ശരച്ചന്ദ്രഫാലം മഹാദൈത്യകാലം
നഭോ നീലകായം ദുരാവാരമായം
സുപത്മാസഹായം ഭജേഹം ഭജേഹം.

സാ—ലോകസമൂഹരക്ഷകനും പ്രകാശിക്കുന്ന കണ്ഠമാലയോടുകൂടിയവനും ശരത്കാലചന്ദ്രന സദൃശമായ നെററിയുള്ളവനും അസുരവംശധ്വംസകനും ആകാശംപോലെ നീലവർണ്ണമുള്ളവനും തടുക്കവെയ്യാത്ത മായാവൈഭവത്തോടുകൂടിയവനും ലക്ഷ്മീസഹായവാനുമായ ദേവനെ ഞാൻ വീണ്ടുംവീണ്ടും ഭജിക്കുന്നു.

സദാംഭോധിവാസം ഗളത് പുഷ്പഹാസം
ജഗത് സന്നിവാസം ശതാദിത്യഭാസം
ഗദാചക്രശസ്ത്രം ലസത് പീതവസ്ത്രം
ഹസച്ചാരുവക്ത്രം ഭജേഹം ഭജേഹം.

സാ—എല്ലായ്പോഴും സമുദ്രവാസിയായി പുഞ്ചിരിപൊഴിക്കുന്നവനായി ജഗന്നിവാസനായി അനവധി ആദിത്യകാന്തിയുള്ളവനായി ഗദ, ചക്രം. വാൾ ഇവയോടുകൂടിയവനായി മഞ്ഞവസ്ത്രശോഭിയായി മന്ദഹാസമധുരമായ മുഖമുള്ളവനായ ശ്രീനാരായണനെ ഞാൻ പിന്നെയുംപിന്നെയും ഭജിക്കുന്നു.

രമാകണ്ഠഹാരം ശ്രുതിവ്രാതസാരം
ജലാന്തർവിഹാരം ധരാഭാരഹാരം
ചിദാനന്ദരൂപം മനോജ്ഞസ്വരൂപം
ധൃതാനേകരൂപം ഭജേഹം ഭജേഹം.

സാ—ലക്ഷ്മീദേവിയുടെ കഴുത്തിലെ മുത്തുമാലയായി വേദങ്ങളുടെ സാരമായി സമുദ്രജലത്തിൻെറ ഉള്ളിൽ വിഹരിക്കുന്നവനായി ഭൂഭാരനാശകനായി മനോജ്ഞസ്വരൂപനായി അനേകം രൂപങ്ങളെടുത്തവനായി ചിദാനന്ദരൂപനായ ശ്രീനാരായണനെ ഞാൻ വീണ്ടുംവീണ്ടും ഭജിക്കുന്നു.

ജരാജന്മഹീനം പരാനന്ദപീനം
സമാധാനലീനം സദൈവാനവീനം
ജഗജ്ജന്മഹേതും സുരാനീകകേതും
ത്രിലോകൈകസേതും ഭജേഹം ഭജേഹം.

സാ—ജരയും ജന്മവുമില്ലാത്തവനും പരമാനന്ദപൂർണ്ണനും ശാന്തിനിലീനനും എപ്പോഴും പുതുമയില്ലാത്തവനും വിശ്വകാരണനും ദേവസൈന്യകേതുവും മൂന്നുലോകത്തിനും പരമാവലംബവുമായ ശ്രീഹരിയെ ഞാൻ പിന്നെയുംപിന്നെയും ഭജിക്കുന്നു.

കൃതാമ്നായഗാനം ഖഗാധീശയാനം
വിമുക്തേർനിദാനം ഹരാരാതിമാനം
സ്വഭക്താനുകൂലം ജഗദ്വൃക്ഷമൂലം
നിരസ്താർത്തശൂലം ഭജേഹം ഭജേഹം.

സാ—വേദഗായകനായി ഗരുഡസഞ്ചാരിയായി മോക്ഷകാരണനായി ശിവശത്രുസംഹാരിയായി സ്വഭക്താനുകൂലനായി ലോകവൃക്ഷത്തിന്റെ മുരടായി ദുഃഖിതഖേദനാശകനായ ശ്രീഹരിയെ ഞാൻ പിന്നെയും പിന്നെയും ഭജിക്കുന്നു.

സമസ്താമരേശം ദ്വിരേഫാഭകേശം
ജഗദ്ബിംബലേശം ഹൃദാകാശദേശം
സദാ ദിവ്യദേഹം വിമുക്താഖിലേഹം
സുവൈകുണ്ഠഗേഹം ഭജേഹം ഭജേഹം.

സാ—ദേവന്മാർക്കെല്ലാം നാഥനായി, വണ്ടുകൾപോലെ അഴകുള്ള തലമുടിയോടുകൂടിയവനായി, സ്വശരീരത്തിന്റെ അംശമാത്രമായ ലോകത്തോടുകൂടിയവനായി, ഹൃദയം ആകാശമായിട്ടുള്ളവനായി, ദിവ്യദേഹത്തോടുകൂടിയവനായി, ലോകബന്ധമകന്നവനായി, വൈകുണ്ഠഗൃഹമായിട്ടുള്ള ശ്രീഹരിയെ ഞാൻ വീണ്ടുംവീണ്ടും ഭജിക്കുന്നു.

സുരാളീബലിഷ്ഠം ത്രിലോകീവരിഷ്ഠം
ഗുരൂണാംഗരിഷ്ഠം സ്വരൂപൈകനിഷ്ഠം
സദായുദ്ധധീരം മഹാവീരവീരം
ഭവാംഭോധിതീരം ഭജേഹം ഭജേഹം.

സാ—ദേവന്മാരിൽ ബലിഷ്ഠനും, മൂന്നുലോകത്തിലും ഉത്കൃഷ്ടനും ഘനമുള്ളവരിൽ ഏററവും ഘനമുള്ളവനും സ്വരൂപത്തിൽതന്നെ സ്ഥിതിചെയ്യുന്നവനും യുദ്ധധീരനും മഹാവീരനും സംസാരദുഃഖനാശകനുമായ ശ്രീഹരിയെ ഞാൻ പിന്നെയുംപിന്നെയും ഭജിക്കുന്നു.

രമാവാമഭാഗം തലാനഗ്നനാഗം
കൃതാധീതയാഗം ഗതാരാഗരാഗം

മുനീന്ദ്രൈഃസുഗീതം സുരൈഃസംപരീതം
ഗുണൌഘൈരതീതം ഭജേഹം ഭജേഹം.

സാ—ലക്ഷ്മീദേവിയാകുന്ന ഇടത്തുവശത്തോടുകൂടി യാഗകർമ്മങ്ങൾക്കധീനനായി ഒന്നിലും താല്പര്യമില്ലാത്തവനായി ഗോവർദ്ധനോദ്ധാരകനായി മുനീന്ദ്രസേവിതനായി സർവ്വഭൂതങ്ങളിലും അതീതനായി ദേവപരീതനായ ശ്രീ ഹരിയെ ഞാൻ പിന്നെയുംപിന്നെയും ഭജിക്കുന്നു.

ഫലശ്രുതി

ഇദം യസ്തു നിത്യം സമാധായചിത്തം
പഠേദഷ്ടകം കഷ്ടഹാരം മുരാരേഃ
സവിഷ്ണോർവിശോകം ധ്രുവം യാതിലോകം
ജരാജന്മശോകം പുനർവിന്ദതേ നോ.

സാ—ദുഃഖസംഹാരകമായ ഈ ഹരിയുടെ അഷ്ടകം മനസ്സമാധാനത്തോടുകൂടി പഠിയ്ക്കുന്നവൻ, ശോകശൂന്യമായ വിഷ്ണുലോകം നിശ്ചയമായും പ്രാപിയ്ക്കും. മാത്രവുമല്ല, അവൻ പിന്നെ ജന്മക്ലേശം അറിയുകയുമില്ല.

ശ്രീഹരിനാമാഷ്ടകം

ശ്രീകേശവാച്യുത, മുകുന്ദ, രഥാംഗപാണേ,
ഗോവിന്ദ, മാധവ, ജനാർദ്ദന, ദാനവാരേ,
നാരായണാമരപതേ, ത്രിജഗന്നിവാസ,
ജിഹ്വേ ജപേതിസതതം മധുരാക്ഷരാണി.

സാ—ശ്രീകേശവ, അച്യുത, മുകുന്ദ, ചക്രപാണേ, ഗോവിന്ദ, മാധവ, ജനാർദ്ദന, അസുരശത്രോ, നാരായ

ണം, അമരപതെ, ത്രിലോകനാഥ എന്നിങ്ങനെയു ള്ള മധുരാക്ഷരങ്ങളെ, അല്പയൊ നാക്കെ, നീ എ ല്ലാസമയവും ജപിച്ചുകൊള്ളുക.

ശ്രീദേവദേവമധുസൂദന ശാർങ്ഗപാണേ
ദാമോദരാർണ്ണവനികേതന കൈടഭാരേ
വിശ്വംഭരാഭരണഭൂഷിതഭൂമിപാല
ജിഹ്വേ ജപേതി സതതം മധുരാക്ഷരാണി.

സാ—ശ്രീദേവദേവ, മധുസൂദന, ശാർങ്ഗപാണെ, ദാമോ ദര, സമുദ്രവാസിൻ, കൈടഭാരെ, ഭൂലോകാലങ്കാര, രാജലോകാഭരണ എന്നീ മധുരാക്ഷരങ്ങളെ, ഹെ, നാക്കെ! നീ എല്ലാസമയവും ജപിയ്ക്കുക!!

ശ്രീപത്മലോചന ഗദാധര പത്മനാഭ
പത്മേശ പത്മപദ പാവനപത്മപാണേ
പീതാംബരാംബരരുചേ രുചിരാവതാര!
ജിഹ്വേ ജപേതി സതതം മധുരാക്ഷരാണി.

സാ – ശ്രീപത്മലോചന, ഗദാധര, പത്മനാഭ, ലക്ഷ്മീ പതെ, പത്മപാദ, പരിശുദ്ധപങ്കജപാണെ, പീ താംബര, നീലവർണ്ണ, അവതാരപുരുഷ എന്നീ മധു രാക്ഷരങ്ങളെ, അല്പയൊ നാക്കെ! നീ എല്ലാസമയ വും ജപിച്ചുകൊള്ളുക.

ശ്രീകാന്ത കൗസ്തുഭധരാർത്തിഹരാബ്ജപാണേ
വിഷ്ണോ ത്രിവിക്രമ മഹീധരധർമ്മസേതോ
വൈകുണ്ഠവാസ വസുധാധിപ വാസുദേവ
ജിഹ്വേ ജപേതി സതതം മധുരാക്ഷരാണി.

സാ—ശ്രീകാന്ത, കൗസ്തുഭധര, ആർത്തിനാശക, അബ്ജ പാണെ, വിഷ്ണോ, ത്രിവിക്രമ, മഹീധര, ധർമ്മസേ തൊ, വൈകുണ്ഠവാസ, വസുധാധിപ, വാസുദേവ എന്നീ മധുരാക്ഷരങ്ങളെ, ഹെ നാക്കെ! നീ എല്ലാ സമയവും ജപിക്കുക!

ശ്രീനാരസിംഹ! നരകാന്തക കാന്തമൂൎത്തേ
ലക്ഷ്മീപതേ ഗരുഡവാഹന ശേഷശായിൻ
കേശിപ്രണാശന സുകേശകിരീടമൌലേ
ജിഹ്വേ ജപേതി സതതം മധുരാക്ഷരാണി.

സാ—ശ്രീനരസിംഹമൂൎത്തേ, നരകാന്തക, സുന്ദരരൂപ, ലക്ഷ്മീപതേ, ഗരുഡവാഹന, അനന്തശായിൻ, കേശവ, സുകേശ, കിരീടമൌലേ എന്നീ മധുരാക്ഷരങ്ങളെ അല്ലയൊ നാക്കെ! നീ എല്ലാസമയവും ജപിക്കുക.

ശ്രീവത്സലാഞ്ഛന സുരൎഷഭ ശംഖപാണേ
കല്പാന്തവാരിധിവിഹാര ഹരേ മുരാരേ
യജ്ഞേശ യജ്ഞമയ യജ്ഞഭുഗാദിദേവ
ജിഹ്വേ ജപേതി സതതം മധുരാക്ഷരാണി.

സാ—ശ്രീവത്സലാഞ്ഛന, ദേവപ്രമുഖ, ശംഖപാണെ, കല്പാന്തസമുദ്രവിഹാര, ഹരെ, മുരാരേ, യജ്ഞനായക, യജ്ഞരൂപ, ആദിദേവ എന്നീ മധുരാക്ഷരങ്ങളെ ഹെ നാക്കെ! നീ എല്ലാസമയവും ജപിച്ചുകൊള്ളുക.

ശ്രീരാമ രാവണരിപോ രഘുവംശകേതോ
സീതാപതേ ദശരഥാത്മജ രാജസിംഹ,
സുഗ്രീവമിത്ര മൃഗവേധന, ചാപപാണേ
ജിഹ്വേ ജപേതി സതതം മധുരാക്ഷരാണി.

സാ—ശ്രീരാമ, രാവണരിപൊ, രഘുവംശകേതൊ, സീതാപതെ, ദശരഥാത്മജ, രാജസിംഹ, സുഗ്രീവമിത്ര, ചാപപാണെ എന്നീ മധുരാക്ഷരങ്ങളെ ഹെ നാക്കെ! നീ എല്ലാസമയവും ജപിച്ചുകൊള്ളുക.

ശ്രീകൃഷ്ണവൃഷ്ണിവര യാദവ രാധികേശ
ഗോവൎദ്ധനോദ്ധരണ കംസവിനാശ ശൌരേ

ഗോപാലവേണുധരപാണ്ഡുസുതൈകബന്ധോ
ജിഹ്വേ ജപേതി സതതം മധുരാക്ഷരാണി.

സാ—ശ്രീകൃഷ്ണ, വൃഷ്ണിവര, യാദവ, രാധികേശ, ഗോവർദ്ധനോദ്ധരണ, കംസവിനാശ, ശൌരെ, ഗോപാല, വേണുധാരിൻ, പാണ്ഡവബന്ധോ എന്നീ മധുരാക്ഷരങ്ങളെ അല്ലയൊ നാക്കെ! നീ എല്ലാസമയവും ജപിക്കുക.

ഫലശ്രുതി

ഇത്യഷ്ടകം ഭഗവതസ്സതതം നരോ യോ
നാമാങ്കിതം പഠതി നിത്യമനന്യചേതാഃ
വിഷ്ണോഃ പരം പദമുപൈതി പുനർ ന ജാതു
മാതുഃ പയോധരരസം പിബതീഹ സത്യം.

സാ—ശ്രീഹരിനാമാങ്കിതമായ ഈ അഷ്ടകസ്തോത്രം ഏകാഗ്രമനസ്സനായി ദിവസവും ചൊല്ലുന്ന മനുഷ്യൻ വിഷ്ണുപദം പ്രാപിക്കും. പിന്നെ അവന്നു ഐഹികജന്മമുണ്ടാകുന്നതല്ല; സത്യം.

ശ്രീഹരിശരണാഷ്ടകം.

ധ്യേയം വദന്തി ശിവമേവ ഹി കേചിദന്യേ
ശക്തിം ഗണേശമപരേ തു ദിവാകരം വൈ
രൂപൈസ്തു തൈരപി വിഭാസി യതസ്ത്വമേവ
തസ്മാത്ത്വമേവ ശരണം മമ ശംഖപാണേ!

സാ—ചിലർ ശിവനെയാണു ധ്യാനിക്കേണ്ടതെന്നും മറ്റുചിലർ ശക്തിയെ ധ്യാനിക്കേണ്ടതാണെന്നും പിന്നെച്ചിലർ ഗണേശനെ ധ്യാനിക്കേണ്ടതാണെന്നും വേറെ ചിലർ ആദിത്യനെ ധ്യാനിക്കേണ്ടതാണെന്നും.

അഭിപ്രായപ്പെടുന്നു. എന്നാൽ മേൽപറഞ്ഞ ഗുണങ്ങളായി ശോഭിക്കുന്നതു് അങ്ങു മാത്രമാകുന്നു. ആകയാൽ, ശംഖപാണിയായ ഭഗവാനെ, അവിടുന്നുതന്നെയാണു് എനിക്കു രക്ഷയായിട്ടുള്ളതു്.

നോ സോദരോ ന ജനകോ ജനനീ ന ജായാ
നൈവാത്മജോ ന ച കുലം വിപുലം ബലംവാ
സന്ദൃശ്യതേന കില കോപി സഹായകാലേ
തസ്മാത്ത്വമേവ ശരണം മമ ശംഖപാണേ!

സാ—സോദരനും അപ്പനും അമ്മയും ഭാൎയ്യയും പുത്രനും ഉത്കൃഷ്ടമായ വംശവും ബലവും ഒന്നുംതന്നെ സഹായകാലത്തു പ്രയോജനപ്പെടുന്നില്ല; അതുകൊണ്ടു് ശംഖപാണിയായ അങ്ങു മാത്രമാകുന്നു എനിക്കു രക്ഷയായിട്ടുള്ളതു്.

നോപാസിതാമദമപാസ്യമയാ മഹാന്ത-
സ്തീൎത്ഥാനി ചാസ്തികധിയാനഹി സേവിതാനി
ദേവാൎച്ചനം ച വിധിവന്നകൃതം കദാപി
തസ്മാത്ത്വമേവ ശരണം മമ ശംഖപാണേ!

സാ—മഹാന്മാരും തീൎത്ഥങ്ങളും, ആസ്തിക്യബുദ്ധിയോടുകൂടി എന്നാൽ സേവിക്കപ്പെട്ടിട്ടില്ല. അപ്രകാരം തന്നെ ദേവതാരാധനവും വിധിപോലെ ചെയ്യപ്പെട്ടിട്ടില്ല. അതുകൊണ്ടു്, ശംഖപാണിയായ അങ്ങു മാത്രമാകുന്നു എനിക്കു രക്ഷയായിട്ടുള്ളതു്.

ദുൎവ്വാസനാ മമ സദാ പരികൎഷയന്തി
ചിത്തം ശരീരമപി രോഗഗണാ ദഹന്തി
സംജീവനം ച പരഹസ്തഗതം സദൈവ
തസ്മാത്ത്വമേവ ശരണം മമ ശംഖപാണേ!

സാ—ദുൎവ്വാസനകൾ എന്റെ മനസ്സിനെ എല്ലാസമയവും വലിച്ചിഴയ്ക്കുന്നു; രോഗസമൂഹങ്ങൾ ശരീരത്തെ

ദഹിപ്പിയ്ക്കുകയും ചെയ്യുന്നു; ജീവിതംതന്നെയും അന്യന്റെ കയ്യിലിരിയ്ക്കുന്നു; അതുകൊണ്ടു് ശംഖപാണിയായ അങ്ങുമാത്രമാകുന്നു എനിയ്ക്കു രക്ഷയായിട്ടുള്ളതു്.

പൂർവ്വംകൃതാനി ദുരിതാനി മയാതു യാനി
സ്മൃത്വാഖിലാനി ഹൃദയം പരികമ്പതേമേ
ഖ്യാതാ ച തേ പതിതപാവനതാതു യസ്മാ-
ത്തസ്മാത്ത്വമേവശരണം മമ ശംഖപാണേ!

സാ—മുൻപു ചെയ്തിട്ടുള്ള പാപകർമ്മങ്ങളുടെ ഓർമ്മ എന്റെ ഹൃദയത്തെ വിറകൊള്ളിയ്ക്കുന്നു; അങ്ങയുടെ പതിതരക്ഷണം പ്രസിദ്ധവുമാണു്; അതുകൊണ്ടു ശംഖപാണിയായ അങ്ങുമാത്രമാകുന്നു എനിയ്ക്കു രക്ഷയായിട്ടുള്ളതു്.

ദുഃഖം ജരാ ജനനജം വിവിധാശ്ചരോഗാഃ
കാകശ്വസൂകരജനിർന്നിരയേ ച പാതഃ
തേ വിസ്മൃതേഃ ഫലമിദം വിതതം ഹി ലോകേ
തസ്മാത്ത്വമേവശരണം മമ ശംഖപാണേ!

സാ—ജര, ജന്മം ഇവനിമിത്തമുള്ള ദുഃഖം, പലവിധമുള്ള രോഗങ്ങൾ, കാക്ക പട്ടി പന്നി ഇതുകളുടെ ജന്മമാകുന്ന നരകത്തിൽ വീഴുക, ഇവയാണു് അങ്ങയെ മറന്നാലുണ്ടാകുന്ന ഫലമെന്നു ലോകത്തിൽ പ്രസിദ്ധമാകുന്നു. അതുകൊണ്ടു ശംഖപാണിയായ ഭഗവാനെ, അങ്ങുമാത്രമാണു് എനിയ്ക്കു ശരണമായിട്ടുള്ളതു്.

വേദേഷു ധർമ്മവചനേഷു തഥാഗമേഷു
രാമായണേപി ച പുരാണകദംബകേ വാ
സർവ്വത്ര സർവ്വവിധിനാ ഗതിതസ്ത്വമേവ
തസ്മാത്ത്വമേവ ശരണം മമ ശംഖപാണേ!

സാ—വേദങ്ങളിലും ധമ്മശാസ്ത്രങ്ങളിലും മററു ശാസ്ത്രങ്ങളിലും രാമായണത്തിലും പുരാണസമൂഹങ്ങളിലും എന്നുവേണ്ട എല്ലായിടത്തും അങ്ങയെപ്പററിത്തന്നെയാണു പറഞ്ഞിട്ടുള്ളതു്. അതുകൊണ്ടു ശംഖപാണിയായ അങ്ങുമാത്രമാണു എനിയ്ക്കു ശരണമായിട്ടുള്ളതു്.

ശ്രീ ദീനബന്ധ്വഷ്ടകം

യസ്മാദിദം ജഗദുദേതി ചതുർമ്മുഖാദ്യം
യസ്മിന്നവസ്ഥിതമശേഷമശേഷമൂലേ
യത്രോപയാതിവിലയം ച സമസ്തമന്തേ
ദൃഗ്ഗോചരോഭവതി മേഽദ്യ സ ദീനബന്ധുഃ

സാ—ബ്രഹ്മാവുംപെടെയുള്ള ഈ ലോകം യാവനൊരുത്തനിൽനിന്നുണ്ടാകുന്നു, സർവ്വകാരണനായ യാവനൊരുത്തനിൽ നിലകൊള്ളുന്നു, ഒടുവിൽ ഇതെല്ലാം യാവനൊരുത്തനിൽ ലയിക്കുകയുംചെയ്യുന്നു, ദീനബന്ധുവായ ആ ഭഗവാൻ എനിക്കു് ഇപ്പോൾ ദൃഷ്ടിവിഷയമായിത്തീരുമാറാകണം. (കാണണമെന്നു സാരം.)

ചക്രം സഹസ്രകരചാരുകരാരവിന്ദേ
ഗുർവീഗദാ ദരവരശ്ച വിഭാതിയസ്യ
പക്ഷീന്ദ്രപൃഷ്ഠപരിരോപരിപാദപത്മോ
ദൃഗ്ഗോചരോ ഭവതിമേഽദ്യസ ദീനബന്ധുഃ

സാ—യാവനൊരുത്തന്റെ കൈകളിൽ ആദിത്യമണ്ഡലശോഭിയായ സുദർശനചക്രവും ഘനമുള്ള ഗദയും ഉത്കൃഷ്ടമായ ശംഖവും ശോഭിക്കുന്നു, ഗരുഡാരൂഢനായ

ആ ദീനബന്ധു എനിക്ക്, ഇപ്പോൾ പ്രത്യക്ഷപ്പെട്ടു മാറാകണം.

യേനോദ്ധൃതാ വസുമതീ സലിലേ നിമഗ്നാ
നഗ്നാച പാണ്ഡവവധൂഃ സ്ഥഗിതാദുകൂലൈഃ
സംമോചിതോ ജലചരേന്ദ്രമുഖാത് കരീന്ദ്രോ
ദൃഗ്ഗോചരോ ഭവതു മേദ്യ സ ദീനബന്ധുഃ

സാ—യാവനൊരുത്തനാൽ, വെള്ളത്തിൽ താണുപോയ ഭൂമണ്ഡലം ഉദ്ധരിക്കപ്പെട്ടു, നഗ്നയായ പാഞ്ചാലി പട്ടുവസ്ത്രങ്ങൾകൊണ്ടു മറയ്ക്കപ്പെട്ടുകയും ചെയ്തു, മുതലയുടെ വായിൽനിന്നു ആനശ്രേഷ്ഠൻ മോചിക്കപ്പെട്ടവനായും തീൎന്നു, ആ ദീനബന്ധുവായ ഭഗവാൻ എനിക്കിപ്പോൾ പ്രത്യക്ഷപ്പെട്ടുമാറാകണം.

യസ്യാൎദ്രദൃഷ്ടിവശതസ്തു സുരാഃ സമൃദ്ധിം
കോപേക്ഷണേന ദനുജാ വിലയം വ്രജന്തി
ഭീതാശ്ചരന്തി ച യതോൎക്കയമാനിലാദ്യാ
ദൃഗ്ഗോചരോ ഭവതു മേദ്യ സ ദീനബന്ധുഃ

സാ—യാവനൊരുത്തന്റെ കാരുണ്യത്തിൽ ദേവന്മാർ അഭിവൃദ്ധിയും, കോപത്തിൽ അസുരന്മാർ നാശവും പ്രാപിക്കുന്നു; ആദിത്യൻ, കാലൻ, കാററു് ഇവർ ഭീതരായി സഞ്ചരിക്കുകയും ചെയ്യുന്നു; ആ ദീനബന്ധുവായ ഭഗവാൻ എനിക്കിപ്പോൾ പ്രത്യക്ഷപ്പെട്ടുമാറാകണം.

ഗായന്തി സാമകുശലാ യമജം മഖേഷു
ധ്യായന്തി ധീരമതയോ യതയോ വിവിക്തേ
പശ്യന്തി യോഗിപുരുഷാഃ പുരുഷം ശരീരേ
ദൃഗ്ഗോചരോ ഭവതു മേദ്യ സ ദീനബന്ധുഃ

സാ—സാമവേദികൾ യാവനൊരുത്തനെ യാഗങ്ങളിൽ ബ്രഹ്മാവായി ഗാനം ചെയ്യുന്നു, പണ്ഡിതന്മാരായ സ

ന്യാസികരം വിജനത്തിൽ ധ്യാനിക്കുന്നു, യോഗികരം ശരീരത്തിലെ ആത്മാവായി കാണുകയും ചെയ്യുന്നു, ആ ദീനബന്ധുവായ ഭഗവാൻ എനിക്കിപ്പോരം പ്രത്യക്ഷപ്പെട്ടുമാറാകണം.

ആകാരരൂപഗുണബന്ധവിവർജ്ജിതോപി
ഭക്താനുകമ്പനനിമിത്തഗൃഹീതമൂർത്തി
യഃ സർവ്വഗോപി കൃതശേഷശരീരശയ്യോ
ദൃഗ്ഗോചരോ ഭവതിമേദ്യസ ദീനബന്ധുഃ

സാ—യാവനൊരുത്തൻ, ആകൃതി, രൂപം, ഗുണം, ബന്ധം ഇവയില്ലെങ്കിലും, ഭക്തന്മാരിലുള്ള അനുകമ്പ നിമിത്തം ശരീരം സ്വീകരിക്കുന്നു, സർവ്വവ്യാപിയാണെങ്കിലും, അനന്തനിൽ ശയിക്കുകയുംചെയ്യുന്നു, ആ ദീനബന്ധുയായ ഭഗവാൻ എനിക്കിപ്പോരം പ്രത്യക്ഷപ്പെട്ടുമാറാകണം.

യസ്യാംഘ്രിപങ്കജമതീന്ദ്രമുനീന്ദ്രവൃന്ദൈ-
രാരാധ്യതേ ഭവദവാനലദാഹശാന്ത്യൈ
സർവ്വാപരാധമവിചിന്ത്യ മമാഖിലാത്മാ
ദൃഗ്ഗോചരോഭവതിമേദ്യസ ദീനബന്ധുഃ

സാ—യാവനൊരുത്തൻെറ പാദപത്മത്തെ മഹർഷീന്ദ്രന്മാർ സംസാരദുഃഖശാന്തിക്കുവേണ്ടി ആരാധിക്കുന്നു, അഖിലാത്മാവും ദീനബന്ധുവുമായ ആ ഭഗവാൻ എൻെറ എല്ലാ അപരാധങ്ങളും മറന്നു എനിക്കിപ്പോരം പ്രത്യക്ഷപ്പെട്ടുമാറാകണം.

യന്നാമകീർത്തനപരശ്ചപചോപി നൂനം
ഹിത്വാഖിലം കലിമലം ഭുവനം പുനാതി
ദഗ്ദ്ധ്വാമമാഘമഖിലം കരുണേക്ഷണേന
ദൃഗ്ഗോചരോ ഭവതിമേദ്യസ ദീനബന്ധുഃ

സാ—യാവനൊരുത്തൻെറ നാമകീൎത്തനത്തിൽ തല്പരനാ യി പറയൻകൂടിയും ലോകത്തെ കലിദോഷം നീക്കി ശുദ്ധിയാക്കുന്നു, ആ ദീനബന്ധുവായ ഭഗവാൻ എൻെറ പാപമെല്ലാം ദഹിപ്പിച്ചു ഇപ്പോൾ എനിക്കു പ്രത്യക്ഷപ്പെട്ടുമാറാകണം.

ഫലശ്രുതി

ദീനബന്ധ്വഷ്ടകം പുണ്യം
ബ്രഹ്മാനന്ദേന ഭാഷിതം
യഃ പഠേത്പ്രയതോ നിത്യം
തസ്യ വിഷ്ണുഃ പ്രസീദതി

സാ—ബ്രഹ്മാനന്ദസ്വാമിയാൽ നിൎമ്മിതവും പുണ്യമയവുമായ ഈ ദീനബന്ധ്വഷ്ടകം ചൊല്ലുന്നവൻ പരിശുദ്ധനാവുകയും അവനു വിഷ്ണുപ്രീതി ലഭിക്കുകയും ചെയ്യും.

ശ്രീഗോവിന്ദാഷ്ടകം.

ചിദാനന്ദാകാരം ശ്രുതിസരസസാരം സമരസം
നിരാധാരാധാരം ഭവജലധിപാരം പരഗുണം
രമാഗ്രീവാഹാരം വ്രജവനവിഹാരം ഹരനതം
സദാ തം ഗോവിന്ദം പരമസുഖകന്ദം ഭജതരേ

സാ — ചിദാനന്ദസ്വരൂപനായി വേദസാരമായി രസപൂൎണ്ണനായി എല്ലാററിനും ആധാരവും തനിക്കൊരാധാരമില്ലാത്തവനുമായി,സംസാരദുഃഖനിവൎത്തകനായി ഉൽകൃഷ്ടഗുണവാനായി ലക്ഷ്മീദേവിയുടെ കണ്ഠാഭരണമായി ആനപ്പാടിയിൽ വിളയാടുന്നവനായി മോക്ഷസുഖകാരണമായ ആ ഗോവിന്ദമൂൎത്തിയെ നിങ്ങൾ എല്ലായ്പോഴും ഭജിക്കുവിൻ!

മഹാംഭോധിസ്ഥാനം സ്ഥിരചരനിദാനം ദിവിജപം
സുധാധാരാപാനം വിഹഗപതിയാനം യമരതം
മനോജ്ഞം സുജ്ഞാനം മുനിജനനിധാനം ധ്രുവപദം
സദാ തം ഗോവിന്ദം പരമസുഖകന്ദം ഭജതരേ.

സാ—പാൽക്കടൽവാസനും ചരാചരങ്ങൾക്കു കാരണഭൂതനും അമൃതം പാനംചെയ്യുന്നവനും ഗരുഡവാഹനനും മുനിജനങ്ങൾക്കു ആശ്രയവാനും നിത്യനും മോക്ഷസുഖനിദാനവുമായ ശ്രീഗോവിന്ദമൂർത്തിയെ നിങ്ങൾ എപ്പോഴും ഭജിക്കുവിൻ!

ധിയാധീരൈർദ്ധ്യേയം ശ്രവണപുടപേയം യതിവരൈ
ർമ്മഹാവാക്യൈർജ്ജ്ഞേയംത്രിഭുവനവിധേയംവിധിപരം
മനോമാനാമേയം സപദി ഹൃദി നേയം നവതനും
സദാ തം ഗോവിന്ദം പരമസുഖകന്ദം ഭജതരേ.

സാ—ജ്ഞാനികളാൽ ധ്യാനിക്കപ്പെടുന്നവനും ചെവികളാൽ ആസ്വദിക്കപ്പെടേണ്ടവനും മഹർഷിമുഖ്യന്മാരാലും വേദമഹാവാക്യങ്ങളാലും അറിയപ്പെടേണ്ടവനും മൂന്നുലോകത്തിനുമധീനനും മനസ്സുകൊണ്ടുപോലും അളക്കാൻപാടില്ലാത്തവനും ഹൃദയവാസിയും മോക്ഷസുഖകാരണനുമായ ശ്രീഗോവിന്ദമൂർത്തിയെ എല്ലാസമയവും നിങ്ങൾ ഭജിക്കുവിൻ!

മഹാമായാജാലം വിമലവനമാലം മലഹരം
സുഫാലം ഗോപാലം നിഹതശിശുപാലം ശശിമുഖം
കലാതീതം കാലം ഗതിഹയമരാളം മുരരിപും
സദാ തം ഗോവിന്ദം പരമസുഖകന്ദം ഭജതരെ.

സാ—മഹാമായാസമൂഹമുള്ളവനും പരിശുദ്ധമായ വനമാല ധരിക്കുന്നവനും പാപനാശകനും നല്ല ഫാലദേശമുള്ളവനും ഗോപാലനും ശിശുപാലസംഹാരിയും ചന്ദ്രമുഖനും കലകൾക്കു അതീതനും കാലസ്വരൂപനും അരയന്നത്തിൽ എഴുന്നള്ളുന്നവനും മുരാ

സുരനാശകനും മോക്ഷസുഖകാരണനുമായ ശ്രീഗോവിന്ദമൂർത്തിയെ നിങ്ങൾ എപ്പോഴും ഭജിക്കുവിൻ!

നഭോബിംബസ്ഫീതം നിഗമഗണഗീതം സമഗതിം
സുരൌഘേ സംപ്രീതം ദിതിജവിപരീതം പുരിശയം
ഗിരാം പന്ഥാതീതം സ്വദിതനവനീതം നയകരം
സദാ തം ഗോവിന്ദം പരമസുഖകന്ദം ഭജതരേ.

സാ—ആകാശംപോലെ ശൂന്യമൂർത്തിയായി വേദങ്ങൾ സ്തുതിക്കുന്നവനായി ബോധമയനായി ദേവസംഘത്തിൽ സന്തോഷവും അസുരസംഘത്തിൽ വിദ്വേഷവുമുള്ളവനായി ശരീരവാസിയായി വാക്കിനു വിഷയമല്ലാത്തവനായി വെണ്ണയാസ്വദിച്ചവനായി ധർമ്മവിധായകനായ ശ്രീഗോവിന്ദമൂർത്തിയെ നിങ്ങൾ എപ്പോഴും സന്തോഷമയവും ഭജിക്കുവിൻ!

പരേശം പത്മേശം ശിവകമലജേശം ശിവകരം
ദ്വിജേശം ദേവേശം തനുകുടിലകേശം കലിഹരം
ഖഗേശം നാഗേശം നിഖിലഭുവനേശം നഗധരം
സദാതം ഗോവിന്ദം പരമസുഖകന്ദം ഭജതരേ.

സാ—പരമാത്മാവായി ലക്ഷ്മീനാഥനായി ശിവബ്രഹ്മാദികൾക്കും അധിപനായി മംഗളകാരിയായി ബ്രാഹ്മണർക്കും ദേവന്മാർക്കും ഈശനായി മിനുത്തതും കുടിലവുമായ കേശമുള്ളവനായി കലിദോഷനാശകനായി ഗരുഡനോടും അനന്തനോടുംകൂടിയവനായി സർവലോകനായകനായി ഗോവർദ്ധനപർവതധാരിയായ ശ്രീഗോവിന്ദമൂർത്തിയെ നിങ്ങൾ എപ്പോഴും ഭജിക്കുവിൻ!

രമാകാന്തം കാന്തം ഭവഭയഭയാന്തം ഭവസുഖം
ദുരാശാന്തം ശാന്തം നിഖിലഹൃദിഭാന്തം ഭുവനപം
വിവാദാന്തം ദാന്തം ദനുജനിചയാന്തം സുചരിതം
സദാ തം ഗോവിന്ദം പരമസുഖകന്ദം ഭജതരേ.

സാ—രമാവല്ലഭനായി പ്രകാശമാനനായി സംസാരഭയ
നാശകനായി സംസാരത്തിലെ സുഖഭാവമായി ആ
ശാരഹിതനായി ശാന്തനായി എല്ലാ ജീവലോകത്തി
ന്റേയും ഹൃദയങ്ങളിൽ ശോഭിക്കുന്നവനായി വാദര
ഹിതനായി ഇന്ദ്രിയങ്ങളടക്കിയവനായി രാക്ഷസ
സംഹാരിയായി സുചരിത്രനായ ശ്രീഗോവിന്ദമൂർത്തി
യെ നിങ്ങൾ എപ്പോഴും ഭജിക്കുവിൻ!

ജഗജ്ജ്യേഷ്ഠം ശ്രേഷ്ഠം സുരപതികനിഷ്ഠം ക്രതുപതിം
ബലിഷ്ഠം ഭൂയിഷ്ഠം ത്രിഭുവനവരിഷ്ഠം വരമഹം
സ്വനിഷ്ഠം ധർമ്മിഷ്ഠം ഗുരുഗുണഗരിഷ്ഠം ഗുരുവരം
സദാ തം ഗോവിന്ദം പരമസുഖകന്ദം ഭജത രേ.

സാ—ലോകത്തിൽ ആദിമനായി ഏററവും പ്രശസ്തനാ
യി ഇന്ദ്രന്റെ അനുജനായി അവതാരമെടുത്തവനാ
യി യാഗനായകനായി ഉത്കൃഷ്ടബലശാലിയായ്യാ
ലോകൈകമുഖ്യനായി വരദായകനായി സ്വാശ്രയ
നിഷ്ഠനായി ധർമ്മോത്തരനായി ഗുണസമൃദ്ധിയുള്ളവ
നായി ജഗത്ഗുരുവായ ശ്രീഗോവിന്ദമൂർത്തിയെ നി
ങ്ങൾ എപ്പോഴും ഭജിക്കുവിൻ

ഫലശ്രുതി

ഗദാപാണേഃ സ്തോത്രം ദുരിതദലനം ദുഃഖശമനം
വിശുദ്ധാത്മാ സ്തോത്രം പഠതി മനുജോ യസ്തു സതതം
സ ഭുക്ത്വാ ഭോഗൌഘം ചിരമിഹ തതോഽപാസ്തവൃജിനോ
വരം വിഷ്ണോഃ സ്ഥാനം വ്രജതി ഖലു വൈകുണ്ഠഭവനം.

സാ—ദുരിതനാശകവും ദുഃഖശമനവുമായ ഈ വിഷ്ണുസ്തോ
ത്രം വിശുദ്ധമനസ്സനായി ചൊല്ലുന്ന മനുഷ്യൻ വളു
രെക്കാലം സുഖങ്ങളനുഭവിച്ചുശേഷം പാപമൊഴി
ഞ്ഞതും ഉത്കൃഷ്ടവുമായ വിഷ്ണുസ്ഥാനമാകുന്ന
വൈകുണ്ഠലോകത്തെ നിശ്ചയമായും പ്രാപിക്കും.

ശിവസ്തോത്രം.

(ശിവമാനസപൂജ)

രത്നൈഃ കല്പിതമാസനം ഹിമജലൈഃ
സ്നാനം ച ദിവ്യാംബരം
നാനാരത്നവിഭൂഷിതം മൃഗമദാ-
മോദാങ്കിതം ചന്ദനം
ജാതീ ചമ്പക ബില്വപത്ര രചിതം
പുഷ്പം ച ധൂപം തഥാ
ദീപം ദേവദയാനിധേ, പശുപതേ
ഹൃത്കല്പിതം ഗൃഹ്യതാം.

സാ—അല്ലയോ പശുപതേ, മഞ്ഞുവെള്ളത്തിൽ കുളിച്ചു ദിവ്യവസ്ത്രം ചാർത്തി നാനാരത്നാലങ്കൃതമായ രത്നപീഠവും കസ്തൂരിക്കൂട്ടിച്ചേർത്ത് ചന്ദനവും, പിച്ചകപ്പൂവും കൂവളത്തിലയും സാമ്പ്രാണിയും ദീപവും എന്നിങ്ങനെ മനസ്സുകൊണ്ടു സംകല്പിച്ചിട്ടുള്ളവയെ; അവിടുന്നു സ്വീകരിച്ചാലും.

സൗവർണ്ണേ നവരത്നഖണ്ഡരചിതേ
പാത്രേ ഘൃതം പായസം
ഭക്ഷ്യം പഞ്ചവിധം പയോദധിയുതം
രംഭാഫലം പാനകം,
ശാകാനാമയുതം ജലം രുചികരം
കർപ്പൂരഖണ്ഡോജ്ജ്വലം
താംബൂലം മനസാ മയാ വിരചിതം
ഭക്ത്യാ പ്രഭോ സ്വീകുരു.

സാ.—രത്നം പതിച്ച സ്വർണ്ണപാത്രത്തിൽ, പായസവും അഞ്ചുവിധമുള്ള ഭക്ഷ്യവസ്തുവും പാലും തൈരും പഴവും പാനകരസവും അസംഖ്യസസ്യങ്ങളും രുചി

കരമായ ജലവും എടുത്തു കർപ്പൂരദീപത്തോടുകൂടി താംബൂലവും എൻെറ മനോനിർമ്മിതമായി വയ്ക്കുന്നു—ഇതെല്ലാം സങ്കല്പിക്കുന്നു—ഇതിനെ അവിടുന്നു ദയവായി കൈക്കൊണ്ടാലും.

ഛത്രം ചാമരയോർയ്യുഗം വ്യജനകം
ചാദർശകം നിർമ്മലം
വീണാഭേരിമൃദംഗകാഹളകലാ-
ഗീതം ച നൃത്യം തഥാ
സാഷ്ടാംഗപ്രണതിസ്തുതിർബ്ബഹുവിധാ-
ഹ്യേതത് സമസ്തം മയാ
സങ്കല്പേന സമർപ്പിതം തവ വിഭോ
പൂജാം ഗൃഹാണ പ്രഭോ.

സാ—കുട, വെൺചാമരങ്ങൾ, വിശറി, പരിശുദ്ധമായ കണ്ണാടി, വീണ പറ മൃദംഗം കുഴൽ ഇവയോടുകൂടിയ പാട്ട്, അപ്രകാരം നൃത്യം, അതേവിധമുള്ള സ്തുതി, സാഷ്ടാംഗനമസ്കാരം ഇവയെല്ലാം ഞാൻ അങ്ങേയ്ക്കു സങ്കല്പരൂപമായി സമർപ്പിക്കുന്നു. അങ്ങ് ഈ പൂജയെ സ്വീകരിച്ചാലും.

ആത്മാ ത്വം ഗിരിജാ മതിഃ സഹചരാഃ
പ്രാണാശ്ശരീരം ഗൃഹം
പൂജാ തേ വിഷയോപഭോഗരചനാ-
നിദ്രാസമാധിസ്ഥിതിഃ
സഞ്ചാരഃ പദയോഃ പ്രദക്ഷിണവിധിഃ
സ്തോത്രാണി സർവാ ഗിരോ
യദ്യത് കർമ്മ കരോമി തത്തദഖിലം
ശംഭോ തവാരാധനം.

സാ—അങ്ങു ആത്മാവും പാർവ്വതി ബുദ്ധിയും, അങ്ങയുടെ സഹചരന്മാർ പ്രാണവായുക്കളും ഗൃഹം ശരീരവും വിഷയസുഖാനുഭവങ്ങൾ പൂജയും സഞ്ചാരം പ്രദ

ക്ഷിണകർമ്മവും സ്തോത്രങ്ങൾ വാക്കുകളും എന്നു വേണ്ട ഞാൻ ചെയ്യുന്ന കർമ്മങ്ങളെല്ലാം അല്ലയോ ശംഭോ അവിടുത്തെ ആരാധനമാകുന്നു.

കരചരണകൃതം വാ കായജം കർമ്മജം വാ
ശ്രവണനയനജംവാ മാനസം വാപരാധം
വിഹിതമവിഹിതം വാ സർവ്വമേതത് ക്ഷമസ്വ
ജയജയ കരുണാബ്ധേ ശ്രീമഹാദേവശംഭോ.

സാ—കൈകൊണ്ടോ കാലുകൊണ്ടോ വാക്കുകൊണ്ടോ കർമ്മംകൊണ്ടോ കാതുകൊണ്ടോ കണ്ണുകൊണ്ടോ മനസ്സുകൊണ്ടോ ഞാൻ ചെയ്തിട്ടുള്ള വിഹിതാവിഹിതങ്ങളായ എല്ലാ അപരാധങ്ങളും കരുണാനിധിയായ പരമേശ്വര! അവിടുന്നു പൊറുത്തരുളുമാറാകേണമേ, അങ്ങു സർവ്വോത്കർഷേണ വർത്തിച്ചാലും.

ശിവഭുജംഗപ്രയാതസ്തോത്രം.

ഗളദ്ദാനഗണ്ഡം മിളദ്ഭൃംഗഷണ്ഡം
ചലച്ചാരുശുണ്ഡം ജഗത്ത്രാണശൌണ്ഡം
ലസദ്ദന്തകാണ്ഡം വിപദ്ഭംഗചണ്ഡം
ശിവപ്രേമപിണ്ഡം ഭജേ വക്രതുണ്ഡം.

സാ—മദജലമൊലിക്കുന്ന കവിൾത്തടങ്ങളോടും മേളിക്കുന്ന വണ്ടിൻസമൂഹത്തോടും ഇളകുന്ന തുമ്പിക്കൈയോടും ശോഭിക്കുന്ന കൊമ്പുകളോടുംകൂടി ലോകരക്ഷണസമർത്ഥനായി വിപന്നാശകനായി ശിവന്റെ സ്നേഹം മൂർത്തീകരിച്ചുവനായ ഗണപതിയെ ഞാൻ ഭജിക്കുന്നു.

അനാദ്യന്തമാദ്യം പരം തത്ത്വമർത്ഥം
ചിദാകാരമേകം തുരീയം ത്വമേയം
ഹരിബ്രഹ്മമൃഗ്യം പരബ്രഹ്മരൂപം
മനോവാഗതീതം മഹഃശൈവമീഡേ.

സാ—ആദിയിലുള്ളതും ആദിയുമന്തവുമില്ലാത്തതും ചിദാനന്ദമായവും തത്ത്വപൂർണ്ണവും, ശുദ്ധസ്വരൂപവും അളക്കാൻ പാടില്ലാത്തതും വിഷ്ണുവും ബ്രഹ്മാവും അന്വേഷിക്കന്നതും പരബ്രഹ്മവസ്തുവും മനസ്സിനും വാക്കിനും അപ്പുറമിരിക്കന്നതുമായ ശിവതേജസ്സിനെ ഞാൻ സ്തുതിക്കന്നു.

സ്വശക്ത്യാദി ശക്ത്യന്ത സിംഹാസനസ്ഥം
മനോഹാരി സർവ്വാംഗരത്നാവിഭൂഷം
ജടാഹീന്ദുഗംഗാസ്ഥി ശശ്യൿമൌലിം
പരം ശക്തിമിത്രം നമഃ പഞ്ചവക്ത്രം.

സാ—സ്വശക്തിതുടങ്ങിയുള്ള സർവ്വശക്തികളുടെയും പരമാവധിയാകുന്ന സിംഹാസനത്തിലിരിക്കന്നവനായി മനസ്സിനെ അപഹരിക്കന്നവിധം സർവ്വാംഗരത്നാലങ്കൃതനായി ജടയും സർപ്പവും ചന്ദ്രനും ഗംഗയും അസ്ഥിയും സൂര്യനും ശിരസ്സിൽ ധരിക്കന്നവനായി ശക്തിയുടെമിത്രമായ പഞ്ചവക്ത്രനെ—ശിവനെ—ഞാൻ നമസ്കരിക്കന്നു.

പ്രവാളപ്രവാഹപ്രഭാശോണമർദ്ധം
മരുത്വന്മണിശ്രീമഹഃശ്യാമമർദ്ധം
ഗുണസ്യൂതമേകം വപുശ്ചൈകമന്തഃ
സ്മരാമി സ്മരാപത്തിസമ്പത്തിഹേതും.

സാ—പകതി പവിഴപ്രഭപോലെ ചുമന്നതും, പകതി ഇന്ദ്രനീലമണിയുടെ കാന്തിപോലെ ശ്യാമവും കാമദേവന്റെ നാശത്തിനും സംഭവത്തിനും കാരണമായ

ത്തും ഗുണസമ്പൂൎണ്ണവും ഏകമാത്രവുമായ ശിവശരീരത്തെ ഞാൻ മനസ്സിൽ സ്മരിക്കുന്നു.

സ്വസേവാസമായാത ദേവാസുരേന്ദ്രാ
നമന്മൗലിമന്ദാരമാലാഭിഷിക്തം
നമസ്യാമി ശംഭോ പദാംഭോരുഹം തേ
ഭവാംഭോധിപോതം ഭവാനീവിഭാവ്യം

സാ—തന്റെ സേവയ്ക്കായി വന്നുചേരുന്ന ദേവാസുരപ്രമുഖന്മാരുടെ കുനിക്കുന്ന ശിരസ്സുകളിലുള്ള കല്പകപ്പൂമാലകൊണ്ട് അലംകൃതവും സംസാരസമുദ്രത്തിന്നു തോണിയും പാൎവ്വതിയാൽ സ്മരിക്കപ്പെടുന്നതുമായ ശിവപാദാരവിന്ദങ്ങളെ ഞാൻ നമസ്കരിക്കുന്നു.

ജഗന്നാഥമന്നാഥ ഗൗരീസനാഥ
പ്രപന്നാനുകമ്പിൻ വിപന്നാൎത്തിഹാരിൻ
മഹഃസ്തോമമൂൎത്തേ സമസ്തൈകബന്ധോ
നമസ്തേ നമസ്തേ പുനസ്തേ നമോസ്തു.

സാ—ജഗദീശ്വരാ, എന്റെ നാഥ, പാൎവ്വതീവല്ലഭ, ആശ്രിതവത്സല, ആപദ്ദുഃഖനിവൎത്തക, തേജോമൂൎത്തേ എല്ലാവൎക്കും ഏകബന്ധുവായുള്ളോവേ അങ്ങേക്കു പിന്നെയും പിന്നെയും എന്റെ നമസ്കാരം ഭവിക്കട്ടെ!

മഹാദേവ ദേവേശ ദേവാദിദേവ
സ്മരാരേ പുരാരേ യമാരേ ഹരേതി
ബ്രുവാണഃ സ്മരിഷ്യാമി ഭക്ത്യാ ഭവന്തം
തതോ മേ ദയാശീല ദേവപ്രസീദ!

സാ—മഹാദേവ, ദേവേശ, ദേവാദിദേവ, കാമശത്രോ, ത്രിപുരശത്രോ, യമശത്രോ, ഹരേ എന്നിങ്ങനെ ഭക്തിപൂൎവ്വം പറഞ്ഞുകൊണ്ടു ഞാൻ അങ്ങയെ സ്മരിക്കുന്നു. അതുകൊണ്ടു ദയാനിധേ, അവിടുന്നു പ്രസാദിച്ചാലും.

ത്വദന്യഃ ശരണ്യഃ പ്രപന്നസ്യ നേതി
പ്രസീദ സ്മരന്നേവ ഹന്യാസ്തു ദൈന്യം
ന ചേത്തേ ഭവേത് ഭക്തവാത്സല്യഹാനി
സ്തതോ മേ ദയാലോ ദയാം സന്നിധേഹി.

സാ—ആശ്രയം തേടുന്നവന് അവിടുന്നല്ലാതെ മററാരും രക്ഷയില്ല, എന്നെപ്പററി അങ്ങ ഓൎക്കുകയും പ്രസാദിക്കുകയും ചെയ്യേണമേ, എൻെറ ദീനത ശമിപ്പിക്കുകയും വേണം. ഭക്തന്മാരെ സംബന്ധിച്ചു വാത്സല്യക്കുറവു അവിടുത്തേയ്ക്കില്ലെങ്കിൽ എൻെറ നേൎക്ക് കരുണ ചൊരിയുമാറാകേണമെ.

അയം ദാനകാലസ്ത്വഹം ദാനപാത്രം
ഭവാൻ നാഥ ദാതാ ത്വദന്യം ന യാചേ
ഭവത് ഭക്തിമേവ സ്ഥിരാം ദേഹി മഹ്യം
കൃപാശീല ശംഭോ കൃതാൎത്ഥോസ്മി തസ്മാത്

സാ—ഇതു ദാനകാലവും ഞാൻ ദാനപാത്രവും അങ്ങു ദാതാവുമാകുന്നു; അല്ലയോ നാഥ! ഞാൻ മററാരോടും യാചിയ്ക്കുന്നില്ല; ശംഭോ! അവിടുത്തെപ്പേരിൽ ഉറച്ച ഭക്തി എനിക്കുണ്ടാകുന്നതിന് കടാക്ഷിക്കേണമേ, തന്മൂലം ഞാൻ കൃതകൃത്യനായിത്തീരുന്നതാണ്.

പശും വേത്സി ചേന്മാം തമേവാധിരൂഢം
കളങ്കീതി വാ മൂൎദ്ധ്നി ധത്സേ തമേവ
ദ്വിജിഹ്വഃ പുനഃ സോപി തേ കണ്ഠഭൂഷാ
ത്വദംഗീകൃതാഃ ശൎവ്വ സൎവ്വേപി ധന്യാഃ

സാ—അല്ലയോ പരമേശ്വരാ അങ്ങയെ ശരണം പ്രാപിച്ചിരിക്കുന്ന എന്നെ അവിടുന്നു അജ്ഞനാണെന്നു അറിയുന്നുണ്ടെങ്കിൽ കളങ്കമുള്ള ചന്ദ്രനെ ശിരസ്സിലും ദ്വിജിഹ്വ (നുണയൻ—ഇരുനാക്കുള്ള സൎപ്പമെ

സർപ്പത്തെ കഴുത്തിലും ധരിക്കുന്നുണ്ടല്ലോ, സർവവും അവിടുന്ന് അംഗീകരിച്ചാൽ ധന്യങ്ങളാവുകതന്നെ ചെയ്യും.

ന ശക്നോമി കർത്തും പരദ്രോഹലേശം
കഥം പ്രീയസേ ത്വം ന ജാനേ ഗിരീശ
തദാ കിം പ്രസന്നോസി കസ്യാപി കാന്താ
സുതദ്രോഹിണോ വാ പിതൃദ്രോഹിണോ വാ

സാ—അല്പമാത്രമായും പരദ്രോഹം ചെയ്വാൻ ഞാൻ ശക്തനല്ല, ഹേ, പരമേശ്വരാ! അവിടുന്ന് എങ്ങനെ സന്തോഷിക്കുമെന്നും എനിക്കറിഞ്ഞുകൂടാ. എന്നു വരുമ്പോൾ ഭാര്യാപുത്രദ്രോഹിയോ പിതൃദ്രോഹിയോ ആയ ഒരുത്തനു അങ്ങു പ്രസന്നനായിത്തീരുമൊ?

അകണ്ഠേ കളങ്കാദനംഗേ ഭുജംഗാ-
ദപാണൌ കപാലാദഫാലേനലാക്ഷാത്
അമൌലൌ ശശാങ്കാദവാമേ കളത്രാ-
ദഹം ദേവമന്യം ന മന്യേ ന മന്യേ.

സാ—കഴുത്തിൽ കറുപ്പും ശരീരത്തിൽ സർപ്പങ്ങളും കയ്യിൽ തലയോട്ടും നെററിയിൽ തീകണ്ണും ശിരസ്സിൽ ചന്ദ്രനും ഇടത്തുവശം കളത്രവുമില്ലാത്ത അന്യദേവനെ ഞാൻ ഒട്ടും വിചാരിക്കുന്നില്ല.

ശിവഷഡക്ഷരസ്തോത്രം

ഓങ്കാരം ബിന്ദുസംയുക്തം
നിത്യം ധ്യായന്തി യോഗിനഃ
കാമദം മോക്ഷദം ചൈവ
ഓങ്കാരായ നമോനമഃ

സാ— നിത്യവും അഭീഷ്ടദവും മോക്ഷദായകവുമായ ഓംകാരത്തെ യോഗികൾ ബിന്ദുയുക്തമായി ധ്യാനിക്കുന്നു, ആ ഓംകാരത്തിനായിക്കൊണ്ടു വീണ്ടുംവീണ്ടും നമസ്കാരം.

നമന്തി ഋഷയോ ദേവാ
നമന്ത്യപ്സരസാംഗണാഃ
നരാ നമന്തി ദേവേശം
നകാരായ നമോനമഃ

സാ—മഹർഷികളും ദേവന്മാരും അപ്സരസ്സമൂഹവും മനുഷ്യരും യാതൊരു ദേവനെ നമസ്കരിക്കുന്നു, ആ നകാരത്തിനായിക്കൊണ്ടു നമസ്കാരം.

മഹാദേവം മഹാത്മാനം
മഹാധ്യാനപരായണം
മഹാപാപഹരംദേവം
മകാരായ നമോനമഃ

സാ— മഹാദേവനായി മഹാത്മാവായി, മഹാധ്യാനപരായണനായി മഹാപാപഹരനായ യാതൊരു ദേവനെ മഹർഷിമാർ മുതലായവർ നമസ്കരിക്കുന്നു, ആ മകാരത്തിനായിക്കൊണ്ടു നമസ്കാരം.

ശിവം ശാന്തം ജഗന്നാഥം
ലോകാനുഗ്രഹകാരകം
ശിവമേകപദം നിത്യം
ശികാരായ നമോനമഃ

സാ—ശിവനും ശാന്തനും ലോകനാഥനും മംഗളവാനും ശാശ്വതനും ലോകാനുഗ്രഹപ്രദായകനുമായ യാവ നൊരുത്തനെ മഹർഷിമുതലായവർ നമസ്കരിക്കുന്നു, ആ ശികാരത്തിനായിക്കൊണ്ടു നമസ്കാരം.

വാമനം വൃഷഭോ യസ്യ
വാസുകിഃ കണ്ഠഭൂഷണം
വാമേ ശക്തിധരംദേവം
വകാരായ നമോനമഃ

സാ—യാവനൊരുത്തനു വാഹനം കാളയും വാസുകി കണ്ഠാ ഭരണവും ഇടതുഭാഗത്തു പാർവതീദേവിയും ഭവിക്കു ന്നു, ആ വകാരത്തിനായിക്കൊണ്ടു നമസ്കാരം.

യത്രയത്രസ്ഥിതോദേവഃ
സർവ്വവ്യാപിമഹേശ്വരഃ
യോ ഗുരുസ്സർവദേവാനാം
യകാരായ നമോനമഃ

സാ—സർവവ്യാപിയായി മഹേശ്വരനായി ദേവന്മാൎക്കു ഗുരുവായി എവിടെയും സ്ഥിതിചെയ്യുന്നവനായി യാതൊരുത്തൻ ഭവിക്കുന്നു, ആ യകാരാദിയായ ദേ വനായിക്കൊണ്ടു നമസ്കാരം.

ഫലശ്രുതി

ഷഡക്ഷരമിദം സ്തോത്രം
യഃ പഠേച്ഛിവസന്നിധൌ
ശിവലോകമവാപ്നോതി
ശിവേനസഹ മോദതേ.

സാ—ഈ ഷഡക്ഷരസ്തോത്രം ശിവസന്നിധിയിൽവച്ചു ചൊല്ലുന്നവൻ ശിവലോകത്തിലെത്തുകയും ശിവ നോടുകൂടി സുഖിക്കുകയും ചെയ്യും.

ശിവപഞ്ചാക്ഷരസ്തോത്രം.

നാഗേന്ദ്രഹാരായ ത്രിലോചനായ
ഭസ്മാംഗരാഗായ മഹേശ്വരായ
നിത്യായ ശുദ്ധായ ദിഗംബരായ
തസ്മൈ നകാരായ നമശ്ശിവായ

സാ—സർപ്പഭൂഷണനായി മുക്കണ്ണനായി ഭസ്മക്കുറിക്കൂട്ടണിഞ്ഞവനായി നിത്യനായി ശുദ്ധനായി ദിക്കുകൾതന്നെ വസ്ത്രമായുള്ളവനായി മഹേശ്വരനായി ശിവനായ ആ നകാരത്തിനായിക്കൊണ്ടു നമസ്കാരം.

മന്ദാകിനീസലിലചന്ദനചർച്ചിതായ
നന്ദീശ്വരപ്രമഥനാഥമഹേശ്വരായ
മന്ദാരപുഷ്പബഹുപുഷ്പസുപൂജിതായ
തസ്മൈ മകാരകലിതായ നമശ്ശിവായ

സാ—ഗംഗാജലചന്ദനംകൊണ്ടു വ്യാപ്തനായി നന്ദീശ്വരനായി പ്രമഥനാഥനോടുകൂടിയ മഹേശ്വരനായി കല്ലുകപ്പൂക്കൾതുടങ്ങിയ വളരെ പുഷ്പങ്ങൾകൊണ്ടു പൂജിക്കപ്പെട്ടവനായി ശിവനായ ആ മകാരത്തിനായിക്കൊണ്ടു നമസ്കാരം.

ശിവായ ഗൌരീവദനാരവിന്ദ
സൂര്യായ ദക്ഷാദ്ധ്വരനാശകായ
ശ്രീനീലകണ്ഠായ വൃഷദ്ധ്വജായ
തസ്മൈ ശികാരായ നമശ്ശിവായ

സാ—മംഗളവാനായി പാർവ്വതിയുടെ മുഖാരവിന്ദത്തിന്ന സൂര്യനായി ദക്ഷയാഗധ്വംസകനായി കാളവാഹനനായി നീലകണ്ഠനായി ശിവനായ ആ ശികാരത്തിനായിക്കൊണ്ടു നമസ്കാരം.

വസിഷ്ഠകുംഭോത്ഭവഗൌതമാദി-
മുനീന്ദ്രദേവാൎച്ചിതശേഖരായ
ചന്ദ്രാൎക്കവൈശ്വാനരലോചനായ
തസ്മൈ വകാരായ നമശ്ശിവായ

സാ—വസിഷ്ഠൻ അഗസ്ത്യൻ ഗൌതമൻ തുടങ്ങിയ മുനീന്ദ്രന്മാരാലും ദേവന്മാരാലും പൂജിക്കപ്പെട്ടവനായി ചന്ദ്രൻ സൂൎയ്യൻ അഗ്നി ഇവ കണ്ണുകളായുള്ളവനായി ശിവനായ ആ വകാരത്തിനായിക്കൊണ്ടു നമസ്കാരം.

യക്ഷസ്വരൂപായ ജടാധരായ
പിനാകഹസ്തായ സനാതനായ
ദിവ്യായ ദേവായ ദിഗംബരായ
തസ്മൈ യകാരായ നമശ്ശിവായ

സാ—യക്ഷരൂപനായി ജടാധാരിയായി പിനാകപാണിയായി നിത്യനായി ദിഗംബരനായി ദിവ്യനായി ശിവനായ ആ, യകാരത്തിനായിക്കൊണ്ടു നമസ്കാരം.

ഫലശ്രുതി

പഞ്ചാക്ഷരമിദം പുണ്യം
യഃ പഠേച്ഛിവസന്നിധൌ
ശിവലോകമവാപ്നോതി
ശിവേനസഹ മോദതേ.

സാ—പുണ്യകരമായ ഈ പഞ്ചാക്ഷരസ്തോത്രം ശിവന്റെ സന്നിധിയിൽവച്ചു ചൊല്ലുന്നവൻ ശിവലോകം പ്രാപിക്കുകയും ശിവനുമായി നിത്യസുഖമനുഭവിക്കുകയും ചെയ്യും.

ഉപമന്യുകൃതശിവസ്തോത്രം

ജയശങ്കര പാവ്വതീപതേ
മൃഡ ശംഭോ ശശിഖണ്ഡമണ്ഡന
മദനാന്തക ഭക്തവത്സല-
പ്രിയ കൈലാസ ദയാസുധാംബുധേ.

സാ—പാവ്വതീവല്ലഭ, സുഖദായക, മൃഡ, ശംഭൊ, ചന്ദ്രശേഖര, കാമനാശക, ഭക്തവത്സല, കൈലാസപ്രിയ, ദയാസമുദ്രമെ അവിടുന്നു സവ്വോത്‌കർഷേണ വത്തിച്ചാലും.

സദുപായകഥാ സ്വപണ്ഡിതോ
ഹൃദയേ ദുഃഖശരേണഖണ്ഡിതഃ
ശശിഖണ്ഡശിഖണ്ഡമണ്ഡനം
ശരണം യാമി ശരണ്യമീശ്വരം.

സാ—മോക്ഷോപായമായ കഥകളൊന്നും അറിഞ്ഞുകൂടാത്തവനും ദുഃഖംനിമിത്തം വ്രണിതമനസ്‌കനുമായ ഞാൻ, ചന്ദ്രക്കലയെ ശിരസ്സിലണിഞ്ഞിരിക്കുന്നവനും പരമാവലംബവുമായ ഈശ്വരനെ അഭയം പ്രാപിക്കുന്നു.

മഹതഃ പരിതഃ പ്രസപ്പത-
സ്തമസോ ദശനഭേദിനോ ദിഭേ
ദിനനാഥ ഇവ സ്വതേജസാ
ഹൃദയവ്യോമ്‌നിമനാഗുദേഹിനഃ

സാ—ശക്തിമത്തായി ചുററും വ്യാപിയ്ക്കുന്നതും കാഴ്ചയെ നശിപ്പിക്കുന്നതുമായ തമസ്സിൻെറ—അജ്ഞാനത്തിൻെറ—നാശത്തിനായി, അങ്ങ് സൂര്യൻ എന്നപോലെ തേജസ്സോടുകൂടി ഞങ്ങളുടെ ഹൃദയാകാശത്തിൽ ഉദിച്ചാലും.

ന വയം തവ ചർമ്മചക്ഷുഷാ
പദവീമപ്യുപവീക്ഷിതും ക്ഷമാഃ
കൃപയാഭയദേന ചക്ഷുഷാ
സകലേനേശവിലോകയാശുനഃ

സാ—കേവലം മാംസദൃഷ്ടികൾകൊണ്ടു് അങ്ങയുടെ സ്ഥാനം കണ്ടറിയുവാൻ ഞങ്ങൾ ശക്തന്മാരല്ല; അതുകൊണ്ടു് അവിടുന്നു് അഭയപ്രദമായി കൃപാസമ്പൂർണ്ണമായ കണ്ണുകൊണ്ടു ഞങ്ങളെ കടാക്ഷിച്ചാലും.

ത്വദനുസ്മൃതിരേവ പാവനീ
സ്മൃതിയുക്താ നഹി വക്തുമീശസാ
മധുരം ഹി പയഃ സ്വഭാവതോ
നനുകീദൃക് സിതശർക്കരാന്വിതം.

സാ—ഭോ, പരമേശ്വര! അവിടത്തെപ്പറ്റിയുള്ള സ്മരണതന്നെയും പരമപവിത്രമാകുന്നു അതു ധർമ്മശാസ്ത്രയുക്തമാണെങ്കിൽ പിന്നെ പറയാനുമില്ല. പാലു സ്വയമേ മധുരമാണല്ലോ; അതു പഞ്ചസാരയും ശർക്കരയുംകൂടി ചേർന്നാൽ എങ്ങനെയിരിക്കും? അപ്രകാരമെന്നു സാരം.

സ വിഷോപ്യമൃതായതേ ഭവാൻ
ശവമുണ്ഡാഭരണോപി പാവനഃ
ഭവയേവഭവാന്തകഃ സതാം
സമദൃഷ്ടിർവിഷമേക്ഷണോപിസൻ.

സാ—അല്ലയോ പരമശിവ! അങ്ങു വിഷമുള്ളവനാണെങ്കിലും അമൃതായമാനനും, ശവശിരസ്സുകളണിയുന്നവനെങ്കിലും പരമശുദ്ധനുമാകുന്നു. മാത്രമല്ല സജ്ജനങ്ങൾക്കു സംസാരദുഃഖം കെടുത്തുന്നതും ഭവാനായ അവിടുന്നുതന്നെ. അപ്രകാരം വിഷമദൃഷ്ടിയാണെങ്കിലും അങ്ങു സമദൃഷ്ടിയുംകൂടിയാകുന്നു.

അപി ശൂലധരോ നിരാമയോ
ദൃഢവൈരാഗ്യരതോപി രാഗവാൻ
അപി ഭൈക്ഷചരോ മഹേശ്വര-
ശ്ചരിതം ചിത്രമിദം ഹി തേ പ്രഭോ.

സാ—അങ്ങു ശൂലധാരിയാണെങ്കിലും നിരാമയനും സ്ഥി രവിരാഗിയാണെങ്കിലും രാഗവാനും ഭിക്ഷാവൃത്തി യാണെങ്കിലും സകലജഗത്‌പ്രഭുവുമാകുന്നു. ഭൊ, നാഥ! അങ്ങെയുടെ ഏവംവിധമായ ചരിത്രം അത്ഭു തകരമായിരിക്കുന്നു.

വിതരത്യഭിവാഞ്ഛിതം ദൃശാ-
പരിദൃഷ്ടഃ കില കല്പപാദപഃ
ഹൃദയേ സ്മൃത ഏവ ധീമതേ
നമതേഽഭീഷ്ടഫലപ്രദോ ഭവാൻ.

സാ—കണ്ണുകൊണ്ടു കണ്ടുകഴിഞ്ഞാൽ അവിടുന്നു കൽപ്പക വൃക്ഷമെന്നപോലെ എല്ലാ അഭീഷ്ടങ്ങളും കൊടുക്കു ന്നു. സജ്ജനങ്ങളാൽ ഹൃദയത്തിൽ സ്മരിക്കപ്പെട്ട മ്പോൾതന്നെ അവിടുന്ന് അവരുടെ ആഗ്രഹങ്ങ ളെല്ലാം സാധിച്ചുകൊടുക്കുന്നു.

സഹസൈവ ഭുജംഗപാശവാൻ
വിനിഗൃഹ്ണാതി ന യാവദന്തകഃ
അഭയം കുരു താവദാശു മേ
ഗതജീവസ്യ പുനഃ കിമൌഷധൈഃ

സാ—സർപ്പപാശവുമായി കാലൻ എന്നെ പിടിക്കുന്ന തുവരെ അവിടുന്ന് എനിക്ക് അഭയം തന്നരുളേ ണമെ. മരിച്ചവനു പിന്നെ ഔഷധങ്ങൾകൊണ്ടു എന്തു പ്രയോജനം? (മരണംവരെ രക്ഷിക്കണമെ ന്നു സാരം)

സവിഷൈരിവ ഭീമപന്നഗൈ-
ർവ്വിഷയൈരേഭിരലംപരീക്ഷതം
അമൃതൈരിവ സംഭ്രമേണമാ-
മഭിഷിഞ്ചാശു ദയാവലോകനൈഃ

സാ—വിഷമേറിയ ഭയങ്കരസപ്പ്ങ്ങൾപോലെയുള്ള ഈ വിഷയങ്ങൾമുഖാന്തിരമായ പരീക്ഷണം മതിയാക്കിയാലും. അമൃതായിതങ്ങളായ അവിടുത്തെ കൃപാകടാക്ഷങ്ങൾകൊണ്ടു വിഷമിക്കുന്ന എന്നെ അനുഗ്രഹിച്ചാലും.

മുനിയോർ ബഹവോവാപ്യ ധന്യതാം
ഗമിതാ സ്വാഭിമതാൎത്ഥദശിനഃ
കരുണാകര, യേനകേന മാ-
മവസന്തം തനു പശ്യ ചക്ഷുഷാ.

സാ—മുനിമാർ പലരും അവരവക്കിഷ്ടമായ രൂപത്തിൽ അങ്ങയെകണ്ടിട്ട് ഇന്നു ചരിതാൎത്ഥന്മാരായിരിക്കുന്നു. അല്ലയോ ദയാനിധേ! അവിട്ടുന്ന് ഏതെങ്കിലുമൊരു കണ്ണുകൊണ്ടിട്ട് അവശനായ എന്നെ നോക്കിയാലും.

പ്രണമാമ്യഥ യാമി ചാപരം
ശരണം കം കൃപണാഭയപ്രദം
വിരഹീവ വിഭോ പ്രിയാമയം
പരിപശ്യാമി ഭവന്മയം ജഗത്.

സാ—മാത്രമല്ല, ഞാൻ, അന്യനായ ആരെ നമസ്കരിക്കുന്നു. ദീനരക്ഷകനായ ആരെ അന്യമായി ശരണം പ്രാപിക്കുകയും ചെയ്യുന്നു. (നമസ്കരിക്കുന്നതും ശരണംഗമിക്കുന്നതും അങ്ങയെ മാത്രമാണെന്നു സാരം.) വിരഹി—ഭാൎയ്യാവിരഹിതൻ—പ്രിയാമയമായി ലോകത്തെ കാണുന്നതുപോലെ ഞാൻ, ലോകത്തെ മുഴുവൻ ഭവന്മയമായി കാണുന്നു.

ബഹവോ ഭവതാനുകമ്പിതാഃ
കിമിതീശാനനമാനുകമ്പസേ
ധൃതോ കിമു മന്ദരാചലം
പരമാണുഃ കമഠേന ദുർദ്ധരഃ.

സാ—പരമേശ്വര, അസംഖ്യംപേർ അവിടുത്തെ അനുകമ്പയ്ക്കു വിഷയീഭവിച്ചിട്ടുണ്ടു്. എന്നാൽ എന്റെ പേരിൽ അങ്ങേയ്ക്കു് അനുകമ്പയുണ്ടാകാത്തതെന്തുകൊണ്ടാണു്. മന്ദരാചലം പൊക്കിയ ആദികൂർമ്മത്തിനു പരമാണുവെടുക്കുക പ്രയാസമെന്നുവരുമോ?

കുത്രശം വിദധാമി കിം കരോ-
മ്യനുതിഷ്ഠാമി കഥം ഭയാകുലഃ
ക്വനുതിഷ്ഠസി രക്ഷ രക്ഷ മാ-
മയി ശംഭോ ശരണാഗതോസ്മി തേ.

സാ—ഞാൻ എവിടെ നോക്കും; എന്തുചെയ്യും; ഭയപരവശനായിട്ടു് എങ്ങനെ ഉറച്ചിരിക്കും. അല്ലയോ ശംഭോ, അവിടുന്നു് എവിടെ ഇരിക്കുന്നു. ഞാൻ അങ്ങേയുടെ ആശ്രിതനാണു്. എന്നെ രക്ഷിക്കേണമേ! രക്ഷിക്കേണമേ!

വിലുഠാമ്യവനൗ കിമാകുലഃ
കിമുരോഹന്മി ശിരശ്ഛിനത്മി വാ
കിമു രോദിമി രാരടീമി കിം
കൃപണം മാം യദി വീക്ഷസേ പ്രഭോ.

സാ—ദീനനായ എന്നെ അവിടുന്നു നോക്കുന്നില്ലെങ്കിൽ ഞാൻ എന്തുചെയ്യണം! പ്രഭോ, ഭൂമിയിൽ കിടന്നുരുളണമോ, നെഞ്ഞത്തടിക്കണമോ, ശിരസ്സു പറിക്കണമോ, കരയണമോ, ഉറക്കെ നിലവിളിക്കണമോ.

ശിവ സർവ്വഗ ശർവ്വ ശർമ്മദം
പ്രണതോ ദേവ ദയാംകുരുഷ്വമേ
നമഃ ഈശ്വര നാഥ ദിക്പതേ
പുനരേവേശ നമോ നമോസ്തുതേ.

സാ—മംഗളരൂപ, സർവ്വവ്യാപിൻ, അങ്ങയെ നമസ്കരിക്കുന്ന എനിക്കു സുഖകരമായ കൃപയെ ചെയ്താലും. അല്ലയോ ഈശ്വരാ, ലോകനായകാ, അവിടുത്തേയ്ക്കു വീണ്ടുംവീണ്ടും നമസ്കാരം.

ശരണം തരുണേന്ദുശേഖരഃ
ശരണം മേ ഗിരിരാജകന്യകാ,
ശരണം പുനരേവതാവുഭൌ
ശരണം നാന്യദുപൈമി ദൈവതം.

സാ—എനിക്കു രക്ഷ ചന്ദ്രചൂഡനായ പരമശിവനാകുന്നു. പാർവ്വതീദേവിയും എനിയ്ക്കു രക്ഷയാകുന്നു. അവർ രണ്ടുപേരും എനിക്കു രക്ഷയാകുന്നു. ഞാൻ പാർവ്വതീപരമേശ്വരന്മാരെയല്ലാതെ മറെറാരു ദേവനേയും ശരണംപ്രാപിക്കുന്നില്ല.

ഫലശ്രുതി

ഉപമന്യുകൃതം സ്തവോത്തമം
ജപതഃ ശംഭുസമീപവർത്തിനഃ
അഭിവാഞ്ഛിത ഭാഗ്യസമ്പദഃ
പരമായുഃപ്രദദാതിശങ്കരഃ.

സാ—ഉപമന്യുനിർമ്മിതമായ ഈ ഉത്തമസ്തോത്രം ശിവസമീപമിരുന്നു ജപിക്കുന്നവന് അഭീഷ്ടസിദ്ധിയും ഭാഗ്യസമ്പത്തുകളും ആയുസ്സും പരമശിവൻ നല്കുന്നു.

ശിവാപരാധക്ഷമാപണസ്തോത്രം.

ആദൌ കൎമ്മപ്രസംഗാത് കലയതികലുഷം
മാതൃകുക്ഷൌസ്ഥിതം മാം
വിണ്മൂത്രാമേദ്ധ്യമദ്ധ്യേ കഥയതിനിതരാം
ജാഠരോ ജാതവേദാഃ
യദ്യദ്വൈതത്രദുഃഖം വ്യഥയതിസുതരാം
ശക്യതേ കേനവക്തും
ക്ഷന്തവ്യോ മേऽപരാധഃ ശിവശിവ ശിവഭോ
ശ്രീമഹാദേവ ശംഭോ,

സാ—കൎമ്മജന്യമായ പാപംനിമിത്തം, ഞാൻ ആദിയിൽ അമ്മയുടെ വയററിനുള്ളിൽ ജന്മമെടുത്തു. ജഠരാഗ്നിമലമൂത്രങ്ങളുടെ നടുവിൽ കിടക്കുന്ന എന്നെ കഠിനമായി ചുട്ടു. അവിടെവച്ചു് എന്തെല്ലാം വേദനകളും ദുഃഖങ്ങളുമനുഭവിച്ചെന്നു പറയുവാൻ ആൎക്കു കഴിവുണ്ടാകും? അല്ലയോ ശംഭോ, മഹാദേവാ, അവിടുന്നു് എന്റെ അപരാധം ക്ഷമിക്കുമാറാകേണമേ.

ബാല്യേ ദുഃഖാതിരേകാന്മലലുളിതവപുഃ
സ്തന്യപാനേ പിപാസാ
നോ ശക്തശ്ചേന്ദ്രിയേഭ്യോ ഭവഗുണജനിതാ
ജന്തവോ മാം തുദന്തി
നാനാരോഗാദിദുഃഖാദ്രുദനപരവശഃ
ശംകരം ന സ്മരാമി
ക്ഷന്തവ്യോ മേപരാധശ്ശിവശിവ ശിവഭോ
ശ്രീമഹാദേവശംഭോ.

സാ—ഞാൻ, ബാല്യത്തിൽ ദുഃഖാധിക്യംമൂലം അഴുക്കിൽ കിടന്നതുണ്ടു് അശുദ്ധമായ ശരീരത്തോടുകൂടി, മുലക

ടിക്കുന്നതിൽ അതിതൃഷ്ണയുള്ളവനായിരുന്നു; ഈച്ച മുതലായ ജന്തുക്കൾ എന്നെ കടിച്ചു വേദനിപ്പിക്കുകയുംചെയ്തു. എന്നാൽ അതു തടയുന്നതിനു ഞാൻ ശക്തനുമായില്ല. പിന്നെ പലവിധമുള്ള രോഗങ്ങൾ എന്നെ അവശനാക്കുകയുംചെയ്തു. തന്മൂലം പരമേശ്വരനെ എനിക്കു സ്മരിക്കുന്നതിനുപോലും സാധിച്ചില്ല. ആകയാൽ മഹാദേവ, അവിടുന്ന് എന്റെ അപരാധം ക്ഷമിക്കുമാറാകേണമേ.

പ്രൌഢോഹം യൌവ്വനസ്ഥോ വിഷയവിഷധരൈഃ
പഞ്ചഭിർ മർമ്മസന്ധൌ
ദഷ്ടോ നഷ്ടോ വിവേകഃ സുതധനയുവതീ
സ്വാദസൌഖ്യേ നിഷണ്ണഃ
ശൈവീ ചിന്താവിഹീനം മമഹൃദയമഹോ
മാനഗർവ്വാധിരൂഢം
ക്ഷന്തവ്യോ മേഽപരാധഃ ശിവശിവ ശിവഭോ
ശ്രീമഹാദേവശംഭോ.

സാ—ഞാൻ യൌവനത്തിലെത്തി പ്രൌഢനായിക്കഴിഞ്ഞപ്പോൾ രൂപരസഗന്ധാദികളായ അഞ്ചു വിഷയങ്ങളാകുന്ന പാമ്പുകളാൽ മർമ്മസന്ധികളിൽ ദംശിക്കപ്പെട്ടവനായിത്തീർന്നു. തന്മൂലം വിവേകം നശിക്കുകയും പുത്രൻ ധനം സ്ത്രീ ഇവയുടെ ആസ്വാദനസുഖത്തിൽ ഉറച്ചുപോവുകയും ചെയ്തു. ആകയാൽ, എന്റെ മനസ്സു പരമേശ്വരവിചാരമില്ലാത്തതായിപ്പോയി. അല്ലയോ മഹാദേവ! എന്റെ ഈ അപരാധം ക്ഷമിക്കുമാറാകേണമേ.

വാൎദ്ധക്യേ ചേന്ദ്രിയാണാം വിഗതിഗതിമതി-
ശ്ചാധിദൈവാധിതാപൈ
പാപൈ രോഗൈർവ്വിയോഗൈസ്ത്വനവസിതവപുഃ
പ്രൌഢിഹീനം ച ദീനം

മിഥ്യാമോഹാഭിലാഷൈർ ഭ്രമതി മമ മനോ
ധൂർജ്ജടേർ ധ്യാനശൂന്യം
ക്ഷന്തവ്യോ മേഽപരാധഃ ശിവശിവശിവഭോ
ശ്രീമഹാദേവശംഭോ.

സാ—വൃദ്ധാവസ്ഥയിൽ എന്റെ പഞ്ചേന്ദ്രിയങ്ങൾ ദുർബ്ബലങ്ങളായി; ബുദ്ധിയും ഓർമ്മകെട്ടതായിത്തീൎന്നു; ദേഹമാകട്ടെ ആധിദൈവികം മുതലായ താപത്രയവും രോഗങ്ങളും ഒഴിയായ്കനിമിത്തം ശക്തികെട്ടതും നിന്ദ്യവുമായിപ്പോയി; മനസ്സ് നിഷ്പ്രയോജനങ്ങളായ മോഹങ്ങളുടേയും അഭിലാഷങ്ങളുടെയും പുറകെ ചുററിനടന്നു. അതുകൊണ്ടു പരമേശ്വരധ്യാനത്തിന് അവസരം ലഭിച്ചതുമില്ല; ആ അപരാധം അല്ലയൊ മഹാദേവ! അവിടുന്നു ക്ഷമിയ്ക്കുമാറാകേണമെ.

നോ ശക്യം സ്മാൎത്തകൎമ്മപ്രതിപദഗഹന
പ്രത്യവായാകുലാഖ്യം
ശ്രൗതേ വാൎത്താകഥം മേ ദ്വിജകുലവിഹിതേ
ബ്രഹ്മമാൎഗ്ഗേ മഹേശ,
ജ്ഞാതോ ധൎമ്മോ വിചാരൈഃശ്രവണമനനയോഃ
കിം നിദിദ്ധ്യാസിതവ്യം
ക്ഷന്തവ്യോ മേഽപരാധഃ ശിവശിവശിവഭോ
ശ്രീമഹാദേവശംഭോ.

സാ—പ്രതിപദം, പ്രായശ്ചിത്തകലുഷമായ ധൎമ്മശാസ്ത്രവിധികളെ അനുഷ്ഠിയ്ക്കുവാൻ ഞാൻ ശക്തനല്ല; വൈദികമാൎഗ്ഗത്തിലെ ബ്രാഹ്മണവിഹിതമായ വേദവിധികളുടെ കാൎയ്യം പിന്നെ പറയാനുണ്ടോ? (അവയും ശക്യങ്ങളല്ലെന്നു സാരം) വേദശ്രവണവും തത്സംബന്ധമായ മനനം ഇവയുടെ വിചാരങ്ങൾ വഴി, ധൎമ്മമറിഞ്ഞിരുന്നാലും, അതിന്റെ നിദി

ധ്യാസമില്ലെങ്കിൽ എന്തു പ്രയോജനം? (ധർമ്മത്തിന്റെ നിദിധ്യാസവും ശക്യമല്ലെന്നു സാരം) ആകയാൽ ശ്രീമഹാദേവ! അവിടുന്ന് എന്റെ അപരാധം ക്ഷമിയ്ക്കുമാറാകേണമേ.

ധ്യാത്വാ ചിത്തേ ശിവാഖ്യം പ്രചുരതരധനം
നൈവ ദത്തം ദ്വിജേഭ്യോ
ഹവ്യം തേ ലക്ഷസംഖ്യൈർ ഹുതവഹവദനേ-
നാർപ്പിതം ബീജമന്ത്രൈഃ
നോ തപ്തം ഗംഗതീരേ വ്രതജപനിയമൈർ
രുദ്രജാപ്യൈർ ന വേദൈഃ
ക്ഷന്തവ്യോ മേഽപരാധഃ ശിവശിവശിവഭോ
ശ്രീമഹാദേവശംഭോ.

സാ—ഞാൻ ശിവനെ മനസ്സിൽ ധ്യാനിച്ചുകൊണ്ടു ബ്രാഹ്മണർക്ക് അധികം ധനം കൊടുത്തില്ല. ലക്ഷക്കണക്കിനു ബീജമന്ത്രങ്ങൾ ജപിച്ച് അഗ്നിമുഖത്തു ഹോമം നടത്തിയതുമില്ല; ഗംഗാതീരത്തു തപസ്സു ചെയ്തില്ല; വ്രതജപനിയമങ്ങളും വേദങ്ങളും പുരസ്കരിച്ചു രുദ്രധ്യാനവും ചെയ്തില്ല; അല്ലയോ മഹാദേവ, അവിടുന്ന് എന്റെ അപരാധം ക്ഷമിയ്ക്കുമാറാകേണമേ.

സ്ഥിത്വാ സ്ഥാനേ സരോജേ പ്രണവമയമരുൽ-
കുണ്ഡലേ സൂക്ഷ്മമാർഗ്ഗേ
ശാന്തേ സ്വാന്തേ പ്രലീനേ പ്രകടിതവിഭവേ
ജ്യോതിരൂപേ പരാഖ്യേ
ലിംഗജ്ഞേ ബ്രഹ്മവാക്യേ സകലതനുഗതം
ശങ്കരം ന സ്മരാമി
ക്ഷന്തവ്യോ മേഽപരാധഃ ശിവശിവശിവഭോ
ശ്രീമഹാദേവശംഭോ

സാ—ഞാൻ വിജനസ്ഥാനത്തു പത്മാസനത്തിൽ ഇരുന്നുകൊണ്ടു്, പ്രണവസ്വരൂപമായ ജീവശ്വാസത്തിൻെറയും കുണ്ഡലിശക്തിയുടെയും സൂക്ഷ്മമാർഗ്ഗത്തിൽ-- ജ്യോതിസ്സ്വരൂപമായ പരബ്രഹ്മവസ്തുവിൽ—മനസ്സു വികാരങ്ങളെല്ലാമടങ്ങി ലയിച്ചിരിക്കുമ്പോൾ ലക്ഷണവേദിയായ വേദവാക്യത്തിൽ സകലശരീരാന്തർഗ്ഗതനായ പരമേശ്വരനെ സ്മരിച്ചില്ല. അല്ലയോ മഹാദേവ, അവിടുന്നു എൻെറ അപരാധം ക്ഷമിയ്ക്കുമാറാകേണമെ.

നഗ്നോ നിസ്സംഗശുദ്ധസ്ത്രിഗുണവിരഹിതോ
ധ്വസ്തമോഹാന്ധകാരോ
നാസാഗ്രേ ന്യസ്തദൃഷ്ടിർവ്വിദിതഭവഗുണോ
നൈവ ദൃഷ്ടഃ കദാചിത്
ഉന്മന്യാവസ്ഥയാത്വാം വിഗതകലിമലം
ശങ്കരം ന സ്മരാമി
ക്ഷന്തവ്യോ മേഽപരാധഃ ശിവശിവശിവഭോ
ശ്രീമഹാദേവശംഭോ

സാ—ഞാൻ നാസാഗ്രത്തിൽ ദൃഷ്ടിയുറപ്പിച്ചു്, നഗ്നനും നിസ്സംഗനും നിത്യശുദ്ധനും ത്രിഗുണരഹിതനും, അജ്ഞാനനാശകനും ആയ അങ്ങയെ ഒരിക്കലും സാക്ഷാത്കരിച്ചില്ല. ഭോ, മഹാദേവ! അവിടുന്നു് എൻെറ അപരാധം ക്ഷമിയ്ക്കുമാറാകേണമെ.

ചന്ദ്രോത്ഭാസിതശേഖരേ സ്മരഹരേ
ഗംഗാധരേ ശങ്കരേ
സർപ്പൈർഭൂഷിതകണ്ഠകർണ്ണവിവരേ
നേത്രോത്ഥവൈശ്വാനരേ

ചന്ദ്രാലംകൃതസുന്ദരാംബരധര
ത്രൈലോക്യസാര ഹരേ
മോക്ഷാൎത്ഥം കുരു ചിത്തവൃത്തിമഖിലാ-
മന്യൈസ്തു കിം കൎമ്മഭിഃ

സാ—ചന്ദ്രശോഭിതമായ കിരീടമുള്ളോവേ, കാമശത്രോ ഗംഗാധര, സുഖദായക, കഴുത്തിലും കണ്ണുത്തിലും സൎപ്പങ്ങളണിയുന്നവനേ, അഗ്നിനേത്ര, ആനത്തോലുടുക്കുന്നോവേ, ത്രൈലോക്യനാഥ, ഹരേ, അവിടുന്നു മോക്ഷത്തിന്നുള്ള എല്ലാ മനോവൃത്തിയും എനിക്കു നൽകിയാലും, മററു കൎമ്മങ്ങൾകൊണ്ടു് എന്തു പ്രയോജനം?

കിം വാനേനധനേന വാജികരിഭിഃ
പ്രാപ്തേന രാജ്യേന കിം
കിം വാ പുത്രകളത്രമിത്രപശുഭിർ-
ദ്ദേഹേന ഗേഹേന കിം
ജ്ഞാത്വൈതത് ക്ഷണഭംഗുരം സപദിരേ
ത്യാജ്യം മനോദൂരതഃ
സ്വാത്മാൎത്ഥം ഗുരുവാക്യതോ ഭജഭജ
ശ്രീപാൎവ്വതീവല്ലഭം.

സാ—ധനം കുതിര ആന രാജ്യം പുത്രകളത്രമിത്രങ്ങൾ പശുക്കൾ വീടു് ശരീരം ഇതുകൾകൊണ്ടു് എന്തു പ്രയോജനം? അല്ലയോ മനസ്സേ! ഇപ്പറഞ്ഞതെല്ലാം ക്ഷണത്തിൽ നശിക്കുന്നവയാണെന്നറിഞ്ഞു് അവയെ ദൂരത്തള്ളിക്കളഞ്ഞു സ്വന്തം ആത്മശുദ്ധിക്കു വേണ്ടി ഗുരുവാക്യമനുസരിച്ചു ശ്രീപരമേശ്വരനെ നിരന്തരമായി ഭജിച്ചുകൊള്ളുക.

ആയുർന്നശ്യതിപശ്യതാം പ്രതിദിനം
യാതിക്ഷയം യൗവനം
പ്രത്യായന്തിഗതാഃ പുനർ ന ദിവസാഃ
കാലോ ജഗദ്ഭക്ഷകഃ
ലക്ഷ്മീസ്തോയതരംഗഭംഗചപലാ
വിദ്യുച്ചലം ജീവിതം
തസ്മാന്മാം ശരണാഗതം ശരണദ-
ത്വം രക്ഷരക്ഷാധുനാ.

സാ—ജനോകക! ദിവസംതോറും ആയുസ്സ നശിക്കുന്നു; യൗവ്വനവും ക്ഷയിച്ചുപോകുന്നു; പോയദിവസങ്ങൾ പിന്നെ തിരിച്ചുവരികയില്ല; കാലമാകട്ടെ ലോകരക്ഷിതാവാണു്; ഐശ്വര്യവും ജീവിതവും നിത്യമല്ല; അവ, തിരകളും മിന്നലുംപോലെ ചപലങ്ങളാണു്. അതുകൊണ്ടു് ശരണാഗതനായ എന്നെ, അല്ലയൊ പരമേശ്വര, അവിടുന്നു് എല്ലാസമയവും രക്ഷിക്കണമെ.

വേദസാരശിവസ്തവം.

പശൂനാം പതിംപാപനാശം പരേശം
ഗജേന്ദ്രസ്യകൃത്തിംവസാനം വരേണ്യം
ജടാജൂഡമദ്ധ്യേസ്ഫുരദ് ഗാംഗവാരിം
മഹാദേവമേകം സ്മരാമി സ്മരാരിം.

സാ—സജ്ജനനാഥനായി പാപസംഹാരകനായി സ്വൎഗ്ഗപതിയായി ആനത്തോലുടുക്കുന്നവനായി ഉൽകൃഷ്ടനായി ജടാമദ്ധ്യത്തിൽ ഗംഗാജലം ധരിക്കുന്നവനായി കാമശത്രുവായ മഹാദേവനെമാത്രം ഞാൻ സ്മരിക്കുന്നു.

മഹേശം സുരേശം സുരാരാതിനാശം
വിഭും വിശ്വനാഥം വിഭൂത്യംഗഭൂഷം
വിരൂപാക്ഷമിന്ദ്വൎക്കവഹ്നിത്രിനേത്രം
സദാനന്ദമീഡേ പ്രഭും പഞ്ചവക്ത്രം.

സാ—മഹേശനായി ദേവനായകനായി അസുരനാശകനായി തത്വാവധാരണസമൎത്ഥനായി ലോകനാഥനായി ഭസ്മഭൂഷിതനായി വിരൂപാക്ഷനായി സൂൎയ്യചന്ദ്രന്മാരും അഗ്നിയും കണ്ണായുള്ളവനായി പഞ്ചമുഖനായ പരമേശ്വരനെ ഞാൻ എല്ലാസമയവും സ്തുതിക്കുന്നു.

ശിവാകാന്ത ശംഭോ ശശാങ്കാൎദ്ധമൌലേ
മഹേശാനശൂലിൻ ജടാജൂടധാരിൻ
ത്വമേകോ ജഗദ്വ്യാപകോ വിശ്വരൂപ-
പ്രസീദപ്രസീദ പ്രഭോ പൂൎണ്ണരൂപ.

സാ—അല്ലയൊ പാൎവ്വതീപതെ, ചന്ദ്രശേഖര, ശൂലപാണെ, ജടാധാരിൻ അങ്ങൊരുവൻ മാത്രമാകുന്നു ലോകവ്യാപിയും പരിപൂൎണ്ണരൂപനും. താദൃശനായ അവിടുന്നു പ്രസാദിച്ചാലും പ്രസാദിച്ചാലും.

പരാത്മാനമാദ്യം ജഗദ്ബീജമേകം
നിരീഹം നിരാകാരമോങ്കാരവേദ്യം
യതോ ജായതേ പാല്യതേ യേനവിശ്വം
തമീശംഭജേ ലീയതേ യത്ര വിശ്വം.

സാ—ലോകമാസകലം നിൎമ്മിച്ചു പരിപാലനംചെയ്തു തന്നിൽ ലയിപ്പിക്കുന്നവനും പരമാത്മാവും ജഗത്‌കാരണനും ആശാരഹിതനും ആകൃതിയില്ലാത്തവനും ഓങ്കാരംവഴിയായി അറിയേണ്ടവനുമായ ആ ഈശ്വരനെ ഞാൻ ഭജിക്കുന്നു.

ന ഭൂമിർ ന ചാരംപാ ന വഹ്നിർ ന വായുർ
ന ചാകാശമാസ്തേ ന തന്ദ്രാ ന നിദ്രാ
ന ഗ്രീഷ്മോ ന ശീതം ന ദേശോ ന വേഷോ
ന യസ്യാസ്തിമൂത്തിസ്ത്രിമൂത്തിം തമീഡേ.

സാ—ഭൂമിയും വെള്ളവും തീയ്യും കാററും ആകാശവും അലസതയും ഉറക്കവും ഉഷ്ണവും തണുപ്പും ദേശവും വേഷവും യാവനൊരുത്തൻെറ ശരീരത്തിന്ന ഭവിക്കുന്നില്ല, ഞാൻ ആ ത്രിമൂത്തിയെ സ്തുതിക്കുന്നു.

അജം ശാശ്വതം കാരണം കാരണാനാം
ശിവം കേവലം ഭാസകം ഭാസകാനാം
തുരീയം തമഃ പാരമാദ്യന്തഹീനം
പ്രപദ്യേപരം പാവനം ദ്വൈതഹീനം.

സാ—ജനനമില്ലാത്തവനായി നിത്യനായി കാരണങ്ങൾക്ക കാരണമായി മംഗളവാനായി ജ്യോതിസ്സുകൾക്ക ജ്യോതിസ്സായി ശുദ്ധനിർഗ്ഗുണബ്രഹ്മമായി അജ്ഞാനത്തിൻെറ മറുവശമായ, ആദിയും അന്തവുമില്ലാത്തവനായി ഭിന്നഭാവരഹിതനായി നിത്യശുദ്ധനായ പരമേശ്വരനെ ഞാൻ സ്തുതിരൂപമായി പ്രാപിക്കുന്നു.

നമസ്തേ നമസ്തേ വിഭോ വിശ്വമൂത്തേ!
നമസ്തേ നമസ്തേ തപോ യോഗഗമ്യ!
നമസ്തേ നമസ്തേ ചിദാനന്ദമൂത്തേ!
നമസ്തേ നമസ്തേ ശ്രുതിജ്ഞാനഗമ്യ!

സാ—വിശ്വരൂപനും തത്വാവധാരണസമത്ഥനും തപസ്സുകളും യോഗവുംകൊണ്ട് അറിയപ്പെടേണ്ടവനും വേദവിജ്ഞാനഗമ്യനുമായ സച്ചിദാനന്ദമൂത്തേ അങ്ങയ്ക്കു വീണ്ടും വീണ്ടും നമസ്കാരം.

വിശ്വനാഥാഷ്ടകം.

ഗംഗാതരംഗരമണീയജടാകലാപം
ഗൌരീനിരന്തരവിഭൂഷിതവാമഭാഗം
നാരായണപ്രിയമനംഗമദാപഹാരം
വാരാണസീപുരപതിം ഭജ വിശ്വനാഥം.

സാ—ഗംഗയുടെ തിരമാലകൾകൊണ്ടു രമണീയമായ ജടാകലാപത്തോടുകൂടിയവനും പാർവ്വതീദേവിയാൽ എല്ലായ്പോഴും അലംകൃതമായ ഇടത്തുഭാഗമുള്ളവനും ശ്രീനാരായണൻെറ സുഹൃത്തും കാമനാശകനുമായ കാശിവിശ്വനാഥനെ നീ ഭജിച്ചാലും.

വാചാമഗോചരമനേകഗുണസ്വരൂപം
വാഗീശവിഷ്ണുസുരസേവിതപാദപത്മം
വാമേന വിഗ്രഹവരേണ കളത്രവന്തം
വാരാണസീപുരപതിം ഭജ വിശ്വനാഥം.

സാ—വാക്കുകൾക്കു വിഷയമല്ലാത്തവനും അസംഖ്യഗുണസ്വരൂപനും ബ്രഹ്മാവു് വിഷ്ണു മുതലായ ദേവന്മാരാൽ നമസ്കൃതനും ശരീരത്തിൻെറ വാമഭാഗം കളത്രമായുള്ളവനുമായ ശ്രീ കാശിവിശ്വനാഥനെ നീ ഭജിച്ചാലും.

ശീതാംശുശോഭിതകിരീടവിരാജമാനം
ഫാലേക്ഷണാനലവിശോഷിതപഞ്ചബാണം
നാഗാധിപാരചിതഭാസുരകർണ്ണപൂരം
വാരാണസീപുരപതിം ഭജ വിശ്വനാഥം.

സാ—ചന്ദ്രശോഭിതമായ കിരീടംകൊണ്ടു പരിലസിയ്ക്കുന്നവനും നെററിയിലെ തീക്കണ്ണിൽ കാമനെ ദഹിപ്പിച്ചവനും ആദിശേഷനെ ഭാസുരമായ കർണ്ണഭൂ

ഷണമാക്കിയിരിയ്ക്കുന്നവനുമായ ശ്രീകാശിവിശ്വനാഥനെ നീ ഭജിച്ചാലും.

പഞ്ചാനനം ദുരിതമത്തമതംഗജാനാം
നാഗാന്തകം ദനുജപുംഗവപന്നഗാനാം
ദാവാനലം മരണശോകജരാടവീനാം
വാരാണസീപുരപതിം ഭജ വിശ്വനാഥം.

സാ—പാപങ്ങളാകുന്ന മദയാനകൾക്കു സിംഹമായി അസുരപ്രമുഖന്മാരാകുന്ന സർപ്പങ്ങൾക്കു ഗരുഡനായി മരണദുഃഖജരകളാകുന്ന വനത്തിനു കാട്ടുതീയായ ശ്രീ കാശിവിശ്വനാഥനെ നീ ഭജിച്ചാലും.

തേജോമയം സുഗുണനിർഗ്ഗുണമദ്വിതീയ-
മാനന്ദകന്ദമപരാജിതമപ്രമേയം
നാഗാത്മകം സകളനിഷ്കളമാത്മരൂപം
വാരാണസീപുരപതിം ഭജ വിശ്വനാഥം.

സാ—തേജോരൂപനായി സഗുണനും നിർഗ്ഗുണനുമായി എല്ലാററിനും ആദിമനായി ആനന്ദകാരണനായി തോല്പിക്കപ്പെടാത്തവനായി അപ്രമേയനായി സർപ്പശരീരിയായി സകളവും നിഷ്കളവുമായ ആത്മരൂപത്തോടുകൂടിയവനായ ശ്രീ കാശിവിശ്വനാഥനെ നീ ഭജിച്ചാലും.

ആശാം വിഹായ പരിഹൃത്യപരസ്യനിന്ദാം
പാപേ രതിം ച സുനിവാര്യമനസ്സമാധൌ
ആദായ ഹൃത്കമലമദ്ധ്യഗതം പരേശം
വാരാണസീപുരപതിം ഭജ വിശ്വനാഥം.

സാ—ആശയും പരദൂഷണവുമകലെക്കളഞ്ഞു പാപവൃത്തിയിൽ താല്പര്യം വെയ്ക്കാതെ മനസ്സിനെ സമാധിയിൽ തടഞ്ഞുനിറുത്തി ഹൃത്കമലമദ്ധ്യവാസിയും പരമാത്മാവുമായ ശ്രീ കാശിവിശ്വനാഥനെ നീ ഭജിച്ചാലും.

രാഗാദിദോഷരഹിതം സ്വജനാനുരാഗ-
വൈരാഗ്യശാന്തിനിലയം ഗിരിജാസഹായം
മാധുര്യധൈര്യസുഭഗം ഗരളാഭിരാമം
വാരാണസീപുരപതിം ഭജ വിശ്വനാഥം.

സാ—രാഗം മുതലായ ദോഷങ്ങളില്ലാത്തവനും സജ്ജനത
ല്പരനും വൈരാഗ്യത്തിന്റേം നിത്യശാന്തിയ്ക്കും ഇരി
പ്പിടവും പാർവ്വതീസഹിതനും മാധുര്യധൈര്യങ്ങൾ
കൊണ്ടു സുഭഗനും വിഷവിഭൂഷിതനുമായ ശ്രീ കാ
ശിവിശ്വനാഥനെ നീ ഭജിച്ചാലും.

<u>ഫലശ്രുതി</u>

വാരാണസീപുരപതേഃ സ്തവനം ശിവസ്യ
വ്യാഖ്യാതമഷ്ടകമിദം പഠതേ മനുഷ്യഃ
വിദ്യാം ശ്രിയം വിപുലസൗഖ്യമനന്തകീർത്തിം
സംപ്രാപ്യ ദേവനിലയേ ലഭതേ ച മോക്ഷം.

സാ—ശ്രീ കാശിവിശ്വനാഥനായ ശിവനെ സംബന്ധി
ച്ചുള്ള ഈ സ്തോത്രാഷ്ടകം ചൊല്ലുന്ന മനുഷ്യൻ വി
ദ്യയും ഐശ്വര്യവും വലിയ സുഖവും കീർത്തിയും
പ്രാപിക്കുന്നതുകൂടാതെ ഒടുവിൽ മോക്ഷപദമണയു
കയും ചെയ്യും.

പ്രദോഷസ്തോത്രാഷ്ടകം.

സത്യം ബ്രവീമി പരലോകഹിതം ബ്രവീമി
സാരം ബ്രവീമ്യുപനിഷദ്ധൃദയം ബ്രവീമി
സംസാരമുൽബണമസാരമവാപ്യ ജന്തോഃ
സാരോയമീശ്വരപദാംബുരുഹസ്യ സേവാ.

സാ—സത്യവും പരലോകഹിതവും സാരവും ഉപനിഷത്തുകളുടെ അഭിപ്രായവുമായിട്ടുള്ളതിനെ ഞാൻ പറയുന്നു; നിസ്സാരമായ സംസാരജീവിതമെടുത്തിട്ടുള്ള ജന്തുവിനു്, ഈശ്വരപാദസേവനം മാത്രമാണു സാരമായിട്ടുള്ളതു്.

യേനാർച്ചയന്തി ഗിരിശം സമയേ പ്രദോഷേ
യേനാർച്ചിതം ശിവമപി പ്രണമന്തിചാന്യേ
ഏതത് കഥാം ശ്രുതിപുടൈർ ന പിബന്തിമൂഢാ-
സ്തേ ജന്മജന്മ സുഭവന്തി നരാ ദരിദ്രാഃ.

സാ—പ്രദോഷസമയത്തു് (സായംകാലത്തു്) ശിവനെ പൂജിക്കാതെയും നമസ്കരിക്കാതെയും ശിവകഥകൾ കേൾക്കാതെയുമിരിക്കുന്ന മൂഢന്മാരുമായ മനുഷ്യർ ജന്മജന്മാന്തരങ്ങളിലും ദരിദ്രന്മാരായിത്തീരുന്നതാണു്.

യേ വൈ പ്രദോഷസമയേ പരമേശ്വരസ്യ
കുർവന്ത്യനന്യമനസോംഘ്രിസരോജപൂജാം
നിത്യപ്രവൃദ്ധതരപുത്രകളത്രമിത്ര
സൗഭാഗ്യസമ്പദധികാസ്ത ഇഹൈവലോകേ.

സാ—പ്രദോഷസമയത്തു് ഏകാഗ്രമനസ്സോടെ ശിവപൂജ ചെയ്യുന്നവർക്കു് ഈ ലോകത്തിൽ പുത്രകളത്രമിത്രങ്ങളുടേയും സൗഭാഗ്യസമ്പത്തുകളുടേയും അമിതമായ സമൃദ്ധി നിത്യമായി സിദ്ധിക്കുന്നതാണു്.

കൈലാസശൈലഭുവനേ ത്രിജഗജ്ജനിത്രീം
ഗൗരീം നിവേശ്യ കനകാചിതരത്നപീഠേ
നൃത്തം വിധാതുമഭിവാഞ്ഛതി ശൂലപാണൌ
ദേവാഃ പ്രദോഷസമയേനുഭജന്തിസർവേ.

സാ—പ്രദോഷസമയത്തു ശ്രീ കൈലാസലോകത്തു ജഗന്മാതാവായ പാർവ്വതീദേവിയെ സ്വർണ്ണം പൊതി

ഞ്ഞ രത്നപീഠത്തിൽ ഇരുത്തി ശിവൻ നൃത്തംചെയ്യു വാൻ ആഗ്രഹിക്കുമ്പോൾ എല്ലാ ദേവന്മാരും അദ്ദേഹത്തെ ഭജിക്കുന്നു.

വാഗ്ദേവീ ധൃതവല്ലകീ ശതമഖോ
വേണുംദധൽ പത്മജ-
സ്താലോന്നിദ്രകരോ രമാ ഭഗവതീ
ഗേയ പ്രയോഗാന്വിതാ
വിഷ്ണുഃ സാന്ദ്രമൃദംഗവാദനപടുർ
ദേവാസ്സമന്താത് സ്ഥിതാഃ
സേവന്തേതമരപ്രദോഷസമയേ
ദേവം മൃഡാനീപതിം.

സാ—സരസ്വതി വീണവായിച്ചും ഇന്ദ്രൻ ഓടക്കുഴലൂതിയും ബ്രഹ്മാവു താളമടിച്ചും ലക്ഷ്മീദേവി ഗാനാലാപംചെയ്തും മഹാവിഷ്ണു മൃദംഗംവായിച്ചും മററു ദേവന്മാരെല്ലാം ചുററുംനിന്നും സന്ധ്യാസമയത്തു പരമശിവനെ സേവിക്കുന്നു.

അതഃപ്രദോഷേ ശിവഏകഏവ
പൂജ്യോഥനാന്യേ ഹരിപത്മജാദ്യാഃ
തസ്മിൻ മഹേശേ വിധിനേജ്യമാനേ
സർവേ പ്രസീദന്തി സുരാധിനാഥാഃ

സാ—അതുകൊണ്ടു പ്രദോഷസമയത്തു ശ്രീപരമശിവനെ മാത്രമെ പൂജിക്കാവൂ; വിഷ്ണു ബ്രഹ്മാവുതുടങ്ങിയ മററു ദേവന്മാരെയല്ല. (അവരെ പൂജിക്കരുതെന്നു സാരം) വിധിപൂർവ്വകമായി ശിവപൂജനം സാധിച്ചാൽ സർവ്വദേവപൂജയുടേയും ഫലം സിദ്ധിക്കുന്നതാണു്.

നിർവ്വാണഷട്കം

മനോബുദ്ധ്യഹംകാരചിത്താനിനാഹം
ന ച ശ്രോത്രജിഹ്വേ ന ച ഘ്രാണനേത്രേ
ന ച വ്യോമഭൂമിർ ന തേജോ ന വായു-
ശ്ചിദാനന്ദരൂപഃ ശിവോഹം ശിവോഹം.

സാ—ഞാൻ, മനസ്സും ബുദ്ധിയും അഹങ്കാരവും ചിത്തവും കാതും നാക്കും മൂക്കും കണ്ണും ആകാശവും ഭൂമിയും തേജസ്സും വായുവും അല്ല; ചിദാനന്ദരൂപനായ ശിവൻമാത്രമാകുന്നു.

ന ച പ്രാണസംജ്ഞോ ന വൈ പഞ്ചവായുർ
ന വാ സപ്തധാതുർ ന വാ പഞ്ചകോശഃ
ന വാക്പാണിപാദം ന ചോപസ്ഥപായൂ-
ശ്ചിദാനന്ദരൂപഃ ശിവോഹം ശിവോഹം.

സാ—ഞാൻ, പ്രാണനും പഞ്ചവായുക്കളും സപ്തധാതുക്കളും പഞ്ചകോശങ്ങളും വാക് പാണി പാദം ഉപസ്ഥം പായു എന്നീ കർമ്മേന്ദ്രിയങ്ങളും അല്ല; ചിദാനന്ദരൂപനായ ശിവൻമാത്രമാകുന്നു.

ന മേ ദ്വേഷരാഗൌ ന മേ ലോഭമോഹൌ
മദോനൈവ മേ നൈവ മാത്സര്യഭാവഃ
ന ധർമ്മോ ന ചാർത്ഥോ ന കാമോ ന മോക്ഷ-
ശ്ചിദാനന്ദരൂപഃ ശിവോഹം ശിവോഹം.

സാ—എനിക്കു വിരോധവും താല്പൎയ്യവും അത്യാശയും മോഹവും മദവും മാത്സൎയ്യവും ധർമ്മവും അർത്ഥവും കാമവും മോക്ഷവും ഇല്ലതന്നെ. ഞാൻ ചിദാനന്ദരൂപനായ ശിവൻമാത്രമാകുന്നു.

ന പുണ്യം ന പാപം ന സൗഖ്യം ന ദുഃഖം
ന മന്ത്രോ ന തീൎത്ഥം ന വേദാ ന യജ്ഞാഃ
അഹം ഭോജനം നൈവഭോജ്യം ന ഭോക്താ
ചിദാനന്ദരൂപഃ ശിവോഹം ശിവോഹം.

സാ—എനിക്കു പുണ്യവും പാപവും സുഖദുഃഖങ്ങളും മന്ത്രവും തീൎത്ഥവും വേദങ്ങളും യാഗങ്ങളും ഇല്ല; ഞാൻ ഭോജനവും ഭോജ്യഭോക്താവുമല്ല; ചിദാനന്ദരൂപനായ ശിവൻമാത്രമാകുന്നു.

ന മൃത്യുർ ന ശങ്കാ ന മേ ജാതിഭേദഃ
പിതാ നൈവ മേ നൈവ മാതാ ന ജന്മ
ന ബന്ധുർ ന മിത്രം ഗുരുർ നൈവശിഷ്യ-
ശ്ചിദാനന്ദരൂപഃ ശിവോഹം ശിവോഹം.

സാ—എനിക്കു മരണവും സംശയവും ജാതിഭേദവും അച്ഛനമ്മമാരും ജന്മവും ബന്ധുവും മിത്രവും ഗുരുനാഥനും ശിഷ്യനും ഇല്ലതന്നെ; ഞാൻ ചിദാനന്ദസ്വരൂപനായ ശിവൻമാത്രമാകുന്നു.

അഹം നിൎവികല്പീ നിരാകാരരൂപീ
വിഭുത്വാച്ച സൎവത്ര സൎവേന്ദ്രിയാണാം
ന ചാസംഗതം നൈവമുക്തിർ ന മേയ-
ശ്ചിദാനന്ദരൂപഃ ശിവോഹം ശിവോഹം.

സാ—ഞാൻ സന്ദേഹമററവനും ആകൃതിയില്ലാത്തവനും വിഭുത്വംനിമിത്തം ഇന്ദ്രിയങ്ങളോടു ബന്ധമില്ലാത്തവനും നിത്യമുക്തനും ചിദാനന്ദരൂപനുമായ ശിവൻ മാത്രമാകുന്നു

ദാരിദ്ര്യദഹനശിവസ്തോത്രം

വിശ്വേശ്വരായ നരകാൎണ്ണവതാരണായ
കൎണ്ണാമൃതായ ശശിശേഖരധാരണായ
കർപ്പൂരകാന്തിധവളായ ജടാധരായ
ദാരിദ്ര്യദുഃഖദഹനായ നമശ്ശിവായ.

സാ—ലോകനാഥനായി നരകസമുദ്രത്തെ കടത്തുന്നവനായി കാതിനിമ്പമരുളുന്നവനായി ചന്ദ്രനെ ശിരോഭൂഷണമാക്കിയിരിക്കുന്നവനായി കർപ്പൂരകാന്തിപോലെ വെണ്മയുള്ളവനായി ജടാധാരിയായി ദാരിദ്ര്യദുഃഖത്തെ ദഹിപ്പിക്കുന്നവനായ ശിവനായിക്കൊണ്ടു നമസ്കാരം.

ഗൌരീപ്രിയായ രജനീശകലാധരായ
കാലാന്തകായ ഭുജഗാധിപകങ്കണായ
ഗംഗാധരായ ഗജരാജവിമൎദ്ദനായ
ദാരിദ്ര്യദുഃഖദഹനായ നമശ്ശിവായ.

സാ—പാൎവ്വതീപതിയായി ചന്ദ്രകലാധാരിയായി കാലനാശകനായി സൎപ്പരാജകങ്കണനായി ഗംഗാധരനായി ഗജാസുരധ്വംസകനായി ദാരിദ്ര്യദുഃഖത്തെ ദഹിപ്പിക്കുന്നവനായ ശിവനായിക്കൊണ്ടു നമസ്കാരം.

ഭക്തപ്രിയായ ഭവരോഗഭയാപഹായ
ഉഗ്രായ ദുൎഗ്ഗഭവസാഗരതാരണായ
ജ്യോതിൎമ്മയായ ഗുണനാമസുനൃത്യകായ
ദാരിദ്ര്യദുഃഖദഹനായ നമശ്ശിവായ.

സാ—ഭക്തപ്രിയനും സംസാരരോഗഭയത്തെ നശിപ്പിക്കുന്നവനും ഉഗ്രനും വൈഷമ്യമേറിയ സംസാരസമുദ്രം കടത്തുന്നവനും പ്രകാശസ്വരൂപനും ഗുണനാ

മങ്ങളിൽ നൃത്തംചെയ്യുന്നവനും ദാരിദ്ര്യദുഃഖം ദഹിപ്പിയ്ക്കുന്നവനുമായ ശിവനായിക്കൊണ്ടു നമസ്കാരം.

ചർമ്മാംബരായ ശവഭസ്മവിലേപനായ
ഫാലേക്ഷണായ മണികുണ്ഡലമണ്ഡിതായ
മഞ്ജീരപാദയുഗളായ ജടാധരായ
ദാരിദ്ര്യദുഃഖദഹനായ നമശ്ശിവായ.

സാ—തോലുടുക്കുന്നവനും ശവഭസ്മം പൂശുന്നവനും നെററിയിൽ കണ്ണുള്ളവനും രത്നകുണ്ഡലമണിഞ്ഞിരിയ്ക്കുന്നവനും കാലിൽ ചിലമ്പുള്ളവനും ജടാധാരിയും ദാരിദ്ര്യദുഃഖം ദഹിപ്പിയ്ക്കുന്നവനുമായ ശിവനായിക്കൊണ്ടു നമസ്കാരം.

പഞ്ചാനനായ ഫണിരാജവിഭൂഷണായ
ഹേമാംശുകായ ഭുവനത്രയമണ്ഡിതായ
ആനന്ദഭൂമിവരദായ തമോമയായ
ദാരിദ്ര്യദുഃഖദഹനായ നമശ്ശിവായ.

സാ—അഞ്ചുമുഖമുള്ളവനും സർപ്പരാജനെ ആഭരണമാക്കീട്ടുള്ളവനും സ്വർണ്ണവസ്ത്രധാരിയും മൂന്നുലോകത്തേയും അലങ്കരിക്കുന്നവനും ആനന്ദത്തിനിരിപ്പിടവും വരദായകനും ദാരിദ്ര്യദുഃഖശമനകാരിയുമായ ശിവനായിക്കൊണ്ടു നമസ്കാരം.

രാമപ്രിയായ രഘുനാഥവരപ്രദായ
നാഗപ്രിയായ നരകാർണ്ണവതാരണായ
പുണ്യേഷുപുണ്യഭരിതായ സുരാർച്ചിതായ
ദാരിദ്ര്യദുഃഖദഹനായ നമശ്ശിവായ.

സാ—പരശുരാമനിൽ പ്രിയമുള്ളവനും ശ്രീരാമന്നു് അഭീഷ്ടദാനമരുളിയവനും നരകനാശകനും സുകൃതാത്മാ-

ക്കളിൽ സുകൃതമേരിതനും ദേവവന്ദിതനും ദാരിദ്ര്യ ദുഃഖനാശകനുമായ ശിവനായിക്കൊണ്ടു നമസ്കാരം.

ഫലശ്രുതി

വസിഷ്ഠേന കൃതം സ്തോത്രം
സർവ്വസമ്പത്കരം പരം
ത്രിസന്ധ്യം യഃ പഠേന്നിത്യം
സ ഹി സ്വർഗ്ഗമവാപ്നുയാത്.

സാ—വസിഷ്ഠമഹർഷിയാൽ നിർമ്മിതവും സർവ്വസമ്പത്തുക ളേയുമുണ്ടാക്കുന്നതുമായ ഈ സ്തോത്രം മൂന്നു സന്ധ്യക ളിലും ജപിയ്ക്കുന്നവൻ സ്വർഗ്ഗസുഖം പ്രാപിയ്ക്കു ന്നതാണ്.

സൂര്യാഷ്ടകം

ആദിദേവ നമസ്തുഭ്യം
പ്രസീദ മമ ഭാസ്കര,
ദിവാകര നമസ്തുഭ്യം
പ്രഭാകര നമോസ്തു തേ.

സാ—അല്ലയോ ആദിദേവ, ഭാസ്കര, ദിവാകര, പ്രഭാ കര, അങ്ങയ്ക്കു നമസ്കാരം; പ്രസാദിച്ചാലും, പ്ര സാദിച്ചാലും!

സപ്താശ്വരഥമാരൂഢം
പ്രചണ്ഡം കശ്യപാത്മജം
ശ്വേതപത്മധരം ദേവം
തം സൂര്യം പ്രണമാമ്യഹം.

സാ—ഏഴുകുതിരകളെപ്പൂട്ടിയ രഥത്തിൽ കയറി അതിപ്രകാശമയനായി കശ്യപപുത്രനായി വെള്ളത്താമരധരിച്ചുകൊണ്ടു് എഴുന്നരുളുന്ന ആ സൂൎയ്യദേവനെ ഞാൻ നമസ്കരിയ്ക്കുന്നു.

ലോഹിതം രഥമാരൂഢം
സൎവലോകപിതാമഹം
മഹാപാപഹരം ദേവം
തം സൂൎയ്യം പ്രണമാമ്യഹം.

സാ—ചെമന്നനിറത്തിൽ തേരിലൂടെ എഴുന്നുള്ളുന്നവനും എല്ലാ ലോകങ്ങളുടേയും സൃഷ്ടികൎത്താവും പാപനാശകനുമായ ആ സൂൎയ്യദേവനെ ഞാൻ നമസ്കരിക്കുന്നു.

ത്രൈഗുണ്യം ച മഹാശൂരം
ബ്രഹ്മവിഷ്ണുമഹേശ്വരം
മഹാപാപഹരം ദേവം
തം സൂൎയ്യം പ്രണമാമ്യഹം.

സാ—ത്രിഗുണാത്മകനും മഹാശൂരനും ത്രിമൂൎത്തികൾ ഉള്ളടങ്ങിയിരിക്കുന്നവനും മഹാപാപസംഹാരിയുമായ ആ സൂൎയ്യദേവനെ ഞാൻ നമസ്കരിക്കുന്നു.

ബൃംഹിതം തേജഃപുഞ്ജം ച
വായുരാകാശമേവ ച
പ്രഭുസ്ത്വം സൎവലോകാനാം
തം സൂൎയ്യം പ്രണമാമ്യഹം.

സാ—വായുവും ആകാശവും തേജസ്സമൂഹവും ഒന്നിച്ചു വൎദ്ധിച്ച രൂപമെടുത്തതു അല്ലയോ ഭഗവാനെ! അവിടുന്നു് എല്ലാലോകങ്ങൾക്കും പ്രഭുവാകുന്നു. താദൃശനായ ആ സൂൎയ്യദേവനെ ഞാൻ നമസ്കരിക്കുന്നു.

ബന്ധൂകപുഷ്പസങ്കാശം
ഹാരകുണ്ഡലഭൂഷിതം
ഏകചക്രധരം ദേവം
തം സൂൎയ്യം പ്രണമാമ്യഹം.

സാ—ചെമ്പരത്തിപ്പൂപോലെ ചെമന്നവൎണ്ണത്തോടുകൂടി മുത്തുമാല കുണ്ഡലം ഇവയാൽ അലംകൃതനായി ഏകമായ ചക്രായുധവും ധരിച്ചരുളുന്ന ആ സൂൎയ്യദേവനെ ഞാൻ നമസ്കരിക്കുന്നു.

തം സൂൎയ്യം ജഗത്കൎത്താരം
മഹാതേജഃപ്രദീപിനം
മഹാപാപഹരം ദേവം
തം സൂൎയ്യം പ്രണമാമ്യഹം.

സാ—ജഗത്കൎത്താവായി മഹാതേജസ്സുകൊണ്ടു പ്രോജ്ജ്വലിക്കുന്നവനായി പാപസംഹാരിയായ ആ സൂൎയ്യദേവനെ ഞാൻ നമസ്കരിക്കുന്നു.

തം സൂൎയ്യം ജഗതാംനാഥം
ജ്ഞാനവിജ്ഞാനമോക്ഷദം
മഹാപാപഹരം ദേവം
തം സൂൎയ്യം പ്രണമാമ്യഹം.

സാ—ലോകനാഥനായി ജ്ഞാനത്തെയും ശാസ്ത്രബോധത്തെയും മോക്ഷത്തെയും ദാനംചെയ്യുന്നവനായി പാപനാശകനായ ആ സൂൎയ്യദേവനെ ഞാൻ നമസ്കരിക്കുന്നു.

ഫലശ്രുതി

സൂൎയ്യാഷ്ടകമിദം നിത്യം
ഗ്രഹപീഡാപ്രണാശനം
അപുത്രോ ലഭതേ പുത്രം
ദരിദ്രോ ധനവാൻ ഭവേത്.

സാ—നവഗ്രഹപീഡയെ നശിപ്പിക്കുന്നതായ ഈ സൂൎയ്യാഷ്ടകം നിത്യവും ജപിക്കുന്നവൻ പുത്രസമ്പത്തും ധനവുമുള്ളവനായിത്തീരും.

ആമിഷം മധുപാനം ച
യഃ കരോതി രവേൎദ്ദിനേ
സപ്തജന്മഭവേദ്രോഗീ
ജന്മജന്മദരിദ്രത.

സാ—ഇറച്ചിയും കള്ളും സൂൎയ്യവാരത്തിൽ (ഞായറാഴ്ച) കഴിക്കുന്നവൻ ഏഴുജന്മം രോഗിയായും എല്ലാജന്മങ്ങളിലും ദരിദ്രനായും ഭവിക്കും.

സ്ത്രീതൈലമധുമാംസാനി
യസ്ത്യജേത്തു രവേൎദ്ദിനേ
ന വ്യാധിഃ ശോകദാരിദ്ര്യം
സൂൎയ്യലോകം സ ഗച്ഛതി.

സാ—സ്ത്രീസേവ, എണ്ണതേപ്പു്, കള്ളുകുടി, മാംസഭക്ഷണം ഇവ ഞായറാഴ്ച — സൂൎയ്യവാരത്തിൽ — വൎജ്ജിക്കുന്നവനു്, രോഗശാന്തിയും ദുഃഖശമനവും ദാരിദ്ര്യഹാനിയും സൂൎയ്യലോകപ്രാപ്തിയും ഫലമാകുന്നു.

സൂൎയ്യസ്തോത്രം.

ശുകതുണ്ഡഛവി സവിതു-
ശ്ചണ്ഡരുചേഃ പുണ്ഡരീകവനബന്ധോ
മണ്ഡലമുദിതം വന്ദേ
കുണ്ഡലമാഖണ്ഡലാശായാഃ

സാ—താമരക്കൂട്ടത്തിന്റെ ബന്ധുവായി, ചണ്ഡതേജസ്സിയായ സൂൎയ്യദേവന്റെ; തത്തച്ചുണ്ടുപോലെ ചെമന്ന

ത്തും, കിഴക്കേദിക്കിന്റെ കൎണ്ണാഭരണമെന്നപോലെ ശോഭിക്കുന്നതുമായ ഉദയമണ്ഡല (ബിംബ)ത്തെ ഞാൻ വന്ദിക്കുന്നു.

യസ്യോദയാസ്തമയേ
സുരമുകുടനിഘൃഷ്ടചരണകമലോപി
കുരുതേഞ്ജലിം ത്രിനേത്രഃ
സ ജയതി ധാമ്നാം നിധിഃ സൂൎയ്യഃ

സാ—തേജസ്സുകളുടെയെല്ലാമിരിപ്പിടമായി സൎവ്വോത്കൎഷേണ വൎത്തിയ്ക്കുന്ന സൂൎയ്യദേവന്റെ ഉദയാസ്തമയങ്ങളെ സൎവ്വദേവവന്ദിതനായ പരമേശ്വരൻപോലും സാഞ്ജലിബന്ധം ഉപാസിയ്ക്കുന്നു.

ഉദയാചലതിലകായ
പ്രണതോസ്മി വിവസ്വതേ ഗ്രഹേശായ
അംബരചൂഡാമണയേ
ദിക്‌വനിതാകൎണ്ണപൂരായ.

സാ—ഉദയപൎവ്വതത്തിന്റെ തിലകമായി നവഗ്രഹനാഥനായി ആകാശത്തിന്റെ ശിരോരത്നമായി ദിക്കുകളാകുന്ന സ്ത്രീകളുടെ കൎണ്ണഭൂഷണമായ സൂൎയ്യദേവനെ ഞാൻ നമസ്കരിക്കുന്നു.

പ്രതിബോധിത കമലവനഃ
കൃതഘടനശ്ചക്രവാകമിഥുനാനാം
ദൎശിതസമസ്തഭുവനഃ
പരഹിതനിരതോ രവിഃ സദാ ജയതി.

സാ—താമരക്കൂട്ടത്തെ വികസിപ്പിച്ചും ചക്രവാകമിഥുനങ്ങൾക്കു സംഗമസൗഖ്യമുണ്ടാക്കിയും മൂന്നുലോകങ്ങളേയും പ്രകാശംവഴി പ്രത്യക്ഷപ്പെടുത്തിയും പരകാൎയ്യനിരതനായി സൂൎയ്യഭഗവാൻ സൎവ്വോത്കൎഷമായി വൎത്തിയ്ക്കുന്നു.

അപനയതു സകല കലികൃത-
മലപടലം സുപ്രതപ്തകനകാഭഃ
അരവിന്ദവൃന്ദവിഘടന-
പടുതരകിരണോത്കരഃ സവിതാ.

സാ—ചുട്ട സ്വൎണ്ണംപോലെ പ്രകാശമുള്ളവനം താമരക്കൂട്ടത്തെ വിടുൎത്തുന്നതിന്ന സമൎത്ഥങ്ങളായ കിരണസമൂഹത്തോടുകൂടിയവനമായ സൂൎയ്യദേവൻ എന്റെ കലിദോഷങ്ങളെ മുഴുവനം നശിപ്പിക്കട്ടെ.

ഉദിതവതി ത്വയി വികസതി
മുകളീയതി സമസ്തമസ്തമിതബിംബേ
നഹ്യന്യസ്മിൻ ദിനകര!
സകലം കമലായതേ ഭുവനം.

സാ—അല്ലയോ സൂൎയ്യഭഗവാനേ, അങ്ങയുടെ ബിംബം ഉദിയ്ക്കുമ്പോൾ ലോകമെല്ലാം വികസിയ്ക്കുകയും, അസ്തമിയ്ക്കുമ്പോൾ കൂമ്പുകയും ചെയ്യുന്നു; മറെറാന്നിന്റെ സന്നിധാനത്തിൽ ലോകം ഇങ്ങനെ താമരപോലെയാകുന്നില്ല. (വികസിയ്ക്കുകയും കൂമ്പുകയും ചെയ്യുന്നില്ലെന്ന സാരം.)

ജയതി രവിരുദയസമയേ
ബാലാതപഃ കനകസന്നിഭോ യസ്യ
കുസുമാഞ്ജലിരിവ ജലധൌ
തരന്തി രഥസപ്തയഃ സപ്ത.

സാ—പൊന്നുപോലെ പരിലസിക്കുന്ന ഇളംവെയിലുകളോടുകൂടി ഉദയകാലത്തു സൂൎയ്യൻ ജയിക്കുന്നു; അസ്തമയത്തു സൂൎയ്യന്റെ രഥാശ്വങ്ങൾ സപ്തസമുദ്രങ്ങളെ കടന്നുപോവുകയും ചെയ്യുന്നു.

ജയതി ജനാനന്ദകരഃ
കരനികരനിരസ്ത തിമിരസംഘാതഃ

ലോകാലോകാലോകഃ
കമലാരുണമണ്ഡലഃ സൂര്യഃ.

സാ—ജനാനന്ദകരനായി സമസ്തതമോഹന്താവായി ലോകാലോകപർവ്വതത്തെ കാണുന്നവനായി താമരപോലെ ഇളംചെമപ്പുള്ള ബിംബത്തോടുകൂടിയവനായ സൂര്യഭഗവാൻ ജയിക്കുന്നു.

ഫലശ്രുതി

ആര്യാസപ്ത സദാ യസ്തു
സപ്തമ്യാം സപ്തധാ ജപേത്
തസ്യ ഗേഹം ച ദേഹം ച
പത്മാ സത്യം ന മുഞ്ചതി.

സാ—മേൽപറഞ്ഞ ആര്യാവൃത്തത്തിലുള്ള ഏഴു പദ്യങ്ങളും സപ്തമീതിഥിയിൽ ഏഴുപ്രാവശ്യം ജപിക്കുന്നവന്റെ ദേഹത്തേയും ഗൃഹത്തേയും ലക്ഷ്മീദേവി വിട്ടുമാറുന്നതല്ല; സത്യം.

ദേവീസ്തോത്രം

ന മന്ത്രം നോ യന്ത്രം തദപി ച
ന ജാനേ സ്തുതിമഹോ
ന ചാഹ്വാനം ധ്യാനം തദപി ച
ന ജാനേ സ്തുതികഥാഃ
ന ജാനേ മുദ്രാസ്തേ തദപി ച
ന ജാനേ വിലപനം
പരം ജാനേ മാതഃ ത്വദനുസ-
രണം ക്ലേശഹരണം.

സാ—അല്ലയോ മാതാവേ! എനിക്ക് അവിട്ടത്തെ മന്ത്രവും യന്ത്രവും സ്തുതിയും വിളിയും ധ്യാനവും മുദ്രകളും വിലപനവും ഒന്നുംതന്നെ അറിഞ്ഞുകൂടാ. എന്നാൽ നിന്തിരുവടിയെ അനുസരിക്കുന്നതു് ക്ലേശനാശനമാണെന്നു ഞാൻ അറിയുന്നുണ്ടു്.

വിധേരജ്ഞാനേന ദ്രവിണവി-
രഹേണാലസതയാ
വിധേയാശക്യത്വാത്തവ ചരണ-
യോർയാച്യുതിർഭൂത്
തദേതത്ക്ഷന്തവ്യം ജനനി സ-
കലോദ്ധാരിണി ശിവേ
കുപുത്രോ ജായേത ക്വചിദപി
കുമാതാ ന ഭവതി.

സാ—വിധികളറിഞ്ഞുകൂടായ്കകൊണ്ടും ധനമില്ലായ്മ മടി ഇവ നിമിത്തവും പരാധീനതയിലുള്ള കഴിവുകേടു മൂലവും അവിടുത്തെ പാദങ്ങളെ നമസ്കരിക്കുന്നതിൽ ഞാൻ വീഴ്ചക്കാരനായിപ്പോയി. അല്ലയോ സകലലോകോദ്ധാരിണിയായ മാതാവേ! മംഗളരൂപിണി, ആ അപരാധം അങ്ങേയ്ക്കു ക്ഷമിക്കാവുന്നതാണു്. ദുഷിച്ച പുത്രൻ ചിലപ്പോൾ ഉണ്ടായെന്നു വരാം. എന്നാൽ മാതാവു ദുഷ്ടയാവുകയില്ല.

പൃഥിവ്യാം പുത്രാസ്തേ ജനനി ബഹവ-
സ്സന്തി സരളാഃ
പരം തേഷാം മദ്ധ്യേ വിരളതരളോഽ
ഹം തവ സുതഃ
മദീയോഽയം ത്യാഗസ്സമുചിതമിദം
നോ തവ ശിവേ
കുപുത്രോ ജായേത ക്വചിദപി കുമാ-
താ ന ഭവതി.

സാ—അല്ലയോ മംഗളവതിയായ മാതാവെ, അവിടുത്തേയ്ക്കു സൽബുദ്ധികളായ പുത്രന്മാർ വളരെപ്പേർ ഭൂമിയിലുണ്ടു്. അവരുടെയിടയിൽ, ഞാനൊരുത്തൻ വികലമനസ്കനായ പുത്രനായിപ്പോയി. അതിൻെറ പേരിൽ അവിടുന്നു് എന്നെ ഉപേക്ഷിക്കുന്നതു ഭംഗിയല്ല. എന്തുകൊണ്ടെന്നാൽ, ചിലപ്പോൾ ദുഷിച്ച സന്താനമുണ്ടായെന്നുവരാം, പക്ഷേ ദുഷ്ടയായ മാതാവുണ്ടാകയില്ലല്ലൊ.

ജഗന്മാതർമ്മാതസ്തവ ചരണസേ-
വാനരചിതാ
നവാ ദത്തം ദേവീ ദ്രവിണമപിഭൂ-
യസ്തവ മയാ
തഥാപി ത്വം സ്നേഹം മയി നിരുപമം
യത് പ്രകുരുഷേ
കുപുത്രോ ജായേത കചിദപി കുമാ-
താ ന ഭവതി.

സാ—ജഗദംബയായ അല്ലയോ മാതാവെ, ഞാൻ നിന്തിരുവടിയുടെ പാദസേവനം ചെയ്തില്ല. അവിടുത്തേയ്ക്കു് അവധിയില്ലാതെ ധനവും എന്നാൽ ദാനം ചെയ്യപ്പെട്ടില്ല; എന്നാലും അമ്മ എന്നിൽ അതുല്യമായ വാത്സല്യം ചൊരിയേണ്ടവളാകുന്നു. എന്തുകൊണ്ടെന്നാൽ, ചിലപ്പോൾ ദുഷ്ടപുത്രൻ ജനിച്ചെന്നുവരാം. ദുഷ്ടയായ മാതാവു് ഒരിടത്തും കാണുകയില്ല.

പരിത്യക്താ ദേവാൻ വിവിധവിധസേ-
വാകുലതയാ
മയാ പഞ്ചാശീതേരധികമപനീ-
തേതു വയസി

ഇദാനീം ജന്മാതസ്തവ യദി കൃപാ-
　　നാപി ഭവിതാ
നിരാലംബോ ലംബോദരജനനി കം
　　യാമി ശരണം.

സാ—പലവിധമുള്ള സേവാവൈഷമ്യം നിമിത്തം മററു ദേവന്മാരെയെല്ലാം ഉപേക്ഷിച്ചു്, അൻപതുവയസ്സു കടന്നിരിക്കുന്ന ഈ അവസ്ഥയിൽ ഞാൻ അങ്ങയെ ശരണം പ്രാപിക്കുന്നു. ഇനിയും അവിടുത്തേയ്ക്കു കരുണയുണ്ടാകുന്നില്ലെങ്കിൽ നിരാശ്രയനായ എനിക്കു പിന്നെ ആരാണു രക്ഷ?

ചിതാഭസ്മാലേപോ ഗരളമശനം
　　ദിക്പടധരോ
ജടാധാരീ കണ്ഠേ ഭുജഗപതിഹാ-
　　രീ പശുപതിഃ
കപാലീ ഭൂതേശോ ഭജതി ജഗദീ-
　　ശൈകപദവീം
ഭവാനീ ത്വത്പാണിഗ്രഹണപരിപാ-
　　ടീ ഫലമിദം.

സാ—ചിതാഭസ്മം പൂശിയും വിഷം ഭക്ഷിച്ചും ദിഗംബരനായും ജട ധരിച്ചും കഴുത്തിൽ സർപ്പമാലയണിഞ്ഞും കയ്യിൽ ഭിക്ഷാപാത്രം വഹിച്ചുമിരിക്കുന്ന പരമേശ്വരൻ ലോകൈകനാഥനായി വിജയിച്ചരുളുന്നു. അതു്, അല്ലയോ ശ്രീപാർവതീദേവി, നിന്തിരുവടിയെ പാണിഗ്രഹണംചെയ്തതിൻെറ ഫലമാകുന്നു.

ന മോക്ഷസ്യാം കാംക്ഷാ ന ച വിഭവവാ-
　　ഞ്ഛാപി ച ന മേ
ന വിജ്ഞാനാപേക്ഷാ ശശിമുഖി സുഖേ-
　　ച്ഛാപി ന പുനഃ

അതസ്ത്വാംസംയാചേ ജനനി ജനനം
യാതു മമ വൈ
മൃഡാനീ രുദ്രാണീ ശിവശിവ ഭവാ-
നീതി ജപതഃ

സാ—എനിക്ക മോക്ഷത്തിൽ ആഗ്രഹമില്ല; വിഭവസമൃദ്ധിയിലും എനിക്ക മോഹമില്ല; ശാസ്ത്രവിജ്ഞാനവും സുഖാനുഭൂതിയും എനിക്ക വേണ്ടാ. അല്ലയോ ജഗന്മാതാവേ, "മൃഡാനീ!രുദ്രാണീ! ഭവാനീ! എന്നിങ്ങനെയുള്ള അവിടത്തെ തിരുനാമങ്ങൾ ജപിച്ചു ജന്മം കഴിച്ചുകൂട്ടണം" ഇതുമാത്രമാണു ഞാൻ അങ്ങയോടു യാചിക്കുന്നതു്.

നാരാധിതാസി വിധിനാ വിവിധോപചാരൈഃ
കിം രൂക്ഷചിന്തനപരൈൎന്നകൃതം വചോഭിഃ
ശ്യാമേ ത്വമേവ യദി കിഞ്ചനമയ്യനാഥേ
ധത്സേ കൃപാമുചിതമംബ പരം തവൈവ.

സാ—അല്ലയോ അമ്മേ! ശ്യാമളേ! വിധിപോലുള്ള വിവിധോപചാരങ്ങളാൽ ഞാൻ നിന്നെ പൂജിച്ചിട്ടില്ല. രൂക്ഷങ്ങളായ ചീത്തവാക്കുകൾ പലതും ഞാൻ പറഞ്ഞുപോയിട്ടുമുണ്ടു്. അവിടുത്തേയ്ക്കു് അനാഥനായ എന്നിൽ അല്പം കാരുണ്യമുണ്ടാകുമെങ്കിൽ അതു് അവിടുത്തെ ഔചിത്യബുദ്ധി ഒന്നുകൊണ്ടുമാത്രമാണു്.

ആപത്സുമഗ്നഃ സ്മരണം ത്വദീയം
കരോമി ദുൎഗ്ഗേ കരുണാൎണ്ണവേശി
നൈതച്ഛഠത്വം മമ ഭാവയേഥാഃ
ക്ഷുധാ തൃഷാൎത്താ ജനനീം സ്മരന്തി.

സാ—അല്ലയോ ദുൎഗ്ഗേ! കരുണാസമുദ്രമേ! ആപത്തുകളിൽ മുഴുകിയിരിക്കുന്നവനായ ഞാൻ അങ്ങയെ സ്മ

രിക്കുന്നു. എന്റെ അറിവില്ലായ്മയെ നിന്തിരുവടി ഗണിക്കരുതു്. വിശപ്പും ദാഹവും നിമിത്തം ദുഃഖമുണ്ടാകുമ്പോൾ അമ്മയെയാണല്ലൊ ഓൎക്കുന്നതു്.

ജഗദംബെ! വിചിത്രമത്ര കിം
പരിപൂൎണ്ണാ കരുണാസ്തി ചേന്മയി
അപരാധപരമ്പരാവൃതം
നഹി മാതാ സമുപേക്ഷതേ സുതം.

സാ—ഭോ, ജഗദംബെ! അവിടുത്തേയ്ക്കു് എന്റെ പേരിൽ തികച്ചും കാരുണ്യമുണ്ടാകുന്നപക്ഷം, അതിൽ എന്താണത്ഭുതം! അനവധി അപരാധങ്ങൾ ചെയ്തവനായിരുന്നാലും മകനെ, അമ്മ ഉപേക്ഷിക്കാറില്ലല്ലൊ!

മത്സമഃ പാതകീ നാസ്തി
പാപഘ്നീ ത്വത്സമാ നഹി
ഏവം ജ്ഞാത്വാ മഹാദേവീ
യഥായോഗ്യം തഥാ കുരു!

സാ—എനിക്കു തുല്യനായ പാപിയില്ല; അവിടുത്തേയ്ക്കു തുല്യയായി പാപനാശിനിയുമില്ല; അല്ലയോ മഹാദേവി, ഇതു രണ്ടും മനസ്സിലാക്കി യോഗ്യമെന്നു തോന്നുന്നതു് അവിടുന്നു ചെയ്തുകൊണ്ടാലും.

മഹാലക്ഷ്മ്യഷ്ടകം.

നമസ്തേസ്തു മഹാമായേ
ശ്രീപീഠേ സുരപൂജിതേ
ശംഖചക്രഗദാഹസ്തേ
മഹാലക്ഷ്മീ നമോസ്തുതേ.

സാ—മഹാമായയായി ഐശ്വര്യങ്ങൾക്കിടസ്ഥാനമായ ദേവപൂജിതയായി ശംഖചക്രഗദാധാരിണിയായ അല്ലയോ മഹാലക്ഷ്മീ! അവിടുത്തേയ്ക്കു വീണ്ടും വീണ്ടും നമസ്കാരം.

നമസ്തേ ഗരുഡാരൂഢേ
കോലാസുരഭയങ്കരീ
സർവ്വപാപഹരേ ദേവീ
മഹാലക്ഷ്മീ നമോസ്തുതേ.

സാ—ഗരുഡാരൂഢയായി കോലാസുരനു ഭയമുണ്ടാക്കിയവളായി സർവ്വപാപസംഹാരിണിയായ അല്ലയോ മഹാലക്ഷ്മീദേവീ! അങ്ങയ്ക്കു നമസ്കാരം.

സർവ്വജ്ഞേ സർവ്വവരദേ
സർവ്വദുഷ്ടഭയങ്കരീ
സർവ്വദുഃഖഹരേ! ദേവീ
മഹാലക്ഷ്മീ നമോസ്തുതേ.

സാ—എല്ലാമറിയുന്നവളും സർവ്വവരങ്ങളും പ്രദാനംചെയ്യുന്നവളും ദുഷ്ടജനങ്ങൾക്കു ഭയങ്കരിയും സകല ദുഃഖനാശിനിയുമായ ലക്ഷ്മീദേവീ! അങ്ങയ്ക്കു നമസ്കാരം.

സിദ്ധിബുദ്ധിപ്രദേ ദേവീ
ഭക്തിമുക്തിപ്രദായിനീ

മന്ത്രമൂർത്തേ സദാദേവീ
മഹാലക്ഷ്മീ നമോസ്തുതേ.

സാ—അഷ്ടസിദ്ധികളും ബുദ്ധിയും ഭക്തിയും മുക്തിയും പ്രദാനംചെയ്യുന്നവളും മന്ത്രശരീരിണിയുമായ അല്ലയോ മഹാലക്ഷ്മി! അങ്ങേയ്ക്ക് എല്ലാസമയവും നമസ്കാരം.

ആദ്യന്തരഹിതേ ദേവീ
ആദ്യശക്തീ മഹേശ്വരീ
യോഗജ്ഞേ യോഗസംഭൂതേ
മഹാലക്ഷ്മീ നമോസ്തുതേ.

സാ—ആദ്യന്തഹീനയും ആദിശക്തിയും മഹേശ്വരിയും യോഗസംഭൂതയുമായ മഹാലക്ഷ്മീ! അവിടത്തേയ്ക്കു നമസ്കാരം

പത്മാസനസ്ഥിതേ ദേവീ
പരബ്രഹ്മസ്വരൂപിണീ
പരമേശീ ജഗന്മാത-
ർമ്മഹാലക്ഷ്മീനമോസ്തുതേ.

സാ—താമരയിൽ സ്ഥിതിചെയ്യുന്നവളും പരബ്രഹ്മരൂപിണിയും പരമേശിയും ലോകമാതാവുമായ അല്ലയോ മഹാലക്ഷ്മീ! അങ്ങേയ്ക്കു നമസ്കാരം.

ശ്വേതാംബരധരേ ദേവീ
നാനാലങ്കാരഭൂഷിതേ
ജഗത്സ്ഥിതേ ജഗന്മാത-
മഹാലക്ഷ്മീ നമോസ്തുതേ.

സാ—ശുഭ്രവസ്ത്രധാരിണിയും വിവിധഭൂഷണാലംകൃതയും വിശ്വവാസിനിയും ലോകമാതാവുമായ മഹാലക്ഷ്മീ അവിടുത്തേയ്ക്കു നമസ്കാരം.

ഫലശ്രുതി

മഹാലക്ഷ്മ്യഷ്ടകം സ്തോത്രം
യഃ പഠേത് ഭക്തിമാന്നരഃ
സർവ്വസിദ്ധിമവാപ്നോതി
രാജ്യം പ്രാപ്നോതി സർവ്വദാ.

സാ—ഈ മഹാലക്ഷ്മ്യഷ്ടകമെന്ന സ്തോത്രം ഭക്തിപൂർവ്വം ചൊല്ലുന്ന മനുഷ്യനു സർവ്വസിദ്ധികളും ലഭിക്കുന്നതിനു പുറമെ രാജ്യലാഭവുമുണ്ടാകുന്നതാണ്.

* ശ്രീകനകലക്ഷ്മീസ്തവം

അംഗം ഹരേഃ പുളകഭൂഷണമാശ്രയന്തി
ഭൃംഗാംഗനേവ മുകുളാഭരണം തമാലം
അംഗീകൃതാഖിലവിഭൂതിരപാംഗലീലാ
മംഗല്യദാസ്തു മമ മംഗലദേവതായാഃ

സാ—മൊട്ടിട്ടുനില്ക്കുന്ന താപിഞ്ഛമരത്തെ വണ്ടെന്നവണ്ണം രോമാഞ്ചഭരിതമായ വിഷ്ണുശരീരത്തെ ആശ്രയിക്കുന്നതായി സകലൈശ്വര്യങ്ങളും സ്വാധീനപ്പെടുത്തിയിട്ടുള്ളതായ ശ്രീ ലക്ഷ്മീദേവിയുടെ കടാക്ഷലീല എനിക്കു മംഗളം തരട്ടെ.

മുഗ്ധാ മുഹുർവ്വിദധതീ വദനേ മുരാരേഃ
പ്രേമത്രപാപ്രണിഹിതാനി ഗതാഗതാനി
മാലാദൃശോർമ്മധുകരീവ 'മഹോല്പലേയാ
സാ മേ ശ്രിയം ദിശതു സാഗരസംഭവായാഃ

* ഈ സ്തോത്രം ശ്രീ ശങ്കരാചാര്യസ്വാമികൾ, സ്വന്തമാതാവിന്റെ ആവശ്യമനുസരിച്ചെഴുതീട്ടുള്ളതാണെന്നു കാണുന്നു.

സാ—നീലത്താമരയിൽ വണ്ടെന്നപോലെ മഹാവിഷ്ണുവിന്റെ മുഖത്തു് പ്രണയം ലജ്ജ ഇവകൊണ്ടു മന്ദവും മധുരവുമായി വന്നുംപോയുമിരിക്കുന്ന ശ്രീ ലക്ഷ്മീദേവിയുടെ കടക്കണ്ണു് എനിക്കു ഐശ്വര്യം നല്കുമാറാകട്ടെ.

ആമീലിതാക്ഷമധിഗമ്യ മുദാ മുകുന്ദ-
മാനന്ദമന്ദമനിമേഷമനംഗതന്ത്രം
ആകേകരസ്ഥിതകനീനകപക്ഷ്മനേത്രം
ഭൂത്യൈ ഭവേന്മമ ഭുജംഗശയാംഗനായാഃ

സാ—ശ്രീവിഷ്ണുവിനെ പ്രാപിച്ചു പകുതി അടഞ്ഞതായി ആനന്ദംനിമിത്തം മന്ദമായി, ജാഗ്രത്തായ കാമശാസ്ത്രംപോലെയിരിക്കുന്നതായി, കോണിച്ച ദൃഷ്ടിയുള്ളതായ ശ്രീ ലക്ഷ്മീദേവിയുടെ കണ്ണു് എനിക്കു് ഐശ്വര്യം നൽകുമാറാകട്ടെ.

ബാഹ്വന്തരേ മധുജിതഃ ശ്രിതകൗസ്തുഭേയാ
ഹാരാവലീവ ഹരിനീലമയീ വിഭാതി
കാമപ്രദാ ഭഗവതോപി കടാക്ഷമാലാ
കല്യാണമാവഹതു മേ കമലാലയായാഃ

സാ—കൌസ്തുഭരത്നമണിഞ്ഞിരിക്കുന്ന വിഷ്ണുഭഗവാന്റെ മാറിടത്തിൽ ഇന്ദ്രനീലരത്നനിർമ്മിതമായ മുത്തുമാലയെന്നു തോന്നിക്കുന്നതും ഭഗവാനുപോലും "കാമപ്രദമായുള്ളതുമായ ലക്ഷ്മീദേവിയുടെ കടാക്ഷമാല" എനിക്കു മംഗളംതരട്ടെ.

കാലാംബുദാളി ലളിതോരസി കൈടഭാരേ-
ർധാരാധരേ സ്ഫുരതി യാ തഡിദംഗനേവ
മാതുഃ സമസ്തജഗതാം മഹനീയമക്ഷി
ഭദ്രാണി മേ ദിശതു ഭാർഗ്ഗവനന്ദനായാഃ

സാ—മഴമേഘത്തിൽ മിന്നൽക്കൊടിയെന്നപോലെ മഹാവിഷ്ണുവിൻെറ കാർമേഘസുന്ദരമായ മാറിടത്തിൽ പരിശോഭിക്കുന്ന, ജഗന്മാതാവായ ലക്ഷ്മീദേവിയുടെ മഹനീയകടാക്ഷം എനിക്കു മംഗളം നല്കട്ടെ!

പ്രാപ്തംപദം പ്രഥമതഃ ഖലു യത്പ്രഭാവാത്
മംഗല്യഭാജി മധുമാഥിനി മന്മഥേന
മയ്യാപതേത്തദിഹ മന്ഥരമീക്ഷണാർദ്ധം
മന്ദാലസാക്ഷി മകരാകരകന്യകായാഃ

സാ—മംഗളനിധിയായ വിഷ്ണുഭഗവാനിൽ, കാമദേവന്നു പ്രഥമസ്ഥാനം കൊടുത്ത ശ്രീലക്ഷ്മീദേവിയുടെ മന്ദാലസമായ അർദ്ധകടാക്ഷം എന്നിൽ വന്നുചേരട്ടെ.

വിശ്വാമരേന്ദ്രപദവിഭ്രമദാനദക്ഷ-
മാനന്ദഹേതുരധികം മധുവിദ്വിഷോപി
ഈഷന്നിഷീദതുമയി ക്ഷണമീക്ഷണാർദ്ധ-
മിന്ദീവരോദരസഹോദരമിന്ദിരായാഃ

സാ—ലോകത്തിൽ, ഇന്ദ്രപദം കൊടുക്കുന്നതിന്ന സമത്ഥമായതും, മഹാവിഷ്ണുവിന്നുപോലും അമിതാനന്ദത്തിന്ന കാരണഭൂതവും കരിങ്കുവളപ്പൂവിൻെറ സാദൃശ്യമുൾക്കൊള്ളുന്നതുമായ ശ്രീലക്ഷ്മീദേവിയുടെ കടാക്ഷം എന്നിൽ അല്പം ഇരിക്കുമാറാകട്ടെ.

ഇഷ്ടാവിശിഷ്ടമതയോപി യയാ നരാ ദ്രാക്
ദൃഷ്ടാസ്ത്രിവിഷ്ടപസദംപദം ഭജന്തേ
ദൃഷ്ടിഃ പ്രഹൃഷ്ടകമലോദരദീപ്തിരിഷ്ടാം
പുഷ്ടിം കൃഷീഷ്ട മമ പുഷ്കരവിഷ്ടരായാഃ

സാ—സഹിതാനുവർത്തികളും വിശിഷ്ടബുദ്ധികളുമായ മനുഷ്യർ, പെട്ടെന്നുള്ള സ്വന്തദർശനംവഴി ദേവപ

ദം നല്കുന്നതും വിരിഞ്ഞ താമരപ്പൂവിന്റെ അകത്തെ കാന്തിയുള്ളതുമായ ലക്ഷ്മീദേവിയുടെ കണ്ണ് എനിക്കു് ആഗ്രഹസിദ്ധി ചെയ്യുമാറാകട്ടെ.

ദദ്യാദ്ദയാനുപവനോ ദ്രവിണാംബുധാരാ-
മസ്മിന്നകിഞ്ചന വിഹംഗശിശൌ നിഷണ്ണേ
ദുഷ്കർമ്മഘർമ്മമപനീയ ചിരായദൂരാ-
ന്നാരായണപ്രണയിനീ നയനാംബുവാഹഃ

സാ—ശ്രീലക്ഷ്മീദേവിയുടെ കടാക്ഷമാകുന്ന കാർമേഘം, ദുഷ്കർമ്മമാകുന്ന ചൂടുനീക്കി ഈ ദരിദ്രനാകുന്ന വേഴാമ്പൽകുട്ടിയിൽ, കരുണയാകുന്ന കാറോടുകൂടി ധനമാകുന്ന വർഷധാരയെ അധികനേരം ദാനം ചെയ്യട്ടെ.

ഗീർദ്ദേവതേതി ഗരുഡധ്വജഭാമിനീതി
ശാകംഭരീതി ശശിശേഖരവല്ലഭേതി
സൃഷ്ടിസ്ഥിതിപ്രളയസിദ്ധിഷു സംസ്ഥിതായൈ
തസ്യൈ നമസ്ത്രിഭുവനൈകഗുരോസ്തരുണ്യൈ.

സാ—സരസ്വതി, ലക്ഷ്മി, ഭൂമി, പാർവ്വതി എന്നിങ്ങനെ സൃഷ്ടിസ്ഥിതിപ്രളയസിദ്ധികളിൽ സ്ഥിതിചെയ്യുന്ന ആ ഭുവനൈകപിതാവിന്റെ പത്നിക്കു—പരാശക്തിക്കു—നമസ്കാരം.

ശ്രുത്യൈ നമോസ്തു ശുഭകർമ്മഫലപ്രസൂത്യൈ
രത്യൈ നമോസ്തു രമണീയഗുണാശ്രയായൈ
ശക്ത്യൈ നമോസ്തു ശതപത്രനികേതനായൈ
പുഷ്ട്യൈ നമോസ്തു പുരുഷോത്തമവല്ലഭായൈ.

സാ—ശുഭമായ കർമ്മഫലം പ്രദാനംചെയ്യുന്ന വേദത്തിനായിക്കൊണ്ടു നമസ്കാരം. രമണീയഗുണങ്ങളെ ആശ്രയിച്ചിരിക്കുന്ന രതിക്കായിക്കൊണ്ടു നമസ്കാരം. താമരവാസിനിയായ പരാശക്തിക്കായിക്കൊ

ണ്ടു നമസ്കാരം. വിഷ്ണുപ്രിയയായ ലക്ഷ്മീദേവി ക്കായിക്കൊണ്ടു നമസ്കാരം.

മെല്ലാറത്തെല്ലാം ലക്ഷ്മിതന്നെ എന്നുസാരം.

നമോസ്തു നാളീകനിഭാനനായൈ
നമോസ്തു ദുഗ്ദ്ധോദധിജന്മഭൂത്യൈ
നമോസ്തു സോമാമൃതസോദരായൈ
നമോസ്തു നാരായണവല്ലഭായൈ.

സാ—വിഷ്ണുവിനെപ്പോലെ രക്ഷണസമത്ഥയും പാലാഴി ജാതയും ചന്ദ്രന്റെയും അമൃതിന്റെയും സഹോദരി യും (കൂടെപ്പിറന്നവളെന്നു സാരം) ആയ ലക്ഷ്മീദേവി ക്ക് എന്റെ നമസ്കാരം ഭവിക്കട്ടെ.

നമോസ്തു ഹേമാംബുജപീഠികായൈ
നമോസ്തു ഭൂമണ്ഡലനായികായൈ
നമോസ്തു ദേവാദിദയാപരായൈ
നമോസ്തു ശാർങ്ഗായുധവല്ലഭായൈ.

സാ—സ്വർണ്ണത്താമരയെ ഇരിപ്പിടമാക്കി ഭൂമണ്ഡലനായി കയായി ദേവാദികളിൽ കാരുണ്യവതിയായ ശ്രീ ല ക്ഷ്മീദേവിക്ക് എന്റെ നമസ്കാരം ഭവിക്കട്ടെ.

നമോസ്തു ദേവ്യൈ ഭൃഗുനന്ദനായൈ
നമോസ്തു വിഷ്ണോരുരസിസ്ഥിതായൈ
നമോസ്തു ലക്ഷ്മ്യൈകമലാലയായൈ
നമോസ്തു ദാമോദരവല്ലഭായൈ.

സാ-ഭൃഗുവിന്റെ പുത്രിയായി വിഷ്ണുവക്ഷോവാസിനി യായി പങ്കജനിലയയായി വിഷ്ണുകളത്രമായ ശ്രീല ക്ഷ്മീദേവിക്കായിക്കൊണ്ടു നമസ്കാരം.

നമോസ്തു കാന്ത്യൈ കമലേക്ഷണായൈ
നമോസ്തു ഭൂത്യൈ ഭുവനപ്രസൂത്യൈ

നമോസ്തു ദേവാദിഭിരച്ചിതായൈ
നമോസ്തു നന്ദാത്മജവല്ലഭായൈ.

സാ — പ്രകാശരൂപിണിയായി സുന്ദരിയായി ഐശ്വൎയ്യദേവതയായി വിശ്വമാതാവായി ദേവപൂജിതയായ ലക്ഷ്മീദേവിക്കു നമസ്കാരം.

ഫലശ്രുതി

സ്തുവന്തി യേ സ്തുതിഭിരമൂഭിരന്വഹം
ത്രയീമയീം ത്രിഭുവനമാതരം രമാം
ഗുണാധികാ ഗുരുധനഭാഗ്യഭാഗിനോ
ഭവന്തി തേ ഭുവമനഭാവിതാശയാഃ

സാ — വേദമയങ്ങളായ ഈ സ്തോത്രങ്ങൾകൊണ്ടു ഭക്തിപൂർവം ശ്രീലക്ഷ്മീദേവിയെ സ്തുതിക്കുന്ന മനുഷ്യൎക്കു ജന്മംതോറും ഗുണാധിക്യവും അമിതധനഭാഗ്യങ്ങളും സിദ്ധിക്കുന്നതാണു്.

ശീതളാഷ്ടകം

വന്ദേഹം ശീതളാം ദേവീം
രാസഭസ്ഥാം ദിഗംബരാം
മാർജ്ജിനീകലശോപേതാം
ശൂർപ്പാലംകൃതമസ്തകാം.

സാ — തലയിൽ മുറംവച്ചുകൊണ്ടു കൈകളിൽ ചൂലും പൂർണ്ണകലശം ധരിച്ചു ദിഗംബരയായി കഴുതപ്പുറത്തു സ്ഥിതിചെയ്യുന്ന ശീതള എന്ന ദേവിയെ ഞാൻ വന്ദിക്കുന്നു.

വന്ദേഹം ശീതളാം ദേവീം
സർവ്വരോഗഭയാപഹാം

യാമാസാദ്യനിവൎത്തേത
വിസ്ഫോടകഭയം മഹത്.

സാ—സൎവരോഗഭയത്തെ ഹനിക്കുന്നവളും അത്യുഗ്രമായ വിസ്ഫോടകത്തെ—വിദ്രധിയെന്ന രോഗവിശേഷത്തെ—സംഹരിയ്ക്കുന്നവളുമായ ശീതളാദേവിയെ ഞാൻ വന്ദിക്കുന്നു.

ശീതളേ ശീതളേ ചേതി
യോ ബ്രൂയാദ്ദാഹപീഡിതഃ
വിസ്ഫോടകഭയം ഘോരം
ക്ഷിപ്രം തസ്യ പ്രണശ്യതി.

സാ—ദാഹാതുരനായി ശീതളേ! ശീതളേ! എന്നുവിളിക്കുന്നവൻെറ വിസ്ഫോടകരോഗഭയം ക്ഷണത്തിൽ നശിച്ചുപോകും.

യസ്ത്വാമുദകമദ്ധ്യേ തു
ധൃത്വാ പൂജയതേ നരഃ
വിസ്ഫോടകഭയം ഘോരം
ഗൃഹേ തസ്യ ന ജായതേ.

സാ—അല്ലയോ ശീതളാദേവീ! അങ്ങയെ ജലമദ്ധ്യസ്ഥയായി പൂജിക്കുന്ന മനുഷ്യൻെറ വീട്ടിൽ, ഉഗ്രമായ വിസ്ഫോടകരോഗത്തെ സംബന്ധിച്ചുള്ള ഭയം ഉണ്ടാകുന്നതല്ല.

ശീതളേ ജ്വരദഗ്ധസ്യ
പൂതിഗന്ധയുതസ്യ ച
പ്രനഷ്ടചക്ഷുഷഃ പുംസ-
സ്ത്വാമാഹുൎജീവനൌഷധം.

സാ—ജ്വരദാഹം പിടിപെട്ടവനും ദുൎഗ്ഗന്ധമുള്ളവനും കണ്ണുകാണാത്തവനും, അല്ലയോ ശീതളെ, അവിടുന്നു ജീവനൌഷധമാണെന്നു പറയുന്നു.

ശീതളേ തനുജാൻ രോഗാൻ
നൃണാം ഹരസി ദുസ്ത്യജാൻ
വിസ്ഫോടകവിദീർണ്ണാനാ
ത്വമേകാമൃതവർഷിണീ.

സാ.—അല്ലയൊ ശീതളേ, മനുഷ്യരുടെ ശരീരത്തിലുണ്ടാകുന്ന അപരിഹാൎയ്യങ്ങളായ രോഗങ്ങളേയും അവിടുന്നു നശിപ്പിക്കുന്നു. മാത്രമല്ല, വിസ്ഫോടകവ്യാധിനിമിത്തം ശരീരം പൊട്ടിപ്പിളൎന്നവനു് അമൃതവൎഷംചെയ്യുന്നതു നീ ഒരുവൾ മാത്രമാകുന്നു.

ഗളഗണ്ഡഗ്രഹാ രോഗാ
യേ ചാന്യേ ദാരുണാം നൃണാം
ത്വദനുധ്യാനമാത്രേണ
ശീതളേ യാന്തി സംക്ഷയം.

സാ.—മനുഷ്യരുടെ കഴുത്തിലും കവിളിലും ബാധിക്കുന്നതും മററുവിധമുള്ളതുമായ ഭയങ്കരരോഗങ്ങൾ, അല്ലയൊ ശീതളാദേവി, അങ്ങയെ ധ്യാനിക്കുന്ന നിമിഷത്തിൽ നശിച്ചുപോകുന്നു.

*ന മന്ത്രോ നൌഷധം തസ്യ
പാപരോഗസ്യ വിദ്യതേ
ത്വമേകാം ശീതളേ ധാത്രീം
നാന്യാം പശ്യാമി ദേവതാം.

സാ.—ഭോ, ശീതളേ, വിസ്ഫോടകം എന്നു പാപരോഗത്തിനു മന്ത്രവും മരുന്നുമില്ല. അതിൻെറ ദേവതയായി അങ്ങയെ അല്ലാതെ മററാരെയും ഞാൻ കാണുന്നില്ല.

ഫലശ്രുതി

മൃണാളതന്തുസദൃശീം
നാഭിഹൃന്മദ്ധ്യസംസ്ഥിതാം
യസ്ത്വാം സംചിന്തയേദ്ദേവീ
തസ്യ മൃത്യുർ ന ജായതേ.

സാ—അല്ലയൊ ദേവീ, നാഭിയുടേയും ഹൃദയത്തിൻേറയും മദ്ധ്യവത്തിനിയായി താമരനൂലിന തുല്യയായി അങ്ങയെ ധ്യാനിക്കുന്നവന്ന മരണമുണ്ടാവുകയില്ല.

ഗുവ്വഷ്ടകം.

ശരീരം സുരൂപം തഥാ വാ കളത്രം
യശശ്ചാരുചിത്രം ധനം മേരുതുല്യം
ഗുരോരംഘ്രിപത്മേ മനശ്ചേന്നലഗ്നം
തതഃകിം തതഃകിം തതഃകിം തതഃകിം.

സാ—അഴകേറിയ ശരീരം, അപ്രകാരംതന്നെ സുന്ദരിയായ ഭായ്യ, പലവിധമുള്ള ഭംഗിയായ കീൎത്തി, മഹാമേരുപോലെ ധനസമൃദ്ധി ഇവയെല്ലാമുണ്ടായിരുന്നാലും ഗുരുവിൻെറ പാദങ്ങളിൽ മനസ്സ ലയിക്കുന്നില്ലെങ്കിൽ പിന്നെ എന്തു പ്രയോജനം?

കളത്രം ധനം പുത്രപൌത്രാദി സവ്വം
ഗൃഹം ബാന്ധവം സവ്വമേതദ്ധിജാതം
ഗുരോരംഘ്രിപത്മേ മനശ്ചേന്നലഗ്നം
തതഃകിം തതഃകിം തതഃകിം തതഃകിം.

സാ—ഭായ്യ ധനം പുത്രന്മാർ പൌത്രന്മാർ ഗൃഹം ബന്ധുജനങ്ങൾ ഇതെല്ലാമുണ്ടായിരുന്നാലും, ഗുരുനാഥ

ൻെറ പാദങ്ങളിൽ മനസ്സു ലയിക്കുന്നില്ലെങ്കിൽ പിന്നെ എന്തുപ്രയോജനം?

ഷഡംഗാദി വേദോ മുഖേ ശാസ്ത്രവിദ്യാ
കവിത്വാദി ഗദ്യം സുപദ്യം കരോതി
ഗുരോരംഘ്രിപത്മേ മനശ്ചേന്നലഗ്നം
തതഃകിം തതഃകിം തതഃകിം തതഃകിം.

സാ—വേദങ്ങളും ശാസ്ത്രങ്ങളും മുഖസ്ഥമായിരുന്നാലും ഗദ്യപദ്യരൂപമായ കവിത്വസിദ്ധിയുണ്ടായാലും ഗുരുനാഥൻെറ പാദങ്ങളിൽ മനസ്സു ലയിക്കുന്നില്ലെങ്കിൽ പിന്നെന്തുപ്രയോജനം?

വിദേശേഷു മാന്യഃ സ്വദേശേഷു ധന്യഃ
സദാചാരവൃത്തേഷു മത്തോ ന ചാ/ന്യഃ
ഗുരോരംഘ്രിപത്മേ മനശ്ചേന്നലഗ്നം
തതഃകിം തതഃകിം തതഃകിം തതഃകിം.

സാ—വിദേശങ്ങളിൽ മാന്യനും, സ്വദേശങ്ങളിൽ ധന്യനും, സദാചാരത്തിലും ജീവിതത്തിലും അന്യാദൃശനുമായിരുന്നാലും ഗുരുനാഥൻെറ പാദങ്ങളിൽ മനസ്സു ലയിക്കുന്നില്ലെങ്കിൽ പിന്നെ എന്തു പ്രയോജനം?

ക്ഷമാമണ്ഡലേ ഭൂപഭൂപാലവൃന്ദൈഃ
സദാ സേവിതം യസ്യ പാദാരവിന്ദം
ഗുരോരംഘ്രിപത്മേ മനശ്ചേന്നലഗ്നം
തതഃകിം തതഃകിം തതഃകിം തതഃകിം.

സാ—ഭൂമണ്ഡലത്തിലെ രാജസമൂഹംപോലും നിത്യസേവനമനുഷ്ഠിക്കുന്ന ഗുരുനാഥൻെറ പാദങ്ങളിൽ മനസ്സു ലയിക്കുന്നില്ലെങ്കിൽ പിന്നെന്തുപ്രയോജനം?

യശോ മേ ഗതം ദിക്ഷുദാനപ്രതാപാ-
ജ്ജഗദ്വസ്തുസവ്വം കരേ യത്പ്രസാദാത്

ഗുരോരംഘ്രിപത്മേ മനശ്ചേന്നലഗ്നം
തതഃകിം തതഃകിം തതഃകിം തതഃകിം.

സാ—എൻെറകീൎത്തി ദിക്കുകളിൽ നിറഞ്ഞു. ദാനപ്ര താപംനിമിത്തം ലോകമാസകലം എനിക്കു കൈ വശമാവുകയും ചെയ്തു. എന്നിരുന്നാലും ഗുരുനാഥ ൻെറ പാദങ്ങളിൽ മനസ്സ ലയിക്കുന്നില്ലെങ്കിൽ പി ന്നെ എന്തു പ്രയോജനം?

ന ഭോഗേ ന യോഗേ ന വാ വാജിരാജൌ
ന കാന്താമുഖേ നൈവ വിത്തേഷു ചിത്തം
ഗുരോരംഘ്രിപത്മേ മനശ്ചേന്നലഗ്നം
തതഃകിം തതഃകിം തതഃകിം തതഃകിം.

സാ—സുഖാനുഭവത്തിലും യോഗത്തിലും കുതിരക്കൂട്ടത്തി ലും സുന്ദരിയുടെ മുഖത്തും ധനത്തിലും ഞാൻ മനസ്സ വയ്ക്കുന്നില്ല; ഗുരുനാഥൻെറ പാദങ്ങളിൽ മനസ്സ ല യിക്കുന്നില്ലെങ്കിൽ പിന്നെ എന്തു പ്രയോജനം?

അനൎഘ്യാണി രത്നാനി മുക്താനി സമ്യക്
സമാലിംഗിതാ കാമിനീ യാമിനീഷു
ഗുരോരംഘ്രിപത്മേ മനശ്ചേന്നലഗ്നം
തതഃകിം തതഃകിം തതഃകിം തതഃകിം.

സാ—വിലതീരാത്ത രത്നങ്ങളും മുത്തുകളുമുണ്ട്. രാത്രികാ ലങ്ങളിൽ സുന്ദരികളുമായി സസുഖം രമിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും ഗുരുനാഥൻെറ പാദങ്ങ ളിൽ മനസ്സ ലയിക്കുന്നില്ലെങ്കിൽ പിന്നെ എന്തു പ്ര യോജനം?

ഫലശ്രുതി

ഗുരോരഷ്ടകം യഃ പഠേത് പുണ്യദേഹി
യതിർ ഭൂപതിർബ്രഹ്മചാരീ ച ഗേഹീ

ലബ്ധേ പാഞ്ചരിതാൎത്ഥം പദം ബ്രഹ്മസംജ്ഞകം
ഗുരോരുക്തവാക്യേ മനോ യസ്യ ലഗ്നം.

സാ—ഈ ഗുൎവ്വഷ്ടകത്തെ, ഗുരുവാക്യത്തിൽ നിഷ്ഠയോടു കൂടി രാജാവും ഗൃഹസ്ഥാശ്രമിയും ബ്രഹ്മചാരിയും മഹൎഷിയും എന്നുവേണ്ട പുണ്യമുള്ള ഏവൻതന്നെയും ജപിച്ചാൽ അവന്നു ആഗ്രഹസിദ്ധിയും ബ്രഹ്മപദലബ്ധിയും ഫലമാകുന്നു.

ദത്താത്രേയസ്തോത്രം.

ജടാധരം പാണ്ഡുരംഗം
ശൂലഹസ്തം കൃപാനിധിം
സൎവ്വരോഗഹരം ദേവം
ദത്താത്രേയമഹം ഭജേ.

സാ—ജടാധാരിയായി പാണ്ഡുരംഗനായി ശൂലപാണിയായി ദയാനിധിയായി സൎവ്വരോഗനാശകനായ ദത്താത്രേയനെ ഞാൻ ഭജിക്കുന്നു.

ജഗദുല്പത്തികൎത്ത്രേ ച
സ്ഥിതിസംഹാരഹേതവേ
ഭവപാശവിമുക്തായ
ദത്താത്രേയ നമോസ്തു തേ.

സാ—ലോകോത്ഭവകൎത്താവും ലോകരക്ഷണത്തിന്നും സംഹാരത്തിന്നും കാരണവും സംസാരദുഃഖനാശകനുമായ ദത്താത്രേയദേവന്നു എൻെറ നമസ്കാരം ഭവിക്കട്ടെ!

ജരാജന്മവിനാശായ
ദേഹശുദ്ധികരായ ച
ദിഗംബര ദയാമൂൎത്തേ
ദത്താത്രേയ നമോസ്തു തേ.

സാ—ദിക്കുകൾ വസ്ത്രമായുള്ളവനും ദയാനിധിയുമായ അല്ലയോ ദത്താത്രേയ! ജരാജന്മനാശകനായി ദേഹവിശുദ്ധികരനായ അങ്ങേയ്ക്കു നമസ്കാരം.

കൎപ്പൂരകാന്തിദേഹായ
ബ്രഹ്മമൂൎത്തിധരായ ച
വേദശാസ്ത്രപരിജ്ഞായ
ദത്താത്രേയ നമോസ്തു തേ.

സാ—അല്ലയോ ദത്താത്രേയ! കൎപ്പൂരകാന്തിശരീരനും ബ്രഹ്മഭാവത്തെ കൈക്കൊണ്ടിരിക്കുന്നവനും വേദശാസ്ത്രങ്ങൾ മുഴുവനറിയുന്നവനുമായ അങ്ങേയ്ക്കായി നമസ്കാരം.

ഹ്രസ്വദീൎഘകൃശസ്ഥൂല
നാമഗോത്രവിവൎജ്ജിത
പഞ്ചഭൂതൈകദീപ്തായ
ദത്താത്രേയ നമോസ്തു തേ.

സാ—ഹ്രസ്വം, ദീൎഘം, കൃശം സ്ഥൂലം, നാമം, ഗോത്രം ഇവയില്ലാത്തതായ അല്ലയോ ദത്താത്രേയ! പഞ്ചഭൂതങ്ങൾകൊണ്ടുമാത്രം പ്രകാശിക്കുന്ന അങ്ങേയ്ക്കു നമസ്കാരം.

യജ്ഞഭോക്ത്രേ ച, യജ്ഞായ
യജ്ഞരൂപധരായ ച
യജ്ഞപ്രിയായ സിദ്ധായ
ദത്താത്രേയ നമോസ്തു തേ.

സാ—ദത്താത്രേയ! യാഗഭോക്താവും യാഗരൂപധാരിയും യാഗപ്രിയനും സിദ്ധനുമായ അങ്ങേയ്ക്കു നമസ്കാരം.

ആദൌബ്രഹ്മാ മദ്ധ്യേവിഷ്ണു-
രന്തേദേവഃ സദാശിവഃ
മൂർത്തിത്രയസ്വരൂപായ
ദത്താത്രേയ നമോസ്തു തേ.

സാ—ദത്താത്രേയ! ആദിയിൽ ബ്രഹ്മാവും മദ്ധ്യത്തിൽ വിഷ്ണുവും ഒടുവിൽ സദാശിവനും ഇങ്ങനെ ത്രിമൂർത്തിസ്വരൂപനായ അങ്ങേയ്ക്കു നമസ്കാരം.

ഭോഗാലയായ ഭോഗായ
യോഗയോഗ്യായധാരിണേ
ജിതേന്ദ്രിയ ജിതജ്ഞായ
ദത്താത്രേയ നമോസ്തു തേ.

സാ—ജിതേന്ദ്രിയനായ അല്ലയോ ദത്താത്രേയ! സുഖാനുഭവങ്ങൾക്കിരിപ്പിടവും സുഖസ്വരൂപനും യോഗയോഗ്യനും യോഗധാരിയും പണ്ഡിതർജ്ജേതാവുമായ അങ്ങേയ്ക്കു നമസ്കാരം.

ബ്രഹ്മജ്ഞാനമയീമുദ്രാ
വസ്ത്രേ ചാകാശഭൂതലേ
പ്രജ്ഞാനഘനബോധായ
ദത്താത്രേയ നമോസ്തു തേ.

സാ—ബ്രഹ്മജ്ഞാനരൂപമായ മുദ്രയും, ആകാശവും ഭൂമിയുമാകുന്ന വസ്ത്രങ്ങളുമുള്ള അല്ലയോ ദത്താത്രേയ! പ്രജ്ഞാനഘനബോധരൂപനായ അങ്ങേയ്ക്കു നമസ്കാരം.

സത്യരൂപ സദാചാര
സത്യധർമ്മപരായണ!
സത്യാശ്രയ പരോക്ഷായ
ദത്താത്രേയ നമോസ്തു തേ.

സാ—സത്യരൂപനും സദാചാരമയനും സത്യധർമ്മതല്പരനുമായ ദത്താത്രേയ! പ്രത്യക്ഷമല്ലാത്ത നിലയിൽ സ്ഥിതിചെയ്യുന്ന അങ്ങെയ്ക്കു നമസ്കാരം.

ശൂലഹസ്തഗദാപാണേ
വനമാലാസുകന്ധരഃ
യജ്ഞസൂത്രധരബ്രഹ്മൻ,
ദത്താത്രേയ നമോസ്തു തേ.

സാ—ശൂലവും ഗദയും ധരിക്കുന്നവനും വനമാലകൊണ്ടു സുന്ദരമായ കഴുത്തുള്ളവനും യജ്ഞസൂത്രധാരിയുമായ ദത്താത്രേയ! അങ്ങെയ്ക്കു നമസ്കാരം.

ദത്തവിദ്യാഢ്യലക്ഷ്മീശ
ദത്തസ്വാത്മസ്വരൂപിണേ
ഗുണനിർഗ്ഗുണരൂപായ
ദത്താത്രേയ നമോസ്തു തേ.

സാ—വിദ്യാദാനത്തിൽ പ്രശസ്തനും ലക്ഷ്മീശനും ആയ ദത്താത്രേയ! ആത്മസ്വരൂപിയും ഗുണരൂപനും നിർഗ്ഗുണരൂപിയും ആയ അങ്ങെയ്ക്കു നമസ്കാരം.

ഫലശ്രുതി

ശത്രുനാശകരം സ്തോത്രം
ജ്ഞാനവിജ്ഞാനദായകം
സർവ്വപാപം ശമം യാതി
ദത്താത്രേയ നമോസ്തു തേ.

സാ—ശത്രുനാശം വരുത്തുന്നതും ജ്ഞാനവിജ്ഞാനങ്ങളെ കൊടുക്കുന്നതും എല്ലാപാപങ്ങളേയും നശിപ്പിക്കുന്നതുമാകുന്ന ഈ സ്തോത്രം: ഈ സ്തോത്രവിഷയമായ ദത്താത്രേയ! അങ്ങേയ്ക്കു നമസ്കാരം.

അന്നപൂൎണ്ണാസ്തോത്രം

നിത്യാനന്ദകരീ വരാഭയകരീ
സൌന്ദൎയ്യരത്നാകരീ
നിൎദ്ധൂതാഖിലഘോരപാപനികരീ
പ്രത്യക്ഷമാഹേശ്വരീ
പ്രാലേയാചലവംശപാവനകരീ
കാശീപുരാധീശ്വരീ
ഭിക്ഷാംദേഹി കൃപാവലംബനകരീ
മാതാന്നപൂൎണ്ണേശ്വരീ.

സാ—നിത്യാനന്ദദായിനിയും വരവും അഭയവും കൊടുക്കുന്നവളും സൌന്ദൎയ്യനിധിയും സൎവ്വപാപസംഹാരിണിയും ഹിമവാന്റെ വംശശുദ്ധി ചെയ്യുന്നവളും കരുണാവലംബനവിധായിനിയും കാശിപുരനാഥയും അന്നപൂൎണ്ണേശ്വരിയുമായ അല്ലയോ മാതാവേ അവിടുന്ന് എനിക്കു ഭിക്ഷനല്കിയാലും.

നാനാരത്നവിചിത്രഭൂഷണകരീ
ഹേമാംബരാഡംബരീ
മുക്താഹാരവിളംബമാനവിലസ-
ദ്വക്ഷോജകുംഭാന്തരീ

കാശ്മീരാഗരുവാസിതാരുചികരീ
കാശീപുരാധീശ്വരീ
ഭിക്ഷാംദേഹി കൃപാവലംബനകരീ
മാതാന്നപൂൎണ്ണേശ്വരീ.

സാ—പലവിധമുള്ള രത്നങ്ങൾപതിച്ചു വിചിത്രങ്ങളാ
യ ആഭരണങ്ങളോടുകൂടി സ്വൎണ്ണവസ്ത്രാഡംബരവ
തിയായി മുലത്തടങ്ങളിൽ തൂങ്ങുന്ന മുത്തുമാലകളു
ണിഞ്ഞവളായി രക്തചന്ദനം അകിൽ ഇവയുടെ
മണംപരന്നു ഭംഗിയുള്ളവളായി കൃപാനിധിയായി
കാശീപുരനാഥയായ അല്ലയോ അന്നപൂൎണ്ണേശ്വരീ
അവിടുന്നു ഭിക്ഷനൽകിയാലും.

യോഗാനന്ദകരീ രിപുക്ഷയകരീ ധൎമ്മാൎത്ഥനിഷ്ഠാകരീ
ചന്ദ്രാൎക്കാനിലഭാസമാനലഹരീ ത്രൈലോക്യരക്ഷാകരീ
സൎവ്വൈശ്വൎയ്യസമസ്തവാഞ്ഛിതകരീ കാശീപുരാധീശ്വരീ
ഭിക്ഷാംദേഹി കൃപാവലംബനകരീ മാതാന്നപൂൎണ്ണേശ്വരീ.

സാ—യോഗാനന്ദദായിനിയായി ശത്രുസംഹാരിണിയായി
ധൎമ്മാൎത്ഥങ്ങളിൽ അധിഷ്ഠാനംചെയ്യുന്നവളായി
സൂൎയ്യചന്ദ്രന്മാരെപ്പോലെ പ്രകാശമാനങ്ങളായ ചി
ന്താഗതികളോടുകൂടിയവളായി മൂന്നു ലോകങ്ങളുടേ
യും രക്ഷാകാരിണിയായി എല്ലാ ഐശ്വൎയ്യങ്ങളും
ആഗ്രഹങ്ങളും സാധിപ്പിക്കുന്നവളായി കാശീപുരനാ
യികയായ അന്നപൂൎണ്ണേശ്വരീ അവിടുന്നു ഭിക്ഷനല്കി
യാലും.

കൈലാസാചലകന്ദരാലയകരീ ഗൗരീ ഉമാ ശങ്കരീ
കൌമാരീ നിഗമാൎത്ഥഗോചരകരീ ഓങ്കാരബീജാക്ഷരീ
മോക്ഷദ്വാരകവാടപാടനകരീ കാശീപുരാധീശ്വരീ
ഭിക്ഷാംദേഹി കൃപാവലംബനകരീ മാതാന്നപൂൎണ്ണേശ്വരീ

സാ—കൈലാസപർവ്വതത്തിലെ ഗുഹയെ ഗൃഹമാക്കിയിരിക്കുന്നവളും, ഗൌരിയും ഉമയും ശങ്കരിയുമായിരിക്കുന്നവളും, വേദവാക്യാർത്ഥങ്ങൾക്കു ലക്ഷ്യമായുള്ളവളും, ഓങ്കാരത്തിന്റെ ബീജാക്ഷരമായിട്ടുള്ളവളും, മോക്ഷവാതിൽ തുറക്കുന്നവളും, കാശീപുരനാഥയും അന്നപൂർണ്ണേശ്വരിയുമായ അല്ലയോ മാതാവേ! അവിടുന്നു ഭിക്ഷ നല്കിയാലും.

ദൃശ്യാദൃശ്യകഭൂതവാഹനകരീ ബ്രഹ്മാണ്ഡഭാണ്ഡോദരീ
ലീലാനാടകസൂത്രഭേദനകരീ വിജ്ഞാനദീപാങ്കുരീ
ശ്രീവിശ്വേശമനഃപ്രസാദനകരീ കാശീപുരാധീശ്വരീ
ഭിക്ഷാം ദേഹി കൃപാവലംബനകരീ മാതാന്നപൂർണ്ണേശ്വരീ.

സാ—കാണാവുന്നതും കാണാൻപാടില്ലാത്തതുമായ ഭൂതസമൂഹത്തെ വാഹനമാക്കിയിരിക്കുന്നവളും ബ്രഹ്മാണ്ഡഭാണ്ഡത്തെ ഉദരത്തിൽ ഉൾക്കൊള്ളുന്നവളും ലീലാനാടകത്തിന്റെ സൂത്രവിശേഷത്തെ ഭേദിക്കുന്നവളും കാശീപുരനാഥയും അന്നപൂർണ്ണേശ്വരിയുമായ അല്ലയോ മാതാവെ! അവിടുന്നു ഭിക്ഷ നല്കിയാലും.

ഉർവീസർവ്വജനേശ്വരീ ഭഗവതീ മാതാന്നപൂർണ്ണേശ്വരീ
വേണീ നീലസമാനകുന്തളധരീ നിത്യാന്നദാനേശ്വരീ
സർവാനന്ദകരീ ദയാശ്ശുഭകരീ കാശീപുരാധീശ്വരീ
ഭിക്ഷാം ദേഹി കൃപാവലംബനകരീ മാതാന്നപൂർണ്ണേശ്വരീ.

സാ—ഭൂമിയായും സർവ്വജനേശ്വരിയായും ഭഗവതിയായും അന്നപൂർണ്ണേശ്വരിയായും ജലപ്രവാഹംപോലെ നീലവർണ്ണമായ കുന്തളഭാരത്തോടുകൂടിയും സർവ്വാഹ്ലാദകാരിണിയായും കാശീപുരനായികയുമായിരി

ക്കുന്ന അല്ലയോ മാതാവേ! അവിട്ടന്ന ഭിക്ഷനൽകിയാലും.

ദേവീ സർവ്വവിചിത്രരത്നരചിതാ
ദാക്ഷായണീ സുന്ദരീ
വാമം സ്വാദുപയോധരപ്രിയകരീ
സൗഭാഗ്യമാഹേശ്വരീ
ഭക്താഭീഷ്ടകരീ ദശാശുഭകരീ
കാശീപുരാധീശ്വരീ
ഭിക്ഷാംദേഹി കൃപാവലംബനകരീ
മാതാന്നപൂർണ്ണേശ്വരീ.

സാ — എല്ലാവിധ വിശിഷ്ടവസ്തുക്കൾകൊണ്ടു നിർമ്മിതമായ ദാക്ഷായണീരൂപമുൾക്കൊള്ളുന്നവളും സുന്ദരിയും ഇടതുവശത്തെ സ്വാദിഷ്ടമായ സ്തനംകൊണ്ടു അഭീഷ്ടദാനം ചെയ്യുന്നവളും സൗഭാഗ്യവതിയും ഭക്തജന പ്രണയിനിയും മംഗളപ്രദയും ദേവിയും കാശീപുരനായികയും കൃപാനിധിയുമായ അല്ലയോ മാതാവേ അവിടുന്നു ഭിക്ഷനല്കിയാലും.

ക്ഷത്രത്രാണകരീ മഹാഭയകരീ
മാതാ കൃപാസാഗരീ
സാക്ഷാന്മോക്ഷകരീ സദാശിവകരീ
വിശ്വേശ്വരശ്രീധരീ
ദക്ഷാക്രന്ദകരീ നിരാമയകരീ
കാശീപുരാധീശ്വരീ
ഭിക്ഷാംദേഹി കൃപാവലംബനകരീ
മാതാന്നപൂർണ്ണേശ്വരീ.

സാ—ദേവരക്ഷിണിയും അഭയദായികയും ദയാസമുദ്രവും മോക്ഷസന്ദായിനിയും നിത്യമംഗളകാരിണിയും ദക്ഷനെ കരയിപ്പിച്ചവളും സുഖപ്രദായികയും കാശീനാഥയും ആയ അല്ലയോ മാതാവെ! അവിടുന്നു ഭിക്ഷ നല്കിയാലും.

അന്നപൂർണ്ണേ സദാപൂർണ്ണേ
ശങ്കരപ്രാണവല്ലഭേ!
ജ്ഞാനവൈരാഗ്യസിദ്ധ്യർത്ഥം
ഭിക്ഷാംദേഹി ച പാർവ്വതീ.

സാ—അന്നപൂർണ്ണയും നിത്യപൂർണ്ണയും ശ്രീപരമേശ്വരവല്ലഭയുമായ അല്ലയോ പാർവ്വതീദേവി! ജ്ഞാനവൈരാഗ്യസിദ്ധിക്കുവേണ്ടി അവിടുന്നു ഭിക്ഷനൽകിയാലും.

മാതാ ച പാർവ്വതീദേവീ
പിതാ ദേവോ മഹേശ്വരഃ
ബാന്ധവാഃ ശിവഭക്താശ്ച
സ്വദേശോ ഭുവനത്രയം.

സാ—എനിക്കു്, അമ്മ പാർവ്വതീദേവിയും അച്ഛൻ ശ്രീപരമേശ്വരനും ബന്ധുക്കൾ പരമേശ്വരഭക്തന്മാരും സ്വദേശം മൂന്നുലോകവുമാകുന്നു.

മംഗളം

കല്യാണാനാം നിധാനം കലിമലമഥനം
പാവനം പാവനാനാം
പാഥേയം യന്മുമുക്ഷോഃ സപദിപരപദ-
പ്രാപ്തയേ പ്രസ്ഥിതസ്യ
വിശ്രാമസ്ഥാനമേകം കവിവരവചസാം
ജീവനം സജ്ജനാനാം
ബീജം ധമ്മദ്രുമസ്യ പ്രഭവതു ഭവതാം
ഭൂതയേ രാമനാമ.

സാ—സർവമംഗളങ്ങൾക്കുമിരിപ്പിടവു കലിദോഷനാശനവും പരമപാവനവും മോക്ഷസ്ഥാനത്തെ ലക്ഷ്യമാക്കി പുറപ്പെട്ടവനായ മുമുക്ഷുവിന്ന വഴിച്ചെലവിനുള്ളതും കവിശ്രേഷ്ഠന്മാരുടെ വാക്കുകൾക്കെല്ലാം വിശ്രമസ്ഥാനവും സജ്ജനങ്ങളുടെ ജീവനോപായവും ധമ്മവൃക്ഷത്തിൻെറ ബീജവുമായ രാമനാമം ഭവാന്മാൎക്ക് ഐശ്വര്യത്തിനായിക്കൊണ്ടു ഭവിക്കട്ടെ.

THE KOTTAYAM PUBLIC LIBRARY KOTTAYAM TRAVANCORE

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. MA2 *Acc. No.* 4010

This book should be returned on or before the date last stamped below.

26 FEB 1968
-8 JUL 1992
17 FEB 19[illegible]

MA 2 4010

കുഞ്ഞുപിള്ള പണിക്കർ കെ.

ബൃഹത് സ്തോത്രരത്നാവലി.